# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക
Vol. 17 | No. 10
OCTOBER 2020
₹25
www.karunikan.com



# ഭക്ഷ്യസുരക്ഷ

www.malankaralibrary.com


ദക്ഷിണ ഭാരതത്തിലെ
പ്രഥമവും ചരിത്ര പ്രസിദ്ധവുമായ


# മാഹി സെന്റ് തെരേസാ തീർത്ഥാടന കേന്ദ്രത്തിൽ

അത്ഭുത പ്രവർത്തകയായ
വിശുദ്ധ അമ്മത്രേസ്യായുടെ




പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യം





# തിരുനാൾ മഹോത്സവം

**2020 ഒക്ടോബർ 5 മുതൽ 22 വരെ**
(പ്രധാന ദിനങ്ങൾ
ഒക്ടോബർ 14 & 15

**2020 ഒക്ടോബർ 5 തിങ്കൾ**

11.30 am : കൊടികയറ്റം
റവ.ഡോ.ജെറോം ചിങ്ങന്തറ (ഇടവക വികാരി)
12.00 Pm : വിശുദ്ധ അമ്മത്രേസ്യയുടെ അത്ഭുത
തിരുസ്വരൂപ പ്രതിഷ്ഠ
മോസ്റ്റ്.റവ.ഡോ. വർഗ്ഗീസ് ചക്കാലക്കൽ
(കോഴിക്കോട് രൂപത, മെത്രാൻ)
12.30 Pm : ആഘോഷമായ ദിവ്യബലി
മോസ്റ്റ്.റവ.ഡോ. വർഗ്ഗീസ് ചക്കാലക്കൽ
6.00 Pm : ദിവ്യബലി, പ്രസംഗം, നൊവേന
കാർമ്മികൻ : റവ.ഫാ. വിൻസെന്റ് പുളിക്കൽ

**2020 ഒക്ടോബർ 14 ബുധൻ**


തിരുനാൾ ജാഗരം
7.00 am : സാഘോഷ ദിവ്യബലി
6.00 Pm : സാഘോഷ ദിവ്യബലി
കാർമ്മികൻ : വെരി.റവ.മോൺ. ജെൻസൻ പുത്തൻവീട്ടിൽ
(വികാരി ജനറൽ, കോഴിക്കോട് രൂപത)
മയ്യഴിയമ്മയുടെ ദീപാലകൃതമായ തിരുസ്വരൂപം
വഹിച്ചു കൊണ്ടുള്ള
ജനരഹിത നഗരപ്രദക്ഷിണം

**2020 ഒക്ടോബർ 15 വ്യാഴം**

7.00 am : ദിവ്യബലി
10.30 am : ആഘോഷമായ തിരുനാൾ ദിവ്യബലി
കാർമ്മികൻ : മോസ്റ്റ്.റവ.ഡോ. അലക്സ് വടക്കുംതല
(കണ്ണൂർ രൂപത. മെത്രാൻ)
4.00 Pm : ഫാ. എഡ്വേർഡ് ബ്രഗാൻസ സ്മരണബലി

**2020 ഒക്ടോബർ 22 വ്യാഴം**

തിരുനാൾ സമാപനം
7.00 am : ദിവ്യബലി
10.30 am : ആഘോഷമായ ദിവ്യബലി
കാർമ്മികൻ : റവ.ഡോ.ജെറോം ചിങ്ങന്തറ (ഇടവക വികാരി)


റവ. ഡോ. ജെറോം ചിങ്ങന്തറ
(ഇടവക വികാരി)


റവ.ഫാ സാൻജോസ്
(സഹ വികാരി)

## ST. THERESA'S SHRINE, MAHE


Email : theresashrine@gmail.com | Web: www. mahechurch.org
www.facebook.com/Theresa Shrine Mahe | Youtube :Theresa Shrine Mahe


തിരുനാൾ തിരുകർമ്മങ്ങൾ ഓൺലൈൻ Youtube/Facebook ചാനലിൽ

www.malankaralibrary.com

# എഡിറ്റോറിയൽ

'ഞാറില്ലെങ്കിൽ ചോറില്ല!' ഞാറും ചോറും കൂറും അന്യമായൊരു കേരളത്തിലാണ് ഇന്നു നാം. രോഗ (കോവിഡ്) മാണ് എല്ലായിടത്തും. അതിനുള്ള ഒരേയൊരു വാക്സിൻ ആരോഗ്യമാണ്. ആഹാരംതന്നെയാണ് ഔഷധം എന്ന് തിരിച്ചറിയുമ്പോൾ, അനാരോഗ്യത്തിന്റെ കാരണം നമ്മുടെ ഭക്ഷണവും ഭക്ഷണ-ജീവിത രീതികളുംതന്നെയാണെന്ന് വ്യക്തമാകും. ആയുർവേദത്തിൽ പ്രജ്ഞാപരാധം എന്ന വിഭാഗത്തിലാണ് ജീവിതശൈലീരോഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രജ്ഞാപരാധം എന്നാൽ അവിവേകം; അതായത്, ശരീരംകൊണ്ടോ മനസ്സുകൊണ്ടോ ചെയ്യുന്ന അപ്രവൃത്തികളും അതിപ്രവൃത്തികളുംതന്നെ. അലസതയും അറിവില്ലായ്മയും അഹങ്കാരവുംകൊണ്ട് നമ്മൾ രോഗങ്ങൾ വിലയ്ക്കുവാങ്ങുകയാണ്.

കോവിഡ് എന്ന വൈറസിനെ ഇല്ലാതാക്കാൻ നിരീക്ഷണപരീക്ഷണങ്ങൾ ധ്രുതഗതിയിൽ നടക്കുമ്പോഴും നമ്മൾ ശ്രദ്ധയൂന്നേണ്ടത് ഇവ കയറിക്കൂടുന്ന നമ്മുടെ ശരീരത്തെപ്പറ്റിയും അത് കടന്നുവരുന്ന നമ്മുടെ പരിസരത്തെക്കുറിച്ചുമാണ്. കേരളത്തിന് ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നത് ഈ ഗൗരവവിചാരങ്ങളാണ്. നമ്മുടെ ഭക്ഷണങ്ങളും അതുസൂക്ഷിക്കുന്ന ഇടങ്ങളും അതിന്റെ പരിസരവും ഇന്നേറെ മലീമസമായിരിക്കുന്നു. വിഷലിപ്തമാണ് നമ്മൾ കഴിക്കുന്നതെല്ലാം. അതുകൊണ്ടാണ് നമ്മിൽ പലർക്കും മരുന്നുകൾ ഇന്ന് ഭക്ഷണമായി മാറിയിരിക്കുന്നത്. അതുകൊണ്ട് ഇത് പോഷകസമ്പന്നമായ ഭക്ഷ്യസാധനങ്ങൾ ആഹരിക്കാനും അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനുമുള്ള സമയമാണ്. അങ്ങനെ അടുക്കുംചിട്ടയുമുള്ള ആരോഗ്യപരമായ സമൂഹത്തെ വാർത്തെടുത്തുകൊണ്ടുവേണം കോവിഡ് മാത്രമല്ല, ഇനിയും വന്നുകൊണ്ടിരിക്കുന്ന കൊടുംവൈറസുകളെ പ്രതിരോധിക്കേണ്ടത്.

ദൈവത്തിന്റെ സ്വന്തം നാട്! നദികളും മലകളും മണ്ണും ഹരിതസമൃദ്ധിയും ഉള്ള നമുക്ക് എന്തിന്റെ കുറവാണ്? എല്ലാമുണ്ട് നമുക്ക്; എന്നാൽ മണ്ണിനോടും പ്രകൃതിയോടും ഇണങ്ങിജീവിക്കാൻ, അധ്വാനിക്കാൻ, വിയർപ്പൊഴുക്കാൻ, കൃഷിചെയ്യാൻ തയ്യാറുള്ള ഒരു മനസ്സിന്റെ കുറവാണ് പ്രശ്നം. കൃഷിയാണ് ഏറ്റവും വലിയ തൊഴിൽ ദാതാവ് എന്ന് തിരിച്ചറിയണം. ലാഭാനാം ശ്രേഷ്ഠമാരോഗ്യം. ഏറ്റവും ശ്രേഷ്ഠമായ നേട്ടം ആരോഗ്യംതന്നെയാണ്. ആശുപത്രികളെക്കാൾ ശുദ്ധഭക്ഷണമാണ് നമ്മുടെ അതിജീവനമാർഗം എന്ന ബോധ്യം നമ്മെ നയിക്കണം. 'കേരളം അപകടമുനമ്പിൽ' എന്നാണ് ഇപ്പോഴത്തെ ഒരു മുദ്രാവാക്യംപോലെ എല്ലായിടത്തും കേൾക്കുക. അതുവെറുതെയല്ല. നമ്മൾ നേരിടേണ്ട, നമുക്ക് വരാൻ പോകുന്ന നമ്മൾ അടിപ്പെടാൻപോകുന്ന രോഗാവസ്ഥയുടെ മുന്നറിയിപ്പാണത്. ദിവസംപ്രതി, ആയിരക്കണക്കിന് അല്ല, അതിലും ഏറിവരുന്ന കോവിഡ് രോഗികളുടെയെണ്ണം സൂചിപ്പിക്കുന്നത് നമ്മുടെ സമൂഹത്തിന്റെയും വ്യക്തിജീവിതത്തിന്റെയും നമ്മുടെ ആരോഗ്യപരിസരത്തിന്റെയുമെല്ലാം പ്രതിരോധശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്നുതന്നെയാണ്. തളരാനല്ല, വർധിച്ച ആർജവത്തോടുകൂടെ ഉണർന്നെണീക്കാനുള്ള സമയമാണിത്. UN-ന്റെ ഭക്ഷ്യകാർഷിക സംഘടനയായ FAO (Food and Agricultural Organization) റിപ്പോർട്ടനുസരിച്ച് 2019-ന്റെ അന്ത്യത്തിൽ, 55 രാഷ്ട്രങ്ങളിലായി 13 കോടിയിലധികം ജനങ്ങൾ ഭക്ഷ്യദൗർബല്യത്തിലാണ് ജീവിക്കുന്നതത്രെ.

കോവിഡിനെതിരെ കർക്കശപോരാട്ടം നടത്തിയില്ലായെങ്കിൽ മരണസംഖ്യ ഏതാണ്ട് 2 ദശലക്ഷമാകുമെന്ന് WHO (ലോകാരോഗ്യസംഘടന) പറയുന്നു. അടഞ്ഞുകിടക്കുന്ന ഒരു സൂപ്പർമാർക്കറ്റ് ചൂണ്ടിക്കാണിച്ച്, ഇംഗ്ലണ്ടിലെ ഒരു സുഹൃത്ത് എന്നോടുപറഞ്ഞതിങ്ങനെയാണ്: ഇത് അടഞ്ഞുകിടക്കാനുള്ള കാരണം മറ്റൊന്നുമല്ല, ഇവിടെ ഫുഡ് ഇൻസ്പെക്ടേഴ്സ് നടത്തിയ പരിശോധനയിൽ ഒരു ഭക്ഷ്യവസ്തു എക്സ്പൈറി ഡേറ്റ് കഴിഞ്ഞത് ഉണ്ടായിരുന്നു എന്നുള്ളതാണ്. അവരെ ശിക്ഷിക്കുകയും അവരുടെ ബിസിനസ് നിർത്തിവയ്ക്കുകയും ചെയ്തു. കേരളത്തിന് ഇതുപോലെയൊരു ധാർമ്മികബോധം എന്നാണ് ഉണ്ടാകുക? ജനങ്ങൾക്ക് ഇന്ന് കൊടുക്കുന്ന മത്സ്യത്തിലും പാലിലുംപോലും വിഷലിപ്തമായ വസ്തുക്കൾ ചേർത്തുകൊണ്ട് ലാഭക്കണ്ണോടുകൂടെമാത്രം മനുഷ്യജീവന് ഹാനിവരുത്തുന്ന പ്രവണതകൾക്കെതിരെ എന്നു നമ്മുടെ നിയമവും മനഃസാക്ഷിയും രൂപപ്പെടും? ഇവിടെയാണ് ഗവൺമെന്റും ആരോഗ്യവ്യവസ്ഥിതിയും സഭയുമെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടത്.

കേരളം ഭ്രാന്താലയമോ? നൂറ്റാണ്ടുകൾക്കുമുമ്പ് കേരളത്തിന്റെ സ്ഥിതിവിശേഷങ്ങളിലുയർന്ന ദൈന്യം! ഇന്നത്തെ നമ്മുടെ നാടിന്റെ അവസ്ഥ എങ്ങനെയാണ് നമ്മൾ വിലയിരുത്തേണ്ടത്. കോവിഡ് എന്ന


www.malankaralibrary.com

മഹാവ്യാധി ജീവനും ജീവിതത്തിനും ഭീഷണിയുയർത്തുമ്പോൾ ലൈഫ്തന്നെ ഫ്ളാറ്റാക്കുന്ന മിഷനുകൾ, തീവ്രവാദത്തിന്റെയും മതവിദ്വേഷത്തിന്റെയും ഹബ്ബായിമാറിയിരിക്കുന്ന നാട്, സൈബർ ആക്രമണങ്ങളും ഓൺലൈൻ അധിക്ഷേപങ്ങളുടെയും പെരുമഴകൾ, ലഹരികടത്തും കള്ളപ്പണവും IS ആസൂത്രണങ്ങളും പീഡനങ്ങളും മുറപോലെ നടക്കുന്നു. ആംബുലൻസിനുള്ളിലെ കോവിഡ് രോഗിക്കുപോലും സ്വസ്ഥതകൊടുക്കാത്ത സ്ഥിതി. നിറവയറുമായി പേറ്റുനോവ് അനുഭവിക്കുന്ന സ്ത്രീയെ പരിചരിക്കാത്ത ഒരു നാട്. കോവിഡിന്റെ വ്യാപനം അതിരൂക്ഷമാകുമ്പോഴും മഞ്ഞ് കാണാനുള്ള 'അഞ്ചലോ'ട്ടങ്ങളോ നമ്മുടെ വിവേകം? സഭ്യതയുടെയും മര്യാദയുടെയും മാനവികതയുടെയും ചൈതന്യം നഷ്ടപ്പെടുന്ന വാക്പോരുകളും പകവീട്ടലുകളും തിരുവനന്തപുരം മെഡിക്കൽകോളേജിൽനിന്നും പുഴുവരിച്ച നിലയിൽ കോവിഡ് രോഗിയെ ഡിസ്ചാർജ് ചെയ്തത്രെ! സമരങ്ങൾ, ലാത്തിച്ചാർജുകൾ, യൂട്യൂബറും തെറിവിളികളും കയ്യേറ്റങ്ങളും കയ്യാങ്കളികളും ഇതാണോ നമ്മുടെ നാട്? അഗതികൾക്കും അനാഥർക്കുമിടയിൽ ജീവിതാർപ്പണം ചെയ്ത കന്യാസ്ത്രീകൾക്കെതിരെയുള്ള അക്രമണങ്ങളിൽ പരാതികൊടുത്തിട്ടും പരിഗണന നൽകാത്ത വനിതാകമ്മീഷനും ഭരണകൂടവും! എന്നാണീ അസമത്വവും അനീതിയും നമ്മൾ അവസാനിപ്പിക്കുക? ഇതാണോ നമ്മുടെ സംസ്കാരം? മറുവശെ വർഗീയതയും സഭാതർക്കങ്ങളും കൊഴുക്കുന്നു. നമുക്ക് നഷ്ടമാകുന്നത് ധാർമികതയും ഒരു സംസ്കാരത്തിന്റെ ഔന്നത്യവുമാണ്. ലോകത്തിനുമുഴുവൻ മാതൃകയായി എന്ന് കൊട്ടിഘോഷിക്കപ്പെട്ടപ്പോഴും നമ്മുടെയുള്ളിൽ ഇതുപോലെ വർധിച്ചുവരുന്ന ജീർണത എന്നാണിനി തിരുത്തി നമ്മളെല്ലാവരും സ്നേഹത്തിൽ ഒന്നാണെന്നും സാഹോദര്യത്തിൽ വളരേണ്ടവരാണെന്നും വിവരമുണ്ടാവുക? ഭിന്നിപ്പിനും വിദ്വേഷത്തിനുമുള്ള സമയമല്ല ഇത്; അതിജീവനത്തിന് ഒത്തൊരുമിക്കേണ്ട സമയമാണ്. കഴിക്കുന്ന ആഹാരവും കൊണ്ടുനടക്കുന്ന ശരീരവും കഴിഞ്ഞുകൂടുന്ന പ്രകൃതിയും നല്കുന്ന പ്രതിരോധത്തിന്റെ ശക്തിയറിയാനും സ്നേഹവും സാഹോദര്യവും ഊട്ടിഉറപ്പിക്കേണ്ടതുമായ സമയം. അത് മതവിദ്വേഷത്തിനും മതഭീകരതയ്ക്കും മനുഷ്യത്വരാഹിത്യത്തിനും മാധ്യമപ്പോരിനും മാനവികതയില്ലായ്മയ്ക്കും തീറെഴുതേണ്ടതല്ല. കാർഷികബില്ലും ഭക്ഷ്യസുരക്ഷയുമൊക്കെ ജനക്ഷേമത്തിനാകട്ടെ; പാർട്ടിതാല്പര്യങ്ങൾക്കും വോട്ടുകൾക്കും വേണ്ടിയാകാതിരിക്കട്ടെ. ഇന്നത്തെ മലയാളിയുടെ കെട്ടിലും മട്ടിലും മാന്യതയിലും മനോഭാവത്തിലും വാക്കിലും പെരുമാറ്റത്തിലുമെല്ലാം അവൻ ആഹരിക്കുന്ന വിഷലിപ്തഭക്ഷ്യസാധനങ്ങൾക്കും ഒരു പരിധിവരെ പങ്കുണ്ട് എന്നത് വീണ്ടുവിചാരമാകട്ടെ. You become what you eat!

ദൈവം അരുളിച്ചെയ്തു: ഭൂമുഖത്തുള്ള ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്ന പഴങ്ങൾ കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഞാൻ നിങ്ങൾക്കു ഭക്ഷണത്തിനായി തരുന്നു (ഉത്പ 1:29). സഭയുടെ മിഷൻചൈതന്യം സജീവശ്രദ്ധ ഊന്നേണ്ട തലങ്ങളാണ് മണ്ണും മനുഷ്യനും. പ്രേഷിതമാനസാന്തരവും പ്രേഷിതപ്രതിബദ്ധതയും സവിശേഷമായരീതിയിൽ ഇന്ന് ഉണ്ടാകേണ്ട ഇടങ്ങളാണവ.

മണ്ണിനോടും പ്രകൃതിയോടുംചേർന്ന്, കൃഷിയാണ് നമ്മുടെ ആയോധനവും അതിജീവനവും എന്ന് തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ തരിശുനിലങ്ങളും പാഴ്നിലങ്ങളുമെല്ലാം ഹരിതാഭയുള്ള വിളകൾ നല്കുന്ന ഇടങ്ങളാക്കി മാറ്റാം. വീട്ടുവളപ്പിൽതന്നെ വിഷലിപ്തമല്ലാത്തത് വിളയിച്ചും ആഹരിച്ചും നമുക്ക് മുന്നേറാം. *Mens sana in corpore sano* (healthy mind in healthy body) ഇതാണ് ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്നത്. ഇതിലൂടെയാണ് നമ്മൾ കൊറോണയെയും നമ്മുടെ സമൂഹത്തിലും ജീവിതരീതികളിലും ധാർമ്മികതയിലും മതവിചാരങ്ങളിലും വിശ്വാസങ്ങളിലുമൊക്കെ കടന്നുകൂടുന്ന കൊറോണയെക്കാൾ കഠിനമായ വൈറസുകളെയും അതിജീവിക്കേണ്ടത്.

ചീഫ് എഡിറ്റർ


www.malankaralibrary.com

# ഉള്ളടക്കം

## അഭിമുഖം


09 പള്ളിക്കൊപ്പം പള്ളിച്ചന്ത


## സംവാദം


14 കാർഷിക ഭക്ഷ്യസുരക്ഷ: കേരളസഭയുടെ നിരീക്ഷണ നിർദേശങ്ങൾ

18 കൃഷിയിലൂടെയുള്ള അതിജീവനം

22 ഗാർഹിക കൃഷിയും സാമ്പത്തിക ഭദ്രതയും

24 അവഗണിക്കപ്പെടുന്ന കർഷകനും കാർഷികവിളകളും

28 കോവിഡീയൻ കൃഷിപാഠങ്ങളും യുവതയും

30 സഹജീവന സംസ്കൃതി

32 ആഹാരശൈലികൾ രോഗകാരണങ്ങളോ?

35 കാർഷിക മൃഗസംരക്ഷണ പദ്ധതി കുടുംബ സ്വയംപര്യാപ്തതയ്ക്ക്

37 സുഭിക്ഷകേരളത്തിന് നാമൊരുമിച്ച്


## ക്രൈസ്തവം


46 | വി. കുർബാനയ്ക്കു തുല്യമല്ല തിരുശേഷിപ്പുകൾ

49 | സമർപ്പിതവഴിയിലെ പോത്ത് സംരക്ഷകനും പറമ്പിലമ്മയും

54 | സന്ന്യാസികൾ മുറിവേറ്റ സുഖദായകർ




## സാമൂഹികം


57 | ജീവിതം പോസിറ്റീവ് ആക്കുക കോവിഡ് നെഗറ്റീവാകും

58 | വാക്കുകൾകൊണ്ടുള്ള ചിത്രവര

60 | സ്വാതന്ത്ര്യത്തിന്റെ ഭാഷ, ഭാവന

62 | കേരളത്തിന്റെ കർമലീത്താ പൈതൃകം

03 എഡിറ്റോറിയൽ

06 പ്രതികരണങ്ങൾ






പുസ്തകം 17 ലക്കം 10

2020 ഒക്ടോബർ

രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് mcbs
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ mcbs

പത്രാധിപർ
ഫാ. ജോയി ചെഞ്ചേരിൽ mcbs

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. ജെറിൻ വലിയപറമ്പിൽ mcbs

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ mcbs

മുഖചിത്രം
റോയിസ് സ്റ്റുഡിയോ, മുട്ടുചിറ

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ



വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com



ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം


BANK DETAILS

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |

www.karunikan.com


www.malankaralibrary.com

# പ്രതികരണങ്ങൾ



വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യമായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

## സങ്കീർത്തനത്തിന്റെ കുളിർകാറ്റ്

സിനിമയിലെ പുരോഹിതനും ദൈവശാസ്ത്രവും മുൻവിധിയും തെറ്റുന്ന നിഗമനങ്ങളും എങ്ങിനെയാണ് സമ്മതിച്ച് കൊടുക്കാനാവുക?

കാരുണികന്റെ സെപ്തംബർ ലക്കത്തിലെ പ്രകാശിതസിനിമകളിലെ 'മലയാളസിനിമയിലെ പുരോഹിത വേഷങ്ങളും വരയനും' എന്ന മുന്നാസ്വാദനമാണ് ഈ കത്തിന് ആധാരം. പുരോഹിത പ്രമേയങ്ങളും പുരോഹിതകഥാപാത്രങ്ങളുമായി ഒട്ടേറെ സിനിമകൾ മലയാളത്തിൽ ഇതിനകം വന്നിട്ടുണ്ട്. വാരിക്കുഴിയിലെ കൊലപാതകം, മൈനക്കുരുവി, മറിയക്കുട്ടി കൊലക്കേസ്, ക്രൈംഫയൽ, റോമൻസ്, ജോസഫ്, താക്കോൽ എന്നിങ്ങനെ നീണ്ടുപോകുന്നു ആ നിര. പൗരോഹിത്യത്തെ കളിയാക്കുന്ന, പുരോഹിതരെ കോമാളികളാക്കുന്ന പല സിനിമകളും മലയാള സിനിമകളിൽ നമുക്ക് കാണാനാവും. ചിരി ഉതിർക്കുന്ന തരംതാണസംഭാഷണങ്ങളും കുറവല്ല. ചില സിനിമകളിൽ പുരോഹിതന്മാരെ ചിത്രീകരിച്ചിരിക്കുന്നത് വളരെ മോശമായ വീക്ഷണത്തോടെയാണ്. ആർക്കും കൊട്ടാവുന്ന ഒരു ചെണ്ടപോലെ എന്ന് വേണമെങ്കിൽപറയാം. പുരോഹിതന്മാരെ നെഗറ്റീവ് കഥാപാത്രങ്ങളാക്കി ചിത്രീകരിക്കുകയാണ് പല സിനിമകളിലും. ന്യൂനതകളുടെ പെരുമ്പറ മുഴക്കമാണ് പല സീനുകളിലും. പുരോഹിതന്റെ സംസാരരീതിമുതൽ ആംഗ്യചലനങ്ങൾവരെ പരിഹസിക്കപ്പെടുന്നു.

വാരിക്കുഴിയിലെ കൊലപാതകം എന്ന ചിത്രത്തിൽ പുരോഹിത വേഷത്തെ വയലൻസിന്റെ ദൈവശാസ്ത്രമായാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. റോമൻസിൽ കാണിച്ച പുരോഹിതവേഷങ്ങളും ഇല്ലോജിക്കലാണെന്ന് പറയാതെവയ്യ. ഇടവകകളിലെ വൈദികനിയമനം അത്രയ്ക്ക് ലാഘവത്തോടെയാ





www.malankaralibrary.com

ണോ നിർവ്വഹിക്കപ്പെടുന്നത്? തമാശയ്ക്കുവേണ്ടി എന്തുമാവാമെന്നത് സമ്മതിച്ചുകൊടുക്കാനാവുമോ? സഭ്യതവിട്ട സംഭാഷണങ്ങൾ, തരംതാണ പെരുമാറ്റങ്ങൾ. ജഗതിയും മാളഅരവിന്ദനും കുതിരവട്ടം പപ്പുവും ഇന്നസെന്റും ജാഫർ ഇടുക്കിയുമൊക്കെ അവതരിപ്പിച്ചിട്ടുള്ള പുരോഹിത കഥാപാത്രങ്ങൾ ഇതിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാനാവും. പൗരോഹിത്യത്തിന്റെ മഹത്വവും മൂല്യവും ഇവിടെ തമസ്ക്കരിക്കപ്പെടുന്നു. കന്യാസ്ത്രികളെപ്പോലും വിടുന്നില്ല. നമ്മുടെ സാമൂഹിക ബന്ധങ്ങളിൽ പല അപചയങ്ങളും സംഭവിക്കുന്നത് നമ്മുടെ മുൻവിധികൊണ്ടും അതുവഴി ഉണ്ടാകുന്ന തെറ്റായ നിഗമനങ്ങൾ നിമിത്തവുമാണ്. ഈ മുൻവിധി ഒരു വലിയ വില്ലനാണെന്ന് പറയാതെവയ്യ. ശരീരഭാഷ, വേഷം, മുഖഭാവം ഇവയൊക്കെ അതിന് വക നൽകുന്നു. എന്തുകാണിച്ചും ചിരിപ്പിക്കുക എന്ന മുൻവിധിയുടെ അടിസ്ഥാനത്തിലായിരിക്കും സംഭാഷണങ്ങൾതന്നെ. സത്യാവസ്ഥ ബോധ്യമായി തെറ്റുപറ്റി എന്നറിഞ്ഞാലും അഹന്തയുടെ മൗനം ദീക്ഷിക്കുന്നവരും ഇല്ലാതില്ല. ഇത് ന്യായീകരിക്കാനാവില്ല. പൗരോഹിത്യാഖ്യാനത്തിന്റെ വീഥിയിൽ ഒരു സങ്കീർത്തനത്തിന്റെ കുളിർകാറ്റുപോലെ 'വരയൻ' തെളിഞ്ഞു നിൽക്കട്ടെ. കല്ലുംമുള്ളും നിറഞ്ഞ പൗരോഹിത്യജീവിതത്തിന്റെ ഊടുവഴികളെക്കുറിച്ച് ഇക്കൂട്ടർ ചിന്തിക്കാത്തതെന്തേ?

മാക്സിമിൻ, നെട്ടൂർ
സോയാ നിവാസ്, പനങ്ങാട്

## രോഗീലേപനത്തിലെ കാണാക്കാഴ്ചകൾ

കൂദാശകളിൽ തെറ്റുധാരണയോടെ കണ്ടിരുന്ന കൂദാശയാണ് രോഗീലേപനം. മരിക്കുന്നതിന് മുൻപ് ഈ കൂദാശ നൽകി നല്ല മരണം കൊടുക്കുക എന്നതായിരുന്നു ഞാനുൾപ്പെടെ ഭൂരിഭാഗം പേരുടെയും ധാരണ. ഇതൊരു തെറ്റായ ധാരണയായിരുന്നുവെന്ന് വിശദമായും വ്യക്തമായും ബോധ്യപ്പെടുത്തിത്തന്നത് കഴിഞ്ഞലക്കം കാരുണികനാണ്. അക്ഷരാർത്ഥത്തിൽ സൗഖ്യത്തിന്റെ കൂദാശയാണ് രോഗീലേപനമെന്നത് കാര്യകാരണസഹിതം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു കൂദാശയെ മാത്രമെടുത്ത് ആധികാരികമായി ഇങ്ങനെ വിശകലനം ചെയ്യുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ഇല്ലെന്നുതന്നെ പറയാം. അത്യാവശ്യം കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ സ്ഥിരമായി വായിക്കുന്ന വ്യക്തിയെന്ന നിലയിൽ കാരുണികൻ ഇക്കാര്യത്തിൽ വ്യത്യസ്തത പുലർത്തുന്നുവെന്നു കൃത്യമായി പറയാനാകും.

കുർബാന, കുമ്പസാരം എന്നീ കൂദാശകളെക്കുറിച്ച് മുൻകാലലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നതും ഓർമിക്കുന്നു. ഇതൊക്കെ എന്റെ കരുതൽ ശേഖരത്തിലുണ്ട്. ഒടുക്കത്തെ ഒപ്രുശ്മ എന്ന അപരനാമത്തിൽ പഴമക്കാർ പറഞ്ഞിരുന്നത് ബോധതലങ്ങളിൽ കയറിപ്പറ്റിയതിനാലും അതേക്കുറിച്ച് ആരും വിശദമാക്കിത്തരാതിരുന്നതിനാലും വിശകലനത്തിന് മുതിരാതിരുന്നതിനാലും ഇത് മരിക്കാൻ ആസന്നരായവർക്കുള്ള കൂദാശയാണെന്ന സങ്കല്പമാണ് വച്ചുപുലർത്തിയിരുന്നത്.

ഒരു വിശ്വാസി ഈ കൂദാശയെക്കുറിച്ച് അറിയേണ്ട കാര്യങ്ങൾ തോമസ് പുന്നത്താനത്തച്ചൻ ലളിതമായഭാഷയിൽ പകർന്നുതന്നിട്ടുണ്ടിതിൽ. രോഗത്തെയും രോഗസൗഖ്യത്തെയുംകുറിച്ച് ബൈബിളിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് ജേക്കബ് പ്രസാദച്ചൻ എഴുതിയിരിക്കുന്ന ലേഖനവും പഠനാർഹമായതുതന്നെയാണ്.

രോഗീലേപനശുശ്രൂഷയ്ക്ക് അജപാലനജീവിതത്തിൽ ഏറ്റവും പ്രാധാന്യംകൊടുത്തുകൊണ്ട് ദൗത്യനിർവ്വഹണം നടത്തിയിരുന്ന മോൺ. ക്ലീറ്റസ് പറമ്പിലോത്തിനെക്കുറിച്ചുള്ള ഫീച്ചറും ഈടുറ്റതായിരിക്കുന്നു. ഒരു പുരോഹിതനെന്നതിലുപരി തന്റെ കടമകളെയും ഉത്തരവാദിത്വങ്ങളെയും പൂർണമായും നിറവേറ്റിക്കൊണ്ട് ചർച്ച് ആർട്ടിനെ നെഞ്ചിലേറ്റിയ ഒരു വൈദികനെ കേരളസഭയിൽ കണ്ടെത്തുക പ്രയാസമായിരിക്കും. ഇത്തരം പ്രതിഭാധനരെയൊക്കെ കണ്ടെത്തി അവ

## അറിയിപ്പ്

**ലോ**ക്ഡൗൺ നിയന്ത്രണങ്ങൾ പൂർണമായും മാറ്റാത്തതിനാലും ഭൂരിഭാഗം മേഖലകളും കണ്ടെയ്ൻമെന്റ് സോണുകളായി തുടരുന്നതിനാലും തപാൽ വിതരണം പൂർണമായും ഇപ്പോഴും സുഗമമായിട്ടില്ലെന്ന് തപാൽവകുപ്പ് അറിയിച്ചിരിക്കുന്നതിനാലും ഒക്ടോബർ ലക്കം കാരുണികനും ഓൺലൈനിലൂടെയാണ് പ്രസിദ്ധീകരിക്കുന്നത്. മാന്യവരിക്കാരും വായനക്കാരും സഹകരിക്കണേ.

*– സർക്കുലേഷൻ മാനേജർ*


www.malankaralibrary.com



രെ സമൂഹമധ്യേ അനാവരണം ചെയ്യുന്ന കാരുണികശൈലി അംഗീകരിക്കപ്പെടേണ്ടതുതന്നെയാണ്.

സെബാസ്റ്റ്യൻ പഞ്ഞിക്കാരനച്ചന്റെ ലേഖനം ഹ്രസ്വമാണെങ്കിലും അതിന്റെ ആഴവും പരപ്പും അന്യാദൃശ്യംതന്നെ. ചുരുങ്ങിയ വാക്കുകളിൽ രോഗീലേപന കൂദാശയുടെ യുഗാന്തദർശനങ്ങൾ അച്ചൻ കാച്ചിക്കുറുക്കി പകർന്നിരിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ എണ്ണമറ്റ വിശ്വാസികൾ ഈ സൗഖ്യദായക ശുശ്രൂഷ ലഭ്യമല്ലാതെ മരണത്തിനു കീഴടങ്ങിയിട്ടുണ്ട്. അത്തരമൊരവസരത്തിൽത്തന്നെ ഈ കൂദാശയുടെ സാംഗത്യത്തെക്കുറിച്ച് അപഗ്രഥിച്ചിരിക്കുന്നത് ശ്രേഷ്ഠമായ മാധ്യമപ്രവർത്തനം തന്നെയാണെന്ന് ഒരെളിയ വായനക്കാരനെന്ന നിലയിൽ വെളിപ്പെടുത്തുകയാണ്.

വിൻസന്റ് പാറക്കൽ
ചാത്തനാട്

## ഹൃദയത്തിൽ വരച്ച വരയൻ

പുരോഹിത-സമർപ്പിത ജീവിതങ്ങളെ ആക്ഷേപഹാസ്യമാക്കി ചിത്രീകരിച്ചുകൊണ്ട് ആവിഷ്ക്കാര സ്വാതന്ത്ര്യം നിർവഹിച്ചുകൊണ്ടിരിക്കുന്ന കലാകാരന്മാർക്കുള്ള ചാട്ടവാറടിയാണ് സെപ്തംബർ ലക്കം കാരുണികനിലെ 'മലയാള സിനിമയിലെ പുരോഹിത വേഷങ്ങളും വരയനും' എന്ന സുനിലച്ചന്റെ ചലച്ചിത്ര മുന്നാസ്വാദനം.

വൈദികരെയും സന്ന്യസ്തരെയും വേഷത്തിലും ഭാഷയിലും കഥാപാത്രത്തിലും വികലമാക്കി എത്രയോ തവണ മലയാളസിനിമയിലും സീരിയലുകളിലും പ്രദർശിപ്പിച്ചിരിക്കുന്നു. എന്നാൽ ഒരു സഭാനേതൃത്വവും ഇതിനെതിരെ കർശന ശബ്ദവുമായി രംഗത്തെത്തിയതായി കണ്ടിട്ടില്ല. ഏതെങ്കിലും ക്രൈസ്തവ അല്മായ സംഘടനകളുടെ ഒറ്റവരി പ്രതിഷേധകുറിപ്പിൽ തീരുന്ന അമർഷം മാത്രമേ നാളിതുവരെ കണ്ടിട്ടുള്ളൂ. അതുകൊണ്ടുതന്നെ ലജ്ജിപ്പിക്കുന്ന തരത്തിലുള്ള വേഷഭൂഷാദികളും ഡയലോഗുകളുമായി വീണ്ടും വീണ്ടും ഇത്തരം 'മെഴുക്കുപുരട്ടികൾ' റിലീസായിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, നമ്മുടെ പള്ളികളും സ്ഥാപനങ്ങളും ഇത്തരം കോമാളിത്തരങ്ങൾ ചിത്രീകരിക്കുന്നതിനായി വിട്ടുകൊടുക്കുന്നതിന് ഒരു സങ്കോചവും കാട്ടുന്നുമില്ല. അപ്പോൾ ഒരു പരിധിവരെ നമ്മൾതന്നെയല്ലേ ഇതിന്റെ കാരണക്കാർ എന്ന് വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു.

ഒരു പള്ളിയിലോ ആശ്രമത്തിലൊ സെമിത്തേരിയിലോ ചിത്രീകരണാവശ്യവുമായി ബന്ധപ്പെടുമ്പോൾ ചലച്ചിത്രപ്രവർത്തകർ ആവശ്യപ്പെട്ടാൽപ്പോലും അതിന്റെ സ്ക്രിപ്റ്റ് ഒന്ന് ഓടിച്ചുനോക്കാൻ പോലും നമ്മുടെ ശ്രേഷ്ഠന്മാർക്ക് സമയമുണ്ടാകാറില്ല. ചിത്രം പുറത്തുവരുമ്പോഴാണ് വിശുദ്ധ അൾത്താരയിൽ കോമാളിവേഷംകെട്ടി കോമാളിത്തരം പുലമ്പുന്നത് കാണുന്നത്. അപ്പോഴും ചൂണ്ടാണി വിരൽ മൂക്കിൻതുമ്പത്തുവച്ച് അത്ഭുതംകൂറി സഹിഷ്ണരായി മൗനവലംബിക്കും. പ്രവാചകശബ്ദത്തോടെ ഫാ. സുനിൽ ശബ്ദിക്കുകയും അത് കാരുണികൻ വായനക്കാർക്കുമുന്നിൽ എത്തിക്കുകയും ചെയ്തപ്പോൾ എവിടെയൊക്കെയോ നന്മമരങ്ങൾ ഉണക്കേൽക്കാതെ നിൽപ്പുണ്ടെന്ന തോന്നലാണുളവാക്കിയിരിക്കുന്നത്. ഒരു കപ്പൂച്ചിൻ സന്ന്യാസി മുഖ്യകഥാപാത്രമായി കോവിഡാനന്തരം റിലീസാകുന്ന വരയൻ ഏറെ പ്രതീക്ഷകളാണ് പ്രേക്ഷകർക്ക് നൽകിയിരിക്കുന്നത്. ഒരു ചിത്രത്തിന്റെ ആസ്വാദനത്തോടൊപ്പം അല്ലെങ്കിൽ പരിചിതമാക്കുന്നതിനപ്പുറം മലയാളചലച്ചിത്രമേഖലയിലെ പുരോഹിതർക്കുനേരെയുള്ള ആഭാസപ്രകടനങ്ങൾക്ക് ചുട്ടമറുപടിയുമായി പ്രകാശിതസിനിമകൾ കാരുണികനിൽ തെളിഞ്ഞപ്പോൾ പ്രകാശമുദിച്ചതിപ്പോഴാണ്. സുനിലച്ചന് പ്രത്യേകം അനുമോദനങ്ങൾ; ഒപ്പം കാരുണികന് അഭിനന്ദനങ്ങളും.

ലിസി ജോർജ് തളിയനേഴത്ത്
തോപ്പുംപടി


www.malankaralibrary.com

# പള്ളിക്കൊപ്പം പള്ളിച്ചന്ത



**കാർഷികമേഖലയുടെ തകർച്ചയെയും പുനരുദ്ധാരണത്തെയും കുറിച്ച് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (INFAM) ദേശീയ രക്ഷാധികാരിയും താമരശ്ശേരി രൂപതാമെത്രാനുമായ മാർ റെമിജിയൂസ് ഇഞ്ചനാനിയിലുമായി കാരുണികൻ നടത്തിയ അഭിമുഖം.**

### കേരള സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയെ കേരളസഭ എങ്ങിനെയാണ് വിലയിരുത്തുന്നത്? സഭയുടെ നിലപാട് എന്താണ്?

കേരള സർക്കാർ പ്രഖ്യാപിച്ച 'സുഭിക്ഷകേരളം' പദ്ധതി വളരെ പ്രതീക്ഷ നൽകുന്നതാണ്. തരിശ്ശായി കിടക്കുന്ന പ്രദേശങ്ങളിലും കൃഷിയോഗ്യമായ മറ്റുസ്ഥലങ്ങളിലും കൃഷി ചെയ്യാൻ കർഷകർക്കും മറ്റെല്ലാവർക്കും ഉത്തേജനം നൽകുന്നതാണ് ഈ പദ്ധതി. പക്ഷേ, കർഷകർക്കുവേണ്ടി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മറ്റേതൊരു പദ്ധതിയുംപോലെ കെടുകാര്യസ്ഥതയുടെ ഒരു പദ്ധതി ആകാനേ സാധ്യതയുള്ളൂ എന്ന് ഞാൻ ന്യായമായി ഭയപ്പെടുന്നു. കെടുകാര്യസ്ഥതയും കുറേ ഉദ്യോഗസ്ഥർക്ക് അന്നം ലഭിക്കുന്നതിനുള്ള വഴിയായും ഇത് ചുരുങ്ങാനാണ് സാധ്യത.

### കോവിഡ് നൽകിയ അനുഭവപാഠമാണ് കൃഷിയിലേക്ക് മടങ്ങിവരാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുമുള്ള ആഹ്വാനം. ഇതിനോടുള്ള ക്രിയാത്മകമായ പ്രതികരണം എന്താണ്?

കോവിഡ് – 19 കാലഘട്ടം ധാരാളം അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചു. കൃഷി ചെയ്യാനുള്ള താത്പര്യം വർധിച്ചത് അതിലൊന്നാണ്. കോവിഡ്കാലത്ത് ഏകദേശം 2 മാസത്തിലധികം എല്ലാവരും വീട്ടിൽതന്നെ ഇരുന്നപ്പോൾ സഭയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട്, ഉപേക്ഷിച്ചിരുന്ന കൃഷി സംസ്കാരത്തിലേക്ക് വീണ്ടും കടന്നുവരാൻ സഹായകമായി.

### കാർഷികരംഗം കേരളത്തിൽ അന്യംനിന്നുവരികയാണല്ലോ. ഇതിന് കാരണം കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനവും അംഗീകാരവും ലഭിക്കാത്തതുകൊണ്ടല്ലേ. പിതാവിന്റെ അഭിപ്രായം എന്താണ്?

കാർഷികരംഗം ഇത്രയും തളരാനുള്ള കാരണം കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നുള്ള പ്രോത്സാഹനക്കുറവാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പഞ്ചവത്സര പദ്ധതികളിൽ ജയ് ജവാനോടൊപ്പം ജയ് കിസാനും ചേർത്തിരുന്നു. മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു ഗ്രാമങ്ങളും ഗ്രാമങ്ങളുടെ സ്വയംപര്യാപ്തതയും. ഭൂരിഭാഗം ആളുകളും കാർഷികവൃത്തിയെ ആശ്രയിക്കുന്ന ഇന്ത്യപോലുള്ള രാജ്യത്ത് കർഷകർക്ക് എല്ലാ പിന്തുണയും നൽകേണ്ടതാണ്. വളർന്നുവന്ന മുതലാളിത്ത, കമ്പോള, ആഗോളവത്ക്കരണ സംസ്കാരത്തിൽ കർഷകരും അവരുടെ ജീവിതവും പാടെ തമസ്കരിക്കപ്പെട്ടിരിക്കുകയാണ്. കാർഷികമേഖല പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ് മുന്നോട്ട് പോകുന്നത്. കാലാവസ്ഥാവ്യതിയാനം, കർഷകരുടെ പ്രതീക്ഷകളെ തല്ലിത്തകർക്കാറുണ്ട്. ഈ അവസരത്തിൽ, സർക്കാർ കർഷകരുടെ രക്ഷയ്ക്ക് വരാറില്ല. കേരളം നെല്ലറകളുടെ നാടായിരുന്നു. എന്നാൽ നെല്ലിന്റെ വില കുറഞ്ഞപ്പോൾ താങ്ങുവില നിശ്ചയിച്ച് കർഷകരെ താങ്ങി നിർത്താൻ സർക്കാർ ശ്രദ്ധിച്ചതേയില്ല. ഫലമോ നഷ്ടക്കച്ചവടമായ കൃഷി ഉപേക്ഷിക്കാൻ കർഷകർ നിർബന്ധിതരാകുന്നതിനും കൃഷിയിടങ്ങളിൽ ഫ്ളാറ്റുകളും മണിസൗധങ്ങളും ഉയർന്നുവരുന്നതിനും കാരണമായി. എല്ലാം തകർന്നു കഴിഞ്ഞതിന് ശേഷം 'സുഭിക്ഷ കേരളം' എന്ന പദ്ധതിയുമായി വരുന്നതിന് എന്തു പ്രസക്തി? കേരം തിങ്ങും നാടായ കേരളത്തിൽ ഏറ്റവും പാർശ്വവത്കരിക്കപ്പെട്ടത് കേരകർഷകരാണ്. അധ്വാനത്തിന് തുല്യമായ പ്രതിഫലം കിട്ടാതായ കേരകർഷകരുടെ നടുവൊടിഞ്ഞപ്പോൾ നിരവധി സർക്കാർ പദ്ധതികൾ പ്രഖ്യാപിച്ചെങ്കിലും അതെല്ലാം കടലാസിലൊതുങ്ങി. ഇന്നും 'കോരന് കഞ്ഞി കുമ്പിളിൽ തന്നെ.' മറ്റുസംസ്ഥാനങ്ങൾ കർഷകരെ സഹായിക്കുന്നതിന് വളരെ


www.malankaralibrary.com

യധികം പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുമ്പോൾ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികയിൽപ്പോലും ഇടംപിടിക്കാനുള്ള ഭാഗ്യം പാവപ്പെട്ട കർഷകർക്കില്ല.

## ഭക്ഷ്യസുരക്ഷയിൽ നാം സ്വയംപര്യാപ്തരാകേണ്ട സമയം അതിക്രമിച്ചില്ലേ. ഈ രംഗത്ത് ശ്രദ്ധ പതിപ്പിക്കാൻ ജനങ്ങൾ ഇനിയും വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്?

നാം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലയാണ് ഭക്ഷ്യസുരക്ഷ. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികളും മറ്റുഭക്ഷ്യധാന്യങ്ങളും വിഷാംശങ്ങൾ നിറഞ്ഞതാണെന്ന് പരസ്യമായ രഹസ്യമാണ്. നല്ല ആരോഗ്യം നല്ല ഭക്ഷണത്തിൽനിന്നു മാത്രമേ ലഭിക്കൂ എന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. സൂപ്പർ മാർക്കറ്റുകളിൽ എല്ലാം സുലഭമായി ലഭിക്കുമ്പോൾ 'കൈ നനയാതെ മീൻ പിടിക്കാം' എന്ന മനോഭാവത്തിനല്ലേ കൂടുതൽ പ്രസക്തി ഉള്ളതെന്ന് നാം അറിയാതെ ചിന്തിച്ചു പോകുന്നു.

## കുടിയേറ്റ കർഷകർ ധാരാളമുള്ള ഒരു രൂപതയാണല്ലോ താമരശ്ശേരി. കർഷകരുടെ ദൈന്യം അടുത്തറിയാവുന്ന പിതാവ് ഈ മേഖലയുടെ പുനരുദ്ധാരണത്തിനായി രൂപതാതലത്തിൽ എന്തെങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

കർഷകരുടെ സംരക്ഷണത്തിനായി ധാരാളം പദ്ധതികൾക്ക് അടുത്ത നാളുകളിലായി രൂപം നൽകിയിട്ടുണ്ട്. 'പള്ളിക്കൊപ്പം പള്ളിച്ചന്ത' എന്ന മുദ്രാവാക്യം ആണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. സാധാരണക്കാരായ കർഷകരുടെ പക്കൽനിന്നും കാർഷികോ



ത്പന്നങ്ങൾ ശേഖരിച്ച് നേരിട്ട് ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനുള്ള പരിശ്രമമാണ് ഞങ്ങൾ ചെയ്യുന്നത്. ഇതുവഴി ഇടനിലക്കാരെ ഒഴിവാക്കുകയും ന്യായവില കർഷകർക്ക് ലഭിക്കുകയും ചെയ്യും. ഇതിനായി എല്ലാ ഇടവകകളിൽനിന്നും പ്രതിനിധികളെ ഒരുമിച്ച് ചേർത്ത് ഒരു അസംബ്ലി നടത്തുകയും അതിൽനിന്നുയർന്നുവന്ന നിർദ്ദേശപ്രകാരം കർഷകരെ കൃഷിയിലും മൂല്ല്യവർധിത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിലും സഹായിക്കുന്നതിനായി ജനങ്ങളുടെ സഹകരണത്തോടെ 'പ്രൊഡ്യൂസേഴ്സ് കമ്പനി'യും കർഷകരുടെ ഉത്പന്നങ്ങൾ ആവശ്യക്കാരിലെത്തിക്കുന്നതിനായി 'മാർക്കറ്റിംഗ് കമ്പനി'യും ആരംഭിച്ചിട്ടുണ്ട്. ഇതിനു സഹായകരമാകാൻ ധാരാളം കർഷക കൂട്ടായ്മകൾക്ക് രൂപം നൽകുന്നതിനും സാധിച്ചു. പൂർണ്ണമായ ലക്ഷ്യത്തിലേക്ക് ഇനിയും വളരെയേറെ യാത്ര ചെയ്യേണ്ടതുണ്ട്. എങ്കിലും സമീപഭാവിയിൽ അത് സാധിക്കുമെന്നാണ് കരുതുന്നത്.

**വിളനശീകരണവും പ്രകൃതിദുരന്തങ്ങളും മലയോര മേഖലയിലെ കാർഷിക രംഗത്തെ താറുമാറാക്കുന്ന പതിവു ഘടകങ്ങളാണല്ലോ. ഇത്തരം സന്ദർഭങ്ങളിൽ കർഷകരെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും സമാശ്വാസ പദ്ധതികൾ ആസൂത്രണം ചെയ്യാനാകുമോ?**

പ്രകൃതിദുരന്തങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അതിന് മണ്ണിൽ കൃഷി ചെയ്യുന്ന കർഷകരെ പഴിക്കുന്നതും അവരുടെ അവകാശങ്ങൾ ലംഘിക്കുന്നതും ഒഴിവാക്കപ്പെടേണ്ട പ്രവണതയാണ്. മുന്നറിയിപ്പു കൊടുക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണ്. ആളുകളെ വിവിധ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കാൻ താമരശ്ശേരി രൂപത എപ്പോഴും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. വിളനശീകരണത്തിനെ ചെറുക്കാനും ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. കർഷകന്റെ ജീവനും സ്വത്തിനും സുരക്ഷ ഒരുക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം നടത്തണം. മലയിടിച്ചിലുള്ള സ്ഥലങ്ങളിൽ മുളപോലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നത് മണ്ണിടിച്ചിൽ എന്ന പ്രതിഭാസത്തിന് ഒരു പരിധിവരെ പരിഹാരമാണ്.

**കാർഷികരംഗത്തെ തകർച്ച കേരളത്തിൽ പൊതുവേ കർഷക ആത്മഹത്യകൾ വർധിപ്പിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് പരിഹാര നടപടികൾ എന്തെങ്കിലും ഉണ്ടോ?**

കേരളത്തിന്റ പശ്ചാത്തലത്തിൽ ഏറ്റവും അധികം വിവേചനം നേരിടുന്നവരായി കർഷകർ മാറിക്കൊണ്ടിരിക്കുന്നു. അവർക്ക് ലഭിക്കേണ്ട നീതി ലഭിക്കുന്നില്ല. മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകന് അവന്റെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കാൻ കഴിയണം. വളരെയധികം പ്രതിസന്ധികൾ കർഷകർ ഇന്ന് അനുഭവിക്കുന്നുണ്ട്. ഈ പ്രതിസന്ധികൾക്ക് പരിഹാരം കാണാതെ കർഷക ആത്മഹത്യ എന്ന വലിയ വിപത്ത് നിയന്ത്രിക്കാൻ സാധിക്കുമോ എന്ന് സംശയമാണ്.

**1. വന്യമൃഗശല്യം :** കർഷകന്റെ കാർഷിക വിളകൾ മാത്രമല്ല, അവരുടെ ജീവൻതന്നെയും അപകടത്തിൽ ആവുകയാണ്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യനെ അക്രമിക്കുമ്പോഴും വന്യമൃഗസംരക്ഷണമെന്ന പേരിൽ കർഷകൻ കൂച്ചുവിലങ്ങിടപ്പെടുകയാണ്. മൃഗത്തെ കൊല്ലാൻ വനപാലകരുടെ സാന്നിധ്യം വേണം. എന്നാൽ പലപ്പോഴും സമയബന്ധിതമായി വനപാലകർ പ്രവർത്തിക്കുന്നില്ല. മനുഷ്യന്റെ സ്വൈര്യ ജീവിതത്തിന് സഹായകമായ രീതിയിൽ കൃഷിചെയ്ത് ജീവിക്കാൻ സഹായകമാകുന്ന നിയമങ്ങളാണ് കർഷകന് ആവശ്യം.

**2. എക്കോ സെൻസിറ്റീവ് സോൺ പ്രശ്നം :** കാട് സംരക്ഷിക്കാൻ നാട് കാടാക്കുന്ന കാടത്ത നിയമങ്ങൾ മാറ്റപ്പെടണം. വന്യജീവിസങ്കേതത്തിന് ചുറ്റുമുള്ള ധാരാളം വില്ലേജുകൾ എക്കോ സെൻസിറ്റീവ് സോൺ പരിധിയിൽ വരുമ്പോൾ ആയിരക്കണക്കിന് കുടുംബങ്ങളുടെ മൗലിക അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. മത്സ്യകൃഷി, കന്നുകാലി വളർത്തൽ, തോട്ടകൃഷി തുടങ്ങി ചെറുകിട കർഷകരുടെ വരുമാന മാർഗ്ഗങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തപ്പെടും. കൃഷി ആവശ്യത്തിന് കിണറോ കുളമോ കുഴിക്കാനോ, സ്വന്തം സ്ഥലത്തെ മരങ്ങൾ മുറിക്കാനോ കർഷകർക്ക് സാധിക്കാതെ വരും. തന്നാണ്ടു കൃഷികളായ കപ്പ, ചേന, ഇഞ്ചി തുടങ്ങിയവയുടെ ഉത്പാദനം നിരോധിക്കപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യും. പല പ്രമുഖ ക്വാറി പ്രദേശങ്ങളെയും ഒഴിവാക്കി ക്രമീകരിച്ചിരിക്കുന്ന ഈ എക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം, പ്രകൃതി സംരക്ഷണത്തിന് എതിരും കർഷകരുടെ സ്വസ്ഥജീവിതത്തെ ദുരിതത്തിൽ ആക്കുന്നതുമാണ്. അതുകൊണ്ട് കർഷകനെ സംരക്ഷിച്ചുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കുന്ന നിയമമാണ് നമുക്ക് ആവശ്യം.

**3. കാർഷിക വിളകളുടെ താങ്ങുവില & സബ്സിഡി :** കാർഷിക വിളകൾക്ക് നിലവിൽ നല്കുന്ന താങ്ങുവില കർഷകന് നഷ്ടം മാത്രമേ നല്കുന്നുള്ളു. അതുപോലെ സബ്സിഡി നിരക്കിൽ വളവും മറ്റും നല്കിയിരുന്നത് പലതും ഇന്ന് നിർത്തലാക്കിയിരിക്കുന്നു. കർഷകർ സംരക്ഷിക്കപ്പെടണമെങ്കിൽ ഇവരും പുനഃപരിശോധിക്കപ്പെടണം. മാത്രമല്ല, കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളിയാൽ കർഷകരെ ആത്മഹത്യയിൽനിന്നും രക്ഷിക്കാൻ കഴിയും.

**4. കർഷക പെൻഷൻ :** ജീവിതകാലം മുഴുവൻ പൊതുസമൂഹത്തിന് വേണ്ടി മണ്ണിൽ സേവനം ചെയ്യുന്ന കർഷകന് ഒരു നിശ്ചിത പ്രായത്തിനു ശേഷം പെൻഷൻ അനുവദിക്കപ്പെടണം. മാസം 10,000 രൂപയെങ്കിലും പെൻഷൻ ലഭിക്കാൻ കർഷകന് അവകാശമുണ്ട്.

നിലവിലുള്ള ഗവൺമെന്റ് സംവിധാനങ്ങൾ കർഷകർക്ക് ഉപകാരപ്പെടുന്നതരത്തിൽ സുഗമവും സുതാര്യമാക്കുകയും ചെയ്യുക എന്നതാണ് കർഷകരെ തകർച്ചയിൽനിന്ന് രക്ഷിക്കാനുള്ള മറ്റൊരു മാർഗ്ഗം.

**കോവിഡ്കാലത്ത് സഭയും വിശ്വാസികളും കാർഷികരംഗത്തേക്ക് ചുവടുവച്ചിരിക്കുന്നത് ആശാവഹമാണ്. ഇത് തുടർപ്രക്രിയയായി മുന്നോട്ട് കൊണ്ടു**


www.malankaralibrary.com

## പോകാൻ സഭാതലത്തിലും രൂപതാതത്തിലും എന്തൊക്കെ പരിപാടികളാണ് മുന്നോട്ടുവയ്ക്കുന്നത്?

കാർഷിക മേഖല സംരക്ഷിക്കാൻ കേരളത്തിൽ അനേകം ഉദ്യോഗസ്ഥ വൃന്ദങ്ങൾ ഉണ്ട്. എന്നാൽ അവിടെയൊന്നും പ്രായോഗികമായ പദ്ധതികൾ നടപ്പിലാക്കപ്പെട്ടുന്നില്ല. ഗവൺമെന്റിന്റെ സംവിധാനങ്ങൾ സഹകരിക്കുകയാണെങ്കിൽ കാർഷിക വിളകൾക്ക് ന്യായവില നല്കി ശേഖരിച്ച് വിൽക്കാൻ സഹായകമാകുന്ന ഒരു മാർക്കറ്റ് ശൃംഖല തുടങ്ങാൻ സാധിക്കും. അതുപോലെ അതാത് പ്രദേശങ്ങളെ കേന്ദ്രീകരിച്ച്അനുയോജ്യമായ വിളകൾ,അതിന്റെ മാർക്കറ്റ്വാല്യു അനുസരിച്ച്ഉത്പ്പാദിപ്പിക്കാൻ സഹായകമായ പദ്ധതി ഗവൺമെന്റിന്റെ സഹായത്തോടെ ചെയ്യാൻ സാധിക്കും.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കർഷകന് ന്യായമായ വില നേടിക്കൊടുക്കുന്നതിന് സഭാതലത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാനാവുമോ?

കാർഷിക വകുപ്പാണ് ഈ കാര്യത്തിൽ ക്രിയാത്മകമായ സമീപനം സ്വീകരിക്കേണ്ടത്. പദ്ധതികൾ പലതുണ്ടെങ്കിലും അതൊന്നും കർഷകന് ഗുണം നല്കുന്നില്ല. വരുമാനമില്ലാതെ കർഷകന്റെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന സാഹചര്യം കാർഷിക വകുപ്പ് വിലയിരുത്തേണ്ടതുണ്ട്. അതിനായി പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യം അതാത് പഞ്ചായത്തുകളെ തരംതിരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുകയാണ്. വിളകളുടെ വിപണന മൂല്യവും ആവശ്യവും കണക്കാക്കി നിശ്ചിത വർഷത്തേയ്ക്ക് അതാത് പഞ്ചായത്തുകളിൽ വ്യത്യസ്തമായ വിളകൾ പരീക്ഷിക്കുക. ഉദാ: കൈതച്ചക്ക കൃഷിയുടെ മാർക്കറ്റ് വാല്യു കണക്കാക്കി എത്രയാണോ ഉത്പ്പാദിപ്പിക്കേണ്ടത്, അത്ര വിളകൾ ഉത്പ്പാദിപ്പിക്കാൻ മാത്രമുള്ള നിർദ്ദേശങ്ങൾ കൃഷി ഓഫീസ് മുഖാന്തിരം നല്കുക. അതോടൊപ്പം കൃഷി രീതിയിലെ നൂതന രീതികൾ അവലംബിക്കുകയും ചെയ്യുക. അപ്പോൾ കൃഷിക്കാരന് നഷ്ടം ഉണ്ടാവില്ല എന്നു മാത്രമല്ല ഉപഭോക്താവിന് നല്ല ഉത്പന്നം ലഭിക്കുകയും ചെയ്യും.



> കർഷകരെ കൃഷിയിലും മൂല്യവർധിത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിലും സഹായിക്കുന്നതിനായി ജനങ്ങളുടെ സഹകരണത്തോടെ താമരശ്ശേരി രൂപത പ്രൊഡ്യൂസേഴ്സ് കമ്പനിയും കർഷകരുടെ ഉല്പന്നങ്ങൾ ആവശ്യക്കാരിലെത്തിക്കുന്നതിനായി മാർക്കറ്റിംഗ് കമ്പനിയും ആരംഭിച്ചിട്ടുണ്ട്.

## യുവജനങ്ങളിൽ കൃഷിയോട് താത്പര്യം ഉണ്ടാക്കാനും ആ വഴിക്ക് അവരെ നയിക്കാനും നമ്മുടെ യുവജനസംഘടനകൾ ഏതെല്ലാം വിധത്തിൽ പ്രോത്സാഹനവും അംഗീകാരവും നൽകുന്നുണ്ട്?

യുവജനങ്ങൾക്കായി താമരശ്ശേരി രൂപത യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആവശ്യമനുസരിച്ച് കാർഷിക വിത്തുകൾ വിതരണം ചെയ്യാൻ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. രൂപതയുടെതന്നെ കൃഷിയിടങ്ങളിൽ താത്പര്യമുള്ള യുവജനങ്ങളെ ചേർത്ത് ഇടവിളകളുടെ കൃഷിയും ആരംഭിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരും കൃഷിയിൽ താത്പര്യമുള്ളവരുമായ യുവജനങ്ങൾക്കുവേണ്ടി സന്നദ്ധരായ വ്യക്തികളിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി നടത്താൻ അവസരം നല്കുന്ന പദ്ധതി K.C.Y.M. ആരംഭിച്ചുകഴിഞ്ഞു. സ്ഥലം സൗജന്യമായി നിശ്ചിത വർഷത്തേയ്ക്ക് നല്കുന്നു. യുവാക്കൾക്ക് അവിടെ കൃഷിചെയ്ത് ലാഭമുണ്ടാക്കാം. അത്തരത്തിൽ യുവാക്കളുടെ കൃഷിയിലുള്ള താത്പര്യം വളർത്താനും ഒരു ശ്രമം നടത്തുന്നുണ്ട്. അതോടൊപ്പം മത്സ്യകൃഷി, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ ഇവയ്ക്ക് ആവശ്യമായ സഹായം നല്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്.

## പ്രവാസികളുടെ മടക്കവും തൊഴിലില്ലായ്മ രൂക്ഷമാവുകയും ചെയ്യുമ്പോൾ കൃഷിയെ പ്രോത്സാഹിപ്പിക്കാനും തൊഴിൽ സാധ്യതകൾ വർധിപ്പിക്കാനും ഇത് ഒരു അവസരമല്ലേ? അതിനെ എങ്ങനെ ക്രിയാത്മകമാക്കാൻ കഴിയും?

തൊഴിൽരഹിതരായി മടങ്ങുന്ന പ്രവാസികൾക്കായിധാരാളംപദ്ധതികൾ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ കണ്ടെത്തുകയും സഹായം അർഹിക്കുന്നവരിലേക്ക് എത്തിക്കുകയും ചെയ്യുക എന്നത് സഭയുടെ വലിയ കടമയാണ്. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി പലിശരഹിത വായ്പയും മറ്റു പ്രോത്സാഹനങ്ങളും നൽകിവരുന്നു. ഈ പദ്ധതികൾ പ്രയോജനപ്പെടുത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. സഭയുടെ വ്യത്യസ്ത കൂട്ടായ്മകൾ ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്യുകയും പ്രവാസികളെ സഹായിക്കുകയും ചെയ്യേണ്ടതാണ്. ■


www.malankaralibrary.com

# സംവാദം



വികസനത്തിന്റെ പേരിൽ കൃഷിയിടങ്ങൾ നികത്തി വ്യവസായത്തിനും ഫ്ളാറ്റുസമുച്ചയനിർമാണങ്ങൾക്കുമായി ഉപയോഗിക്കാനാരംഭിച്ചപ്പോൾ കാർഷികമേഖലയ്ക്ക് ഭീഷണിയുയരുകയായിരുന്നു. ലോകത്തിൽ ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തതയാർജിച്ച രണ്ടുരാജ്യങ്ങളായിരുന്നു അമേരിക്കയും ഇന്ത്യയും. നമ്മുടെ പഞ്ചവത്സര പദ്ധതികളിൽ കൃഷിക്ക് പ്രാമുഖ്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഭാരതം, വിശിഷ്യ കേരളം കാർഷിക പ്രതിസന്ധിയിലാണ്. കോവിഡുകാലം ഈ യാഥാർത്ഥ്യം മറനീക്കി പുറത്തുകൊണ്ടുവന്നു. ധാന്യങ്ങളുടെ ഉല്പാദനക്കുറവുമാത്രമല്ല, വിതരണശൃംഖലയിലെ പാളിച്ചകളും കർഷകരോടുള്ള അവഗണനയും പരിസ്ഥിതിപ്രശ്നങ്ങളും പ്രകൃതിയുടെ അസന്തുലിതാവസ്ഥയുമൊക്കെ കേരളത്തിലെ കർഷകരെയും വിളകളെയും അവതാളത്തിലാക്കി. മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളുടെ വിശപ്പിനെപ്പറ്റി വിശപ്പറിയാത്തവരെ ഓർമ്മപ്പെടുത്തുകയും പട്ടിണിക്കെതിരെയുള്ള പോരാട്ടത്തിൽ അവരെക്കൂടി പങ്കാളികളാക്കുന്നതിന്റെയും ലക്ഷ്യത്തോടെ ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ നാലുപതിറ്റാണ്ടുകൾക്കുമുമ്പ് സമാരംഭിച്ച ഭക്ഷ്യസുരക്ഷദിന (ഒക്ടോബർ 16) സ്മരണയിൽ കാരുണികൻ കേരളകാർഷികരംഗത്തെക്കുറിച്ച് ചർച്ചചെയ്യുന്നു.

## ഭക്ഷ്യസുരക്ഷ

- കാർഷിക ഭക്ഷ്യസുരക്ഷ: കേരളസഭയുടെ നിരീക്ഷണ നിർദേശങ്ങൾ
- കൃഷിയിലൂടെയുള്ള അതിജീവനം
- ഗാർഹിക കൃഷിയും സാമ്പത്തിക ഭദ്രതയും
- അവഗണിക്കപ്പെടുന്ന കർഷകനും കാർഷികവിളകളും
- കോവിഡീയൻ കൃഷിപാഠങ്ങളും യുവതയും
- സഹജീവനസംസ്കൃതി
- ആഹാരശൈലികൾ രോഗകാരണങ്ങളോ?
- കാർഷിക മൃഗസംരക്ഷണ പദ്ധതി കുടുംബ സ്വയംപര്യാപ്തതയ്ക്ക്
- സുഭിക്ഷകേരളത്തിന് നാമൊരുമിച്ച്

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
ഡോ. കൊച്ചുറാണി ജോസഫ്
റവ. ഡോ. ജോസഫ് ഒറ്റപ്ലാക്കൽ
ജോസ് പള്ളത്ത്
ഫാ. രാജേഷ് പുഞ്ചത്തലയ്ക്കൽ SJ
ഡോ. തോമസ് വർഗീസ്
ഡോ. ജോസഫ് മാത്യു
അജേഷ് മാത്യു വെട്ടിക്കൽ
ജെൻസൺ കുര്യാക്കോസ്
ടിഷമോൾ നിജി കുട്ടത്തിപ്പറമ്പിൽ
എൽ. ഡൊമിനിക് തലക്കൽ
ജയിംസ് പഴയചിറ
എൽദോ പൗലോസ്
മാക്സിമിൻ, നെട്ടൂർ


www.malankaralibrary.com

# കാർഷിക ഭക്ഷ്യസുരക്ഷ: കേരളസഭയുടെ നിരീക്ഷണ നിർദേശങ്ങൾ

**കാർഷികരംഗത്ത് അനുഭവസമ്പത്തും പാരമ്പര്യവുമുള്ള സമൂഹമായിരുന്നു കേരളക്രൈസ്തവരിലെ പൂർവ്വികർ. ആധുനികവത്കരണവും നഗരവത്കരണവും പിൻതലമുറയെ മണ്ണിനോട് വിടപറയിച്ചു. കൃഷിയുടെ മഹത്വവും ശ്രേഷ്ഠതയുമൊക്കെ വിസ്മരിച്ച് ഇവർ അധ്വാനത്തിൽ നിന്നും പിൻവലിഞ്ഞപ്പോൾ പുതിയ ജീവിതശൈലീരോഗങ്ങൾക്ക് അടിമകളായി. വിഷരഹിത ഭക്ഷ്യോത്പന്നങ്ങൾ കിട്ടാക്കനിയായി. മണ്ണിലേക്കുള്ള ഒരു മടക്കത്തിന്റെ ആഹ്വാനമാണ് കൊറോണാനന്തരകാലം ഓർമ്മപ്പെടുത്തുന്നത്. ഇക്കാര്യത്തിൽ കേരളസഭയുടെ കാഴ്ചയും കാഴ്ചപ്പാടുകളും വിലയിരിത്തുകയാണ് ലേഖകൻ.**



ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡപ്യൂട്ടി സെക്രട്ടറി ജനറൽ, KCBC
jacobpala@gmail.com

ജീവൻ നിലനിർത്താനും ആരോഗ്യം പരിരക്ഷിക്കാനും ഉതകുന്ന ഭക്ഷണം എല്ലാവരുടേയും അവകാശമാണ്. 'ഭക്ഷണം തന്നെ മരുന്ന്' എന്ന തത്വത്തിൽ ഊന്നിക്കൊണ്ട് യോജ്യമല്ലാത്ത ഭക്ഷണരീതികൾ ഉപേക്ഷിക്കാനും ഭക്ഷ്യോത്പാദനരംഗത്ത് ശ്രദ്ധകേന്ദ്രീകരിക്കാനും വിശ്വാസിസമൂഹത്തിന് നിരവധി തവണ സഭാനേതൃത്വം ആഹ്വാനം നല്കിയിട്ടുണ്ട്. കൃഷിയിലും അനുബന്ധ കാർഷികവൃത്തികളിലും ബന്ധപ്പെട്ടുപോകുന്നതാണ് ക്രൈസ്തവസമൂഹത്തിന്റെ ജീവിതശൈലി. നെൽകൃഷിയും ഇതര കാർഷികവിളകളും സുഗന്ധവ്യഞ്ജനങ്ങളും നാണ്യവിളകളും കൃഷിചെയ്ത് ജീവനോപാധി കണ്ടെത്തിയ കർഷകസമൂഹമാണ് ക്രൈസ്തവരുടേത്. മണ്ണിൽ പൊന്നുവിളയിച്ച പൂർവികർ പകർന്നുതന്ന പാഠം മറക്കാൻ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന പിൻതലമുറ മറക്കരുത്. കൃഷിക്ക് അനുയോജ്യമായ ഭൂമി മുഴുവൻ കൃഷി ചെയ്യാനും സുരക്ഷിതമായ ഭക്ഷ്യാഹാരം വർധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാനും ക്രൈസ്തവർ ഇനിയും മുന്നോട്ടുവരണം.

## ഭക്ഷ്യസുരക്ഷ

ഭക്ഷ്യസുരക്ഷാമേഖലയിൽ പ്രവർത്തിക്കുന്ന സുമനസ്സുകളായവരുടെ കാഴ്ചപ്പാടുതന്നെയാണ് സഭയ്ക്കും ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ളത്. രാഷ്ട്രീയവിവേചനമോ മറ്റ് എന്തെങ്കിലും വിധത്തിലുള്ള വേർതിരിവുകളോ ഇല്ലാതെ എല്ലാ മനുഷ്യരുടെയും ആരോഗ്യം സംരക്ഷിക്കാനുതകുന്ന ഭക്ഷ്യോത്പന്നങ്ങൾ സുരക്ഷിതമാർഗത്തിലൂടെ കൃഷിചെയ്ത് സമ്പാദിക്കാൻ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഏറെ മുന്നിലായ കേരളീയർക്ക് ബാധ്യതയുണ്ട്. തദ്ദേശിയ വിളകൾക്ക് പ്രാമുഖ്യവും പ്രോത്സഹനവും നല്കുന്നതാകണം ഈ മേഖലയിലെ സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും ഇടപെടൽ. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന സമൂഹങ്ങളെ ഉദ്ധരിക്കാൻ പോന്ന നല്ല കർമ്മപദ്ധതികൾ കാർഷിക മേഖലയിൽ നടപ്പിലാക്കാനും സർക്കാർ സംവിധാനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കോവിഡ് മഹാമാരി മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളുടെയും താളം തെറ്റിച്ചും ജീവനോപാധികൾ പലതും കൈവിട്ടുംപോകുന്ന ഈ വിപത്ഘട്ടത്തിൽ നമ്മുടെ പറമ്പും പരിസരങ്ങളും ജീവന്റെ നിലനില്പിനാവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തിന് ഉപയുക്തമാക്കാൻ ശ്രദ്ധിക്കേണ്ടത് നമ്മുടെ കടമയാണ്. ലോക്ഡൗൺ പ്രഖ്യാപിച്ച ആദ്യകാലങ്ങളിൽ ആസ്വാദ്യകരമായ ഭക്ഷണവിഭവങ്ങൾ ഉണ്ടാക്കുന്നതിൽ മത്സരിക്കുന്ന രീതി അവലംബിച്ചവരാണ് നമ്മിൽ മിക്കവരും. എന്നാൽ കോവിഡിനെ അത്രവേഗം പിടി



www.malankaralibrary.com

ച്ചുകെട്ടാനോ കൈകഴുകിയകറ്റാനോ സാധ്യമല്ലായെന്ന ബോധ്യത്തിലേക്ക് നാമെല്ലാവരും എത്തിനില്ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിലേക്ക് ഓരോ വ്യക്തിയും തന്നാലാവുന്നവിധം തിരിയേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

സഭാസ്ഥാപനങ്ങൾ, പള്ളികൾ, കോൺവന്റുകൾ, ആശ്രമങ്ങൾ, വീടുകൾ ഇവയുടെ ഉടമസ്ഥതയിലുള്ള കൃഷിക്ക് യോജ്യമെങ്കിലും കൃഷി ചെയ്യാതെ പുല്ലുപിടിച്ച് കിടക്കുന്ന ചെറുതും വലുതുമായ സ്ഥലങ്ങൾ എപ്രകാരം ഉപയോഗപ്രദമാക്കാമെന്ന് ബന്ധപ്പെട്ടവർ ഗൗരവമായി ചിന്തിക്കണം. സ്ഥലം പാട്ടത്തിന് എടുത്തുപോലും ഹ്രസ്വകാല-ദീർഘകാല കൃഷികൾ ചെയ്യാവുന്നതാണ്. വില്പനക്കുവേണ്ടിയോ വ്യാപാരസാധ്യത കണ്ടോ കൃഷി ചെയ്യാൻ ഇറങ്ങിതിരിക്കണമെന്നല്ല മറിച്ച്, സാമ്പത്തികമായി പരാധീനതയിലേക്ക് നാടും സമൂഹവും മാറിക്കൊണ്ടിരിക്കുന്ന ഭയാനകമായ ഈ കാലഘട്ടത്തിൽ കൃഷിക്ക് യോജ്യമായ പ്രദേശങ്ങൾ ആളനക്കമില്ലാതെയും മനുഷ്യവിയർപ്പുകണങ്ങൾകൊണ്ട് പുളകിതമാകാതെയും കിടക്കുന്നത് ദൈവതിരുമുമ്പിൽ കുറ്റകൃത്യമായി ഭവിച്ചേക്കാം.

കൃഷിയെന്നു കേൾക്കുമ്പോൾ മുതൽമുടക്കിനു തുല്യമായ വരുമാനം ലഭിക്കാത്ത പ്രവൃത്തിയായി നാം കാണുന്നു. അതുകൊണ്ട് വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യണമെന്ന ആഹ്വാനം നല്കാൻ ഇവിടെ മുതിരുന്നില്ല. അവനവന്റെ വീട്ടാവശ്യത്തിന്, ആശ്രമം, മഠം എന്നിവയ്ക്ക് ഉതകുന്നത്, അവനവനുള്ള പരിമിതമായ ഇടത്തിൽ ഫലപ്രദമായ രീതിയിൽ കൃഷിചെയ്യണം. മണ്ണിൽ നട്ട് വിളവെടുക്കുന്നതും അല്ലാത്തതുമായ വിവിധയിനം കൃഷികൾ നമുക്ക് പരിചിതങ്ങളായിട്ടുണ്ട്. ഒരു വീട്ടിലേക്ക് ആവശ്യമായ മുട്ട, കോഴി, താറാവ്, മത്സ്യം, പാൽ എന്നിവ കൃഷി ചെയ്യാവുന്നതാണ്. സ്ഥാപനങ്ങളിലേക്കാണെങ്കിൽ അവിടെ വസിക്കുന്ന ആളുകളുടെ എണ്ണമനുസരിച്ച് ആവശ്യത്തിനുതകുന്നവ ആ സ്ഥാപനത്തിൽ തന്നെ കൃഷി ചെയ്യണം. അപ്രകാരം എന്ത് എങ്ങനെ എത്രമാത്രം കൃഷി ചെയ്യണമെന്നത് വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്.

പച്ചമുളക്, കാന്താരി, കറിവേപ്പില, വെണ്ട, വഴുതനങ്ങ, മരച്ചീനി, മധുരക്കിഴങ്ങ്, പയറ്, മത്ത, കുമ്പളം, ചേന, ചേമ്പ്, അമര, ചൊരക്ക, ബീൻസ്, പടവലം, പാവൽ എന്നിങ്ങനെ സ്ഥലസൗകര്യമനുസരിച്ച് കൃഷി ചെയ്യാവുന്നതാണ്. കുട്ടിക്കാലത്ത് ഈ പറഞ്ഞ പല പച്ചക്കറികളും എന്റെ വീട്ടിൽ അമ്മ തന്റെ പരിമിതമായ അറിവ് വച്ച് കൃഷി ചെയ്തത് ഇവിടെ അനുസ്മരിക്കുകയാണ്. വീടിന്റെ മുകളിലും കയറുപാകികൊണ്ട് തീർത്ത പന്തലിലും പച്ചക്കറികൾ നിറഞ്ഞുനിന്നത് ഇന്നലെയെന്നോണം ഞാൻ ഓർക്കുന്നു. പരിമിതമായ സാമ്പത്തികസ്ഥിതിയിൽ വലിയ ഒരു കുടുംബത്തെ പുലർത്താൻ പച്ചക്കറി കൃഷിയോടൊപ്പം താറാവ്, കോഴി, ആട് മുതലായ പക്ഷിമൃഗാദികളെയും അമ്മ വളർത്തി പരിപാലിച്ചിരുന്നു. അങ്ങനെ അപ്പന്റെ ചെറിയ വരുമാനത്തോട് അമ്മയുടെ വിയർപ്പും ചേർന്നപ്പോൾ ചെറിയ വീടും പരിസരവും സമൃദ്ധിയുടെ ഇരിപ്പിടമായി. മനസ്സുവച്ചാൽ ഇന്നും ഇതെല്ലാം എല്ലാവർക്കും സാധ്യമാണ്. ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത എങ്ങനെ ഉറപ്പിക്കാമെന്ന് പഴയകാലത്തെ അമ്മമാരിൽ നിന്ന് പുതുതലമുറയിലെ അമ്മമാർ പഠിക്കേതായുണ്ട്. കുടുംബബഡ്ജറ്റ് തയ്യാറാക്കുന്നതും ഫലപ്രദമായ രീതിയിൽ പുരയിടത്തിൽ നിന്നുതന്നെ ഭക്ഷ്യോത്പാദനപ്രക്രിയയിലൂടെ പണം സ്വരൂപിക്കുന്നതും വിവേകപൂർവം ചെലവഴിക്കുന്നതും സ്ത്രീകളും ആർജിക്കേണ്ട കലയാണ്.



## സ്ഥലപരിമിതി തടസ്സമല്ല

കൃഷി ചെയ്യുന്നതിന് മടി പറയുന്നവരുടെ സ്ഥിരം പല്ലവിയാണ് സ്ഥലപരിമിതി. എന്നാൽ നല്ല കാഴ്ചപ്പാടുകളും ഉറച്ച മനസ്സുമാണ് എല്ലാ പദ്ധതികളുടെയും വിജയത്തിന് ആധാരം. 'മനസ്സുണ്ടോ വഴിയുണ്ട്' എന്നു പൂർവികർ പറഞ്ഞിട്ടില്ലേ. ചാക്കുകൾ, പൊട്ടിയ ബക്കറ്റുകൾ, കലങ്ങൾ, ബാഗുകൾ തുടങ്ങി ചെറുതും വലുതുമായ വസ്തുക്കൾ കൃഷിക്കുവേണ്ടി പ്രയോ


www.malankaralibrary.com

ജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം വീടിന്റെ ടെറസുകൾ ധാരാളം പേർ കൃഷിയിടങ്ങളാക്കി മാറ്റിയിട്ടുള്ളത് നല്ലൊരു മാതൃകയാണ്.

## ഭക്ഷണരീതി

യുവാക്കളെയും കുട്ടികളെയും ആകർഷിക്കുന്ന പുതുഭക്ഷണയിടങ്ങളാണ് ഫാസ്റ്റ്ഫുഡ് കേന്ദ്രങ്ങൾ. ഇതരസംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും വിഭവങ്ങളും ഭക്ഷണരീതികളും ഇവരെ വല്ലാതെ ആകർഷിക്കുന്നുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സർക്കാർതന്നെ നിരോധിച്ചിട്ടുള്ള ജങ്ക് ഫുഡുകളും ഇവരുടെ ഭക്ഷണതാത്പര്യങ്ങളിൽ ഇടം പിടിച്ചിട്ടുണ്ട്. എന്നാൽ എന്തെങ്കിലും കഴിച്ച് വയറു നിറയ്ക്കുന്നതാകരുത് മനുഷ്യന്റെ ഭക്ഷണരീതിയെന്ന് ഈ മേഖലയിൽ പഠനം നടത്തിയിട്ടുള്ളവർ പറയുന്നു. പോഷകമൂല്യങ്ങളുള്ളതും ശരീരത്തിനും മനസ്സിനും ഗുണകരവുമായ ഭക്ഷണം മിതത്വത്തോടെയും ശരിയായ രീതിയിലും അളവിലും ആഹരിക്കുകയെന്നതാകണം ഭക്ഷണരീതി.

## വിപണനം

സ്ഥാപനങ്ങളും ഇടവകപള്ളികളും ആശ്രമങ്ങളും കൂടുതൽ ഇടങ്ങളിൽ കൃഷിചെയ്യാൻ കഴിയുന്ന വ്യക്തികളും ഉത്പാദിപ്പിക്കുന്ന കാർഷികവിളകളും മത്സ്യ-മാംസാദികളും കൂടുതൽ പേർക്ക് ലഭ്യമാക്കാനുതകുന്ന വിപണനകേന്ദ്രങ്ങൾ സൃഷ്ടിക്കാനും സാധിക്കണം. അതിന് ആഴ്ചചന്തകൾ ഇടവക പള്ളികളോടും ആശ്രമങ്ങളോടും ചേർന്നു രൂപീകരിക്കാവുന്നതാണ്.

## ഓൺലൈൻ ചന്തകൾ

കർഷകരെയും നാട്ടുകാരെയും കോർത്തിണക്കി ഓൺലൈൻ ചന്ത തുടങ്ങിയാൽ ആവശ്യമുള്ളവ ആരുടെ കൈയിൽ ഉണ്ടെന്ന് അറിയാനും ആവശ്യക്കാർക്ക് എളുപ്പത്തിൽ അവ സ്വന്തമാക്കാനും സാധിക്കും. വാങ്ങാൻ മാത്രമല്ല സ്വന്തം പുരയിടത്തിൽ ഉത്പാദിപ്പിച്ചവ വില്ക്കുന്നതിനും സാധിക്കും. ഉത്പാദകരും ഉപഭോക്താക്കളും എളുപ്പത്തിൽ സഹകരിക്കാൻ ഇതും സഹായിക്കുന്നു. പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന യുവജനങ്ങൾക്ക് കൃഷിയോടും അതിന്റെ വിപണി സാധ്യതകളോടും അടുപ്പം കൂട്ടാൻ ഇത് കൂടുതൽ സഹായകരമായിരിക്കും.

## ജൈവകൃഷി

പ്രകൃതിയുടെ ആവാസവ്യവസ്ഥ നശിപ്പിക്കാതെയാണ് കൃഷി ചെയ്യേണ്ടത്. മനുഷ്യർ മാത്രമല്ല ഈ പ്രകൃതിയുടെ അവകാശികൾ. മൃഗങ്ങളും സസ്യങ്ങളും ചെറുതും വലുതുമായ ജീവികളും സൂക്ഷ്മാണുക്കളും ഒക്കെ പ്രകൃതിയുടെ ഭാഗമാണ്. പരിസരം ശുദ്ധമായി സൂക്ഷിക്കുന്നതോടൊപ്പം ജൈവവൈവിധ്യം നിലനിർത്തിക്കൊണ്ടുവേണം കൃഷി പരീക്ഷണങ്ങൾ നടത്തേണ്ടത്. മനുഷ്യരുടെ ആരോഗ്യപരിപാലനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് പോഷകമൂല്യങ്ങൾ ഉള്ള വിളയിനങ്ങളായിരിക്കണം കൃഷി ചെയ്യേണ്ടത്. ശുദ്ധമായ വെള്ളവും മനുഷ്യരുടെ ജീവൻ നിലനിർത്താനാവശ്യമാണ്. ആയതിനാൽ കുളങ്ങളും തോടുകളും പുഴകളും മാലിന്യമുക്തമായി സംരക്ഷിക്കുകയെന്നതും ഭക്ഷ്യസുരക്ഷയുടെ ഭാഗമാണ്. അക്വാപോണിക്സ് സംവിധാനത്തിലൂടെ മത്സ്യകൃഷിയും പച്ചക്കറികൃഷിയും വീട്ടുമുറ്റത്ത് ചെയ്യാവുന്നതാണ്.

വ്യാവസായികാടിസ്ഥാനത്തിലോ അല്ലാതെയോ കൃഷി ചെയ്യുന്നുവെങ്കിൽ തീർച്ചയായും ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉപയോഗിച്ചുള്ള കൃഷിരീതികൾ ആയിരിക്കണം അവലംബിക്കാൻ. അപ്രകാരം ആരോഗ്യദായകമായ ഫലങ്ങൾ സൃഷ്ടിച്ചെടുക്കാൻ കഴിയും. വിലയല്പം കൂടുതൽ കൊടുക്കേണ്ടി വന്നുവെന്നാലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ ഉപകരിക്കുമെന്നുള്ളതുകൊണ്ട് ആവശ്യക്കാർ ധാരാളമുണ്ടാകും. പഴമക്കാർ അവലംബിച്ചിരുന്ന കൃഷിരീതികൾ എത്രമാത്രം ആരോഗ്യദായകമായ ഫലങ്ങളാണ് ഉത്പാദിപ്പിച്ചിരുന്നതെന്ന് ചരിത്രം നമ്മോടു പറയുന്നുണ്ട്.

## വളം/കീടനാശിനി

കൃഷിക്ക് യോജ്യമായ വളങ്ങളും കീടനാശിനികളും കണ്ടെത്തുക പ്രയാസമാണെന്ന് പലരും തടസ്സവാദങ്ങൾ ഉയർത്തുന്നതും നാം കേട്ടിട്ടുണ്ട്. നമ്മുടെ പഞ്ചായത്തുകളിലെല്ലാം കൃഷി ഓഫീസർമാരും കൃഷിക്കാരെ സഹായിക്കുന്നതിൽ നിയുക്തരായ ഉദ്യോഗസ്ഥരുമുണ്ട്. പഴയതലമുറ കർഷകർ ഉപയോഗിച്ചിരുന്ന വളങ്ങളും കീടനാശിനികളും ജൈവകർഷകർ ഇപ്പോഴും പ്രയോജനപ്പെടുത്തുന്നുമുണ്ട്. രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാതെ കൃഷി ഓഫീസുകളുടെ സഹായത്തോടെ ജൈവകീടനാശിനികളും അത്ര മാരകമല്ലാത്ത രാസകീടനാശിനികളും ഉപയോഗിക്കാവുന്നതാണ്. വീടുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ തന്നെ സംസ്കരിച്ച് വളമായി ഉപയോഗപ്പെടുത്താവുന്നതാണ്.

## സൃഷ്ടികർമ്മത്തിലെ സഹകാരികൾ

കർഷകർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലെ സഹകാരികളാണ്. ഭൂമിയിൽ കർഷകർ ഒഴുക്കുന്ന വിയർപ്പുകണങ്ങൾ അവന്റെയും സഹോദരങ്ങളുടെയും വിശപ്പകറ്റുന്ന അപ്പമായി തീരുന്നതുവഴി ദൈവിക പദ്ധതിയുടെ ഭാഗമായി അവർ മാറ്റപ്പെടുകയാണ്. രോഗവിമുക്തവും ആരോഗ്യദായകവും ജീവനുപയുക്തവുമായ വിളകൾ ഉത്പാദിപ്പിക്കുന്ന കർഷകൻ ദൈവത്തിന്റെ കരവേല അനുസ്യൂതം തുടരുന്ന ശ്രേഷ്ഠരായ സേവകരാണ്. കേരളസഭ, സഭയിലെ കർഷകരെ പ്രത്യേകമാംവിധം അനുസ്മരിക്കുന്നതിനുവേണ്ടി ജനുവരി 15-ന് കർഷകദിനമായി ആചരിക്കാൻ സഭാതനയരോട് നിർദേശിച്ചിട്ടുണ്ട്. അസംഘടിതരായ കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും കാർഷികമേഖല അനുഭവിക്കുന്ന അവഗണന സമൂഹശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാണ് ഇപ്രകാരം ആചരിക്കുന്നത്. കാർഷിക സമൂഹമായ സഭയിലെ ഭൂരിപക്ഷം വരുന്ന ക്രൈസ്തവ സഹോദരന്മാരുടെ ദുരവസ്ഥയിലേക്ക് ഇതര അംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനും ഇത് ഉപകരിക്കുന്നു. കോവിഡിന്റെ ഈ കാലഘട്ടത്തിൽ വീട്ടുമുറ്റങ്ങളും ടെറസ്സുകളും കൃഷിയിടങ്ങളാക്കിക്കൊണ്ട് ഭക്ഷ്യോത്പാദനരംഗത്തേക്ക് സഭാംഗങ്ങൾ എല്ലാവരും കടന്നുവരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. കാർഷികരംഗത്ത് പ്രവർത്തിക്കുന്നവരുടെ നൊമ്പരങ്ങളിലേക്കും അധ്വാനങ്ങളിലേക്കും ഇറങ്ങിവരാനും താദാത്മ്യപ്പെടാനും എല്ലാസഭാംഗങ്ങൾക്കും സാധിക്കുന്നതിനുവേണ്ടികൂടിയാണിത്.


www.malankaralibrary.com

## പ്രായോഗിക മാക്കാവുന്നത്

**ഫാർമേഴ്സ് ക്ലബുകൾ:** ഇടവക/ സ്ഥാപനങ്ങൾതോറും വിവിധകൃഷിക ളിൽ താത്പര്യമുള്ളവരെ കോർത്തി ണക്കി ഫാർമേഴ്സ് ക്ലബുകൾ രൂപീ കരിക്കാവുന്നതാണ്. ക്ലബുകളിൽ അംഗങ്ങളാകുന്നതുവഴി ഒറ്റയ്ക്ക് കൃഷി ചെയ്യുന്നതിൽ താത്പര്യമില്ലാത്ത വർപ്പോലും കാർഷികജോലികളോട് താത്പര്യമുള്ളവരായിമാറും. ഇപ്ര കാരം ക്ലബുകൾ രൂപീകരിക്കുകവഴി കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്യാ നുള്ള സാധ്യത രൂപപ്പെടും.

**ഉത്പന്ന സംഭരണ വിതരണകേന്ദ്ര ങ്ങൾ:** കർഷകരുടെ ഉത്പന്നങ്ങൾ സംഭരിച്ചു വിൽക്കുന്ന കാർഷിക ഉത് പന്ന സംഭരണ വിതരണ കേന്ദ്രങ്ങളിലൂ ടെ കർഷകർക്ക് മികച്ച വില ലഭിക്കുക യും ജനങ്ങൾക്ക് നല്ല നാടൻ വസ്തു ക്കൾ ലഭ്യമാകുകയും ചെയ്യും. ആഴ്ച യിൽ ഒന്നോ രണ്ടോ ദിവസങ്ങൾ ഇതി നായി മാറ്റിവയ്ക്കുന്നത് ഗുണകരമാ യിരിക്കും.

**കാർഷിക സേവന കേന്ദ്രങ്ങൾ:** കൃഷിപ്പണിക്കാവശ്യമായ ഉപകരണ ങ്ങൾ, വളങ്ങൾ, മറ്റു അനുബന്ധ സംവിധാനങ്ങൾ തൊട്ടടുത്ത് ലഭിക്കു ന്നത് കർഷകരുടെ താത്പര്യം വർധി പ്പിക്കും.

**മൂല്യവർധിത യൂണിറ്റുകൾ:** പ്രാദേ ശികമായി ലഭിക്കുന്ന ഉത്പന്നങ്ങൾ പരമാവധി ശേഖരിച്ച് മൂല്യവർധിത യൂണിറ്റുകൾ സ്ഥാപിക്കുന്നത് കർഷ കർക്ക് കൂടുതൽ വില ലഭിക്കുന്നതും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും ഇടയാക്കും.

## ഉപസംഹാരം

മനുഷ്യർ സമ്മർദങ്ങളുടേയും അരക്ഷിതാവസ്ഥയുടേയും ഇടയിൽ ഞെരുങ്ങുകയാണിന്ന്. ദാരിദ്ര്യം അനു ഭവിക്കുന്നവരുടെ എണ്ണം വർധിക്കുന്നു. ആത്മഹത്യ ഒറ്റയ്ക്കും കൂട്ടമായും പല യിടങ്ങളിലും നടക്കുന്നത് വാർത്ത യാകാത്തതുകൊണ്ട് ദാരിദ്ര്യത്തിന്റെ ആധിക്യം ആരും അറിയുന്നുമില്ല. വാട കകൊടുക്കാൻ കഴിവില്ലാത്തതിനാൽ വീടുകളിൽ നിന്നും ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ഇറങ്ങിപ്പോ കാൻ നിർബന്ധിതരാകുന്നവരുടേയും കഥകൾ വാർത്തകളാകുന്നില്ല. അന്നമി ല്ലാത്തതിന്റെ പേരിൽ ആരും മരിക്കുന്നി ല്ലായെന്ന് ഉറപ്പുവരുത്തേണ്ടത് ക്രിസ്തു ശിഷ്യന്മാരുടെ കടമയാണ്. ആയതി നാൽ ക്രിസ്തുസ്നേഹത്തിൽ ഇടവക കളും സ്ഥാപനങ്ങളും ആശ്രമങ്ങളും മഠങ്ങളുമൊക്കെ അവർക്കുചുറ്റും താമസിക്കുന്ന നാനാജാതിമതസ്ഥരായ സഹോദരീസഹോദരങ്ങളുമായി ഈ വിഷയത്തിൽ ആശയവിനിമയം നടത്തി എപ്രകാരം വിഷവിമുക്തമായ ആഹാ രസാധനങ്ങൾ വിളയിച്ചെടുക്കാമെന്ന് തീരുമാനിക്കുകയും സംവിധാനങ്ങൾ ഒരുക്കുകയും വേണം. ■

## അടുക്കളത്തോട്ടത്തിന് 10 കല്പനകൾ

- തുടർച്ചയായി ഒരേ സ്ഥലത്തുതന്നെ ഒരേ വിള നടരുത്.
- ഒരേ കുടുംബത്തിൽപ്പെട്ട വിളകളായ മുളക്, വഴുതന, തക്കാളി എന്നിവ ഒരുമിച്ചു നടരുത്.
- വിത്തുകൾ പാകുന്നതിനുമുമ്പ് മണ്ണ് വെയിൽ കൊള്ളിച്ചോ തടത്തിൽ തീയിട്ടോ അണുവിമുക്തമാക്കുന്നത് നന്ന്.
- ഗ്രോബാഗിലാണ് വിത്ത് മുളപ്പിക്കുന്നതെങ്കിൽ രണ്ടുമൂലകളും ഉള്ളി ലേക്ക് തള്ളിവച്ച് ചുവട് വൃത്താകൃതിയിലാക്കിയിട്ടുവേണം മിശ്രിതം നിറ യ്ക്കേണ്ടത്.
- വിത്ത് വിതയ്ക്കുന്നതിനുമുമ്പ് 12 മണിക്കൂർ വെള്ളത്തിലിട്ട് കുതിർത്താൽ പെട്ടെന്ന് മുളവരുന്നതിന് സഹായകരമാകും.
- തടത്തിൽ ഉറമ്പുശല്യമുണ്ടാകുകയാണെങ്കിൽ മഞ്ഞൾപ്പൊടി, കറിക്കാ യം മിശ്രിതം തളിക്കുന്നത് ഉചിതമായിരിക്കും.



- വിളകൾക്ക് വളർച്ച അധി കമായിയെന്ന് തോന്നി യാൽ തലപ്പ് നുള്ളിക്കള ഞ്ഞാൽ കൂടുതൽ ശിഖ രങ്ങളുണ്ടാകുകയും വിളവ് വർധിക്കുകയും ചെയ്യും.
- പച്ച, ചുവന്ന ചീരകൾ ഇടകലർത്തി നടുകയാ ണെങ്കിൽ രോഗബാധ കുറയ്ക്കാൻ കഴിയും.
- പച്ചക്കറിവിളകളുടെ ചുവ ട്ടിൽ അഴുകുന്ന ജൈവാ വശിഷ്ടങ്ങൾ ഇടാതിരി ക്കുന്നതാണ് നല്ലത്.
- നേർപ്പിച്ച കഞ്ഞിവെള്ളം തളിച്ചും വെള്ളം ശക്തിയായി ഇലയുടെ അടിയിൽ സ്പ്രേ ചെയ്തും നീരൂറ്റിക്കുടിക്കുന്ന പ്രാണികളെ നിയ ന്ത്രിക്കാനാവും. അതുപോലെ ഗോമൂത്രം നാലിരട്ടി വെള്ളം ചേർത്ത് ആഴ്ചയിലൊരിക്കൽ വിളകളിൽ തളിക്കുന്നതും കീടങ്ങളെ അകറ്റാൻ ഉപകരിക്കും.



www.malankaralibrary.com

# കൃഷിയിലൂടെയുള്ള അതിജീവനം

**കേരളത്തിന് ഒരു കർഷക തനിമ നല്കിയതിൽ ക്രൈസ്തവരുടെ പങ്ക് നിസ്തുലമാണ്. മണ്ണിൽ പണിതുള്ള ജീവിതം തികച്ചും ബൈബിളധിഷ്ഠിതമാണ്. മൂല്യാധിഷ്ഠിത സമൂഹമായി കേരളം വളർന്നതിൽ കൃഷി വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലം, കേരളത്തിന് നഷ്ടപ്പെട്ട കൃഷിയും കാർഷിക സംസ്കാരവും വീണ്ടെടുക്കാനുള്ള വെല്ലുവിളിയാണ്. കുടുംബങ്ങൾ, പള്ളികൾ, സന്ന്യാസഭവനങ്ങൾ, മഠങ്ങൾ, ഇതര സ്ഥാപനങ്ങൾ എന്നിവയോടുചേർന്ന് കൃഷിചെയ്യുക എന്നത് പ്രധാന കാര്യമാണെന്ന് ഉദ്ബോധിപ്പിക്കുകയാണ് ബിഷപ് ജോസഫ് കല്ലറങ്ങാട്ട്.**



ബിഷപ് ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

പ്രകൃതിദുരന്ത മരണങ്ങളും രോഗബാധകളുമൊക്കെ മാനസാന്തരത്തിനുള്ള ആഹ്വാനമായാണ് ബൈബിളിൽ നാം കാണുന്നത്. മാനസാന്തരം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്നതാണ്. ആത്മീയമേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ജീവിതശൈലിയിൽ മാറ്റം വരുത്തുക എന്നതാണ് പ്രധാനം. കൃഷി ഒരു മൂല്യമാണ്. കാർഷികമേഖലയിലെ പാളിച്ചകൾ നമ്മുടെ മൂല്യശ്രേണികളെ തകിടം മറിച്ചു. അധ്വാനത്തിന്റെ സംസ്കാരം മാറി അലസത വേരെടുത്തു. പങ്കുവയ്ക്കലിന്റെ സംസ്കാരം മാറി സ്വാർത്ഥതയുടെ കാഴ്ച്ചപ്പാടുകൾ ഉടലെടുത്തു. സ്വയംപര്യാപ്തതയുടെയും സംതൃപ്തിയുടെയും മനോധൈര്യത്തിന്റെയും സംസ്കാരം മാറി അന്ധമായ പരാശ്രയത്വം വളർന്നു. കൃഷിയിടത്തിലൂടെയും പച്ചക്കറിത്തോട്ടത്തിലൂടെയും ഒന്നു നടന്നാൽത്തന്നെ എന്തൊരു കുളിർമയാണ്. കുട്ടികളെ കൃഷിയിടങ്ങളിൽനിന്ന് അകലാൻ പഠിപ്പിച്ച വിദ്യാഭ്യാസസംസ്കാരം നമ്മുടെ രാജ്യത്ത് വളർന്നു വന്നു. തീ പുകയാത്ത അടുക്കളകളും പാചകമില്ലാത്ത വീടുകളും ഏറെയായി. വീടിനുപുറത്തുനിന്നുള്ള ആഹാരം കഴിച്ച് ജീവിതശൈലീരോഗങ്ങൾ വർധിച്ചു വരുന്നു.

## കാർഷികമേഖലയിലേക്ക് തിരിച്ചുവരുക

പൊന്നു വിളയുന്ന മണ്ണാണ് കേരളം. എന്നാൽ ഏക്കറു കണക്കിനു ഭൂമി പലയിടങ്ങളിലായി കൃഷി ചെയ്യാതെ കിടക്കുന്നു. ജനവാസമില്ലാത്ത വീടുകൾ നാട്ടിൽ കൂടി വരുന്നു. കൃഷിയോട് അസ്പർശത വളർന്നുവന്നു. കൃഷിക്കാരനെ അധമനായും കർഷക കുടുംബങ്ങളെ വിലകുറഞ്ഞതായും കൃഷിയെ വിലകെട്ട വൃത്തിയായും പരിഗണിക്കുന്ന സംസ്കാരം ഉടലെടുത്തു.

കേരളത്തിന്റെ പേരിനുതന്നെ കാരണമായ തെങ്ങിൻതോട്ടങ്ങൾ അപ്രത്യക്ഷമായി. നയനമനോഹരമായ നെൽപ്പാടങ്ങൾ നമ്മുടെ നാട്ടിൽ രക്തധമനികൾപ്പോലെയുണ്ടായിരുന്നു. പുഴകളും തോടുകളുംമൂലം ജലസമൃദ്ധമായ നാട്ടിൽ വരൾച്ച കൂടി വരുന്നു. വീടിനു പരിസരത്തുള്ള ജാതിത്തോട്ടങ്ങൾ ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. കമുകിൻതോട്ടം, വിവിധയിനം പഴത്തോട്ടങ്ങൾ എന്നിവ കണ്ണിനു നിറകാഴ്ചകളായിരുന്നു. മണ്ണിന്റെയും കൃഷിയുടെയും കാര്യത്തിൽ തികഞ്ഞ ധാർമ്മികത പുലർത്തേണ്ടതുണ്ട്. മണ്ണിന്റെ ശുദ്ധി കാത്തുസൂക്ഷിക്കാൻ നമുക്കാവണം. മായവും വിഷവും ഹൃദയത്തിൽ ഉള്ളപ്പോഴാണ് അതു പുറത്തും പ്രയോഗിക്കുന്നത്. നല്ല കർഷകർ സാമ്പത്തിക ലാഭം മാത്രമല്ല നോക്കുന്നത്, എല്ലാവരുടെയും നന്മയുംകൂടിയാണ്.

## നാട്ടറിവുകളിലൂടെ കൃഷിയിടങ്ങളിലേക്ക്

ഓരോ പ്രദേശത്തിനും സീസൺ അനുസരിച്ചുള്ള കൃഷിരീതികൾ നമ്മുടെ മാതാപിതാക്കൾക്കു ഹൃദിസ്ഥമായിരുന്നു. ഈ മേഖലകളിലൊക്കെ നമുക്കിനിയും പലതും തിരിച്ചു പിടിക്കാനുണ്ട്. നാട്ടറിവുകളും വാമൊഴികളും ആരോഗ്യശീലങ്ങളും ഒക്കെ അറിയാവുന്ന മുതിർന്ന തലമുറകളിൽനിന്ന് ഇളംതലമുറകൾക്ക് അവ നഷ്ടമാകാതെ പകർന്നുകൊടുക്കണം. മരങ്ങളും മലനിരകളും വയലുകളും നീർച്ചാലുകളും ഇല്ലാതാക്കി സ്വയം നശിക്കുന്ന ഒരു രീതിയിലേക്ക് നമ്മുടെ


www.malankaralibrary.com



നാട് എത്തിക്കഴിഞ്ഞു. വരുംതലമുറകൾക്ക് ഇവിടെ ജീവിക്കാൻ അനുയോജ്യമായ സാഹചര്യങ്ങൾ നമുക്കിനിയും ഏറെ പണിപ്പെട്ടു രൂപീകരിക്കേണ്ടതുണ്ട്. ശുദ്ധവെളിച്ചെണ്ണ സ്വന്തമായി ഉത്പാദിപ്പിക്കുന്നതരത്തിൽ തെങ്ങുകൾ സമൃദ്ധമായിരുന്ന നമ്മുടെ നാട്ടിൽ ഭൂരിഭാഗം കുടുംബങ്ങളിലും ഇപ്പോൾ തേങ്ങ വിലയ്ക്കു വാങ്ങുകയാണ്. നെല്ലുകുത്തി അരി ഉല്പാദിപ്പിച്ചിരുന്ന വീടുകൾ ഉണ്ടായിരുന്ന നമ്മുടെ നാട്ടിൽ ഭൂരിഭാഗം ആളുകളും ഇന്ന് അരി വാങ്ങുകയാണ്. പച്ചക്കറികൾ, ഇലക്കറികൾ പറമ്പിൽനിന്ന് അതാതു കാലങ്ങൾ ലഭിക്കുന്ന വിഭവങ്ങൾ നിത്യേന ഉപയോഗിച്ചിരുന്ന വീടുകളിൽ ഇന്ന് എല്ലാ ദിവസവും പാചകം പുറമേനിന്നു വാങ്ങുന്ന വിഭവങ്ങൾക്കൊണ്ടാണെന്ന സ്ഥിതി വന്നിട്ടുണ്ട്. പാൽ, മാംസം എന്നിവയൊക്കെ പണ്ട് വീടുകളിൽനിന്നുതന്നെ കണ്ടെത്താൻ പറ്റിയിരുന്നെങ്കിൽ ഇന്ന് ഇവ പുറത്തുനിന്നു വാങ്ങുകയാണ് കൂടുതൽ കുടുംബങ്ങളും ചെയ്യുന്നത്.

നാണ്യവിള കൃഷിയെന്ന രീതിയിൽ റബ്ബറിനെ ഏറെ ശ്രദ്ധിച്ച നമ്മുക്ക് ഈ മേഖലയിലുണ്ടായ ഉയർച്ചതാഴ്ചകൾ ഗുണവും ദോഷവും ചെയ്തു. ഈ പ്രതിസന്ധിഘട്ടങ്ങളിലാണ് ഇൻഫാം, കർഷകദള കൂട്ടായ്മ എന്നിവ ആരംഭിച്ചത്. എല്ലാ ഇടവകകളിലും രൂപീകൃതമായ കർഷകദളങ്ങൾ അവ കൂട്ടിച്ചേർത്തുണ്ടായ ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവയിലൂടെ സർക്കാർ, അർധ സർക്കാർ, ത്രിതലപഞ്ചായത്ത്, നബാഡ് തുടങ്ങിയ ഏജൻസിയുടെ സഹായത്തോടെ ക്രിയാത്മകമായ മുന്നേറ്റം കുറിച്ചു. ഇൻഫാമിലൂടെ ഒരു കർഷകസംസ്കാരം നമ്മൾ വളർത്തിയെടുത്തു. നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെയും പൊതുജനത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ വിവിധ തലങ്ങളിൽ സാധിച്ചു.

## കുട്ടികൾ കൃഷി യിടങ്ങളിലേക്ക്

ഒട്ടേറെ വ്യക്തികളുടെ ത്യാഗമാണ് നമ്മുടെ ജീവിതം. ഇന്റർനെറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത് നമ്മുക്കു ഭക്ഷണപദാർത്ഥങ്ങൾ കിട്ടില്ല. കുറേക്കൂടി യാഥാർത്ഥ്യബോധത്തിലേക്ക് നമ്മുടെ പുതിയ തലമുറയെ നാം നയിക്കേണ്ടതുണ്ട്. ആൺകുട്ടികളെ കൃഷിയും പെൺകുട്ടികളെ പാചകവും പരിശീലിപ്പിക്കേണ്ടത് ഏറെ ഗൗരവമായി ഇനിയും നാം ഏറ്റെടുക്കണം. വിദേശത്തു പോയാൽ മാത്രമേ രക്ഷയുള്ളൂ, ഗവൺമെന്റ് ജോലി കിട്ടിയാൽ മാത്രമേ രക്ഷപെടൂ എന്നിങ്ങനെ സമ്പത്തിലധിഷ്ഠിതമായ ഒരു കാഴ്ചപ്പാട് മലയാളികളുടെ മനസ്സിലുണ്ടായി. ഏതു തൊഴിൽ ചെയ്താലും കൃഷിയും കൂടെ കൊണ്ടുനടക്കാൻ പറ്റണം. വിദേശത്തുള്ള ജോലിയോ ഗവൺമെന്റ് ജോലിയോ വ്യാപാരമോ ഇതരമേഖലകളിലോ ഒക്കെയുള്ള വരുമാനമാർഗ്ഗങ്ങൾ ലഭ്യമായപ്പോൾ പലരും കൃഷി ഉപേക്ഷിച്ചു. ഇതുവഴി ഒട്ടേറെപ്പേർക്ക് തൊഴിലവസരങ്ങൾ നഷ്ടമായി. വീടിനകത്തു മാത്രമിരിക്കാതെ പുരയിടത്തിലെയും പറമ്പിലെയും സസ്യലതാദികളെ പരിചരിച്ചും പ്രകൃതിയോട് സംവദിച്ചും കുട്ടികളെ വളർത്തണം. യന്ത്രങ്ങളോടും മറ്റു വസ്തുക്കളോടുമെന്നതിനേക്കാൾ ജീവനുള്ള മനുഷ്യരോടും ജന്തുജാലങ്ങളോടും സസ്യലതാദികളോടും നമ്മൾ പരിചയം സ്ഥാപിക്കണം.

## എല്ലാവരും കൃഷിക്കാരാവണം

ഒരുതുണ്ടു ഭൂമിപോലും കൃഷി ചെയ്യപ്പെടാത്തതായി വിട്ടുകളയരുത്. ഒരൊറ്റ വ്യക്തിപോലും അല്പസമയമെങ്കിലും കൃഷി ചെയ്യാത്തതായി ഒരു ദിവസംപോലുമുണ്ടാകരുത്. എല്ലാ യുവജനങ്ങളും കർഷരാണെന്നുള്ളത്


www.malankaralibrary.com

മറക്കരുത്. രണ്ടേക്കറിൽ കൂടുതലുള്ളവർ വിവിധയിനം കൃഷികൾ ചെയ്യാൻ ശ്രദ്ധിക്കണം. ഒരു ഭക്ഷ്യസ്വയംപര്യാപ്തത നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. നമ്മുടെ സംസ്ഥാനം ഇന്നു നേരിടുന്ന ഏറ്റവും വലിയ ഒരു പ്രതിസന്ധി ഭക്ഷ്യമേഖലയോട് ബന്ധപ്പെട്ടാണ്. തന്മൂലം സർക്കാർ കൃഷികാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കാണിച്ചു തുടങ്ങി. കേന്ദ്ര സംസ്ഥാന സർക്കാരുകളും സമൂഹത്തിലെ എല്ലാ തുറകളിലുള്ളവരും ഇതു ഗൗരവമായി എടുക്കാൻ ശ്രമിക്കുന്നത് ഏറെ സന്തോഷവും നൽകുന്നുണ്ട്. പുരാതനകാലംമുതൽ ശീലിച്ചുപോന്നിരുന്ന ഭക്ഷ്യവിള കൃഷിയും ആധുനികകാലത്തു സ്വന്തമാക്കിയ നാണ്യവിള കൃഷിയും നമ്മെ ഏറെ സ്വാധീനിച്ചവയാണ്. അടുക്കളയിൽ പാചകത്തിനുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കണം. പാത്രം കഴുകുന്ന വെള്ളംപോലും പാഴാക്കാതെ ഭക്ഷ്യാവശിഷ്ടങ്ങൾക്കൊണ്ട് കൃഷി ചെയ്യാൻ സ്ത്രീകൾ നേതൃത്വം നൽകണം. ഫലവൃക്ഷങ്ങളും ബഹുവിളകളും മറ്റും കൃഷി ചെയ്യാൻ പുരുഷന്മാർ മുൻകൈ എടുക്കണം. കുഞ്ഞുങ്ങളെ കൃഷിയിൽനിന്നകറ്റി നിർത്താതെ ചേർത്തുനിർത്താം. പച്ചക്കറിവിത്തുകളും തൈകളും മറ്റും നടാനും കളപറിക്കാനും വെള്ളമൊഴിക്കാനുമൊക്കെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിലും കൃഷിക്കു വലിയ പങ്കുണ്ട്. വീട്ടിൽ കൃഷി പരിശീലിക്കാത്ത ധാരാളം യുവാക്കൾ മൊബൈലിലും മോശം കൂട്ടുകെട്ടിലും ലഹരിവസ്തുക്കളുടെയും മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളുടെയും പിടിയിലമരുന്നുണ്ട്.

## പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും

വിവിധയിനം പയർ,വഴുതിന,തക്കാളി, മുളകുകൾ, പാവൽ, പടവലം, വെള്ളരി, കുമ്പളം, മത്തൻ, ചുരയ്ക്ക, വെണ്ട, കാബേജ്, കോളിഫ്ളവർ, കറിവേപ്പില എന്നിവയൊക്കെ നമ്മുടെ നാട്ടിൽ നന്നായിട്ടു കൃഷി ചെയ്യാവുന്നവയാണ്. എന്നിട്ടും നമ്മൾ അവയ്ക്കായി വിപണികളെ ആശ്രയിക്കുകയാണ്. എല്ലാവിധ പച്ചക്കറികളും നമ്മുടെ വീട്ടുപരിസരത്ത് ഉണ്ടാവണം.

കിഴങ്ങുവർഗ്ഗങ്ങളായ ചേമ്പ്, ചേന, കാച്ചിൽ, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയവയൊക്കെ നമുക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തണം. മുഖ്യവിഭവങ്ങളോ നാലുമണിക്കാപ്പി വിഭവങ്ങളോ ഒക്കെയാക്കി അവയെ ഇനിയും നമ്മുടെ ഭക്ഷണമേശമേൽ എത്തിക്കണം. ഇഞ്ചി, കൂവ, മഞ്ഞൾ എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തതയുള്ള കുടുംബങ്ങൾ ആയിരുന്നു നമ്മുടേത്. വിത്തുകൾ മുളപ്പിച്ച് തണ്ടുകൾ ഒടിച്ച് മുറിച്ചു നട്ട് വേരുകിളിർത്ത് അടുത്ത തലമുറകളെ നാം സൃഷ്ടിക്കുകയാണ്. വിത്തിന്റെ ഗുണം, ഇവ മുളപ്പിക്കുന്നതെങ്ങനെ, വളരുന്നതെങ്ങനെ, പറിച്ചു നടുന്നതെങ്ങനെ, കീടങ്ങളിൽനിന്നും കേടുപാടുകളിൽനിന്നും പ്രതിരോധിക്കുന്നതെങ്ങനെ, നനയ്ക്കുന്നതെങ്ങനെ, വളമിടുന്നതെങ്ങനെ എപ്പോൾ എന്നിവ ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതാണ്. ഇവ വഴി നാം ജീവിക്കാൻ പഠിക്കുകയാണ്.

സങ്കരയിന(ഹൈബ്രിഡ്)ങ്ങളുടെ ഉപയോഗത്തിനൊപ്പംതന്നെ പച്ചക്കറികളായാലും പഴവർഗങ്ങളായാലും ജന്തുജാലങ്ങളായാലും നാടൻ ഇനങ്ങൾ നഷ്ടമാകാതെയും നോക്കേണ്ടതുണ്ട്. ലാഭംമാത്രം നോക്കിയല്ലാതെയുള്ള ഒരു കൃഷി ധാർമ്മികതയും ആത്മീയതയും ഇനിയും നാം കൈവരിക്കേണ്ടതുണ്ട്. നമ്മുടെ കർമ്മഭൂമികൾ ധർമ്മഭൂമിയും കൂടെയാണ് എന്നു നാം മറക്കരുത്. മഴ ഒരു ശല്യമാകാതെ മഴമറ, ഗ്രീൻ നെറ്റ്, ഗ്രോ ബാഗുകൾ, ടെറസ് കൃഷി എന്നിവയിലൂടെ ഏതു സമയത്തും വിളവെടുക്കാവുന്ന കൃഷിരീതി സ്വായത്തമാക്കാം. ജലത്തിലൂടെ വളം ക്രമീകൃതമായി നൽകുന്ന ഹൈഡ്രോളിക് കൃഷിരീതിയും മറ്റും നാം പരിശീലിക്കേണ്ടതുണ്ട്. മണ്ണിര കമ്പോസ്റ്റും മറ്റുതരത്തിലുള്ള ജൈവവള നിർമ്മാണവും സ്വായത്തമാക്കിയാൽ കൃഷി എളുപ്പമാകും. ചാണകത്തിൽ നിന്നു ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ സാധിച്ചാൽ വീടുകളിൽ ഏറെ സാമ്പത്തിക ലാഭം ഉണ്ടാക്കാം. മഴവെള്ളത്തിന്റെ സംഭരണവും നീർക്കുഴികളും വ്യാപകമാക്കാൻ നാം ഇനിയും ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ മണ്ണിൽ വീഴുന്ന വെള്ളത്തെ ഒഴുകിപ്പോകാനനുവദിക്കാതെ മണ്ണിൽത്തന്നെ താഴാനുള്ള രീതിയിൽ ക്രമീകരണങ്ങൾ ചെയ്യണം. നമ്മുടെ പൂർവ്വികർ പറമ്പുമുഴുവൻ കയ്യാലകെട്ടി തട്ടുകളാക്കിയത് എത്രയോ ദീർഘവീക്ഷണത്തോടുകൂടി ആയിരുന്നുവെന്നത് നമ്മിൽ അദ്ഭുതം ജനിപ്പിക്കുന്നുണ്ട്. നമ്മുടെ പുരയിടങ്ങൾ ഫലസമൃദ്ധമാകട്ടെ. വാഴ, പേര, ചാമ്പ, പപ്പായ, മാവ്, പ്ലാവ്, പുളി, ആത്ത, സപ്പോട്ട, ഇലുമ്പി, ആനിക്കാവിള, കശുമാവ്, കടപ്ലാവ്, റമ്പൂട്ടാൻ തുടങ്ങിയവയെല്ലാം നമ്മുടെ പറമ്പിൽ ഉറപ്പാക്കണം. മുതിർന്നവരും കുഞ്ഞുങ്ങളും പറമ്പിൽനിന്ന് പഴങ്ങൾ പറിച്ച് കഴിച്ച് സന്തോഷത്തോടെ ജീവിക്കുന്ന സംസ്കാരം നമ്മുക്കു വീണ്ടെടുക്കണം. തണലും തടിയുമായി പ്ലാവ്, മാവ്, ആഞ്ഞിലി, പുളി എന്നിവ ഉപയോഗിക്കാനാവും. 'ചക്ക ചതിക്കില്ല' എന്നു പറയാറുണ്ട്. ചക്കയും മാങ്ങയുമൊക്കെ നമ്മുടെ നിത്യവിഭവങ്ങളാകണം. കൂടാതെ തടിവ്യവസായവും ഏറെ പ്രാധാന്യമേറിയതാണല്ലോ. ഒരേക്കർ തേക്കിൻതോട്ടം ഇരുപത്തേഞ്ചേക്കർ റബറിനു തുല്യമാണെന്നു പറയാറുണ്ട്.

## എന്തൊക്കെ കൃഷികൾ?

മീൻകുളങ്ങൾ ചെറിയ തോതിലെങ്കിലും നമ്മുടെ വീടുകളിൽ തുടങ്ങിയാൽ വിഷമില്ലാത്തതും പഴകാത്തതുമായ മീൻ ലഭ്യമാക്കാൻ കഴിയും. ഇതു സാധ്യമാണെന്നതിന് ധാരാളം ഉദാഹരണങ്ങൾ നാട്ടിൽതന്നെ ഇപ്പോഴുണ്ട്. കോഴി, കാട, ആട്, മുയൽ, പശു, പോത്ത് തുടങ്ങിയവയൊക്കെ സാധിക്കുന്നതുപോലെ വളർത്താൻ പരിശ്രമിക്കണം. കൃഷിയോടു ചേർന്നു പോകുന്നതാണ് ഇവയെല്ലാം. ഇവയും കൃഷി തന്നെയാണ്. ജലക്ഷാമമില്ലാത്തിടത്ത് താറാവ് കൃഷി നടത്താം. കൾഗം, പാത്ത, ഗിനിക്കോഴി എന്നിവയും ഉപകാരപ്രദമാണ്. പന്നി വളർത്തലുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. പാൽ, മുട്ട, മത്സ്യം, മാംസം എന്നിവയുടെ കാര്യത്തിൽ ഇപ്രകാരം സ്വയംപര്യാപ്തത കുടുംബത്തിൽ കൈവരിക്കാൻ സാധിച്ചാൽ വലിയ നേട്ടമാണ്. ആരോഗ്യനിലവാരവും സാമ്പത്തികനിലവാരവും ഉയർത്താൻ കഴിയും. മോരും തൈരും പുളിശ്ശേരിയുമൊക്കെ നമ്മുടെ സാധാരണവിഭവങ്ങളായിരുന്നുവല്ലോ. പശുവിന്റെ ചാണകവും മറ്റു മൃഗങ്ങളുടെയും ജീവികളുടെയുമൊക്കെ ഉച്ഛിഷ്ടവും നല്ല വളമായി ഉപയോഗിച്ച് ജൈ


www.malankaralibrary.com

വകൃഷിയും പ്രോത്സാഹിപ്പിക്കാം. മത്സ്യങ്ങളുടെ വേസ്റ്റുകൾ ഉപയോഗിച്ചുള്ള അക്വാപോണിക് കൃഷിരീതി നല്ല രീതിയിൽ പലയിടത്തും ആരംഭിച്ചു കഴിഞ്ഞു.

പൂന്തോട്ടങ്ങൾ പെൺകുട്ടികളുടെയും സ്ത്രീകളുടെയും മേൽനോട്ടത്തിൽ വീടുകളിലുണ്ടാക്കണം. ഇവയോടു ചേർന്നു പോകുന്നതാണല്ലോ ആയുർവേദചെടികളുടെ സംരക്ഷണവും. സുഗന്ധവ്യഞ്ജനവിളകളായ ഏലം, കാപ്പി, കുരുമുളക്, ഗ്രാമ്പു തുടങ്ങിയവയുടെ കൃഷിയും നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. മലയോരങ്ങളിൽ സാധ്യമായ ഇടത്ത് തേയിലത്തോട്ടങ്ങൾ പിടിപ്പിക്കുന്നത് നല്ലതാണ്. ജാതി, കൊക്കോ, കമുക് എന്നിവയൊക്കെ നാം പ്രധാനകൃഷിയിൽത്തന്നെ പെടുത്തേണ്ടതാണ്. കൈത മിക്കസ്ഥലങ്ങളിലും നന്നായിട്ടു കൃഷി ചെയ്യപ്പെടുന്നുണ്ട്.

## ആയുർവേദ തോട്ടങ്ങൾ

ആയുർവേദത്തോട്ടങ്ങൾ നമ്മുടെ കൃഷിയിട സൗന്ദര്യവത്കരണത്തിന്റെ ഭാഗമാകണം. തുളസിച്ചെടികൾ, ചെമ്പരത്തി എന്നിവയെല്ലാം വീട്ടുമുറ്റത്തുമുണ്ടാകട്ടെ. ചുമക്കൂർക്ക, പനിക്കൂർക്ക, ആടലോടകം, തഴുതാമ തുടങ്ങിയ ഔഷധച്ചെടികൾ നമ്മുടെ സാധാരണജീവിതത്തിന്റെ ഭാഗമാകണം. പേര, തഴുതാമയില, ജീരകം, ചുക്ക് തുടങ്ങിയവയൊക്കെയിട്ട് വെള്ളം കുടിച്ചാൽ പ്രതിരോധശേഷി വർധിക്കുമെന്ന് കാലം തെളിയിച്ചതാണല്ലോ. പഴങ്ങളും ഇലക്കറികളും പച്ചക്കറികളുമൊക്കെ കുഞ്ഞുനാൾ മുതൽ കഴിച്ചു ശീലിച്ചില്ലെങ്കിൽ പുതിയ തലമുറയ്ക്ക് വിവിധ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി നാം കേൾക്കാറുണ്ടല്ലോ. ഫാസ്റ്റ് ഫുഡ്, ജങ്ക്ഫുഡ് മുതലായവ സ്ഥിരം കഴിച്ചാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതും സാധാരണമായി കഴിഞ്ഞല്ലോ.

## കൃഷിയിടങ്ങളും പക്ഷികളും

നമ്മുടെ വീടിനു ചുറ്റും കൃഷിയിടങ്ങളിൽ പക്ഷികളുടെ ആവാസവ്യവസ്ഥയായി മാറട്ടെ. പ്രകൃതിയെ ചൂഷണം ചെയ്യാത്ത ഒരു കൃഷി രീതി ഇനിയും നാം വളർത്തേണ്ടതായിട്ടുണ്ട്. കുയിലും തത്തയും പൊന്മാനും പ്രാവുകളും ഇരട്ടവാലൻ പക്ഷികളും അണ്ണാനും സമൃദ്ധമായി നമ്മുടെ വീട്ടുമുറ്റത്തെ വൃക്ഷങ്ങളിൽ ചേക്കേറട്ടെ. നീറിനെയും ഉറുമ്പുകളെയും ഗുണപ്രദമായി ഉപയോഗിക്കുന്ന കർഷകർ ധാരാളമുണ്ട്. തേനീച്ച വളർത്തൽ ഏറെ ലാഭകരമായ ഒന്നാണ്. എല്ലാ കുടുംബങ്ങളിലുംതന്നെ ചെറുതേൻ, വൻതേൻ വളർത്തൽ ചെയ്യാവുന്നതാണ്.

ലോക്ഡൗണിനുശേഷം ഫലപ്രദവും ഗുണപ്രദവുമായ നല്ല ഒത്തുചേരലുകൾ നടക്കട്ടെ. അതിൽ പ്രാമുഖ്യമുള്ളത് കർഷകസംഘക്കൂട്ടായ്മകൾ ആകട്ടെ. വ്യക്തിപരമായി കുടുംബങ്ങളിൽ കൃഷി ചെയ്യുന്നതിനോടൊപ്പം കർഷക ക്ലസ്റ്ററുകൾ അല്ലെങ്കിൽ സംഘങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഏതൊരു കർഷകനും സംഘം ചേർന്നാൽ കൂടുതൽ ഉപകാരങ്ങൾ ഗവൺമെന്റ് തലത്തിലും ലഭിക്കും. സ്വാശ്രയസംഘങ്ങൾ പണ്ടുകാലത്തെ തനിമയുള്ള കൂട്ടായ്മകൾ വീണ്ടെടുക്കാൻ ഉപയുക്തമാണ്. കൂടുതൽ സാമൂഹികപ്രതിബദ്ധതയോടെയും കുടുംബങ്ങളിൽ സാമ്പത്തികസ്ഥിരത ഉറപ്പുവരുത്താനും നല്ല സംഘങ്ങൾക്കു കഴിയുന്നുണ്ട്. എല്ലാ ഇടവകകളിലും ഇനിയും ഇത്തരം കാര്യങ്ങളിൽ നാം മുന്നേറേണ്ടതുണ്ട്.

## ഇടവകകളിൽ ചെയ്യേണ്ടത്

പരസ്പരം പണികളിലും മറ്റും സഹായിച്ചും കാർഷികവിഭവങ്ങൾ പരസ്പരം പങ്കുവച്ചും കൂട്ടായ്മയുടെ ശരിയായ മാനങ്ങൾ നമുക്കു വീണ്ടെടുക്കാം. തമ്മിൽ കാണാനും വർത്തമാനം പറയാനും വിഷമതകൾ മനസ്സിലാക്കാനുമുള്ള വേദിയായി കൂട്ടുകൃഷിസമ്പ്രദായങ്ങളും സംഘം ചേർന്നുള്ള കൃഷിയും സഹായിക്കും. നഷ്ടത്തിന്റെയും നിരാശയുടെയും കണക്കുകൾ കർഷകനുള്ളപ്പോഴും അതിലേറെയും സ്വന്തം ഇച്ഛാശക്തികൊണ്ട് സ്വന്തമാക്കിയ പൂർവ്വികർ നമ്മുക്കു മാതൃകയാണ്. ഇപ്പോൾ മലബാറിലും ഹൈറേഞ്ചിലും നാട്ടിലുമുള്ള പ്രായമായവർക്കൊക്കെയും ഇത്തരം ധാരാളം വിജയകഥകളുണ്ട്. അപ്രതീക്ഷിതമായ പ്രളയം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, കീടരോഗബാധകൾ, മഴയടപ്പ്, കഠിനവേനൽ ഇവ കൂടാതെ ഇവയെക്കാളൊക്കെ അധികം വേദനാജനകമായ കാര്യം മനുഷ്യനിർമ്മിതമായ വിലത്തകർച്ചയാണ്. വാങ്ങുന്ന സാധനങ്ങൾക്ക് അന്യായവിലയും ഉത്പാദിപ്പിക്കുന്ന കർഷകന് വില ലഭിക്കാത്തതുമായ സാഹചര്യം ഗവൺമെന്റുകൾ മനസ്സിലാക്കി താങ്ങുവില പ്രഖ്യാപിച്ച് ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കാനായി നൽകുന്ന വാഗ്ദാനങ്ങൾ പൊള്ളവാക്കുകളാകാതെ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. കർഷകപെൻഷൻ, സൗജന്യ ഇൻഷുറൻസുകൾ, കൃഷി സബ്സിഡികൾ എന്നിവയൊക്കെ ഇനിയും നടപ്പാക്കേണ്ടിയിരിക്കുന്നു. കർഷകർക്കായി പ്രഖ്യാപിക്കുന്ന സഹായങ്ങൾ കർഷകരിൽത്തന്നെയെത്തുന്നുണ്ട് എന്ന കാര്യം ഉറപ്പാക്കേണ്ടതുണ്ട്. മാറിമാറി സർക്കാരുകൾ ഭരിച്ചിട്ടും കർഷകന് എന്നും ദുരവസ്ഥയാണെന്ന കാര്യം അനിഷേധ്യമാണ്. സമഗ്രമായ പദ്ധതികൾ ഉണ്ടാവാത്തതാവാം മുഖ്യകാരണം.

പുറമേ നിന്ന് ഇങ്ങോട്ട് ഭക്ഷ്യവിഭവങ്ങൾ വരാതെ നമ്മുക്കാവശ്യമുള്ളതു കഴിഞ്ഞ് കയറ്റുമതി ചെയ്യാൻ പരിശ്രമിക്കണം. പഴങ്ങളുടെ സംഭരണകേന്ദ്രങ്ങളും പച്ചക്കറി സംഭരണകേന്ദ്രങ്ങളും നമ്മുടെ ലക്ഷ്യങ്ങളാണ്. പള്ളികളോട് ചേർന്ന് വിപണനസാധ്യതകൾ തുടങ്ങി അവയുടെ ഒരു ശൃംഖല നമുക്കു രൂപീകരിക്കാൻ സാധിക്കും. കർഷകരുടെ അധ്വാനത്തിന് ഉചിതമായ പ്രതിഫലം അവർക്കു ലഭിക്കാൻ നമ്മൾ ഒന്നിച്ചു നിന്നു പ്രവർത്തിച്ചാലേ സാധിക്കൂ.

മറ്റൊരു പ്രധാനസംഗതി മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റി കയറ്റുമതി വിപണനസാധ്യതകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇതു വളർത്തിയെടുത്താൽ സാമ്പത്തിക നേട്ടം ഉറപ്പാണ്. പല സ്ഥലങ്ങളിലും വളരെ ഭംഗിയായി ഈ പ്രസ്ഥാനം മുന്നോട്ടു പോകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും വലിയ ഓപ്പണിംഗ് ഇതിനുണ്ടാവും. Value added products നമ്മുടെ ഒരു പ്രധാന ലക്ഷ്യമായി എടുക്കണം. വിരലുകൾ അന്യർക്കുനേരെ ചൂണ്ടി സ്വയം വിഡ്ഢിയാകാതെ നമ്മുക്കൊത്തൊരുമിച്ചു ചിന്തിക്കാം; മുന്നേറാം. ■


www.malankaralibrary.com

# ഗാർഹിക കൃഷിയും സാമ്പത്തിക ഭദ്രതയും

കോവിഡ്– 19 ന്റെ സുരക്ഷാഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വലിയ സാമ്പത്തിക പ്രതിസന്ധിയാണ് ആഗോളതലത്തിൽത്തന്നെ സൃഷ്ടിച്ചിരിക്കുന്നത്. കേരളപശ്ചാത്തലത്തിൽ ഇത് രൂക്ഷമാണ്. പ്രവാസികളുടെ തിരിച്ചുവരവും തൊഴിലില്ലായ്മയും സാമ്പത്തിക മാന്ദ്യവുമൊക്കെ വലിയ വെല്ലുവിളിയാണുയർത്തിയിരിക്കുന്നത്. ഈയൊരവസ്ഥയിൽ കാർഷികരംഗത്തുണ്ടാകേണ്ട ഉണർവും വളർച്ചയും ബോധ്യപ്പെടുത്തുകയാണ് സാമ്പത്തിക വിദഗ്ധയായ ലേഖിക.



ഡോ. കൊച്ചുറാണി ജോസഫ്
റിട്ട. അസോസിയേറ്റ് പ്രൊഫസർ,
ഭാരതമാതാ കോളജ്, തൃക്കാക്കര.

കോവിഡ്–19 എന്ന ആരോഗ്യപ്രശ്നം വലിയ സാമ്പത്തികവിഷയമായി മാറിയ അനുഭവമാണ് ആഗോളതലത്തിൽ നമ്മൾ ഇന്ന് അഭിമുഖീകരിക്കുന്നത്. ആഗോള സാമ്പത്തികഭൂമികയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇത് സൃഷ്ടിച്ചുകൊണ്ടാണിരിക്കുന്നത്. രോഗവ്യാപനത്തിനെതിരായി പ്രയോഗത്തിൽ വന്ന സാമൂഹികഅകലം സൃഷ്ടിക്കൽ ഉൽപാദനരംഗത്തെയും അതുവഴി ബിസിനസ് ലോകത്തെയും പ്രതികൂലമായി ബാധിച്ചു. മൊത്ത ആഭ്യന്തര ഉൽപന്നം അഥവാ G.D.P (ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്) വലിയ തോതിൽ കുറഞ്ഞു. ആഗോളവിനിമയരംഗത്ത് മനുഷ്യവിഭവശേഷി, സാധനങ്ങൾ, മൂലധനം, വിദേശനിക്ഷേപം, കറൻസി വിനിമയനിരക്ക്, ഇറക്കുമതി, കയറ്റുമതി എന്നിങ്ങനെയുള്ള പല സാമ്പത്തിക സൂചികകളും വലിയ പ്രശ്നങ്ങളായി ഇന്നും തുടരുന്നു. അതോടൊപ്പം തന്നെ തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികളുടെ പുനർവിന്യസിപ്പിക്കലും പുതിയ തൊഴിൽസൃഷ്ടിക്കലും പ്രശ്നങ്ങളുടെ രൂക്ഷതയ്ക്ക് ആക്കം കൂട്ടുന്നവയാണ്. ചെറുകിട ബിസിനസ്സുകാരെയും ദിവസകൂലിക്ക് ജോലിയെടുക്കുന്നവരെയും അസംഘടിതവിഭാഗത്തെയും വല്ലാതെ ഉലച്ചു.

## ഭക്ഷ്യസുരക്ഷയും ഗാർഹിക കൃഷിസമ്പത്തും

ഈ അസന്നിഗ്ധാവസ്ഥക്ക് ഒരു മറുമരുന്ന് കാർഷികരംഗത്ത് ഉണ്ടാവേണ്ട വളർച്ചയാണ്. കേന്ദ്രസർക്കാർ മുന്നോട്ട് വച്ച നൂതന സാമ്പത്തിക പാക്കേജായ ആത്മനിർഭർ ഭാരത് അഭിയാൻ(Self Reliant India Mision) പ്രകാരം 20 ലക്ഷം കോടി രൂപയുടെ സാമ്പത്തിക ക്രമീകരണ സംവിധാനമാണ് നിർദേശിച്ചിരിക്കുന്നത്. ഈ കോവിഡ് സാമ്പത്തികപാക്കേജിന്റെ മൂന്നാം ഭാഗത്ത് കാർഷിക സമ്പദ്മേഖലക്കാണ് പ്രധാനപ്പെട്ട ഊന്നൽ നൽകിയിരിക്കുന്നത്. അതുവഴിയായി സാമ്പത്തികവളർച്ച ത്വരിതപ്പെടുത്താനും സ്വാശ്രയഭാരതം കെട്ടിപടുക്കാനുമാണ് ലക്ഷ്യമിടുന്നത്.

സ്വാശ്രയഭാരതം എന്ന പദം ഭാരതസമ്പദ്വ്യവസ്ഥയ്ക്ക് പുതിയതല്ല. മൂന്നാം പഞ്ചവൽസരപദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട സംജ്ഞ ഇതായിരുന്നു. സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ വെല്ലുവിളി ഭക്ഷണദാരിദ്ര്യമായിരുന്നു. അതുകൊണ്ടു തന്നെ ഒന്നാം പഞ്ചവൽവൽസരപദ്ധതിയുടെ പ്രധാന ലക്ഷ്യം കാർഷിക ഉൽപാദനത്തിനുള്ള വളർച്ചയായിരുന്നു. രണ്ടാമത്തേതിൽ വ്യവസായികവളർച്ചക്ക് ഊന്നൽ നൽകി. എന്നാൽ മൂന്നാം പഞ്ചവൽസരപദ്ധതി സ്വാശ്രയഭാരതം എന്നതിൽ ലക്ഷ്യം വച്ചുകൊണ്ടായിരുന്നു മുന്നോട്ട് പോയത്. സ്വാശ്രയമെന്നത് ഉൾവലിയലോ പരാശ്രയമോ ഇല്ലാത്ത അവസ്ഥയല്ല. കാരണം, ഒരു ഉപഭോക്തൃരാജ്യമെന്ന നിലയിൽ ഭാരതത്തിന് മറ്റു സമ്പദ്വ്യവസ്ഥകളെ ആശ്രയിക്കണം. കേരളം മറ്റുസംസ്ഥാനങ്ങളെയും കൂടി ആശ്രയിച്ചാണ് പല കാര്യങ്ങളും മുന്നോട്ട് കൊണ്ടുപോവുന്നത്. അതുകൊണ്ട് സ്വാശ്രയമോ പരാശ്രയമോ അല്ല, ഒരു പരസ്പരാശ്രിത സമ്പദ്വ്യവസ്ഥയാണ് നമുക്ക് അനുയോജ്യമായിട്ടുള്ളത്. ഇക്കാര്യത്തിൽ കാർഷികരംഗത്തുണ്ടാവുന്ന ഉണർവാണ് സമ്പദ്വ്യവസ്ഥയെ മുന്നോട്ട് നയിക്കാൻ സഹായിക്കുന്നത്. അതിനാൽ ചില കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

**കൃഷി ഒരു സംസ്കാരം:** കൃഷിയെ പ്രോൽസാഹിപ്പിക്കുന്ന ജീവിതരീതി ഉണ്ടാവുക എന്നതാണ് ഏറെ പ്രധാന



www.malankaralibrary.com

പ്പെട്ടത്. സ്വന്തം വീടിനു ചുറ്റും നമുക്ക് അത്യാവശ്യമായ കൃഷി ഉണ്ടാവുക എന്നത് പ്രധാനപ്പെട്ടതാണ്. ഇന്ന് ഫ്ളാറ്റിൽ താമസിക്കുന്നവർപോലും അത്യാവശ്യ സാധനങ്ങൾ കൃഷി ചെയ്യുന്നവരാണ്. ഉദാഹരണത്തിന്, അവർക്കാവശ്യമുള്ള തക്കാളിയും കാന്താരിയും കറിവേപ്പിലയും അവർതന്നെ ഉണ്ടാക്കുന്നു. അതോടൊപ്പംതന്നെ നമ്മുടെ ചുറ്റുപാടുകളിൽ ഒരു തുണ്ട് ഭൂമിപോലും വെറുതെ കിടക്കാൻ അനുവദിക്കരുത്. ഉടമസ്ഥന്റെ അനുവാദത്തോടെ പഞ്ചായത്തിന്റെയോ മറ്റു അധികാരികളോട് ചേർന്നോ ഇത് സാധ്യമാക്കണം. സാമ്പത്തികശാസ്ത്രത്തിൽ പറയുന്നതുപോലെ ലഭ്യമായ വിഭവങ്ങളുടെ പരമാവധി ഉപയോഗം (Maximum Utilization of Available resources) എന്ന സിദ്ധാന്തത്തിന്റെ പ്രായോഗികതലമാണ് സ്വീകരിക്കേണ്ടത്.

**വിതരണവിപ്ലവം സൃഷ്ടിക്കുക:** ബാർട്ടർ സമ്പ്രദായത്തിൽനിന്ന് പണ സാമ്പത്തികവ്യവസ്ഥയിലെത്തിയ നമ്മൾ ഇപ്പോൾ ക്രഡിറ്റ് ഇക്കോണമിയും കടന്ന് വിതരണവിപ്ലവരംഗത്താണ്. ഏതൊരു വസ്തുവിനും വിപണി സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യംവയ്ക്കേണ്ടത്. ഒരാളുടെ ചെലവ് മറ്റൊരാളിന്റെ വരുമാനമാകയാൽ ചെലവ് വലുതായി കുറച്ചാൽ അത് വീണ്ടും ഉൽപാദനത്തെയും വരുമാനത്തെയും പ്രതികൂലമായി ബാധിക്കും. ഒരു വ്യക്തിയോ കുടുംബമോ മിതവ്യയം ശീലിക്കുന്നത് അവർക്ക് നല്ലതാണെങ്കിലും എല്ലാവരും അതേ നയം തുടർന്നാൽ സാമ്പത്തികവ്യവസ്ഥിതി തകരും. അതിനെ സാമ്പത്തികശാസ്ത്രത്തിൽ 'പാരഡോക്സ് ഓഫ് ത്രിഫ്റ്റ്' (Paradox of Thrift) എന്ന് പറയുന്നു. എല്ലാവരുടേയും വരുമാനം തുല്യമായാൽ ഇക്കോണമി തകരുമെന്ന് പറയുന്നതുപോലുള്ള വൈരുദ്ധ്യാത്മകതയാണത്. അതിനാൽ കാർഷികഉൽപന്നങ്ങളുടെ കെട്ടിലും മട്ടിലും ഘടനയിലും മാറ്റംവരുത്തി വിപണി വലുതാക്കുക എന്നത് ആവശ്യമാണ്. അതോടൊപ്പം ബ്രാൻഡിങ് ഉറപ്പ് വരുത്തണം. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കണ്ടുകൊണ്ടുള്ള വിപണിയുടെ വളർച്ചയിൽ കർഷകൻ വിപണിയിലെ മധ്യവർത്തികളാൽ ചൂഷണത്തിന് വിധേയരാവരുത്. ചെറുകിടമാർക്കറ്റുകൾ എല്ലായിടത്തും ലഭ്യമാക്കി ന്യായമായ ലാഭം എല്ലാവർക്കും ഉറപ്പാക്കണം. ജൈവകൃഷിയുടെ പ്രാധാന്യത്തെയും വിനിമയത്തെയും പ്രോൽസാഹിപ്പിക്കണം.



**ഗാർഹികദാരിദ്ര്യം ലഘൂകരിക്കപ്പെടണം:** കേരളത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയിൽ വലിയ ചലനം സൃഷ്ടിച്ച കുടുംബശ്രീയുടെ ആദ്യകാലത്തെ ഒരു ആപ്തവാക്യം അടുക്കളദാരിദ്ര്യം ലഘൂകരിക്കുക എന്നതായിരുന്നു. ഗാർഹികകൃഷിയുടെ വളർച്ച ഈ രംഗത്ത് ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിക്കാനാവും. അതിന് കൃഷി ഒരു ജീവിതോപാധിക്കപ്പുറം പൊതുവികാരമാവണം. അപ്പോൾ കാർഷികരംഗത്ത് ഓരോരുത്തർക്കും അവരവരുടേതായ പങ്ക് വഹിക്കാനാവും. അതുവഴി ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്താനാവും. ആഗോളതലത്തിൽ ഇപ്പോഴും 800 മില്യൻ ആളുകൾ വിശപ്പ് നേരിടുന്നവരാണ്. 2016-ലെ ആഗോള ഭക്ഷ്യസുരക്ഷാ നിയമവും 2018-ലെ അതിന്റെ പുനർആഖ്യാനവും വിശപ്പ്, പോഷകാഹാരകുറവ്, ദാരിദ്ര്യം എന്നിവയെ നിർമാർജനം ചെയ്യാനുള്ള ആഹ്വാനത്തെ പിന്താങ്ങുന്നു. പ്രസിദ്ധ തത്വചിന്തകനായ നിക്കോളായ് ബർണാവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "എന്റെ ഭക്ഷണം അതെന്റെ ശാരീരിക പ്രശ്നം മാത്രമാണ്. എന്നാൽ അപരന്റെ ഭക്ഷണം അതാണ് എന്റെ ആത്മീയ പ്രശ്നം."

ഏഴു പതിറ്റാണ്ട് കൊണ്ട് നേടിയെടുത്ത ഭാരതസമ്പദ്വ്യവസ്ഥ പിന്നോട്ട് പോവാതിരിക്കേണ്ടത് ഏതൊരു ഭാരതീയ പൗരന്റെയും ആവശ്യമാണ്. ലോക സാമ്പത്തികഭൂമികയിൽ നമ്മൾ ഇടം നേടിയത് തുടർന്നുപോവണം. അതുകൊണ്ട് സമ്പത്ത് സൃഷ്ടിക്കുക, പരിപാലിക്കുക, വളർത്തുക, കൈമാറ്റം ചെയ്യുക എന്നീ പടവുകൾ ഗാർഹിക കാർഷികരംഗത്തും സൂക്ഷ്മമായി സമഗ്രതയോടെ വളരട്ടെ. ബാങ്കുപോലുള്ള ധനവിനിമയസ്ഥാപനങ്ങൾ കർഷകർക്കനുകൂലമായ തീരുമാനങ്ങൾ എടുക്കാനും കർഷകർക്ക് അവ പരമാവധി ഉപയോഗിക്കാനും സാധ്യമാവണം. അങ്ങനെ കൃഷി ഒരു വികാരവും തീരുമാനവും സംസ്കാരവുമാകുന്ന ഉണർത്ത്പാട്ടാണ് അതിജീവനത്തിന്റെ ഈ നാളുകളിൽ നമ്മൾ ആശ്ലേഷിക്കേണ്ടത്. ■



www.malankaralibrary.com



# അവഗണിക്കപ്പെടുന്ന കർഷകനും കാർഷികവിളകളും

**തുടർച്ചയായുണ്ടായ പ്രളയക്കെടുതികളും വന്യമൃഗശല്യവും കാർഷികോത്പന്നങ്ങളുടെ വിലക്കുറവും കാർഷികവിളകളിലെ കീടബാധയുമെല്ലാം കർഷകരെ തകർത്തെറിഞ്ഞിരിക്കേയാണ് കോവിഡ് മഹാമാരിയും അതേത്തുടർന്നുപ്രഖ്യാപിച്ച സമ്പൂർണലോക്ഡൗണും കർഷകർക്ക് ഇരുട്ടടിയായത്. കർഷകർ ഇന്നനുഭവിക്കുന്ന ദുരിതങ്ങളെയും അവഗണനകളെയുംകുറിച്ച് ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റിന്റെ ദേശീയ ചെയർമാൻ പ്രതികരിക്കുന്നു.**



റവ. ഡോ. ജോസഫ് ഒറ്റപ്ലാക്കൽ
ദേശീയ ചെയർമാൻ,
INFAM
infamoffice@gmail.com

കോവിഡ് മഹാമാരിയെത്തുടർന്ന്പ്രഖ്യാപിച്ച ലോക്ഡൗൺകാലത്ത് വീടിനു പുറത്തുള്ള കൃഷിയിടങ്ങളിലേക്കു പോലും പോകാനാകാതെയും വിളകൾ യഥാസമയം പരിചരിക്കാനാകാതെയും കർഷകർ നിസ്സഹായരായി. സീസണിന്റെ തുടക്കത്തിൽ മികച്ച വില ലഭിച്ചിട്ടും ലോക്ഡൗൺ തളർത്തിയ വിഭാഗമാണ് കശുവണ്ടി കർഷകർ. മാർച്ച്മാസം ലോക്ഡൗൺ തുടങ്ങിയതോടെ തോട്ടങ്ങളിൽനിന്ന് കശുവണ്ടി യഥാസമയം ശേഖരിക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല വിപണികളെല്ലാം അടച്ചിടേണ്ടിവന്നതിനാൽ വിറ്റഴിക്കാനും സാധിച്ചില്ല. ഒടുവിൽ മികച്ച വില ലഭിക്കേണ്ടിയിരുന്ന സ്ഥാനത്ത് തുച്ഛമായ വിലയ്ക്ക് കശുവണ്ടി വിൽക്കേണ്ടി വന്നു. റബറിന്റെ കാര്യത്തിലും ഇതു തന്നെയാണ് അവസ്ഥ. കുത്തകവ്യവസായികളുടെ സ്വാധീനത്താൽ റബർ വില താഴ്ന്നുതന്നെ നിൽക്കുകയാണ്. കോവിഡ് പ്രതിസന്ധിയ്ക്കിടയിൽ ആശ്വാസമായി കേന്ദ്രസർക്കാർ എത്തുമെന്നു പ്രതീക്ഷിച്ചവർക്ക് ലഭിച്ച വലിയ തിരിച്ചടിയാണ് പാർലമെൻറ് പാസാക്കിയ മൂന്നു മാരണ ബില്ലുകൾ.

## കർഷകവിരുദ്ധ നിയമങ്ങൾ

രാജ്യത്തെ സമ്പദ്വ്യവസ്ഥ കൂപ്പുകുത്തിയപ്പോഴും വളർച്ച രേഖപ്പെടുത്തിയ കാർഷികമേഖലയിൽ ഇപ്പോൾ അശാന്തിയുടെ കാർമേഘമാണ് പെയ്തിറങ്ങുന്നത്. കേരളത്തിലെ റബർ കർഷകന്റെ ദുരവസ്ഥയിലേക്ക് രാജ്യത്തെ മുഴുവൻ കർഷകരെയും തള്ളിവിടുന്നതാണ് കാർഷികമേഖലയിലെ പരിഷ്കരണമെന്ന പേരിൽ കേന്ദ്രസർക്കാർ പാസാക്കിയ മൂന്നു ബില്ലുകളും. കാർഷികോത്പന്ന വ്യാപാര വാണിജ്യ (പ്രൊമോഷൻ, ഫസിലിറ്റേഷൻ) ബിൽ, കർഷക (ശക്തീകരണ സംരക്ഷണ) കരാർബിൽ എന്നിവയാണു ലോക്സഭയും രാജ്യസഭയും പാസാക്കിയത്. ഇതുപോലെ കർഷകർക്കു ഭീഷണിയാകാവുന്ന അവശ്യസാധന നിയമഭേദഗതി ബില്ലും ലോക്സഭ പാസാക്കിയിട്ടുണ്ട്. രാജ്യസഭയിലും പാസായതോടെ ഇനി രാഷ്ട്രപതി ഒപ്പുവയ്ക്കേണ്ട താമസമേ വേണ്ടൂ ഈ ബില്ലുകളെല്ലാം നിയമമാകും.

വിദേശ വ്യാപാര കരാറുകൾമുതൽ കോർപൊറേറ്റ് കമ്പനികളുടെയും വൻകിട വ്യാപാരികളുടെയും വ്യവസായികളുടെയും ഇടനിലക്കാരുടെയും ചൂഷണങ്ങളും ഏകപക്ഷീയ നടപടികളുമാണു കർഷകർക്കു വിനയായത്. ഗാട്ടും ആസിയാനും മലേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളുമായുള്ള



www.malankaralibrary.com



വ്യാപാര കരാറുകളും ആഘാതമായി. ഇറക്കുമതിയിലൂടെ വിലയിടിച്ചു കൊള്ളലാഭം കൊയ്യാനുള്ള ടയർ വ്യവസായ ലോബിയുടെ അത്യാഗ്രഹം പ്രോൽസാഹിപ്പിക്കുന്ന കേന്ദ്രസർക്കാർ നടപടികളും പത്തു ലക്ഷത്തിലേറെ ചെറുകിട റബർ കർഷകരുടെ തകർച്ചയ്ക്കു കാരണമായി. കേരളത്തിലെ റബർമുതൽ കുരുമുളക്, നാളികേരം, അടക്ക, നെല്ല്, തേയില, കാപ്പി, ഏലം, ഗ്രാമ്പൂ, മഞ്ഞൾ, ഇഞ്ചി തുടങ്ങി പച്ചക്കറി, വാഴ, പഴങ്ങൾ, പുകയിലവരെയുള്ള കൃഷികളെല്ലാം പ്രതിസന്ധിയിലായതും വിലത്തകർച്ച പതിവാകുന്നതിനും കാരണം വൻകിടക്കാരെ സഹായിക്കുന്ന സർക്കാരുകളുടെ നയങ്ങളും പദ്ധതികളുംതന്നെ.

## കോർപ്പൊറേറ്റുകളുടെ ലാഭക്കണ്ണുകൾ

കാലാനുസൃതമായ പരിഷ്കാരമല്ല, കോർപ്പൊറേറ്റുകളുടെ ലാഭക്കണ്ണുകൾ കാർഷികമേഖലയിലേക്കു തിരിഞ്ഞതാണ് കർഷകരുടെ നെഞ്ചിൽ തീ കോരിയിടുന്ന പുതിയ നിയമങ്ങളുടെ പിന്നിലെ ചേതോവികാരമെന്നത് സുവ്യക്തമാണ്. മോദി സർക്കാരിന്റെ കർഷകസ്നേഹം കേവലം വാക്കിലൊതുങ്ങുന്നതാണെന്നും കോർപ്പൊറേറ്റുകളോടുള്ള കൂറ് കറയില്ലാത്തതാണെന്നും പലവട്ടം തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ആദ്യ ത്രൈമാസ ജിഡിപിയിൽ 23.9 ശതമാനം ഇടിവുണ്ടായപ്പോൾ കാർഷികമേഖല 3.4 ശതമാനം വളർച്ചയാണു കൈവരിച്ചത്. കോവിഡ് പേടിയിലും ലോക്ഡൗണിലും രാജ്യത്തെ കർഷകർ ചെയ്ത കഠിനാധ്വാനത്തിന്റെ ഫലംകൂടിയാണിത്.

ലോകവ്യാപര കരാറുകൾ ഒന്നൊന്നായി വന്നപ്പോഴെല്ലാം സർക്കാർ പറഞ്ഞിരുന്നത് മത്സരക്ഷമത കൈവരിച്ച് ഇന്ത്യൻ കാർഷികമേഖല ലോകം കീഴടക്കുമെന്നാണ്. എന്നാൽ, എന്താണു സംഭവിച്ചതെന്ന് കേരളത്തിലെ കർഷകർക്ക് നല്ല ബോധ്യമുണ്ട്. നിയമാനുസൃതം ചുമത്താമായിരുന്ന ഇറക്കുമതിച്ചുങ്കംപോലും ചുമത്താതെ റബർ ഇറക്കുമതിക്ക് അനുമതി കൊടുത്ത് ടയർ ലോബിയുടെമാത്രം ഇംഗിതത്തിനു വഴങ്ങുകയാണ് അന്നത്തെ സർക്കാർ ചെയ്തത്. ഇന്നും അതേ നില തുടരുകയും ചെയ്യുന്നു. ഇപ്പോൾ കാർഷികമേഖല കോർപ്പൊറേറ്റുകൾക്കു തീറെഴുതുമ്പോഴും മത്സരക്ഷമതയാണ് ഉയർത്തിക്കാട്ടുന്നത്. എന്നാൽ, നിത്യചൂഷണത്തിലേക്ക് കർഷകരെ തള്ളിവിടുന്നതാകും പുതിയ പരിഷ്കരണങ്ങൾ. സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കാർഷികമേഖലയിൽ സമൂലമായ മാറ്റം വരുത്തുന്ന നിയമം നടപ്പാക്കുമ്പോൾ സംസ്ഥാന സർക്കാരുകളെ നോക്കുകുത്തിയാക്കി. ഫെഡറലിസത്തിന് അന്ത്യം കുറിക്കുന്ന നടപടികൾ അതിവേഗം മുന്നേറുമ്പോൾ ശക്തമാ


www.malankaralibrary.com

യി പ്രതിഷേധിക്കാനാകാതെ പ്രതിപക്ഷവും നിരാശപ്പെടുത്തുകയാണ്.

## കോർപൊറേറ്റുകൾക്കു വഴിയൊരുക്കൽ

വിലത്തകർച്ചയും ലോക്ഡൗണും മൂലം പ്രതിസന്ധിയിലായ കർഷകരെ ചൂഷണത്തിനായി വിട്ടുകൊടുക്കുന്നതിനു തുല്യമാകും പുതിയ നിയമങ്ങൾ. കാർഷികോത്പന്നങ്ങൾ കമ്പനികൾക്കു നേരിട്ടു വിൽക്കാൻ കഴിയുമെന്നും കർഷകർക്കു ഗുണകരമാകുമെന്നുമാണു പ്രധാനമന്ത്രി മോദിയുടെ വാദം. കാർഷികോത്പന്ന വിപണന സമിതികൾക്കു (അഗ്രികൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മിറ്റീസ്-എപിഎംസി) പുറത്ത് ഉത്പന്നങ്ങൾ വിൽക്കാം. വ്യാപക ചൂഷണത്തിനായി കർഷകരെ വിടുന്നതിനു തുല്യമാണു പുതിയ മൂന്നു നിയമനിർമാണങ്ങളും. കാർഷികോത്പന്ന വിപണനം, അവശ്യസാധന നിയമ ഭേദഗതി, വിലയുറപ്പ്-കാർഷിക സേവനങ്ങൾ എന്നീ മൂന്നു ബില്ലുകളും ഫലത്തിൽ കർഷകരെ കോർപൊറേറ്റുകളുടെ അടിമകളാക്കും. റിലയൻസ്, അദാനിയുടെ ബിഗ് ബസാർ, ബിർളയുടെ മോർ പോലെയുള്ള കോർപൊറേറ്റ് കമ്പനികൾക്കു മേധാവിത്വം നൽകാനാണ് നിയമങ്ങളെന്നതും സംശയമില്ല.

പുതിയ നിയമമനുസരിച്ച് നിലവിലുള്ള ചന്തകൾ വ്യാപാരമേഖലയിൽ വരില്ലെന്നതാണു പഞ്ചാബിലെയും ഹരിയാനയിലെയും കർഷകരെ പ്രകോപിപ്പിച്ചത്. വ്യാപാരിയുടെ പുതിയ വ്യാഖ്യാനവും പ്രശ്നമാണ്. മാർക്കറ്റ് ഫീസ് നീക്കുന്ന വ്യവസ്ഥയിലും കർഷകരും കച്ചവടക്കാരും രോഷാകുലരാണ്.

കാർഷികോത്പന്ന വ്യാപാരത്തിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയുമെന്നാണു സർക്കാരിന്റെ വാദം. താങ്ങുവിലകൾ ഫലത്തിൽ അപ്രസക്തമാകും. ചെലവിനുള്ള വരുമാനം പോലും ഇല്ലാതാകുമെന്നതാണു കർഷകരുടെ അനുഭവം. കാർഷികമേഖലയിൽ മത്സരത്തിനു വഴിതെളിക്കുമെന്നു പറയുന്നുണ്ടെങ്കിലും ഏതാനും വൻകിട കൃഷിക്കാർക്കാകും ഗുണം. റബർ തോട്ടങ്ങൾ, കർഷകർ, ചെറുകിട കച്ചവടക്കാർ എന്നിവരിൽനിന്നു ടയർ കമ്പനികൾ നേരിട്ടു റബർ വാങ്ങിയാൽ കർഷകനു ഗുണം കിട്ടില്ലെന്ന ബോധ്യം കേരളത്തിലെ കർഷകർക്കെങ്കിലും അനുഭവമാണ്.

കാർഷിക വിപണികളിലേക്കു വൻകിട കോർപൊറേറ്റുകളുടെ വ്യാപകമായ കടന്നുവരവിന് ഈ നിയമനിർമാണങ്ങൾ വഴിയൊരുക്കും. ഇപ്പോൾത്തന്നെ റിലയൻസിനെപോലെയുള്ള വ്യവസായ ഭീമൻമാർ നമ്മുടെ കാർഷികമേഖലയിലേക്കു കടന്നുവന്നിട്ടുണ്ട്. കർഷകർക്ക് മുൻകൂറായി പണം നൽകി വ്യാപകമായി രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ കരാർ കൃഷികൾ ചെയ്തുവരുന്നുണ്ട്. ഈ നിയമനിർമാണത്തിലൂടെ ഇത്തരം കരാർ കൃഷികൾക്ക് നിയമസാധുത ലഭിക്കുകയും ഭാവിയിൽ ഇത് വ്യാപകമാവുകയും ചെയ്യും.

## വിലക്കയറ്റത്തിനും സാധ്യത

അവശ്യവസ്തു നിയമം ഭേദഗതി ചെയ്യാനുള്ള നീക്കവും വളരെ ആശങ്കകൾ ഉയർത്തുന്നതാണ്. അവശ്യവസ്തു നിയമം മൂലമാണ് പല അവശ്യസാധനങ്ങൾക്കും വിലക്കയറ്റമുണ്ടാകാതെ കമ്പോളത്തിൽ പിടിച്ചുനിർത്തുന്നത്. ഈ നിയമം മാറ്റുന്നതോടെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും വ്യാപകമാകുകയും അവശ്യവസ്തുക്കളുടെ വിലനിയന്ത്രണം സർക്കാരിന് നഷ്ടപ്പെടുകയും ചെയ്യും. ഇതും ഫലത്തിൽ സഹായിക്കുക കുത്തകകളെയായിരിക്കും. സമീപകാലത്തുതന്നെ സവോള, ഭക്ഷ്യ എണ്ണ തുടങ്ങിയ പ്രധാനപ്പെട്ട സാധനങ്ങളെ അവശ്യവസ്തുക്കളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഈ നിയമങ്ങൾ നിഷ്പക്ഷമായി വിലയിരുത്തിയാൽ ഇവ കർഷകകേന്ദ്രീകൃതമല്ല എന്നു വ്യക്തമാകും. ഈ നിയമനിർമാണങ്ങളുടെ ലക്ഷ്യം കാർഷികോത്പന്ന വിപണനമേഖലയുടെ കോർപൊറേറ്റ്‌വത്കരണംതന്നെയാണ്.

## പ്രതിഷേധം അലയടിക്കുന്നു

പാർലമെൻറ് പാസാക്കിയ ഈ ബില്ലുകൾ രാജ്യത്തെ കാർഷികമേഖലയുടെ തകർച്ച പൂർണമാക്കുന്നതാകുമെന്ന് പ്രതിപക്ഷം മാത്രമല്ല ബിജെപിയുടെ സഖ്യകക്ഷികളായ ശിരോമണി അകാലിദളും ജനനായക് ജനതാ പാർട്ടി (ജെജെപി)യും ചൂണ്ടിക്കാട്ടുന്നു. ശക്തമായ എതിർപ്പ് പരസ്യമായി പ്രകടിപ്പിച്ചുകൊണ്ട് അകാലിദളിന്റെ മന്ത്രിയും പാർട്ടി അധ്യക്ഷൻ സുഖ്ബീർ സിംഗ് ബാദലിന്റെ ഭാര്യയുമായ ഹർസിമ്രത് കൗർ രാജിവയ്ക്കുകയും ചെയ്തു. ഹരിയാനയിലെ ബിജെപിയുടെ സഖ്യകക്ഷിയായ ജെജെപിയും ബില്ലിനെതിരെ പരസ്യമായി പ്രതിഷേധിക്കുകയാണ്.

ബില്ലുകൾക്കെതിരേ പഞ്ചാബിലും ഹരിയാനയിലും തുടങ്ങിയ പ്രക്ഷോഭം മറ്റു സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ബില്ലിനുമുന്നോടിയായി ഓർഡിനൻസ് ഇറങ്ങിയതു മുതൽ പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ ദേശീയപാത ഉപരോധിച്ചു പ്രതിഷേധം തുടങ്ങിയിരുന്നു.

## കർഷകരെ ജീവിക്കാൻ സമ്മതിക്കാത്ത സർക്കാരുകൾ

തെരഞ്ഞെടുപ്പുസമയത്ത് മോഹന വാഗ്ദാനങ്ങൾ നൽകി കർഷകരുടെ വോട്ട് വാങ്ങി അധികാരത്തിലെത്തുന്നവർ പിന്നെ കർഷകരെ മറക്കുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. കോവിഡ് പ്രതിസന്ധിയിൽനിന്ന് കരകയറാൻ വിഷമിക്കുന്നതിനിടെയാണ് മലബാറിൽ വനത്തിന്റെ പേരു പറഞ്ഞ് കർഷകരെ കുടിയിറക്കാനുള്ള ശ്രമമാരംഭിച്ചിരിക്കുന്നത്. മലബാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായി കോഴിക്കോട്, വയനാട് ജില്ലകളിലും പരിസ്ഥിതിലോല മേഖലയുടെ പേരിൽ കണ്ണൂർ ജില്ലയിലെ മലയോരമേഖലയിലുമാണ് കുടിയിറക്ക് നീക്കം നടക്കുന്നത്. വന്യജീവി സംരക്ഷണ നിയമവ്യവസ്ഥ പാലിക്കാതെ കുറുക്കുവഴിയിലൂടെ കൊണ്ടുവരുന്ന വന്യജീവി സങ്കേതം യാഥാർഥ്യമായാൽ കോഴിക്കോട്, വയനാട് ജില്ലകളിലെ ചെമ്പനോട്, ചക്കിട്ടപാറ, ചങ്ങരോത്ത്, പേരാമ്പ്ര, കൂരാച്ചുണ്ട്, കാന്തലാട്, പുതുപ്പാടി, കെടവൂർ, കട്ടിപ്പാറ, തരിയോട്, പൊഴുതന, അച്ചൂരാനം, കുന്നത്തുനാട് എന്നീ 13 വില്ലേജുകളിലെ ജനജീവിതം ദുസ്സഹമാകും.

ആറളം വന്യജീവി സങ്കേതത്തിന് ചുറ്റുമായി 10.136 ചതുരശ്ര കിലോമീറ്ററും കൊട്ടിയൂർ വന്യജീവി


www.malankaralibrary.com

## അനുമോദനങ്ങൾ ആശംസകൾ



കോട്ടയം അതിരൂപതയുടെ
നിയുക്ത സഹായമെത്രാൻ
**അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേമിന്**
കാരുണികൻ കുടുംബത്തിന്റെ
അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.


സങ്കേതത്തിന് ചുറ്റുമായി 12.91 കിലോമീറ്ററും പരിസ്ഥിതിലോല മേഖല (ഇഎസ്സെഡ്)യാക്കുന്നതിനുള്ള കരട് വിജ്ഞാപനമാണ് കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയത്. ആറളം വന്യജീവി സങ്കേതത്തിന് ചുറ്റും 100 മീറ്ററാണെങ്കിൽ കൊട്ടിയൂർ വന്യജീവിസങ്കേതത്തിന് ചുറ്റും 2.1കിലോമീറ്റർ വരെയാണ് ജനവാസകേന്ദ്രങ്ങളെ പരിസ്ഥിതിലോലമാക്കിയിരിക്കുന്നത്. 1000ത്തോളം വീടുകളെ നേരിട്ടും 2000ത്തിലധികം പേരുടെ കൃഷിയിടങ്ങളെ പരോക്ഷമായും ഇതു ബാധിക്കും. അമ്പായത്തോട്, പാൽച്ചുരം ടൗണുകളടക്കം ഇല്ലാതാകും. എറണാകുളം മംഗളവനത്തിന്റെ ജനവാസ അതിരിൽ പൂജ്യമാണ് പരിസ്ഥിതലോല മേഖലയാക്കിയിരിക്കുന്നത്. ഇതേ നീതി ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ ജനവാസ അതിരിലും നടപ്പാക്കണമെന്നാണ് ആവശ്യം.

വനാതിർത്തി നിശ്ചയിക്കാൻ സുപ്രീം കോടതി സംസ്ഥാനങ്ങൾക്ക് നൽകിയ അധികാരം ഉപയോഗിച്ച് കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കി ബഫർസോൺ വനാതിർത്തിക്കുള്ളിൽ തന്നെനിലനിർത്തണമെന്നാണ് ജനങ്ങളുടെ ആവശ്യം. ഗാഡ്ഗിൽ, കസ്തൂരിരംഗൻ വിഷയങ്ങളിൽ സംസ്ഥാന സർക്കാർ പുതുതായി നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ 93 വില്ലേജുകളിലെ താമസക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ നിർദേശം അംഗീകരിക്കപ്പെട്ടാൽ തലമുറകളായി കൈവശംവച്ച് കൃഷി ചെയ്തുവരുന്ന പട്ടയഭൂമിയിൽനിന്ന് പതിനായിരക്കണക്കിനു കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന ഗുരുതര സാഹചര്യമുണ്ടാകും.

വനംവകുപ്പിന്റെ അനാസ്ഥയും വന്യമൃഗശല്യവുംകൊണ്ട് കർഷകർ പൊറുതി മുട്ടിയിരിക്കുന്നു. അധ്വാനിച്ചുണ്ടാക്കിയ കാർഷികവിളകൾ വന്യജീവികൾ നശിപ്പിക്കുന്നത് നിസ്സഹായരായി നോക്കി നിൽക്കാനെ കർഷക സമൂഹത്തിന് കഴിയുന്നുള്ളൂ. വിലങ്ങാട്, പുതുപ്പാടി തുടങ്ങിയ പ്രദേശങ്ങളിൽ കൈവശഭൂമിക്ക് കരം സ്വീകരിക്കാതെ, വാസാവകാശം നിഷേധിച്ച് റവന്യൂഭൂമി വനഭൂമിയാക്കാനുള്ള ഗൂഢശ്രമവും നടക്കുന്നു. തലമുറകളായി കൈവശംവച്ച് കൃഷിചെയ്തു താമസിച്ചുവരുന്ന പട്ടയഭൂമിയിൽ നിന്ന് കുടിയിറക്കപ്പെടുമെന്ന ആശങ്ക ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉറക്കംകെടുത്തിയിരിക്കുന്നു. ഇൻഫാമിന്റെ നേതൃത്വത്തിൽ നൂറ് കണക്കിന് സമരങ്ങളും ഉപവാസങ്ങളും ഇതിനായി നടത്തിക്കഴിഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ പല പ്രാവശ്യം നിവേദനങ്ങൾ സമർപ്പിച്ചു.

## പ്രത്യക്ഷസമരത്തിന് ഒരുങ്ങി മലയോരജനത

തങ്ങളുടെ ജീവനും സ്വത്തും നിലനിൽപും സംരക്ഷിക്കാൻ പോരാട്ട വീഥിയിലേക്ക് ഇറങ്ങാനും പ്രത്യക്ഷസമരപരിപാടികളുമായി മുന്നോട്ടുപോകാനും മലയോരജനത നിർബന്ധിതരായിരിക്കുകയാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ മറ്റുള്ള കർഷക സംഘടനകളുമായി സഹകരിച്ച് ശക്തമായ സമരപരിപാടികളിലേക്ക് ഉടനെ നീങ്ങുന്നതാണ്.

കോഴിക്കോട്, വയനാട് ജില്ലകളിലെ കുടിയിറക്കുഭീഷണി നേരിടുന്ന മേഖലയിലെ മുഴുവൻ കർഷകസംഘടനകളും സാമൂഹിക പ്രസ്ഥാനങ്ങളും ഒത്തുചേർന്ന് ഇൻഫാം ദേശീയ രക്ഷാധികാരി ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ പ്രക്ഷോഭപരിപാടികൾക്ക് രൂപം നൽകി കഴിഞ്ഞു.


ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങൾ ബഫർസോൺ എന്ന പേരിൽ പരിസ്ഥിതിലോല മേഖലയാക്കിയുള്ള കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ കരട് വിജ്ഞാപനത്തിനെതിരേ തലശ്ശേരി അതിരൂപതയും സമരത്തിനിറങ്ങുകയാണ്. കരട് പ്രഖ്യാപനം തിരുത്തി ജനവാസകേന്ദ്രങ്ങൾ വരുന്നിടം ബഫർസോൺ സീറോയാക്കി പരിസ്ഥിതിലോലം വനത്തിൽ നിജപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് പ്രക്ഷോഭം. ■


www.malankaralibrary.com



# കോവിഡീയൻ കൃഷിപാഠങ്ങളും യുവതയും

**കാർഷികതകർച്ചയും വിലക്കയറ്റവും തൊഴിലില്ലായ്മയും പെരുപ്പിച്ചുകാട്ടി പ്രശ്നങ്ങളെ പർവ്വതീകരിച്ചുകൊണ്ടിരിക്കുന്ന പതിവു ശൈലികളിൽനിന്ന് യുവത മണ്ണിനോട് പൊരുതാൻ തയ്യാറാകണം. അതോടൊപ്പം ഈ മേഖലയെ കൂച്ചുവിലങ്ങിട്ടിട്ടുള്ള സർക്കാർ നയങ്ങളും മനോഭാവങ്ങളും മാറ്റിമറിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.**



**ജോസ് പള്ളത്ത്**
മുൻ ഏഷ്യൻ പ്രതിനിധി,
MIJARC
(അന്താരാഷ്ട്ര
കാർഷികയുവജനസംഘടന)

കേരളത്തിന്റെ കാർഷികം അല്പം കരാളമാണിന്ന്. കാർഷികവൃത്തി അത്രയേറെയൊന്നും വൃത്തിയുള്ളതല്ലെന്ന് വന്നിരിക്കുന്നു. 10,000 വർഷം കഴിഞ്ഞിരിക്കുന്നു മനുഷ്യൻ കൃഷിതുടങ്ങിയിട്ട്. അപ്പോൾ, കൃഷിതന്നെ പ്രകൃതിവിരുദ്ധമെന്ന് ചിലർ. കൃഷിയിൽ ചിലതൊക്കെ പ്രകൃതിവിരുദ്ധമെന്ന് മറ്റുചിലർ. എങ്കിൽ ശരി, മണ്ണില്ലാതെതന്നെ കൃഷിചെയ്യാനാകുമോയെന്ന് നോക്കട്ടെയെന്ന് വേറെ ചിലർ.

ഇന്ത്യയിൽ 65 കോടിയിലേറെ കർഷകരുണ്ട്. 2016–17 ലെ നബാർഡ് സർവേ പ്രകാരം പഞ്ചാബിലെ കർഷകന്റെ ശരാശരി മാസവരുമാനം 23,133 രൂപയാണ്. ഹരിയാനയിലത് 18,496 രൂപ. കേരളത്തിൽ 16,927 രൂപ മാത്രവും. കോവിഡ് ഈ ഗ്രാഫിനെയും വലിച്ചുതാഴ്ത്തിയിട്ടുണ്ടാകണം. ഞെട്ടിക്കുന്ന മറ്റൊരു കണക്ക് കൂടിയുണ്ട്. കഴിഞ്ഞ 25 വർഷത്തിനിടയിൽ ഇന്ത്യയിൽ ആത്മഹത്യചെയ്ത കർഷകർ 4 കോടി വരുമത്രെ. കേരളത്തിലത് 26,876.

ഭരണാധികാരികളും നയകോവിദന്മാരും വാണിജ്യ–വ്യവസായ പ്രഭുക്കളും തുറന്ന ജയിലാണിന്ന് കൃഷിയിടം. വിളത്തകർച്ച (രോഗങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം, വെട്ടുകിളിവരെ), വിലത്തകർച്ച (വിലസ്ഥിരതയില്ല, ചൂഷണം, അമിതോത്പാദനം), ഉത്പാദനമാന്ദ്യം, അശാസ്ത്രീയ കൃഷി, കാലാവസ്ഥ വ്യതിയാനം, കൂലിവർധന, തൊഴിലാളികളുടെ അലഭ്യത, കടക്കെണി, മികച്ചവയും പരമ്പരാഗതവുമായ വിത്തുകളുടെ അഭാവം, അലറിനില്ക്കുന്ന വന്യമൃഗശല്യം, അസംഘടിതത്വം, ഗവേഷണ–പ്രതിരോധ സംവിധാനങ്ങളുടെ മുരടിപ്പ്, പിന്തുടർച്ചക്കാരില്ലായ്മ– കൂമ്പടഞ്ഞ് നിൽക്കുകയാണ് കേരളകൃഷിയിടം.

## കടയ്ക്കൽ നനച്ചാൽ തലയ്ക്കൽ പൊടിക്കും

കർഷക ദുരിതങ്ങളുടെ നുകക്കനം താങ്ങിയുയർത്താൻ ഇനി കരുത്തുള്ളത് യുവത്വത്തിന് മാത്രമാണ്. യുവത്വത്തിന് സംഘാതശക്തിയുടെ ബലമറിയാം. വടംപിടിക്കാൻ അവർക്കെപ്പോഴും കരുത്തുണ്ട്. ഉത്പന്നങ്ങൾക്ക് ന്യായവിലയില്ലെങ്കിൽ മൂല്യവർധിതമാക്കാനും ബ്രാൻഡ് ചെയ്യാനും അവർക്കാകും. അപ്പോഴേ ശരിക്കുമുള്ള വയനാടൻ കോഫിയും ഇടുക്കി (ഗോൾഡല്ല) ടീയും കൊച്ചി കൊഞ്ചും വരികയുള്ളൂ. കരുത്തിനെ ഭാവനകൊണ്ട് നൂറ്റൊന്നാവർത്തിച്ചാൽ അത്ഭുകരമാകും ഫലം. സ്വന്തം മീൻകുളങ്ങൾക്കരികിൽനിന്ന് എന്റെ യുവസുഹൃത്തുക്കൾ പങ്കുവച്ചതതാണ്. അവരുടെ കുളത്തിൽനിന്ന് മീൻപിടിച്ചുകൊടുത്താൽ കിലോയ്ക്ക് 200/– രൂപവച്ചുകിട്ടും. അവർ നയമൊന്ന് മാറ്റി. മീൻകുളത്തിനരികിൽ കുറച്ച് ചെടികളും കൗതുകവസ്തുക്കളും ഒരു പെട്ടിക്കടയുമിട്ട് അത് ടൂറിസ്റ്റ് സ്പോട്ടാക്കി. ചെറിയൊരു പ്രവേശന പാസും വച്ചു. ആവശ്യക്കാർക്ക് ചൂണ്ടയും ഇരയും നൽകി. ചൂണ്ടയിട്ട് മീൻപിടിച്ചാൽ കിലോയ്ക്ക് 250/– രൂപ. 50/–രൂപ കൂടുതൽ കൊടുത്താലും മീൻപിടിക്കുന്നതിന്റെ സന്തോഷം അളവറ്റതാണല്ലോ എന്ന് ചിരി. കുറേപ്പേർക്കുകൂടി തൊഴിലുമായി. കോവിഡ് പെയ്ത് തീരുമ്പോൾ വീണ്ടും തുറക്കാനാകും സൂത്രത്തിൽ പൂട്ടിയ ഈ കട(വു)കൾ.

## തൊഴുതുണ്ണുന്നതിലും നന്ന് ഉഴുതുണ്ണുന്നത്

കൃഷിയാണ് ഏറ്റവും ക്രിയാത്മകമായ സർഗാത്മകത. ലോകത്തിലെ ഏറ്റവും വലിയ ഉത്പാദകനും കർഷകനാണ്. ഇന്നോളം അന്തര്യാമിയായി അവനനുഭവിച്ച സ്വാതന്ത്ര്യവും അനൽപ്പമാണ്. യുവത്വം കൃഷിയിലേക്കെത്തിയാൽ ഇതെല്ലാം ശതഗുണീഭവിക്കപ്പെടും. സംഭരണ–വിതരണ– വിപണനരീതികളിൽ മാത്രമല്ല മഴമറക്കൃഷി (Poly House Faming) അടക്കമുള്ള



www.malankaralibrary.com



കൃഷിരീതികളിലും അവർക്ക് എളുപ്പത്തിൽ കൈവയ്ക്കാനാകും. പരമ്പരാഗത കൃഷിക്കൊപ്പം ശാസ്ത്രീയരീതികളും സംയോജിപ്പിച്ച് മുന്നേറാനാകും. ഗൂഗിളും ഓൺലൈൻ മാർക്കറ്റുകളും വെർച്ച്വൽ ലോകത്തിന്റെ സാധ്യതകളിലേക്ക് പാടങ്ങളെ കൂട്ടിക്കൊണ്ടുപോകും.മരുന്നും വളവും വിത്തും വാങ്ങാൻ വിക്കീപിടി (ക)യ തുറന്നാൽ മതിയല്ലൊ. നിലവിൽ വളപ്രയോഗം തീരുമാനിക്കുന്നത് രാസവളം കച്ചവടക്കാരാണല്ലോ.

## വിത്തുകുത്തി ഉണ്ണരുത്

ഇന്ന് ഇന്ത്യയിലെ 100 അതിസമ്പന്നരുടെ ആസ്തി 42 ലക്ഷംകോടി രൂപയാണ്. അപ്പോഴാണ് കുറച്ചു വർഷങ്ങൾക്കപ്പുറത്ത് കർഷകരുടെ 70,000 കോടി എഴുതിതള്ളിയതിനെപ്പറ്റി നാം ഇപ്പോഴും മേനി പറയുന്നത്. കാർഷിക കടത്തിന്റെ കൂട്ടുപലിശച്ചുറ്റിൽ കുടുങ്ങി മരിച്ചവരുടെ പടങ്ങൾ ഓരോ ദിവസവും പത്രത്തിൽ കാണാം. ഇവിടെ കർഷക സൗഹൃദ നയങ്ങൾക്കു വേണ്ടി അതിശക്തമായ ലോബിയിംഗ് ആവശ്യമുണ്ട്. യുവതയുടെ കാർഷിക മുന്നേറ്റത്തിന് മാത്രമേ ഇനി അത് നേടാനാകൂ. നാടിനെ മികച്ച കാർഷികോപകരണങ്ങളും ലബോറട്ടറികളും ഗവേഷണഫലങ്ങളും പരിചയപ്പെടുത്താനും നമ്മുടെ യുവാക്കൾ തയ്യാറാകണം. അവശ്യവിളകൾക്ക് ഉത്പാദനച്ചെലവും ഉപജീവനവുമായി ബന്ധപ്പെടുത്തി അടിസ്ഥാനവില നിശ്ചയിക്കണം. ഇൻഷുറൻസ്, താങ്ങുവില, സബ്സിഡി, നഷ്ടപരിഹാരം എന്നിവ ഉറപ്പാക്കാനാകണം. കേരളവനാതിർത്തികൾ മനുഷ്യ–വന്യജീവി സംഘർഷത്തിന്റെ കോളോസിയങ്ങളായിട്ട് നാളേറെയായി. നിയമങ്ങൾ മൃഗാനുകൂലമാണ്; പരിസ്ഥിതി മൗലീകവാദികളും. പരിഹാരങ്ങൾ തീർച്ചയായും ഉണ്ട്. അവഗണനയും അനാസ്ഥയുമാണ് പ്രശ്നം രൂക്ഷമാക്കുന്നത്. മറ്റൊരാൾക്കുണ്ണാനായി ഉരുക്കൂട്ടുന്ന കൃഷി സംരക്ഷിക്കാൻ കർഷകർ കൃഷിയിടങ്ങൾക്കുചുറ്റും ഒരുക്കുന്ന സുരക്ഷാസംവിധാനങ്ങളിൽ മൃഗങ്ങൾപെട്ടാൽ കേസെടുക്കുന്ന രീതി കർഷക വിരുദ്ധമാണ്. കാർഷിക വിളകൾ, സ്വത്ത്, വളർത്തുമൃഗങ്ങൾ, മനുഷ്യർ എന്നിവർക്ക് പ്രത്യേകം ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തി വനംവകുപ്പ് പ്രീമിയം അടയ്ക്കുകയാണ് വേണ്ടത്.

## ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു

പരിസ്ഥിതി നിയമങ്ങളുടെ കോന്ത്രമ്പല്ലുകളിലേക്ക് കർഷകനെ എറിയുന്നതിനെതിരെ അടരാടണം. ഒന്നരലക്ഷം ചതുരശ്രമീറ്ററിൽ (37 ഏക്കർ) വ്യവസായം തുടങ്ങാൻ പരിസ്ഥിതി ആഘാത നിർണയം വേണ്ടത്രെ! പക്ഷെ, കൃഷിക്കാരൻ വനാതിർത്തിയിൽ ഒരു കിലോമീറ്ററിനുള്ളിൽ (ബഫർസോൺ) കിളക്കരുത് എന്നിടത്തേക്ക് കാര്യങ്ങളെത്തുന്നു. യുവത്വം കണ്ണ് തുറന്നിരിക്കണം. കൃഷിതാൽപര്യമില്ലാത്തവർ റിയൽ എസ്റ്റേറ്റ്– ബിനാമി താൽപര്യങ്ങൾക്കായി ഭൂമി വാങ്ങിക്കൂട്ടുന്നതും ശ്രദ്ധിക്കണം.

കഴിഞ്ഞദിവസം കേന്ദ്രസർക്കാർ കൊണ്ടുവന്ന 3 നിയമങ്ങളിൽ, കമ്പനികളുമായി കരാർ കൃഷിയിലേർപ്പെടാൻ കർഷകരെ സജ്ജരാക്കുന്ന നിയമം ഒരേസമയം അവസരമായും ആശങ്കയായും മുമ്പിലുണ്ട്. എന്തായാലും ലാഭംമാത്രം മുദ്രാവാക്യമായ കോർപൊറേറ്റുകൾക്ക് അടിയിലമരാതിരിക്കാൻ ഏറെ ജാഗ്രതവേണം. അതിവിടെ വിതരണം ചെയ്യേണ്ടതും യുവത്വമാണ്. പുഴുതിന്ന വിള മഴുകൊണ്ട്തന്നെ കൊയ്യണം.

## വിത്താഴം ചെന്നാൽ പത്തായം നിറയും

സർക്കാരും N.G.O.കളും മറ്റ് ഏജൻസികളും യുവാക്കളുടെ വിശ്വാസം നേടേണം. അതിന് ചിങ്ങം ഒന്നിലെ വാചോടാപവും പൊന്നാടയും മാത്രം പോരാ. കൃഷിക്കാരന് മാന്യത വേണം. എല്ലാ കർഷകർക്കും പെൻഷൻ ഉറപ്പാക്കണം. കൃഷിക്കാരനും സർക്കാരും ചേർന്നുള്ള കോൺട്രിബ്യൂട്ടറി പെൻഷനുചിതമാണ്. കൃഷി ഓഫീസുകൾ കർഷക സൗഹൃദമാകണം. ശാസ്ത്രീയവും ഹ്രസ്വകാലാധിഷ്ഠിതവുമായ കാർഷികപരിശീലന കോഴ്സുകൾ ആരംഭിച്ച് യുവതലമുറയെ പ്രൊഫഷണലായ കാർഷികവൃത്തിയിലേക്ക് കൈപിടിക്കണം. മറക്കരുത്; സുഭിക്ഷകേരളമേ സുരക്ഷിതകേരളമാകൂ. കാവൽനിൽക്കേണ്ടത് യുവത്വമാകണം.

## തൊണ്ണൂറ് ചാലുഴുതാൽ വെണ്ണീറ് വേണ്ട

മുണ്ടകൻപാടത്തെ നാതൻകുഞ്ഞിനെപ്പറ്റി പാടിപ്പതിഞ്ഞ നാടൻപാട്ടിലെ അവസാന വരിപോലെയാണ് നിലവിൽ കർഷകന്റെ തലക്കുറി "എന്റെ വിധിപോലെ ഞാൻ കഴിയും." ലോകത്തിലെ എട്ടാമത്തെ അത്ഭുതമിതാണ്– കർഷകൻ എങ്ങനെയാണപ്പാ കഴിഞ്ഞുകൂടുന്നത്?


കൊറോണയും ലോക്ഡൗണും പകർന്ന കൃഷിപാഠങ്ങൾ ചേർത്തുപിടിച്ച്നമുക്ക് ഉത്തരമാകാനാകണം. തൊഴിൽ നഷ്ടപ്പെട്ടവരും തിരിച്ചെത്തിയ പ്രവാസികളും. കൃഷി ഒരവസരമായി കാണണം. പ്ലാവിൻചുവട്ടിൽ നാം ചീയാനുപേക്ഷിക്കാറുള്ള ചക്കയ്ക്കുപോലും ഇത്തവണ 10 രൂപവച്ച് കിലോയ്ക്ക് കിട്ടി. റബ്ബർവെട്ടി പ്ലാവുവച്ചു ചിലർ. മാങ്ങയും ഓറഞ്ചും ആപ്പിളും മുന്തിരിയും മാത്രമല്ല റമ്പൂട്ടാനും ഡ്രാഗൺഫ്രൂട്ടും ദുരിയാനും മാങ്കോസ്റ്റിനും അവക്കാഡോയുമെല്ലാം കൃഷിചെയ്യാനുള്ള അനുകൂലകാലാവസ്ഥ ഇന്ത്യയുടെ ആകെ വിസ്തൃതിയിൽ 2% ഭാഗത്തേയുള്ളുവത്രെ. ആ 2% ഏറെക്കുറെ കേരളത്തിലും കേരളത്തോട് ചേരുന്ന കർണ്ണാടക ഭാഗങ്ങളിലുമാണത്രേ.

ഇതെല്ലാം പഠിക്കാനും പറയാനും നമ്മുടെ ചെറുപ്പക്കാർക്കാകണം. പ്രപ്ര പ്ര...പ്രശ്നം എന്ന് നമ്മൾ വിക്കുന്നുണ്ട്. പ്രബോധിപ്പിച്ചും പ്രസ്ഥാനങ്ങൾ രൂപീകരിച്ചും പ്രതികരിച്ചും പ്രതിനവമായി പ്രവർത്തിച്ചും നമുക്കത് പൂരിപ്പിക്കാനാകണം. ഹരിതാഭയുടെ കൊടിപ്പടം ഇനി യുവത്വമെടുക്കട്ടെ. ■


www.malankaralibrary.com

# സഹജീവന സംസ്കൃതി


**മണ്ണിൽ അധ്വാനിക്കുന്ന കർഷകന് ഇന്ന് ഒരിടത്തുനിന്നും അംഗീകാരമോ ആദരവോ ലഭിക്കുന്നില്ല. വായ്പയെടുത്തും പ്രകൃതിദുരന്തങ്ങളെ അതിജീവിച്ചും വിളയൊരുക്കുന്ന ഇവർക്കു ലഭിക്കുന്നത് അവഗണനമാത്രം. അതിജീവനത്തിനായുള്ള കർഷകന്റെ പോരോട്ടത്തിന് അവസാനമുണ്ടാകേണ്ടിയിരിക്കുന്നു. പാരമ്പര്യകൃഷിയിലൂടെ വിളയൊരുക്കി വിയർപ്പൊഴുക്കുന്നവർ കാത്തിരിക്കുകയാണ് ആദരവിന്റെ, അംഗീകാരത്തിന്റെ പുലർകാലത്തിനായി. സഹജീവനത്തിന്റെ സ്വപ്നസാക്ഷാത്കാര യാഥാർത്ഥ്യങ്ങളിലേക്ക് ഒരു എത്തിനോട്ടം.**



ഫാ. രാജേഷ് പുഞ്ചത്തലയ്ക്കൽ SJ
അസോസിയേറ്റ് ഡയറക്ടർ, സംസ്കൃതി

വടക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന ചരക്ക് പച്ചക്കറിവിളകളുടെ ഇരമ്പം നിലച്ചാൽ പശ്ചിമഘട്ടത്തിന്റെ ശീതളതണലിൽവസിക്കുന്ന മലയാളിക്ക് വിശക്കും. ഉത്പാദകരിൽ നിന്ന് ഉപഭോക്താവിലേക്ക് നടന്നുനീങ്ങാൻ വിന്ധ്യന്റെ മക്കളെടുത്തത് ഒരു പുരുഷായുസ്സിൽ താഴെയുള്ള സമയം. 'ആശയങ്ങൾക്ക് ആമാശയം നിറക്കാൻ ആവില്ല മാഷേ' എന്ന കർഷകന്റെ തേങ്ങൽ ആരുകേൾക്കാൻ. 'പഠിച്ചുരക്ഷപെടാൻ' കാർഷിക സംസ്കാരത്തിന്റെ പുതുതലമുറയെ ഉപദേശിച്ച കർഷകതലമുറ തിരിച്ചറിഞ്ഞത് അതിജീവനത്തിന്റെ വെളിപാടുകളായിരുന്നു. മാറിമാറിഭരിച്ച അധികാരവൃന്ദങ്ങളുടെ ചവിട്ടേറ്റ് പാതാളത്തോളം താഴ്ന്ന കർഷകസംസ്കാരത്തിന്റെ വിമോചനമായിരുന്നു 'ഈ രക്ഷപെടൽ'. ഇന്നത്തെ ഉപഭോക്തൃ കാർഷികസംസ്കാരത്തിന്റെ ഉപഉത്പന്നങ്ങളായ അർബുദങ്ങളും മറ്റുമഹാവ്യാധികളും മലയാളിയുടെ നിലനിൽപ്പിനെത്തന്നെ പിടിച്ചുകുലുക്കുമ്പോൾ പ്രകൃതികേന്ദ്രീകൃതമായ ഒരു സഹജീവനത്തിന്റെ ആവശ്യം മുറവിളിയായി ഉയരുമ്പോൾ അവിടെയും കർഷകരക്തം കുടിച്ച് ഉന്മാദിക്കുന്ന സ്വാർത്ഥവ്യാപാരികളുടെ വ്യവഹാര ഭൂമികയായി നമ്മുടെനാട് നിലകൊള്ളുന്നു.

മൂന്ന് നാല് പതിറ്റാണ്ടുകളുടെ പിറകിൽ കർഷകസംസ്കാരം സിരകളിൽ നിറഞ്ഞിരുന്ന കുടുംബത്തിന് 16 പറകണ്ടം ഒരു ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. പശുക്കളും കാളകളും ആടുകളും എല്ലാം ഒരുമിച്ചിരുന്ന ഒരു സഹജീവനത്തിന്റെ കൃഷിരീതിയിലേക്ക് 80കളിൽ കടന്നുവന്ന നൂതനകൃഷിവരുത്തിയ പരിണത ഫലങ്ങൾ വ്യക്തമായിരുന്നു. തവളകളും തുമ്പികളും പാമ്പും ഓന്തും അരണയും പക്ഷിജാലങ്ങളും മണ്ണിരകളും മീനും പഴുതാരയുമൊക്കെ ചേർന്ന് കൃഷിയിലെ കീടങ്ങളെ നിയന്ത്രിച്ചു. മണ്ണിന്റെ ഊർവരത നിലനിർത്തി. ഞാറ്റുവേലകളുടെ കണക്കും കാറ്റിന്റെയും കാർമേഘത്തിന്റെയും ഒഴുക്കും തിരിച്ചറിഞ്ഞ സഹജീവനത്തിന്റെ കൃഷിരീതികളായിരുന്നു മണ്ണിന്റെ ഊർവരത നിലനിർത്തിയിരുന്നത്. തോടുകളിലെയും ചാലുകളിലെയും മത്സ്യസമൃദ്ധിയും ധാരാളം ഇലച്ചെടികളും കിഴങ്ങുകളും മനുഷ്യന്റെയും മൃഗങ്ങളുടെയും പട്ടിണിയെ തടയുന്നതിന് ഏറെ സഹായിച്ചു. എന്നാൽ, ലാഭകേന്ദ്രീകൃതമായ കാർഷികവിപ്ലവത്തിന്റെ തേരിൽ വിരുന്നെത്തിയ വിത്തുകളും രാസവളങ്ങളും കളനാശിനികളും കീടനാശിനികളും മണ്ണിന്റെ ഉർവരതയെ പാടെ നശിപ്പിച്ചു. ധാരാളമുണ്ടായിരുന്ന വരാൽ, മൂഷി എന്നിവപോലെയുള്ള ശുദ്ധജല മത്സ്യങ്ങൾ കാൻസർപോലെയുള്ള വ്രണങ്ങൾ ബാധിച്ച് അഴുകിത്തീരുന്നത് വേദനയോടെ നോക്കിനിന്ന ഒരു കൗമാരം എനിക്കുണ്ടായിരുന്നു. 'കൃഷി നഷ്ടമാണ്, പഠിച്ചുരക്ഷപ്പെടുക' എന്ന ശരാശരി മലയാളിയുടെ അനുഭവത്തിനു മുമ്പിൽ ഞാനും പകച്ചുനിന്നു. അവസാനം ഊഷരമായ തരിശിട്ട പുഞ്ചപ്പാടത്തുനിന്ന് നെൽകൃഷി കുടിയിറക്കപ്പെടുകയായിരുന്നു.





www.malankaralibrary.com

നീണ്ട നാലുപതിറ്റാണ്ടുകളുടെ അന്വേഷണങ്ങൾക്കൊടുവിൽ എത്തിച്ചേർന്ന കർമഭൂമി പട്ടുവം എന്ന പ്രകൃതിമനോഹരമായ ഗ്രാമത്തിൽ ഈശോസഭ പ്രകൃതിസംരക്ഷണ സന്ദേശങ്ങൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കാനാരംഭിച്ച സഹജീവനം എന്ന പ്രസ്ഥാനത്തിലായിരുന്നു. പയസ്വിനി പുഴയുടെ കരയിൽ ഏഴുമലകളുടെ മടിയിൽ ചതുപ്പും വയലുമായി പച്ചപുതച്ചു കിടക്കുന്ന മുതുകുടയിലെ പാലമൃതില്ലം എന്ന 400 വർഷംപഴക്കമുള്ള പുരാതനമായ രണ്ടു നില എട്ടുകെട്ടായ ഇല്ലം കേന്ദ്രീകൃതമായി പ്രവർത്തനം ആരംഭിക്കുമ്പോൾ എനിക്ക് നഷ്ടമായ നാട്ടുവഴികളും വയലുകളും എന്റെ ജീവിതത്തിന്റെ പച്ചപ്പായി മാറുകയായിരുന്നു. ഇനിയും ഇവിടെ പച്ചപ്പ് ബാക്കിയുള്ള കുളങ്ങൾ അവിടെ വെള്ളച്ചാട്ടത്തിൽനിന്നും തല നീട്ടുന്ന ആമകളും വരാലുകളും മൂഷികളുമെല്ലാം നാലുപതിറ്റാണ്ട് പിറകിലേക്ക് കൊണ്ടുപോകുകയായിരുന്നു.

1984-ൽ ഇവിടെ രൂപംകൊണ്ട കർഷകസംഘം ഒന്നുചേർന്ന് തീരുമാനിച്ചു; പരമ്പരാഗതമല്ലാത്ത കൃഷിരീതികൾ തങ്ങൾക്കുവേണ്ടായെന്ന്. പരമ്പരാഗതകൃഷിരീതികളാണ് ഞങ്ങൾ മുറുകെപിടിക്കുന്നത്. അതേ, ലാഭകേന്ദ്രീകൃതമായ കൃഷിയിൽനിന്നും മുഖം തിരിച്ച ഈ മണ്ണിന്റെ ഊർവരതയിൽ ഒരു സഹജീവനത്തിന്റെ വെള്ളിവെളിച്ചം ഞാൻ കണ്ടു. അവർ അതിജീവിക്കുന്നു. സഹജീവനത്തിന്റെ സന്ദേശം പുതുതലമുറയ്ക്ക് ജീവിതത്തിലൂടെ പകർന്നുകൊടുത്തുകൊണ്ട് ഞാനും. സഹജീവനത്തിന്റെ ഒരു പുലരി സ്വപ്നം കണ്ടുകൊണ്ട് ഇനിയും നമുക്ക് ബാക്കിയുള്ള പച്ചപ്പിന് കാവൽനിൽക്കാൻ പുതിയതലമുറ ഒരുങ്ങുന്നത് പ്രതീക്ഷയോടെ സഹജീവനം കാത്തിരിക്കുന്നു. അതേ അപ്പംതിന്ന് വിശപ്പടക്കിയവനെ ആത്മീയതയുടെ സുവിശേഷം ഗ്രഹിക്കാനാവൂ എന്ന് പ്രകൃതിയാകുന്ന സുവിശേഷത്തിലൂടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുമ്പോൾ, ഒരു ദിവസം മണ്ണിൽ അധ്വാനിക്കുന്നവനെ ആദരിക്കുന്ന സഹജീവനത്തിന്റെ സംസ്കൃതി ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. ■




www.malankaralibrary.com

# ആഹാരശൈലികൾ രോഗകാരണങ്ങളോ?

**രാജ്യത്ത് കോവിഡ് വ്യാപനം ഭീതിതമായിക്കൊണ്ടിരിക്കുമ്പോൾ ഭരണരംഗത്തുള്ളവരും ആരോഗ്യപ്രവർത്തകരും സാമാന്യജനതയും ആശങ്കയിലാണ്. എന്നാൽ കോവിഡുമൂലമുള്ള മരണത്തേക്കാൾ പതിന്മടങ്ങ് ജീവൻ കാൻസർമുഖാന്തിരം പ്രതിദിനം അപഹരിക്കപ്പെടുന്നുണ്ട്. ഇതൊരു പതിവുസംഭവമായതിനാലാവാം, അതിന്റെ കണക്കെടുപ്പുകളൊന്നും നടക്കുന്നില്ല. ഇതിന്റെ പ്രധാന കാരണം നമ്മുടെ ജീവിതശൈലിയിൽവന്ന മാറ്റങ്ങളാണ്. ജീവിതശൈലിയിൽ ഉണ്ടാകേണ്ട മാറ്റത്തെക്കുറിച്ച് പ്രശസ്ത കാൻസർ ചികിത്സാവിദഗ്ധൻ വിലയിരുത്തുന്നു.**



**ഡോ. തോമസ് വർഗീസ്**
സീനിയർ കൺസൾട്ടന്റ്,
സർജിക്കൽ ഓങ്കോളജി
റിനൈ മെഡിസിറ്റി

കാൻസർ ഇന്ന് ആഗോളീകരിക്കപ്പെട്ട ഒരു രോഗമായി മാറിക്കഴിഞ്ഞു. ഇതെങ്ങിനെ വർധിച്ചുവെന്ന് ചിന്തിക്കാൻ നാം മെനക്കെടാറില്ല. പ്രാഥമികമായി വിലയിരുത്തിയാൽ, ജീവിതരീതിയിൽവന്ന വ്യതിയാനങ്ങളും. നമ്മുടെ അലസമായ ജീവിതചര്യയുമാണതിന്റെ കാരണമെന്ന് ബോധ്യപ്പെടും. അതായത് നമ്മുടെ അമിതഭക്ഷണരീതികളും വ്യായാമക്കുറവും അർബുദരോഗം പടരുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

പൊടുന്നനെ മുന്നിൽകാണുന്ന അപകടങ്ങളും രോഗഭീഷണിയും മരണവുമാണ് നമ്മെ ഭയപ്പെടുത്തുന്നതും ഭീതിയിലാഴ്ത്തുന്നതും. ചൈനയിലും ഇറ്റലിയിലുമൊക്കെ കൊറോണ വൈറസ് വ്യാപനമുണ്ടായപ്പോൾ നമുക്കത് ഒരു വാർത്ത മാത്രമായിരുന്നു. പൊടുന്നനെ നമ്മുടെ നാട്ടിലും ഇത് ബാധകമായപ്പോഴാണ് നമുക്ക് അമ്പരപ്പും ഭയപ്പാടും ഉണ്ടായത്. 40 വർഷങ്ങൾക്കുമുമ്പ് കാൻസർ എന്ന പദവും രോഗികളും നമുക്ക് അന്യമായിരുന്നു. കാരണം, അപൂർവമായേ ഒരു കാൻസർ രോഗിയെ കണ്ടെത്താൻ കഴിയുമായിരുന്നുള്ളൂ. അതിനാൽ ഈ വാക്കുതന്നെ നമുക്കതിശയമായിരുന്നു. ഇന്നിത് ഒരു പൊതുരോഗവും പൊതുനാമവുമായിമാറിയിരിക്കുന്നു.

## ജീവിതവ്യതിയാനം

കേരളത്തിൽ ജനിച്ചുവളരുന്ന പുതുതലമുറ പഠനത്തിനും ഉദ്യോഗത്തിനുമായി ഇവിടെനിന്നും വ്യത്യസ്തമായ സംസ്കാരത്തിലേക്കും നഗരങ്ങളിലേക്കും പറിച്ചുനടപ്പെടുന്നു. വിദേശരാജ്യങ്ങളിലേക്കാണ് കുടിയേറുന്നതെങ്കിൽ ഇവർ നാട്ടിലേക്ക് വരാൻ തയ്യാറാകാറില്ല. കാരണം, ഇവരിൽ ഒരു ജീവിതവ്യതിയാനം സംഭവിച്ചുകഴിഞ്ഞു.

പണ്ടുകാലങ്ങളിൽ പ്രഭാതത്തിൽ ഉണർന്ന് പൊതിച്ചോറുമായി ഭാര്യയും ഭർത്താവും പാടത്തേക്കുപോയി അധ്വാനിച്ച് വിയർപ്പൊഴുക്കി പണിയെടുക്കുമായിരുന്നു. ബൈബിളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുന്നവരായിരുന്നവർ. ഇന്ന് ഇത്തരം അധ്വാനത്തിന് പുതുതലമുറ സന്നദ്ധരല്ല. അവർക്ക് വൈറ്റ്കോളർ ജോലി മാത്രം മതി. ഇതിന്റെ പാർശ്വഫലമെന്നത്, ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്ക് ചേക്കേറുന്നവർ പാശ്ചാത്യശൈലിക്കടിമകളാകുന്നു. അവരുടെ ഭക്ഷണക്രമങ്ങളിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്നു. ഭക്ഷണശൈലിയിലുണ്ടായ പാശ്ചാത്യവത്ക്കരണം രോഗസാധ്യതകൾ വർധിപ്പിച്ചു. മൊത്തത്തിൽ ജീവിതവ്യതിയാനത്തിന് ഇവർ വിധേയരാകുന്നു. മനുഷ്യരിൽ വ്യാപിക്കുന്ന കാൻസറിന്റെ 60% കാരണവും ഭക്ഷണക്രമത്തിൽവരുന്ന മാറ്റങ്ങളിൽനിന്നാണ്.

മറ്റൊന്ന് നമ്മുടെ വ്യായാമമുറകളുടെ അഭാവംകൊണ്ട് നിരവധിപേർ രോഗസംക്രമണത്തിനടിമകളാകുന്നുണ്ട്. നമ്മുടെ ജനസംഖ്യയുടെ ഭൂരിഭാഗവും അരമണിക്കൂർ പ്രഭാതസവാരിപോലും നടത്താൻ കൂട്ടാക്കാത്തവരാ



www.malankaralibrary.com



ണ്. ജോലി, പ്രവർത്തനങ്ങൾ, ഭക്ഷണ രീതികൾ ഇതൊക്കെ പുതിയൊരു ശൈലിയിലേക്ക് മാറ്റപ്പെടുമ്പോൾ പൂർണമായും വ്യക്തി നഗരവത്ക്കരണത്തിന്റെ ഉല്പന്നമായി മാറുന്നു. പാശ്ചാത്യഭക്ഷണരീതികളോട് അമിത പ്രിയരാകുമ്പോൾ പച്ചക്കറികളും ഇലവർഗങ്ങളുമൊക്കെ നമ്മുടെ ഭക്ഷണ രീതികളിൽനിന്ന് അപ്രത്യക്ഷമാകുന്നു. ഹൈഎനർജി ഫുഡിനോട് അമിത താൽപര്യവും ആ ഒരു ശൈലിയോട് അമിത ഭ്രമവുമുണ്ടാകുന്നു. ഇതിന്റെ ഫലമായി ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരുരീതിയിൽ ഭക്ഷണത്തിലൂടെ തന്നെ കാൻസർ രോഗത്തിന് അടിമകളാകുന്നു.

## ഭക്ഷണത്തോടുള്ള അമിതപ്രിയം

ആഹാരരീതി ജീവിതശൈലിയുടെ ഒരു ഭാഗമാണ്. ഭക്ഷണപദാർത്ഥങ്ങളും കാൻസറുമായി എന്തുബന്ധം എന്ന ചോദ്യം പരക്കേ ഉയർന്നുകേൾക്കുന്നതാണ്. കാൻസറുമായി ബന്ധപ്പെട്ടവരെയൊ കാൻസർ രോഗികളെ തന്നെയൊ നാം കണ്ടുമുട്ടുമ്പോൾ അവരോട് ആദ്യം ചോദിക്കുന്നത് രോഗവിവരണങ്ങളേക്കാളുപരിയായി ഇപ്പോൾ എന്തൊക്കെയാണ് കഴിക്കുന്നതെന്നാണ്. കാൻസർ രോഗിയും ഡോക്ടറോട് ആദ്യം ചോദിക്കുന്നതും ഇനിയെന്തൊക്കെ കഴിക്കാമെന്നാണ്. നാം കഴിക്കേണ്ടിയിരുന്ന ഭക്ഷണങ്ങൾ കഴിക്കാതെ ഹൈഎനർജി ഭക്ഷണങ്ങൾ കഴിച്ചതുകൊണ്ട് സ്ഥൂലത വർധിക്കുകയും പിന്നീട് ഭക്ഷണംതന്നെ കഴിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു.

ജീവിതശൈലി വ്യതിയാനത്തിലൂടെ 40 വയസ്സാകുമ്പോൾതന്നെ ഒരു വ്യക്തിക്ക് ഫാറ്റി ലിവറായി. 40 വയസ്സ് എന്നത് ജീവിതത്തിന്റെ ടേണിംഗ് പോയിന്റാണ്. കാരണം, ഒരു പുരുഷായുസ്സായി കണക്കാക്കുന്നത് 80 വയസ്സാണ്. ഇതിന്റെ മധ്യഘട്ടം എത്തുമ്പോൾതന്നെ പ്രമേഹമൊക്കെ ബാധിച്ച് രോഗങ്ങളുടെ പിടിയിലമരുകയായി. കേരളം പ്രമേഹരോഗികളുടെ തലസ്ഥാന നഗരിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഹൃദയാഘാതം, കാൻസർ, പ്രമേഹം, പ്രമേഹവുമായി ബന്ധപ്പെട്ടകരൾ, വൃക്ക അസുഖങ്ങൾ, പുകവലി, ലഹരി പദാർത്ഥങ്ങൾ എന്നിവയിലൂടെ നേടിയെടുക്കുന്ന അസുഖങ്ങൾ മൂലമാണ് ഇന്ന് നിരവധി മനുഷ്യർ മരണപ്പെടുന്നത്.

കുറേയേറെ രോഗങ്ങൾ പാരമ്പര്യമായി ലഭിക്കുന്നവയുണ്ട്. 5–10 ശതമാനമാണ് പാരമ്പര്യരോഗങ്ങളുടെ സ്ഥാനം. പല രോഗങ്ങളും നമ്മുടെ ജീവിതവ്യതിയാനങ്ങളിലൂടെ സമ്പാദിച്ചുകൂട്ടുന്നവയാണ്, ഇന്ന് സ്കൂൾതലം മുതൽ പുകവലി, തമ്പാക്ക്, പാൻപരാഗ് തുടങ്ങിയവയുടെ ഉപയോഗം ആരംഭിച്ചിരിക്കുകയാണ്. നിയമം കർക്കശമാക്കിയിരിക്കുന്നതുകൊണ്ട് പൊതുസ്ഥലങ്ങളിൽ പുകവലി സാധ്യമല്ലാത്തതിനാൽ കുട്ടികൾമുതൽ മുതിർന്നവർവരെ തമ്പാക്കിനും പാൻപരാഗിനും അടിമകളാണ്. എങ്ങനെ കേരളത്തിൽ ഇത് പ്രചുരപ്രചാരമായിയെന്നത് ആത്മശോധന ചെയ്യേണ്ടതും പഠനവിധേയമാക്കേണ്ടതുമാണ്.

കേരളത്തിലെ മിടുക്കന്മാരായ ചെറുപ്പക്കാർ പുറത്തേക്ക് പഠന–ജോലികൾക്കായി പോയപ്പോൾ ഇവിടെ തൊഴിലെടുക്കാൻ അന്യസംസ്ഥാനതൊഴിലാളികൾ അനിവാര്യമായിത്തീർന്നു. അപ്പോൾ ബംഗാളിയും ഒഡീഷക്കാരനും ആസാമിസും ബീഹാറിയുമൊക്കെ ഇവിടേക്ക് ചേക്കേറി. ഇവരുടെ ജീവിതരീതികളിലും സംസ്കാരത്തിലുംപെട്ട ഈ ലഹരി ഉല്പന്നങ്ങൾ ഇവർക്കൊപ്പം ക്രമാതീതമായി ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെട്ടു. ഇത് കേരളീയർ ജീവിതശൈലിയായി സ്വീകരിച്ചപ്പോൾ വായിൽ കാൻസർ ബാധിക്കുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചു. ഇന്ന് ഏറ്റവും കൂടുതൽ രോഗികൾ വായിൽ കാൻസറായിട്ടുള്ളവരാണ്. പാരമ്പര്യമായി ലഭിക്കുന്നവയിൽ ഉൾപ്പെട്ടതാണ് സ്തനാർബുദം, ഗർഭാശയ കാൻസർ, അണ്ഡാശയ കാൻസർ, വൻകുടൽ കാൻസർ, ആമാശയ കാൻസർ, പ്രോസ്റ്റേറ്റ് കാൻസർ തുടങ്ങിയവ.


www.malankaralibrary.com

അധ്വാനിക്കാൻ തയ്യാറല്ലാത്ത ഒരു യുവതലമുറയാണ് വളർന്നുവരുന്നത്. അധ്വാനത്തോടൊപ്പം വ്യായാമവുമില്ലാതെ വരുമ്പോൾ രോഗങ്ങൾ പെരുകുന്നു. എന്നാൽ ഭക്ഷണപ്രിയത്തിന് കുറവൊട്ടില്ലതാനും. ലോകത്ത് രണ്ടേരണ്ട് വർഗമേ എപ്പോൾവേണമെങ്കിലും ഭക്ഷണംകഴിക്കാൻ തയ്യാറായിട്ടുള്ളത്. ഒന്ന്, മനുഷ്യനും മറ്റൊന്ന് പന്നിയും. മറ്റൊരു മൃഗത്തിനും ഈ ശീലമില്ല. ടൈഗർപോലും അതിനുവിശക്കുമ്പോൾ മാത്രമേ ഇരയെ തേടാറുള്ളൂ.

ഭക്ഷണക്രമത്തിലെ വ്യതിയാനങ്ങൾക്കൊപ്പം കാൻസർബാധയ്ക്ക് ആക്കം കൂട്ടുന്നതാണ് സൂര്യപ്രകാശം, പുകയില ഉത്പന്നങ്ങൾ, കരിമണൽ ഖനനം, തെർമൽ പവർ പ്ലാന്റുകൾ തുടങ്ങിയവ. തീരദേശമേഖലകളിൽ പ്രത്യേകിച്ച് ആലപ്പുഴമുതൽ തിരുവനന്തപുരംവരെയുള്ള തീരപ്രദേശങ്ങളിലെ കരിമണൽ ഖനനം നിരവധി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തൈറോയിഡ് കാൻസർ രോഗികൾ ഇവിടെ ക്രമാതീതമായി വർധിക്കുന്നു.

## കാൻസർ ഭേദമാക്കാം

80 ശതമാനം പേരുടെയും കാൻസർ സുഖമാക്കാവുന്നതാണ്. കാരണം, നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്ന ഒരു രോഗമാണിത്. സ്ത്രീകൾക്ക് ഭൂരിഭാഗംപേർക്കും സ്തനാർബുദമാണ് കണ്ടുവരുന്നത്. ഇത് ത്വക്കിനടിയിലെ ഒരുതരം ട്യൂമറാണ്. പിന്നെ ഗർഭാശയമുഖകാൻസർ. ഇതൊക്കെ ഒരുതരം വൈറസ് ബാധമൂലം സംഭവിക്കുന്നതാണ്. വൈറസ് അണുബാധകൊണ്ടുണ്ടാകുന്ന കാൻസറുകളിൽ ഏറ്റവും മുന്നിൽ നില്ക്കുന്നത് ഗർഭാശയകാൻസറാണ്. പ്രശ്നം ഉണ്ടായിട്ട് പരിഹരിക്കാൻ ശ്രമിക്കുന്നവരാണ് നാം. എന്നാൽ പ്രശ്നം ഉണ്ടാകാതിരിക്കാൻ ശ്രമിക്കാറില്ല. മനുഷ്യശരീരത്തിലെ എല്ലാ അവയവങ്ങളും ആദരിക്കപ്പെടേണ്ടതാണ്. എത്രപേർ ഈ ആദരവ് കാട്ടുന്നുണ്ട്. കോവിഡ് ഭീഷണിയെത്തുടർന്ന് മാസ്ക് ധരിച്ചും സാമൂഹിക അകലംപാലിച്ചും കൈകഴുകി സാനിറ്റൈസർ ഉപയോഗിച്ചും സുരക്ഷയൊരുക്കുന്നുണ്ട്. എന്നാൽ സ്വന്തം ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങളെ ശ്രദ്ധിക്കാനോ കരുതാനോ ശ്രമം നടത്തുന്നില്ലായെന്നതാണ് വിചിത്രം. ഭൂരിഭാഗം കാൻസറും നമുക്ക് നേരത്തെ മനസ്സിലാക്കാൻ കഴിയുന്നവയാണ്. പക്ഷെ നമ്മുടെ സ്വയം അനുമാനങ്ങളിൽ രോഗനിർണയം നടത്തി സ്വയംചികിത്സ നടത്തുന്നതിലാണ് നാം വിദഗ്ധർ. ഒടുവിൽ ഇത് കൈവിട്ട അവസ്ഥയാകുന്നു.

## ഭക്ഷണക്രമീകരണത്തിലൂടെ കാൻസർ തടയാം

മനുഷ്യന് സ്രഷ്ടാവ് നാവ് നൽകിയിരിക്കുന്നത് സംസാരിക്കുന്നതിനോടൊപ്പം രുചിയറിയുന്നതിനുവേണ്ടി കൂടിയാണ്. നാവ് സ്വീകരിക്കുന്ന നല്ല രുചികളൊക്കെ തൊണ്ടയിൽനിന്ന് താഴേക്കിറങ്ങിക്കഴിഞ്ഞാൽ എന്താണ് സംഭവിക്കുന്നതെന്ന് ചിന്തിക്കാറുണ്ടോ? ഉപ്പ് നമുക്ക് അനിവാര്യമാണ് എന്നാൽ ഉപ്പ് അമിതമായാലോ. അത് ഹാനികരമായിത്തീരും. പഞ്ചസാര നമുക്ക് ആവശ്യമാണ്. അതും അമിതമായാൽ സംഭവിക്കുന്ന ഭവിഷത്തുകൾ ചിന്തിക്കാറുണ്ടോ? മറ്റൊന്ന് പൊറോട്ടയാണ്. ഒരുകാലത്ത് സിനാമാപോസ്റ്റർ ഒട്ടിക്കുന്നതിനായി കാച്ചിക്കുറുക്കിയിരുന്ന മൈദയാണ് ഇന്ന് രുചിയേറുന്ന വിഭവമായി മേശപ്പുറത്തെത്തിയിരിക്കുന്ന പൊറോട്ട. ഗോതമ്പിന്റെ മധ്യഭാഗത്തുനിന്ന് വേസ്റ്റായി മാറ്റുന്നതിൽനിന്നും തരംതിരിച്ചെടുക്കുന്ന ഉല്പന്നമാണ് മൈദയെന്ന് എത്രപേർ ഗ്രഹിച്ചിട്ടുണ്ടാകും. കാൻസർ പരത്തുന്നതിൽ മുഖ്യപങ്ക് ഈ മൈദയ്ക്കുണ്ട്. മലയാളിയുടെ വൈറ്റ് റൈസ് പ്രിയവും രോഗവാഹകനാണ്. നമുക്കൊക്കെ ബ്രൗൺ റൈസ് ഇഷ്ടമില്ല. കാരണം അതിലെ തവിട് അപ്രിയമാണ്. പണ്ട് ഈ തവിട് കുഴച്ചാണ് അമ്മമാർ മക്കൾക്ക് കൊഴുക്കട്ട പലഹാരം ഉണ്ടാക്കിക്കൊടുത്തിരുന്നത്. ഈ തവിടിൽ ഫൈബർ ധാരാളമായി അടങ്ങിയിരിക്കുന്നു. ഫൈബർ കാൻസറിന്റെ പ്രതിരോധിയാണ്. പ്രതിദിനമുള്ള ഇറച്ചി തീറ്റ നമ്മുടെ കാൻസർ വ്യാപനത്തിന് മറ്റൊരുകാരണമാണ്. റെഡ്മീറ്റ് കാൻസർ പരത്തുന്ന വില്ലനാണ്. ചുവന്ന ഇറച്ചിയിലുള്ള മാംസ്യങ്ങളുടെ (പ്രോട്ടീനുകളുടെ) ദഹനത്തിന് കൂടുതൽ ദഹനരസം ആവശ്യമാണ്. അതിനാൽ ചുവന്ന ഇറച്ചിയിലുള്ള ദഹിക്കാത്ത മാംസ്യങ്ങൾ വിഷാംശമുള്ള രാസവസ്തുക്കളായിമാറുന്നു. റെഡ്മീറ്റ് പരമാവധി കുറക്കണം.

പലരും പറയുന്ന പതിവുപല്ലവിയാണ് ഒന്നുമുണ്ടായിരുന്നില്ല. പെട്ടെന്നാണ് കാൻസറുണ്ടായതെന്ന്. ലോകചരിത്രത്തിലാർക്കും ഇന്നേവരെ പെട്ടെന്ന് കാൻസറുണ്ടായിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. വർഷങ്ങളിലൂടെ രൂപപ്പെട്ടുവരുന്ന ഒരു രോഗമാണിത്. ഇതിനെ മുൻകൂട്ടി പ്രതിരോധിക്കാൻ ഒട്ടേറെ അവസരങ്ങൾ നമുക്കുണ്ടാകുന്നുണ്ട്. പക്ഷെ എല്ലാ ലക്ഷണങ്ങളെയും നാം അവഗണിക്കാറാണ് പതിവ്. ലക്ഷണങ്ങളെ സാമട്ടിൽ തള്ളിക്കളയുമ്പോൾ കാൻസർ അതിവേഗം നമ്മെ കീഴടക്കുകയാണെന്ന സത്യം അറിയുന്നില്ല. മലത്തിലൂടെ പതിവായി രക്തം പോകുക, വ്രണങ്ങൾ പ്രത്യക്ഷപ്പെടുക, അൾസർ, രക്തമൊലിപ്പ്, മുഴകൾ, ദഹനമില്ലായ്മ, മറുകുകൾ, അരിമ്പാറകൾ, പ്രത്യേകതരം ചുമ ഇതൊക്കെ സൂചകങ്ങളായി വരുമ്പോൾ രോഗനിർണയം നാംതന്നെ നടത്തുകയാണ് പതിവ്. നമുക്ക് നമ്മെത്തന്നെ സ്നേഹമുണ്ടാകണം. എങ്കിൽമാത്രമേ കാൻസറിനെ മുൻകൂട്ടി കണ്ടുപിടിക്കാനാകൂ. മറിച്ചുള്ള പ്രചരണം നമ്മുടെ മിഥ്യാധാരണമാത്രമാണ്.

നമ്മുടെ ജീവിതശൈലീമാറ്റങ്ങൾ, ഭക്ഷണക്രമത്തിലെ അസന്തുലിതാവസ്ഥ, വർധിച്ച മസാലക്കൂട്ടുകളുടെ ഉപയോഗം എന്നിവയിലൂടെ വലിയ വിപത്തിനെ നാം സ്വയം ക്ഷണിച്ചുവരുത്തുകയാണ്. കൊഴുപ്പ് കൂടുതലടങ്ങിയ അമിതാഹാരഭോജനം, ദുർമേദസ്സ്, വ്യായാമമില്ലാത്ത ജീവിതശൈലി, നിയന്ത്രണാതീതമായ പ്രമേഹം എന്നിവ നമ്മുടെ കോശവ്യതിയാനങ്ങൾക്ക് ആക്കം കൂട്ടും. കോവിഡ് ഭീഷണിപോലെതന്നെ മാരകമാണ് നമ്മുടെ അശ്രദ്ധമൂലം നാം സ്വന്തമാക്കുന്ന കാൻസർ, കരൾ, വൃക്ക രോഗങ്ങൾ. അല്പരുചി എന്നന്നേക്കുമായി നമ്മുടെ രുചി കെടുത്തുമെന്ന് ഓർക്കുന്നത് നന്ന്. ■


www.malankaralibrary.com

# കാർഷിക മൃഗസംരക്ഷണ പദ്ധതി കുടുംബ സ്വയംപര്യാപ്തതയ്ക്ക്



**കേരളസമൂഹം വലിയ വിപത്തിനെ തരണം ചെയ്ത് മുന്നേറുന്നതിനായും കുടുംബങ്ങൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ഒരു സംയോജിത, കാർഷിക–മൃഗസംരക്ഷണ പദ്ധതിയെ അവതരിപ്പിക്കുകയാണ്, സ്കൂൾ ഓഫ് ബയോ എനർജി സ്റ്റഡീസ് ആന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് മേധാവിയായ ലേഖകൻ.**

ഡോ. ജോസഫ് മാത്യു
മുൻ രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല
മണ്ണുത്തി
josephm@kvasu.ac.in

മനസ്സിന് സന്തോഷവും ശരീരത്തിന് ആരോഗ്യവും കുടുംബത്തിലും സമൂഹത്തിലും സമാധാനവും നിലനിർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. മനുഷ്യജീവിതത്തിന് അത്യാവശ്യം വേണ്ട പ്രാണവായുവും ജലവും ഒരു പരിധിവരെ ആഹാരവും പ്രകൃതി നമുക്ക് സൗജന്യമായി നൽകുമ്പോൾ പ്രപഞ്ചത്തോട് ചേർന്നുനിന്ന് പ്രകൃതിയെ നോവിക്കാതെയുള്ള ഒരു ലളിത ജീവിതശൈലി നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കൃഷിയും മൃഗസംരക്ഷണവും ജീവിതചര്യയാക്കിയിരുന്ന നമ്മുടെ പൂർവ്വികരുടെ പാതയിലേക്ക് നാം തിരിഞ്ഞുനടക്കേണ്ടിയിരിക്കുന്നു. നമുക്കുള്ള സ്ഥലം, അവിടെ ലഭ്യമാകുന്ന സൂര്യപ്രകാശം, മണ്ണ്, മഴ, നമ്മുടെ വീട്ടിലെ അച്ഛൻ, അമ്മ, മക്കൾ, മുത്തച്ഛൻ, മുത്തശ്ശി എന്നിവരൊക്കെ അടങ്ങുന്ന മാനവവിഭവശേഷി, നമ്മുടെ സുഹൃത്തുക്കളായ സൂക്ഷ്മാണുക്കൾ എന്നിവയെയും അനുബന്ധവിഭവങ്ങളെയും ഏറ്റവും കാര്യക്ഷമമായി ഉപയോഗിച്ച് ആനന്ദദായകവും ലളിതവുമായ ഒരു ജീവിതക്രമവും ശൈലിയും നമുക്കു രൂപപ്പെടുത്താനാവും.

കാർഷിക മൃഗസംരക്ഷണ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഓരോ വീടിന്റെയും വിഭവ ലഭ്യതയനുസരിച്ച് സംവിധാനം ചെയ്യുന്ന കാർഷിക മൃഗസംരക്ഷണ സംയോജിത പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള എല്ലാ സാങ്കേതിക ഉപദേശവും നൽകുന്നതോടൊപ്പം ഈ മേഖലയിൽ കുടുംബാംഗങ്ങൾക്ക് ഓൺലൈൻ പരിശീലനവും കേരള വെറ്ററിനറി സർവ്വ





www.malankaralibrary.com



കലാശാലയുടെ മണ്ണുത്തി കാമ്പസ്സിൽ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റിനോടു ചേർന്നു പ്രവർത്തിക്കുന്ന എക്കോഫാമിൽനിന്ന് ലഭിക്കുന്നതായിരിക്കും. കുറഞ്ഞത് 5 മുട്ട കോഴി (4 പിടയും ഒരു പൂവനും), പത്ത് കാട (9 പിടയും ഒരു പൂവനും), ടെറസ്സിൽ 30 ഗ്രോബാഗ്/ നിലത്ത് ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി (ചീര, വെണ്ട, വഴുതന, മുളക്, കാന്താരി, പയർ, പാവൽ, പടവലം, കോവൽ, കറിവേപ്പ്, കാബേജ്) എന്നിവ കർഷകന്റെ താൽപര്യമനുസരിച്ച് ഉൾക്കൊള്ളിക്കാവുന്നതാണ്. ഏകദേശം 500 മീൻകുഞ്ഞുങ്ങളെ ഇടാവുന്ന 5 1/2 മീ. നീളം, 2 മീ. വീതി, 1 1/2 മീറ്റർ ഉയരമുള്ള ലൈനറിട്ട ടാങ്കിൽ മീൻ വളർത്തുന്നതിനുള്ള യൂണിറ്റും സംവിധാനം ചെയ്യാവുന്നതാണ്. സ്ഥലലഭ്യതയനുസരിച്ച് കരനെല്ല് കൃഷി, ചെറിയ ആടിന്റെ യൂണിറ്റ് (രണ്ടോ, മൂന്നോ ആടുകൾ) ഒരു പശു, മറ്റു മൃഗങ്ങളുടെ യൂണിറ്റുകൾ എന്നിവയും സംയോജിപ്പിക്കാവുന്നതാണ്. ഇപ്രകാരമുള്ള യൂണിറ്റുകളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ രണ്ട് കി. മീ ക്യൂബോ, അതിലധികമോ വലിപ്പമുള്ള ഒരു ജൈവവാതക പ്ലാന്റിൽ സംസ്കരിച്ചാൽ വീട്ടിലെ പാചകവാതക ആവശ്യവും ഒരു പരിധിവരെ നിറവേറ്റാം. കൂടാതെ പ്ലാന്റിൽനിന്നും ലഭിക്കുന്ന സ്ലറി ഒരു നല്ല ജൈവവളമായും ഉപയോഗിക്കാം. ഓരോ വീട്ടിലും പുതയിട്ട് നിറഞ്ഞ ഒരു കുഴിയും അതിനോട് ചേർന്ന് പേര, പപ്പായ, ആത്ത, ജാതി, വാഴ, മുരിങ്ങ എന്നിവയടങ്ങിയ ഒരു ചെറിയ 'ഭവനവനം' (Family Forest) വീട്ടാവശ്യത്തിനുള്ള പഴം/ഫലങ്ങൾ നൽകുന്നതോടൊപ്പം ഒരു 'ഓക്സിജൻ പാർലറായും' മഴവെള്ള സംഭരണ സംവിധാനമായും പ്രവർത്തിക്കുന്നു. തേനീച്ച വളർത്തൽ, കൂണുകൃഷി, ഔഷധച്ചെടി യൂണിറ്റ്, അലങ്കാരമത്സ്യ യൂണിറ്റ്, അലങ്കാര ചെടികളുടെ യൂണിറ്റ്, അസോള യൂണിറ്റ്, സൗരോർജം ഉപയോഗിച്ച് പാചകാവശ്യത്തിനായി വെള്ളം ചൂടാക്കുന്ന ലളിതസംവിധാനം, വീടിന്റെ മേൽക്കൂരയിൽനിന്ന് കിണറ്റിലേക്കുള്ള മഴവെള്ള സംഭരണം എന്നിവയും ഉചിതമെങ്കിൽ സംയോജിപ്പിക്കാവുന്നതാണ്.

മേൽവിവരിച്ച രീതിയിലുള്ള ഒരു മാതൃകാസംയോജിത യൂണിറ്റ് എക്കോഫാമിൽ സജ്ജമാക്കിയിട്ടുണ്ട്. ചില മാതൃകാ ഫീൽഡ് യൂണിറ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. ചലനാത്മകത കുറഞ്ഞ് നമ്മുടെ ജീവിതം ഭവനത്തിലും കൃഷിയിടത്തിലുമായി കൂടുതൽ പരിമിതപ്പെടുത്തേണ്ടിവരുമ്പോൾ ഇപ്രകാരം ഒരു വീടിനാവശ്യമായ പാൽ, മുട്ട, പച്ചക്കറി, മത്സ്യം, പാചകവാതകം എന്നിവ നല്ലൊരു പരിധിവരെ ലഭ്യമാക്കുന്ന ഈ സംയോജിത പദ്ധതി കുടുംബാംഗങ്ങൾക്ക് വ്യായാമവും മനസ്സിന് ആനന്ദവും പോഷകസമ്പന്നവും സുരക്ഷിതവുമായ ഭക്ഷണത്തിലൂടെ ശരീരത്തിനാരോഗ്യവും രോഗപ്രതിരോധശക്തിയും സർവ്വോപരി സ്വയംപര്യാപ്തതയും കൈവരിക്കാൻ ഏറെ സഹായിക്കുന്നു. ഇപ്രകാരമുള്ള യൂണിറ്റുകൾ വീടുകളിൽ സ്ഥാപിക്കാനാഗ്രഹിക്കുന്നവർക്ക് ആയത് സ്ഥാപിക്കാനാവശ്യമായ സാങ്കേതിക സഹായവും ഓൺലൈൻ പരിശീലനവും നൽകുന്നതാണ്. അതിനുള്ള സാമ്പത്തിക ചിലവുകൾ ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്. പദ്ധതിയുടെ ഘടനയും വലിപ്പവുമനുസരിച്ച് ഇപ്രകാരമുള്ള ഒരു സംയോജിത പദ്ധതിക്ക് യൂണിറ്റിനനുസരിച്ച് ഏകദേശം 10,000 രൂപ മുതൽ ചെലവ് പ്രതീക്ഷിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയ്ക്കും ഇത്തരം പദ്ധതികൾ ഏറ്റെടുത്തു നടത്താവുന്നതാണ്. ■

വിശദാംശങ്ങൾക്ക്: 90488 24497
Email: ecofarmmty@gmail.com




www.malankaralibrary.com

# സുഭിക്ഷകേരളത്തിന് നാമൊരുമിച്ച്

കേരം തിങ്ങും കേരളനാടെന്നും 44 നദികളാൽ സമൃദ്ധമെന്നൊക്കെയുമുള്ള പ്രയോഗങ്ങളെല്ലാം ഇന്ന് വാക്ധ്വനിയായി ശേഷിക്കുമ്പോൾ, കേരളമണ്ണിൽ വിയർപ്പിറ്റുവീഴേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നുള്ള മുന്നറിയിപ്പാണ് കോവിഡ്-19 നൽകിയിരിക്കുന്നത്. തരിശുഭൂമികളൊക്കെ നനവേൽക്കാനും കാടുകയറിയ ഇടങ്ങളൊക്കെ അടുക്കളത്തോട്ടങ്ങളുടെ സൗന്ദര്യത്താൽ സമ്പന്നമാകാനും തുടങ്ങിയിരിക്കുന്നു. മണ്ണിലേക്കുള്ള മടക്കവും അധ്വാനിച്ചാൽ സ്വയമായും നാടിനെയും സുഭിക്ഷമാക്കാമെന്നുള്ള ഉണർവ്വിലേക്കാണ് ലോക്ഡൗൺ മലയാളിയെ ക്ഷണിച്ചത്. അതിവിദൂരത്തല്ലാത്ത ഭക്ഷ്യക്ഷാമത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ള ഭക്ഷ്യസുരക്ഷയ്ക്ക് മലയാളം കൈകോർക്കണം. അനുഭവങ്ങൾ വായിക്കാം.



## എന്റെ അഭിമാനം എന്റെ അടുക്കളത്തോട്ടം

**അജേഷ് മാത്യു വെട്ടിക്കൽ**
പാട്ടവയൽ, ഗൂഡല്ലൂർ

ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് എന്നുപറഞ്ഞത് രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയാണ്. കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കൾക്കുവേണ്ടിയുള്ള ഓട്ടത്തിലാണ് ഇന്നു മലയാളികൾ. നമ്മുടെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണം മായം ചേർത്ത ഭക്ഷ്യവസ്തുക്കളാണെന്ന തിരിച്ചറിവിൽ നിന്നാണിത്. അതുകൊണ്ടുതന്നെ 'ജൈവഭക്ഷ്യവസ്തുക്കൾ', 'നാടൻ' ഉത്പന്നങ്ങൾ എന്നീ ലേബലുകൾക്ക് വലിയ ഡിമാന്റാണിപ്പോൾ. ആവശ്യത്തിന് അനുസരിച്ച് ജൈവഉത്പന്നങ്ങൾ നമുക്ക് ഉത്പാദിപ്പിക്കാൻ സാധിക്കുന്നില്ല. ഓർഗാനിക്ക് സർട്ടിഫിക്കേഷന്റെ മാനദണ്ഡം അനുസരിച്ച് ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നവരും ഇപ്പോൾ ധാരാളമുണ്ട്. എന്നാൽ ഈ അവസരം മുതലാക്കി മായംചേർത്ത ഭക്ഷ്യവസ്തുക്കൾ ജൈവമാണെന്ന പേരിൽ കൂടിയ വിലക്ക് വിപണനം ചെയ്യുന്നവരുമുണ്ട്. ഇത്തരം ചൂഷണങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും നടുവിലാണിപ്പോൾ നമ്മൾ.

നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം കഴിക്കണമെന്ന നമ്മുടെ പൂർവ്വികരുടെ ദൃഢനിശ്ചയവും വീട്ടുവളപ്പിലെ സമ്മിശ്ര കൃഷിയും മലയാളി എന്നേ മറന്നു. വൈറ്റ് കോളർ ജോലിയോടുള്ള ആഭിമുഖ്യവും വർധിച്ചുവന്ന നഗരവത്ക്കരണവും കൃഷിയെ ഇല്ലാതാക്കി. നാം അനുഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ഇതിന്റെ പരിണിത ഫലങ്ങളാണ്. ഈ അവസ്ഥയ്ക്ക് മാറ്റംവരണമെന്ന് മലയാളി ആത്മാർത്ഥമായി ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്നു. വീട്ടുവളപ്പിൽ അടുക്കളത്തോട്ടങ്ങൾ സജീവമായി തുടങ്ങി. ഒന്നു മനസ്സുവച്ചാൽ അടുക്കളത്തോട്ടത്തെ വേണ്ടവിധം പരിപാലിക്കാവുന്നതേയുള്ളു. ദിനചര്യയുടെ ഭാഗമായി അരമണിക്കൂറെങ്കിലും കൃഷി ചെയ്യാനായി ചെലവഴിക്കാമെന്ന് നാം പ്രതിജ്ഞയെടുക്കണം. ഒരു രാജ്യത്തിന്റെ സമ്പത്ത് ആ രാജ്യത്തെ ആരോഗ്യമുള്ള ജനതയാണ്. പല വികസിത രാജ്യങ്ങളും തങ്ങളുടെ പൗരന്മാരുടെ ആരോഗ്യസുരക്ഷക്കായി വലിയ മുൻകരുതലുകളാണ് സ്വീകരിക്കുന്നത്.



www.malankaralibrary.com

**മണ്ണിനെ ജൈവസമ്പുഷ്ഠമാക്കാം:** മനുഷ്യശരീരത്തിന് ആവശ്യമായ വൈറ്റമിനുകളുടെയും ധാതുലവണങ്ങളുടെയും കലവറയാണ് പച്ചക്കറികളും പഴങ്ങളും. ആരോഗ്യത്തോടെ മനുഷ്യന് ജീവിക്കാൻ ഒരുദിവസം ശരാശരി 500 ഗ്രാം പച്ചക്കറികളും അതിലേറെ പഴവർഗ്ഗങ്ങളും കഴിക്കണമെന്നാണ് ആരോഗ്യരംഗത്തെ വിദഗ്ധർ ശുപാർശ ചെയ്യുന്നത്. എന്നാൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നാം പലരും കൊടുക്കാറില്ല. എളുപ്പത്തിൽ ലഭിക്കുന്ന കൃത്രിമഭക്ഷണങ്ങളുടെ പിറകെയാണ് യുവത്വമിപ്പോൾ. ജീവിതശൈലി രോഗങ്ങൾക്കും കാൻസർപോലുള്ള മാരക പ്രശ്നങ്ങൾക്കും അടിമകളാവുകയാണ് നമ്മുടെ സമൂഹം. ജോലിത്തിരക്കും കൃഷിചെയ്യാൻ സ്ഥലമില്ലായ്മയുമാണ് ഈ അവസ്ഥയ്ക്ക് പ്രധാനകാരണം. മനസ്സുവച്ചാൽ നഗരത്തിൽ താമസിക്കുന്നവർക്കും തങ്ങളുടെ പരിമിതിയിൽനിന്നുകൊണ്ട് ഗ്രോബാഗിലും ചട്ടിയിലുമൊക്കെയായി പച്ചക്കറികൾ വിളയിക്കാൻ സാധിക്കും. അല്പസമയം ഇതിനുവേണ്ടി മാറ്റിവയ്ക്കണമെന്നു മാത്രം. വീട്ടിലെ ജൈവമാലിന്യങ്ങൾ സംസ്കരിച്ചുകൊണ്ട് മണ്ണിനെ ജൈവസമ്പുഷ്ടമാക്കി വലിയ ബുദ്ധിമുട്ടില്ലാതെ കൃഷിചെയ്യാം. അതിന് നമ്മുടെ വീട്ടിൽനിന്ന് തുടക്കമിടണം.

പച്ചക്കറികളും പഴങ്ങളും വിളയുന്ന സ്വന്തം പുരയിടം അഭിമാനമായി കൊണ്ടുനടന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. എന്നാൽ കാലം മാറിയതോടെ ഈ ശീലം നമുക്ക് എവിടെയോ കൈമോശം വന്നു. പുരയിടങ്ങളിലെ പച്ചക്കറി കൃഷി അതായത് വീടിനോടുചേർന്ന് അടുക്കളത്തോട്ടങ്ങൾ സജീവമാക്കുന്നതോടെ നാം അനുഭവിക്കുന്ന ഭക്ഷ്യക്ഷാമത്തിനും മായം ചേർക്കലിനും ഒരുപരിധിവരെ പരിഹാരമാകും. 'എന്റെ അഭിമാനം എന്റെ അടുക്കളത്തോട്ടം' എന്നതായിരിക്കണം നമ്മൾ കൈമാറേണ്ട സന്ദേശം. ഈ സന്ദേശം കേരളംമുഴുവൻ പരക്കണം. കാലത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞ് യുവജനങ്ങളും കുട്ടികളുംകൂടി മുന്നിട്ടിറങ്ങിയാൽ വലിയ മാറ്റത്തിന് കേരളം സാക്ഷിയാകും.

ജപ്പാൻ നമുക്കുമുന്നിൽ ഒരു മാതൃകയാണ്. ജപ്പാൻകാരുടെ ഭക്ഷണക്രമത്തിൽ അരിയും പച്ചക്കറികളും പാലും മാംസ്യാഹാരങ്ങളുമെല്ലാം ഉണ്ടെങ്കിലും പച്ചക്കറികളാണ് മുഖ്യം. പച്ചക്കറിയുടെ ആളോഹരി ഉപഭോഗം 400–450 ഗ്രാം ആണ്. ജൈവരീതിയിൽ ഉണ്ടാക്കിയ ഇലവർഗപച്ചക്കറികൾ, ചീരകൾ, മല്ലി, പുതിന, ലെറ്റ്യൂസ്, സെല്ലറി, റാഡിഷ്, കാരറ്റ്, ബീൻസ്, തക്കാളി എന്നിവ ഇവർ ഉപയോഗിക്കുന്നു. അതിനാൽതന്നെ നല്ല കാർഷികോല്പന്നരീതികളാണ് 90% കർഷകരും അനുവർത്തിക്കുന്നത്. ജപ്പാനിൽ മൂന്ന് വയസ്സുകാരൻമുതൽ 90 വയസ്സുള്ള മുതുമുത്തച്ഛന്മാർവരെ ചെളിയിൽ ഇറങ്ങുന്നു. ടോക്കിയോപോലുള്ള വൻനഗരങ്ങളിൽപോലും നെൽപ്പാടങ്ങൾ കാണാം. കേരളത്തിനു മാതൃകയാകണം ജപ്പാനിലെകൃഷി. കഠിനാധ്വാനവും അർപ്പണമനോഭാവവും ഏറെയുള്ളവരാണ് ഇവിടെ കർഷകർ. അവരുടെ വിജയത്തിന്റെ രഹസ്യവും മറ്റൊന്നല്ല. ■

# മണ്ണിലെ വിള മനസ്സിനുല്ലാസം



**ജെൻസൺ കുര്യാക്കോസ്**
സീനിയർ ക്ലാർക്ക്, ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊങ്ങോർപ്പിള്ളി

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ ഏതെന്ന് ചോദിച്ചാൽ ആദ്യത്തെ മറുപടി ഭക്ഷണവും പാർപ്പിടവും എന്നാവും. നാം കേരളീയർ ഇതിൽ പാർപ്പിടം നിർമിക്കാൻ വളരെ ഏറെ തല്പരരാണ്. ഇതിനായി നാം കഴിവിലധികം സമയവും സമ്പാദ്യവും ചിലവഴിക്കുന്നുണ്ട്. ശുദ്ധവായുവും ശുദ്ധജലവും കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും അധികം ആവശ്യമുള്ള ഒന്നാണ് ശുദ്ധമായ ഭക്ഷണം. നമ്മുടെ ആരോഗ്യം നാം കഴിക്കുന്ന ഭക്ഷണവുമായി വളരെ അധികം ബന്ധമുള്ളതാണ്. അങ്ങനെ എങ്കിൽ നല്ല ഭക്ഷണം ഉണ്ടാക്കുക എന്നതും ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമാണ്. ആരോഗ്യത്തിന്റെ കാര്യത്തിൽ വളരെ അധികം ശ്രദ്ധ കൊടുക്കുന്ന കേരളീയർ സ്വന്തം ഭക്ഷണം സ്വയം വിളയിച്ചെടുക്കുന്നതിൽ വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ടോ?

നമ്മുടെ ഭക്ഷണത്തിന്റെ ഏറിയ പങ്കും മറ്റുസംസ്ഥാനങ്ങളിൽ നിന്നാണ് കടന്നു വരുന്നത്. നിത്യ ഭക്ഷണത്തിൽ പ്രധാനിയായ അരി നമുക്ക് ആവശ്യമായതിന്റെ നാലിലൊന്നുപോലും ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. പച്ചക്കറിയുടെ കാര്യവും ഇതുപോലെതന്നെ. കൃഷി ചെയ്ത് ഉപജീവനം നടത്തിയിരുന്ന തലമുറ അന്യംനിന്നിരിക്കുന്നു. പണം കൊടുത്ത് എല്ലാം വാങ്ങാം എന്ന ചിന്താഗതിയിലോട്ട് നാം മാറിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ സമൃദ്ധമായി നെൽകൃഷി ഉണ്ടായിരുന്ന നമ്മുടെ നെൽപ്പാടങ്ങൾ തരിശ്ശാകുന്നു. നന്നായി കിഴങ്ങുവർഗങ്ങളും മറ്റു പച്ചക്കറികളും നട്ടുവളർത്തിയിരുന്ന നമ്മുടെ വീട്ടുപരിസരങ്ങളിൽ നിന്നും അവ അപ്രത്യക്ഷമായിരിക്കുന്നു. ഇതൊക്കെയാണ് സ്ഥിതി എങ്കിലും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലെ അമിത കീടനാശിനി സാന്നിധ്യം നമ്മുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു എന്ന പഠനങ്ങളുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ നമുക്ക് വേണ്ട ഭക്ഷണം നാം തന്നെ ഉണ്ടാക്കണം എന്ന ബോധത്തിലേക്ക് മലയാളികൾ എത്തിത്തുടങ്ങിയിട്ടുണ്ട്.

അഞ്ചും പത്തും സെൻറ് സ്ഥലത്ത് താമസിക്കുന്ന മലയാളികൾ എങ്ങനെ കൃഷി ചെയ്യുമെന്നും നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റും എന്ന ചോദ്യവും ഒരു വശത്ത് ഉയർന്നു വരുന്നുണ്ട്. അതുപോലെ കൃഷിപ്പണിക്ക് ആളെ


www.malankaralibrary.com

കിട്ടുന്നില്ലെന്നും കിട്ടിയാൽ തന്നെ കൂലി കൂടുതൽ ആയതിനാൽ കൃഷി ലാഭകരം അല്ല എന്നും മറ്റൊരു കൂട്ടർ വാദിക്കുന്നു. അടുക്കളത്തോട്ടങ്ങളും മട്ടുപ്പാവ് കൃഷിയും സംയോജിത സമ്മിശ്ര കൃഷിയിടങ്ങളും പോലെ വിവിധയിനം കൃഷിരീതികളാണ് ഇതിനു മറുപടിയായി നമുക്ക് മുന്നിൽ ഉള്ളത്. ഓരോ കുടുംബവും അവരവരുടെ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറികൾ കഴിവതും അവരുടെ അടുക്കളത്തോട്ടത്തിൽ വിളയിച്ചെടുക്കാൻ ശ്രമിക്കണം. കഴിയുന്നവരെല്ലാം വീടിന്റെയും മറ്റു കെട്ടിടങ്ങളുടെയും ടെറസിനു മുകളിൽ ഗ്രോബാഗിലോ ചട്ടികളിലോ കൃഷിത്തോട്ടങ്ങൾ ഒരുക്കിയാൽ ആവശ്യത്തിൽ കൂടുതൽ ഉൽപ്പന്നങ്ങൾ നിഷ്പ്രയാസം നമുക്ക് ഉണ്ടാക്കാം. ഉറവിടമാലിന്യസംസ്കരണത്തിനുള്ള ഏറ്റവും ലളിതമായ മാർഗമാണ് അടുക്കളകൃഷി.

നമ്മുടെ സംസ്ഥാനത്ത് തരിശ് നിലങ്ങളും കാട് കയറിക്കിടക്കുന്ന ഇടങ്ങളും നിരവധിയാണ് സർക്കാർ വക സ്ഥലങ്ങളും സ്വകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഉടമസ്ഥതയിൽ ഉള്ള വെറുതെ കിടക്കുന്ന സ്ഥലങ്ങളെല്ലാം വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തത്തോടെ കൃഷി ഇടങ്ങൾ ആക്കി മാറ്റാൻ കഴിയണം. പുതിയതായി കൃഷിയിലേക്ക് ഇറങ്ങുന്നവരെ പരിശീലിപ്പിക്കുന്നതിനായി ഈ മേഖലയിൽ അറിവും പരിചയവും ഉള്ള കൃഷി വിദഗ്ധരെ ഉപയോഗപ്പെടുത്താൻ കൂടി കഴിഞ്ഞാൽ ചെറുതും വലുതുമായ കൃഷിയിടത്തിൽ നിന്നും മികച്ച വിളവ് നമുക്കും ഉണ്ടാക്കിയെടുക്കാൻ കഴിയും. നല്ല ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടാത്തവരായി ആരുംതന്നെ ഉണ്ടാകില്ല. അങ്ങനെ എങ്കിൽ നല്ല ഭക്ഷണം ഉണ്ടാക്കുന്ന ശീലത്തിലേക്ക് എല്ലാ വിഭാഗം ആളുകളും മാറിചിന്തിക്കണം. നിലവിലുണ്ടായിരുന്ന പല ശീലങ്ങളും കോവിഡ് – 19 മാറ്റിയിരിക്കുകയാണ്. ഗ്രാമത്തിലായാലും നഗരത്തിലായാലും കളിസ്ഥലങ്ങൾ, ഹാളുകൾ, മാളുകൾ തുടങ്ങിയ പൊതു സ്ഥലങ്ങൾ ഉള്ളതുപോലെ പൊതു കൃഷിയിടങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കണം. കമ്മ്യൂണിറ്റി ഗാർഡൻ എന്ന സങ്കൽപ്പം പല ലോകരാജ്യങ്ങളിലും പ്രാവർത്തികമാക്കി കഴിഞ്ഞു. നമ്മൾതന്നെ കൃഷിചെയ്ത് മണ്ണിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുമ്പോൾ കിട്ടുന്ന മാനസിക ഉല്ലാസം പറഞ്ഞറിയിക്കുന്നതിലും വലുതാണ്. ■



# ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യമുള്ള ഭക്ഷണം

**ടിഷമോൾ നിജി കുട്ടത്തിപ്പറമ്പിൽ**
ചന്തിരൂർ, ആലപ്പുഴജില്ല

വേട്ടയാടിയും മീൻപിടിച്ചും തിന്നും മരക്കൊമ്പുകളിലെ ഏറുമാടങ്ങളിലും ഗുഹകളിലും ഉറങ്ങിയും ജീവിച്ചിരുന്ന മനുഷ്യന്റെ സാംസ്കാരിക വളർച്ചയുടെ പ്രധാന ചുവടുവയ്പ്പായിരുന്നു അവൻ ആരംഭിച്ച കൃഷി. പ്രാകൃത ജീവിതത്തിൽനിന്നും മനോഹാരിതയുടെ, ഒത്തൊരുമിക്കലിന്റെ സുന്ദരമായ ലോകത്തിലേക്ക് മനുഷ്യൻ വളർന്നു. സാധനകൈമാറ്റ (ബാർട്ടർ സിസ്റ്റം)ത്തിലൂടെ അവൻ ജീവിതവഴികൾ കണ്ടെത്തി. പിന്നീട് നാണയങ്ങൾ വന്നപ്പോൾ വിലകൊടുത്ത് ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ തുടങ്ങി. ആധുനികവത്ക്കരണവും നഗരവത്ക്കരണവുമൊക്കെയായപ്പോൾ കൃഷി അന്യമായിത്തുടങ്ങി. ശേഷിച്ച കർഷകരെയൊക്കെ പദവികുറഞ്ഞവരായി കാണാൻ തുടങ്ങി. ഭക്ഷ്യസ്വയംപര്യാപ്തതയിൽ നിന്ന് വ്യതിചലിച്ച് ഭക്ഷ്യപരാശ്രയത്തിലേക്ക് വഴിനടത്തി. ക്രമേണ മനുഷ്യന് കൃഷിയോടുള്ള താൽപര്യം കുറയുകയും കാർഷിക വിളകൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരികയും ചെയ്തു. ഇറക്കുമതി ചെയ്യപ്പെടുന്ന ഭക്ഷ്യോല്പന്നങ്ങളിൽ വിഷമയമായ പച്ചക്കറികളും മായംകലർത്തിയ ധാന്യങ്ങളും രാസവസ്തുക്കൾ കലർത്തിയ ആഹാരസാധനങ്ങളുമാണ് ഭൂരിഭാഗം എത്തിക്കൊണ്ടിരിക്കുന്നത്. ഇതുവഴി ക്രമേണ ശരിയല്ലാത്ത ഒരു ഭക്ഷണസംസ്കാരം ഉടലെടുക്കുകയും അത് മനുഷ്യകുലത്തെ ചൂഷണത്തിലേക്കും മാരകരോഗങ്ങളിലേക്കും നയിക്കുകയും ചെയ്തിരിക്കുന്നു.

ഈ ഒരു പശ്ചാത്തലത്തിലാണ് നാം ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യത. നമുക്കാവശ്യമായ പച്ചക്കറികൾ നമ്മുടെ വീട്ടുമുറ്റത്തുതന്നെ കുറഞ്ഞ ചെലവിൽ നമ്മുടെ പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വളർത്തിയെടുക്കാം. ഒരു ചെടി നടുന്നതുമുതൽ അല്ലെങ്കിൽ വിത്ത് വിതയ്ക്കുന്നതുമുതൽ അതിന്റെ വളർച്ചയുടെ ഓരോ ഘട്ടവും നാം സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരിക്കും. അതിൽ പൂക്കൾവിരിഞ്ഞ് ഫലം ഉണ്ടാകുമ്പോൾ ലഭിക്കുന്ന സന്തോഷവും, നാം വിളയിച്ചെടുക്കുന്ന പച്ചക്കറികളും ഫലമൂലങ്ങളും മറ്റുള്ളവർക്കുകൂടി പങ്കുവച്ചുകൊടുക്കുമ്പോൾ നമുക്കുണ്ടാകുന്ന സംതൃപ്തിയും വളരെ വലുതാണ്. കോവിഡ്–19 മലയാളിയെ മണ്ണിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ചു. ആസന്നഭാവിയിലുണ്ടാകാൻപോകുന്ന ഭക്ഷ്യക്ഷാമവും ആരോഗ്യപ്രശ്നങ്ങളുമൊക്കെ ഒരു വീണ്ടുവിചാരത്തിന് പ്രേരിപ്പിച്ചപ്പോൾ ഉദ്യോഗസ്ഥതലത്തിലുള്ളവർ മുതൽ കൂലിത്തൊഴിലാളികൾവരെ കൃഷിരംഗത്തേക്ക് ശ്രദ്ധപതിപ്പിച്ചു. ഭൂരിഭാഗം വീട്ടമ്മമാരും അടുക്കളത്തോട്ടങ്ങളിലേക്ക് ചുവടുവച്ചു. കായ്കനികൾ വളർന്നുവന്നപ്പോൾ കൃഷി നമുക്ക് അനിവാര്യമായ ഒന്നാണെന്നും വിഷരഹിതപച്ചക്കറിയുടെ ആസ്വാദ്യത ഉൾക്കൊള്ളാനുമായി.

തരിശുഭൂമികൾപോലും കിളച്ച് ഫലഭൂയിഷ്ടമായ കൃഷിയിടമാക്കുന്നതിൽ കുടുംബസമേതം പങ്കുചേരാൻ തുടങ്ങിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെയും സഭകളുടെയും കൃഷിഭവനുകളുടെയും വിവിധ സംഘടനകളുടെയും സഹായത്താൽ ഒരു


www.malankaralibrary.com

പുതിയ കാർഷിക ഭക്ഷ്യസംസ്കാരം ഇവിടെ രൂപപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അനേകം വർഷങ്ങളായി അടുക്കളത്തോട്ടത്തിനും പൂന്തോട്ടത്തിനും സമയം കണ്ടെത്തി വിളവെടുപ്പു നടത്തുന്ന ഒരധ്യാപികയാണ് ഞാൻ. അധ്യാപനം പോലെതന്നെ ഞാനിതിലും പൂർണസംതൃപ്തയാണ്.

കൃഷി ചെയ്യാനൊന്നും നമുക്ക് സമയമില്ലായെന്നത് മുടന്തൻ ന്യായം മാത്രമാണ്. ഏതൊരു തൊഴിലിലേർപ്പെട്ടിരുന്നാലും നമുക്ക് മനസ്സും ഇച്ഛാശക്തിയുമുണ്ടെങ്കിൽ വില്പനയ്ക്കല്ലെങ്കിലും നമ്മുടെ സ്വയംപര്യാപ്തതയ്ക്കാവശ്യമായ കാർഷിക വിളകൾ നമ്മുടെ വീട്ടുവളപ്പിൽതന്നെ വിളയിച്ചെടുക്കാനാവും. ഭക്ഷ്യസുരക്ഷയെന്നത് സർക്കാരിന്റെ മാത്രം കടമയോ ബാധ്യതയോ അല്ല. നാമോരുത്തരും സ്വയം ഈ രംഗത്തേക്ക് കടന്നുവരേണ്ടവരാണ്. കൃഷിയിലൂടെ മനസ്സിന് ആനന്ദവും ശരീരത്തിന് വ്യായാമവും ലഭിക്കുന്നതോടൊപ്പം നമ്മുടെ വിശ്രമസമയങ്ങൾ വിലപ്പെട്ടതാക്കി മാറ്റുകയും ചെയ്യാം. ആരോഗ്യമുള്ള ഭക്ഷണത്തിലൂടെ ആരോഗ്യമുള്ള ശരീരം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറിയാൽ കാൻസർപോലുള്ള മാരകരോഗങ്ങളിൽനിന്നുള്ള വിടുതൽ കൂടിയായിരിക്കും നമ്മുടെ ഭക്ഷ്യസുരക്ഷാമുന്നേറ്റം. ■

# കൃഷിയായിരിക്കണം നമ്മുടെ കരുതൽ



**എൽ. ഡൊമിനിക് തലക്കൽ**
നെടുമങ്ങാട്, തിരുവനന്തപുരം

പ്രീഡിഗ്രി പഠനത്തിന് ഫീസടക്കാൻ നിർവ്വാഹമില്ലാതെ ക്ലാസ്സിൽനിന്ന് അധ്യാപകൻ ഇറക്കിവിട്ടപ്പോൾ അപ്പോളൊരു മനോവിഷമവും സങ്കടവുമുണ്ടായി. അതോർത്ത് നിരാശനായിരിക്കാതെ അധ്വാനിക്കാനുള്ള മനസ്സുമായി ഇറങ്ങിയത് കൃഷിഭൂമിയിലേക്കാണ്. ഒരു തുണ്ടുഭൂമിപോലും സ്വന്തമില്ലാതിരുന്നതിനാൽ പാട്ടത്തിന് സ്ഥലമെടുത്തുകൊണ്ടാണ് കൃഷിയുടെ ആദ്യപാഠം പഠിച്ചത്. 27 വർഷങ്ങൾ പിന്നിട്ടപ്പോൾ കൃഷി എനിക്ക് സ്വന്തമാക്കിത്തന്നത് ഒരേക്കർ 27 സെന്റ് ഭൂമി. 324 രൂപ ഫീസടക്കാൻ അന്നുണ്ടായിരുന്നെങ്കിൽ കഷ്ടി എന്റെ കൈയിൽ ഇന്ന് ഒരു മാർക്ക് ലിസ്റ്റ് കോപ്പിമാത്രമായിരിക്കാം മുതലായിട്ടുണ്ടാകുമായിരുന്നത്.

ബുദ്ധിമുട്ടാൻ ഒരു മനസ്സും വിയർപ്പൊഴുക്കി അധ്വാനിക്കാൻ ശരീരവും തയ്യാറായാൽ മണ്ണുചതിക്കില്ലെന്നാണ് എന്റെ അനുഭവം. പച്ചക്കറിതോട്ടവും വാഴതോട്ടവും കിഴങ്ങുവർഗങ്ങളുടെ ശേഖരവും ഇഞ്ചി, മഞ്ഞൾ എന്നീ കാർഷിക വിളകൾക്കുപുറമേ ആട്, കോഴി, ടർക്കി, ചെറുതേനീച്ചകൂട് എന്നിവയുടെ കൃഷിശേഖരവുമുണ്ട്. പ്രകൃതിചതിച്ചാലും മണ്ണൊരിക്കലും കർഷകനെ ചതിക്കില്ല. പ്രകൃതിക്ഷോഭവും പ്രളയവുമൊക്കെ കൃഷി അപ്പാടെ തകർത്തെങ്കിലും നെയ്യാറ്റിൻകര രൂപതയുടെ സാമൂഹികസേവനവിഭാഗമായ നെയ്യാറ്റിൻകര ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് സൊസൈറ്റി (NIDS) എനിക്ക് ആശ്രയമായി മുന്നിലെത്തി. മണ്ണിൽ വിളകളുയരുമ്പോൾ മനസ്സിന് സന്തോഷവും ആഹ്ലാദവുമാണ്. അത് വിവരിക്കുക അസാധ്യമാണ്. കാരണം, ആ ആനന്ദത്തിന്റെ പാരമ്യം ഒരു കർഷകനേ ആസ്വദിക്കാനാവൂ.

സ്വന്തമായി ഭൂമിയുള്ളവർ പലരും ഇന്നും അവ തരിശുഭൂമികളായി ഇട്ടിരിക്കുകയാണ്. പലയിടത്തും സ്വന്തം ഭൂമി കാടുംപടലുമായി ഉപയോഗശൂന്യമായിട്ടിട്ട് മറ്റുതൊഴിലുകൾതേടി സ്വദേശത്തും വിദേശത്തുമായി നമ്മൾ അലയുകയാണ്. ഇനി കൃഷിചെയ്യാൻ തയ്യാറാകുന്നവരോ റബർ വയ്ക്കുന്നതിനും അത് ടാപ്പ് ചെയ്യുന്നതിനും ഫാം നടത്തുന്നതിനുമൊക്കെ അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിച്ച് ശരീരം അനങ്ങാതെയിരിക്കുന്നു. എന്നാൽ കോവിഡ് എല്ലാവരെയും മാറിചിന്തിക്കാൻ പ്രേരിപ്പിച്ചിരിക്കുകയാണ്. പ്രവാസികൾ മിക്കവാറുംതന്നെ നാട്ടിലേക്ക് തിരിച്ചെത്തി. ഇനിയെന്ത് എന്ന ചോദ്യത്തിന് മണ്ണിലേക്കിറങ്ങുക എന്നതാണ് ഏറ്റവും യോജ്യമായിട്ടുള്ളത്. പലരും ചെറുമുറ്റങ്ങളിലും പറമ്പുകളിലുംവരെ അടുക്കളത്തോട്ടങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വിത്തുമുളച്ച് വളർന്ന് ഫലംചൂടി തുടങ്ങുമ്പോഴുള്ള കണിക്കാഴ്ച പലരിലും സന്തോഷമുളവാക്കുകയും കൃഷിയെ സ്നേഹിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളത് വലിയ തിരിച്ചറിവാണ്.

കാർഷികരംഗം സജീവവും കർഷകർ ഉത്സാഹഭരിതരുമാകണമെങ്കിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നിരവധി കാര്യങ്ങൾ അനുഭാവപൂർവ്വം ഉണ്ടാകേണ്ടിയിരിക്കുന്നു. കർഷകരെ അംഗീകരിക്കാനുള്ള തുറവാണ് പ്രഥമതാ വേണ്ടത്. ഇവിടെ ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നത് കർഷകർക്കിടയിലാണെന്നുള്ളത് മറച്ചുവയ്ക്കാനാവില്ല. കാർഷികോല്പന്നങ്ങൾക്ക് മതിയായ വിലകിട്ടാനും ഇടനിലക്കാരുടെ ഭീഷണികളും മറ്റും ഇല്ലാതാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അന്യസംസ്ഥാന തൊഴിലാളികളെ അതിഥി തൊഴിലാളികളെന്ന് ആദരിച്ചു വിളിക്കുന്നതൊക്കെകൊള്ളാം. എന്നാൽ, നമ്മുടെ കൃഷിയിടങ്ങൾ നാംതന്നെ ആദരിച്ച് അവിടെ വിതക്കാനും വിളവെടുക്കാനും കളപറിക്കാനും സംരക്ഷിക്കാനുമൊക്കെ നാം മുൻകൈ എടുക്കണം. ഒരു തുണ്ടുഭൂമിപോലും പാഴാക്കരുത്. ബംഗാളിയും ഒറീസക്കാരനുമൊക്കെ നമ്മുടെ പാടത്തിറങ്ങാൻ അനുവദിക്കാതെ നമ്മുടെ ഭക്ഷ്യസുരക്ഷയ്ക്ക് നാംതന്നെ അധ്വാനിക്കണം. കൂട്ടായപരിശ്രമങ്ങളുണ്ടായാൽ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വിഷമയപച്ചക്കറികളും മറ്റും ഇവിടെ ഇറക്കുമതി ചെയ്യാതെ നാം ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾകൊണ്ട് നമുക്ക് സ്വയംപര്യാപ്തതയിലെത്താം. അധ്വാനവും നല്ലവിളകളും കൂടിയാകുമ്പോൾ ആരോഗ്യവും കെട്ടുറപ്പുള്ളതാകും. ■


www.malankaralibrary.com

# കാർഷികനന്മയിലൂടെ ഭക്ഷ്യസുരക്ഷ



**ജയിംസ് പഴയചിറ**
മാമൂട്, ചങ്ങനാശ്ശേരി

കടുത്ത സാമ്പത്തിക മാന്ദ്യവും കോവിഡ് -19 ആഘാതവും തൊഴിൽനഷ്ടപ്പെടലും അതുവഴി സാമ്പത്തിക ബുദ്ധിമുട്ടും നമ്മുടെ കുടുംബങ്ങളെയും നാടിനെയും ഗ്രസിക്കുമ്പോൾ അതിനെ നേരിടുക ഏറ്റവും വലിയ വെല്ലുവിളിയാണ്. ഭക്ഷ്യവസ്തുക്കളിലെ അമിത വിഷപ്രയോഗം (പച്ചക്കറി, മത്സ്യം) മൂലം നമ്മൾ വാങ്ങിക്കഴിക്കുന്ന ഭക്ഷ്യധാന്യങ്ങൾ നമ്മുടെ രോഗപ്രതിരോധശേഷിയെയും ആരോഗ്യപരിപാലനത്തെയും അതുവഴി രോഗങ്ങൾക്കും കാരണമാകുന്നു.

സംസ്ഥാന സർക്കാരും സഭയും സംഘടനകളും ഒക്കെ ഇന്ന് കൂടുതൽ പ്രാധാന്യത്തോടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പലപദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ഇവയെ ഫലപ്രദമായി വിനിയോഗിക്കാൻ കൃഷി ഒരു തൊഴിലും വരുമാനമാർഗ്ഗവുമായി മാറ്റാൻ, പുതുതലമുറയ്ക്ക് സാധിക്കണം. നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ എത്തി ഇനി എന്ത്, എങ്ങനെ, എവിടെ തുടങ്ങണം എന്നറിയാതെ വിഷമിക്കുകയും പലരും പലപരസ്യങ്ങളും വാർത്തകളും കണ്ട് ദൂരക്കാഴ്ചയില്ലാതെ എടുത്തുചാടി ധാരാളം പണംമുടക്കി വൻനഷ്ടങ്ങൾവരുത്തി (പശു, ആട്, കോഴി, താറാവ് വളർത്തൽ) പ്രതിസന്ധിയിലകപ്പെട്ടിട്ടുമുണ്ട്.

കൃഷിയിൽനഷ്ടങ്ങൾസംഭവിക്കുന്ന സാഹചര്യങ്ങളിൽ സർക്കാർ സഹായങ്ങളും സബ്സിഡികളും പരമാവധി പ്രയോജനപ്പെടുത്തി നമുക്കു ചുറ്റുമുള്ള കൃഷിസാധ്യതകളെ സമന്വയിപ്പിച്ചുള്ള കൃഷിരീതി നടപ്പിലാക്കാൻ കഴിയണം. നമ്മുടെ കർഷകരിൽ കൂടുതൽ നാമമാത്ര കർഷകരാണ്; വളരെകുറച്ചുസ്ഥലസൗകര്യങ്ങളും. കൂടുതൽ സ്ഥലസൗകര്യങ്ങളും സാധ്യതകളുമുള്ളവർ തെരഞ്ഞെടുക്കേണ്ട കൃഷിരീതികളും വിഭവങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നു.

ഗ്രോബാഗുകളിലും ചട്ടികളിലും ചാക്കുകളിലും കൃഷിചെയ്ത് സ്ഥലപരിമിതികളെ മറികടക്കാവുന്നതാണ്. കൂടുതൽ സ്ഥലമുള്ളവർക്ക് ഒരു നല്ല തൊഴിലായും വരുമാനമാർഗ്ഗമായും കൃഷിയെ മാറ്റിയെടുക്കാം. അത്തരത്തിൽ കുറെ വർഷങ്ങൾ കൃഷിരീതികൾ പരീക്ഷിച്ച് ലാഭകരമാക്കാൻ സാധിച്ചതിന്റെ അനുഭവസമ്പത്തെനിക്കുണ്ട്.

പ്രധാനമായും ഞാൻ കൃഷിചെയ്യുന്നത് (ഏകദേശം 1 ഏക്കർ) ഏത്തവാഴയും മരച്ചീനിയും ഇടവിളയായി പച്ചക്കറികളും ഒപ്പം കോഴി, താറാവ് വളർത്തൽ, മത്സ്യകൃഷി മുതലായവയുമാണ്. ഇവയെല്ലാം പരസ്പരം ബന്ധിപ്പിച്ച് ചിലവുകുറച്ചുള്ള കൃഷിരീതിയായാണ് നടപ്പാക്കുന്നത്.

മത്സ്യം, കോഴി, താറാവ് മുതലായവ ഫാക്ടറി തീറ്റകൾ നൽകി ലാഭകരമാക്കാൻ സാധിക്കുകയില്ല. അതിനാൽതന്നെ പലരും തുടക്കത്തിൽത്തന്നെ നഷ്ടംവരുത്തി കൃഷി അവസാനിപ്പിച്ചിട്ടുണ്ട്. എന്റെ വീട്ടിലും പരിസരസ്ഥലങ്ങളിലും ഉള്ള ചക്ക, ചക്കക്കുരു, കപ്പ (ഉപയോഗ ശൂന്യമായവ ഉൾപ്പടെ) വാഴക്കണ്ണ്, തളിരില, ഇലച്ചെടികൾ, പുൽച്ചെടികൾ ഇവയെല്ലാം പാകമാക്കി തീറ്റവസ്തുക്കളാക്കുന്നു. ചേമ്പിലയും മരച്ചീനിയിലയും ഇലച്ചെടികളും ഭക്ഷണമായി നൽകുന്നു. ജയന്റ് ഗൗരാമി മത്സ്യങ്ങളെ വളർത്തുന്നത് ലാഭകരമാണ്.

കാർഷിക മേഖലയിലെ വരുമാനത്തിന് സ്വന്തം അധ്വാനം അത്യന്താപേക്ഷിതമായ ഒന്നാണ്. പച്ചക്കറികൾ ഇടവിളയായി കൃഷിചെയ്യുമ്പോൾ യാതൊരു കൂലിച്ചെലവും ഇല്ലാതെ ചെറിയൊരു വരുമാനവും നമുക്കാവശ്യമായ പച്ചക്കറികളും സ്ഥിരമായി ലഭിക്കും. ഇടവിളയായി ചീര, പയർ, വെണ്ട, വഴുതന, ചേമ്പ്, ഇഞ്ചി, പച്ചമുളക്, കാന്താരി, വെള്ളരി, പാവൽ ഇവയെല്ലാം കൃഷിചെയ്യാവുന്നതാണ്. ഇതെല്ലാം പരീക്ഷിച്ച് വിജയിച്ചതിന്റെ അനുഭവവും എനിക്കുണ്ട്. പ്രധാനമായും കോഴിവളവും പച്ചച്ചാണകവും കടലപ്പിണ്ണാക്കും മറ്റും ഇവയ്ക്ക് വളമായി ഉപയോഗിച്ച് ചിലവ് കുറക്കാം.

ആറുമാസം സുലഭമായിലഭിക്കുന്ന, ചക്കയും ചക്കക്കുരുവും ഉപയോഗശൂന്യമായ കപ്പയും സംസ്കരിച്ച് കോഴിത്തീറ്റയും താറാവുതീറ്റയുമാക്കി മാറ്റാവുന്നതാണ്. ഇവയ്ക്കൊപ്പം ഒരുനേരം ഫാക്ടറി തീറ്റയും നൽകി ചിലവുകുറച്ച് ഈ കൃഷിരീതി ലാഭകരമാക്കാനാകും. കൃഷിയിടത്തിൽ നിരന്തര നിരീക്ഷണവും പരിചരണവും ജൈവകീടനാശിനികളുടെ ഉപയോഗവും കൊണ്ട് കീടങ്ങളെ അകറ്റി കാർഷിക നന്മയുടെ പുതുലോകം നമുക്ക് സൃഷ്ടിക്കാനാവുമെന്നതിൽ ഒരു സംശയവുംവേണ്ട. ■

# ശത്രുകീടങ്ങളും മിത്രകീടങ്ങളും വളരണം



**എൽദോ പൗലോസ്**
കോട്ടപ്പടി, കോതമംഗലം

മാനവരാശിയുടെ നിലനിൽപ്പിന്റെ ഭാഗമായ സംസ്കാരമാണ് കൃഷി. ഒരുവന് ജീവിക്കാനും തൊഴിൽ ചെയ്യാനും വേണ്ട ഊർജം ഭക്ഷണത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. അതിന് ഭക്ഷണസാധനങ്ങൾ എന്നും കൃഷിചെയ്ത് ഉത്പാദിപ്പിക്കണം. ആദ്യകാലത്ത് കൃഷി സമതലങ്ങളിൽ മഴ



www.malankaralibrary.com

യെ മാത്രം ആശ്രയിച്ച് ചെയ്തുവെന്നിരുന്നാണ് ചരിത്രം പറയുന്നത്. കൃഷി ചെയ്തുണ്ടാക്കുന്ന സാധനങ്ങൾ സ്വന്തം ആവശ്യംകഴിച്ചുള്ളവ പരസ്പരം കൈമാറ്റം (ബാർട്ടർ സിസ്റ്റം) ചെയ്തിരുന്നത് പിൽക്കാലത്ത് വ്യാപാരം ആയതെന്ന് ചരിത്രം പഠിപ്പിക്കുന്നു. കാർഷിക വിഭവങ്ങളുടെ തുടർന്നുള്ള ഉപയോഗമാണ് വ്യവസായത്തിന്റെ അവശ്യഘടകമായ അസംസ്കൃത വസ്തുക്കൾ. ചുരുക്കത്തിൽ മാനവരാശിയുടെ നിലനിൽപ്പും വളർച്ചയും കൃഷിയുടെ വളർച്ചയിലൂടെ മാത്രമേ സാധ്യമാകൂ.

ആഗോളജനസംഖ്യയുടെ വളരെ കുറഞ്ഞ ശതമാനം മാത്രമേ കാർഷിക വൃത്തിയിലൂടെ ഉപജീവനം നടത്തുന്നുള്ളു. അവർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ബാക്കിവരുന്ന വലിയ ശതമാനത്തിന്റെ ഭക്ഷണാവശ്യങ്ങൾ നിറവേറ്റിവരുന്നെങ്കിലും കർഷകരുടെ രാജ്യസ്നേഹവും പ്രതിബദ്ധതയും ഒരു ഭരണകർത്താക്കളും കണക്കിലെടുക്കുകയോ, അവർക്ക് വേണ്ട അംഗീകാരമോ, സംരക്ഷണമോ കൊടുക്കുകയോ ചെയ്യുന്നില്ലെന്നതാണ് യാഥാർത്ഥ്യം. കർഷകരുടെ ജീവിതനിലവാരമോ വരുമാനമോ ഒന്നും നാളിതുവരെ ഒരു ഭരണസംവിധാനങ്ങളും പൊതുസമൂഹവും ചർച്ചചെയ്യുകയോ കരുതൽ കാണിക്കുകയോ ചെയ്തിട്ടില്ല. കൃഷി അല്ലാതെ, മറ്റൊരു വരുമാനമാർഗ്ഗം ഇവരുടെ മുൻപിൽ ഇല്ല. ഇവർ കൃഷി ചെയ്ത് ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ പൊതുവിപണിയിൽ വിറ്റുകിട്ടുന്ന പണംകൊണ്ടാണ് ഇവരുടെ എല്ലാ പ്രാഥമിക ആവശ്യങ്ങളും നിറവേറ്റുന്നതും മക്കളുടെ പഠനത്തിനുവരെ ഉപയോഗിക്കുന്നതും. പ്രകൃതിയിൽനിന്നും കിട്ടുന്ന തിക്താനുഭവങ്ങൾ മൂലം മക്കളെ ഒരിക്കലും കർഷകരാക്കരുതെന്ന് ഓരോ കർഷകനും ദൃഢനിശ്ചയം ചെയ്യുന്നുണ്ട്. അതിനാൽ പിൻതലമുറ കാർഷികവൃത്തി ഒരു തൊഴിലായോ വരുമാനമാർഗമായോ തെരഞ്ഞെടുക്കുന്നില്ല. മറിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥനായാൽ കിട്ടുന്ന സ്ഥിരവരുമാനം, ശമ്പളവർധന, സമൂഹം കൊടുക്കുന്ന അംഗീകാരം എന്നിവ ആ മേഖലയിലേക്ക് പുത്തൻ തലമുറയെ ആകർഷിക്കുന്നു. അതിനാൽ എന്ത് വിറ്റും സർക്കാർ ജോലി തരപ്പെടുത്തണം എന്നാണ് പൊതുവേയുള്ള ചിന്ത.

1970-കളിൽ ഒരു സർക്കാർ ജീവനക്കാരൻ വാങ്ങിയിരുന്ന ശമ്പളത്തിന്റെ 80% വർധനവാണ് ഇന്നുണ്ടായിട്ടുള്ളത്. എന്നാൽ ഭക്ഷ്യകൃഷി ചെയ്യുന്ന കർഷകന്റെ വരുമാനത്തിൽ കാര്യമായ വർധനവ് ഉണ്ടായിട്ടില്ല. 1970-കളിലെ അരിവിലയുടെ വർധനവ് ഇന്ന് 10% മാത്രം. ഒരു കിലോ നെല്ല് ഉത്പാദിപ്പിക്കാൻ ഇന്ന് 20-25 രൂപ ചിലവുവരുമ്പോൾ അത് സർക്കാർ എടുക്കുന്നത് വെറും 26 രൂപയ്ക്കാണ്. അതായത് ഏകദേശം 2 രൂപ മുതൽ 7 രൂപവരെ മാത്രം ലാഭം. വിളവ് കുറഞ്ഞാൽ, കാലാവസ്ഥമോശമായാൽ, കീടരോഗബാധ വന്ന് നശിച്ചാൽ വലിയ നഷ്ടമാണ് സംഭവിക്കുന്നത്. പൊതുസമൂഹവും ഭരണകർത്താക്കളും കൃഷിയെ അർഹിക്കുന്ന തൊഴിലായി അംഗീകരിച്ചാൽ മാത്രമേ പുതിയ തലമുറ ഈ തൊഴിൽ ഏറ്റെടുക്കുകയുള്ളൂ. 50 വർഷംമുൻപ് ഈ സമൂഹത്തിലെ ഏറ്റവും ആദരണീയർ കർഷകരായിരുന്നു. അവരുടെ മക്കൾക്ക് വിവാഹാലോചന വന്നാൽ ഒരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. ഇന്ന് സ്ഥിതിമറിച്ചാണ്. കർഷകർ വിളയിച്ചെടുക്കുന്ന സാധനങ്ങൾ സ്ഥിരമായി മാന്യമായവിലക്ക് വിൽക്കുന്നതിനുള്ള വിപണന സംവിധാനംകൂടി ഉണ്ടാകേണ്ടതുണ്ട്. വിദേശ രാജ്യങ്ങളിൽ ഈ സംവിധാനം നിലവിൽ ഉണ്ട്. പൊതുവിപണിയിൽ എന്ത് വിലകുറഞ്ഞാലും കർഷകന് സ്ഥിരമായി ഒരു വില ലഭിക്കുന്ന സംവിധാനം നിലവിലുണ്ട്.

ഇന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്ന മറ്റൊരു വിഷയമാണ് രാസകൃഷിയിലെയും ജൈവകൃഷിയിലെയും ഉൽപ്പന്നങ്ങളുടെ വിലവ്യത്യാസം. ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്നവർക്ക് രുചിയും ഗുണവും കൂടുതലുണ്ട് എന്നതിൽ തർക്കമില്ല. എന്നാൽ അതേ സാധനം വിലകുറച്ച്, രാസരീതിയിൽ വ്യാപാരാടിസ്ഥാനത്തിൽ കൃഷി ചെയ്ത് മാർക്കറ്റിൽ കുറഞ്ഞവിലയ്ക്ക് വിൽക്കുന്നതും വലിയ തെറ്റുധാരണയും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇതും പരിഹരിക്കപ്പെടേണ്ടതാണ്. കർഷകർ തീർത്തും അസംഘടിതരാണെന്ന വസ്തുതയും സ്മരിക്കേണ്ടതാണ്.

രാജ്യത്തിന്റെ നട്ടെല്ലായ കർഷകരെ ഉയർത്തിക്കൊണ്ടുവരാതെ രാജ്യം ഒരിക്കലും അഭിവൃദ്ധി പ്രാപിക്കില്ല എന്നാണ് എന്റെ അഭിപ്രായം. കർഷകന് ഉത്പാദനബോണസുകൾ നല്കിയാൽ ഇപ്പോൾ ഉള്ളതിൽ നിന്നും കൃഷി പതിന്മടങ്ങായി വർധിക്കും എന്നതിൽ സംശയം വേണ്ട. അതുവഴി ഈ സംസ്ഥാനത്തെ പണം ഇവിടെത്തന്നെ ക്രയവിക്രയം ചെയ്യുകവഴി നമ്മുടെ പ്രതിശീർഷ വരുമാനവും ആനുപാതികമായി വർധിക്കും. അതുവഴി നമ്മുടെ സാമ്പത്തികരംഗവും വളർച്ചാനിരക്കും വർധിക്കും.

കൃഷി ആദായകരവും മാന്യവുമായ തൊഴിലാവുകയും പൊതുരാസകീടനാശിനികളും വളങ്ങളും കളനാശിനികളും ഉപയോഗിക്കുകവഴി മനുഷ്യപ്രയത്നം നന്നായി ഒഴിവാക്കാൻ സാധിക്കുന്നതിനാൽ ഉത്പാദന ചെലവ് കുറയുന്നതിനാൽ വിലകുറച്ച് വിൽക്കാൻ കഴിയും. പക്ഷേ ഇവയുടെ വർധിച്ച ഉപയോഗം പരിസ്ഥിതിക്കും മനുഷ്യരാശിക്കും പിൽക്കാലത്തിൽ വരുത്തുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ വിസ്മരിച്ചുകൂടാ. ഇവ മണ്ണിന്റെ അമ്ലത്വ (P.H) മാണെന്നതിൽ സംശയമില്ല. എന്നാൽ ഇവയിൽനിന്നും പുറന്തള്ളുന്ന രാസവസ്തുക്കൾ ജൈവമണ്ഡലത്തിൽവരുത്തുന്ന ദോഷങ്ങൾ വളരെ വലുതാണെന്ന് തിരിച്ചറിയാൻ ഒരു മനുഷ്യായുസ്സ് കഴിയേണ്ടിവരുന്നു. മണ്ണിന്റെ അമ്ലത്വം 6.5 നും 7നും ഇടയിൽ നിലനിന്നാൽമാത്രമേ മണ്ണിൽ നിൽക്കുന്ന ചെടികളുടെ വേരുകൾക്ക് യഥാവിധി ആവശ്യമായ മൂലകങ്ങൾ വലിച്ചെടുക്കാൻ കഴിയുകയുള്ളൂ. മൂലകങ്ങളും ഉപമൂലകങ്ങളും സൂക്ഷ്മമൂലകങ്ങളും പ്രകൃതി നിശ്ചയിരിക്കുന്ന അളവിൽ യഥാവിധി ചെടികൾക്ക് ലഭിച്ചാൽമാത്രമേ ആരോഗ്യത്തോടെയും പ്രതിരോധശേഷിയോടെയും ചെടികൾക്കു വളരാനാകൂ. പ്രകൃതി നിശ്ചയിച്ച അളവിൽകൊടുക്കാൻ മനുഷ്യബുദ്ധിക്ക് കഴിയില്ല. മറിച്ച് പ്രകൃതിക്കുമാത്രമേ കഴിയൂ അതിന് ജൈവവളങ്ങൾ തന്നെ വേണം. അവയെ സമയാസമയം അയേണുകളാക്കി മാറ്റി ചെടികളുടെ സൂക്ഷ്മവേരുകളുടെ അടുത്ത് എത്തിക്കാനുള്ള കുമിളുകളും ബാക്ടീരിയകളും പ്രകൃതിതന്നെ സൃഷ്ടിച്ചുവളർത്തിയെടുക്കണം. ഇവയും ചെടിയും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ തുടരണമെങ്കിൽ ജൈവരീതിയിൽ കൃഷിചെയ്യണം. അതിന്റെ ശരിയായഘടന, അനുപാതം പ്രകൃതിക്ക് മാത്രമേ തിരിച്ചറിയൂ.

പ്രകൃതിയിൽ രണ്ടുതരം കീടങ്ങൾ ഉണ്ട്. ശത്രുകീടങ്ങളും മിത്രകീടങ്ങളും. ഇവ പരസ്പരം ബന്ധപ്പെട്ടാണ് പ്രകൃതിയുടെ ഇക്കോളജി നിലനിൽക്കുന്നത്. ശത്രുകീടങ്ങൾ വളരുന്നതോടൊപ്പം മിത്രകീടങ്ങളും ഒരേ രീതിയിൽ വളരുന്ന സാഹചര്യം സൃഷ്ടിച്ചാൽ വലിയ ബുദ്ധിമുട്ട് കൃഷിയിൽ ഉണ്ടാകില്ല എന്നാണനുഭവം. ശത്രുകീടങ്ങളെ പ്രതിരോധിക്കാൻ മിത്രകീടങ്ങൾക്ക് വളരാനുള്ള ആവാസവ്യവസ്ഥ നാം ഉണ്ടാക്കണം. അതിന് ഏകവിള സമ്പ്രദായം ഉപേക്ഷിച്ച് ബഹുവിളസമ്പ്രദായം നടപ്പിലാക്കണം. ഒപ്പം ശത്രുകീടങ്ങളെ പ്രതിരോധിക്കുന്ന വാസന പുറപ്പെടുവിക്കുന്ന കുറ്റിച്ചെടികളും മരങ്ങളും ഇടയിൽ നട്ടുവളർത്തണം. ഇവയുടെ ഇലകളുടെ രസങ്ങൾ വേർതിരിച്ച് സ്പ്രേ ചെയ്യാം. പീനാറി, മൂഞ്ഞ, കിരിയാത്ത്, കാഞ്ഞിരം, ഉമ്മം, ആര്യവേപ്പ്, തേരകം, പെരുവലം, ശീമക്കൊന്ന, കരിങ്ങോട്ട എന്നിവയുടെ ഇലകളും അവയുടെ രസങ്ങളും ശത്രുകീടങ്ങളെ പ്രതിരോധിക്കാൻ ഉപയോഗിക്കാം. മഞ്ഞൾ, കൊടുവേലി എന്നിവ കൃഷിയിടങ്ങളിൽ അവിടവിടെ നട്ടുവളർത്തിയാൽ എലി, പെരുച്ചാഴി എന്നിവയുടെ ഉപദ്രവം ഗണ്യമായി കുറയും. വാഴക്കൃഷി ചെയ്യുന്ന സമയം ചുവട്ടിൽ വേപ്പിന്റെ ഇലയും പിണ്ണാക്കും ഇട്ടുകൊടുക്കുകയും ചുറ്റും വെന്തി (ചെണ്ടുമല്ലി) നട്ടുവളർത്തിയാൽ നിമാ വിരയേയും തെങ്ങിന്റെ വേരുതീനി പുഴുക്കളെയും പ്രതിരോധിക്കാം.

ഞാൻ കഴിഞ്ഞ 5 വർഷമായി പ്രകൃതികൃഷി (പലേക്കർ രീതി) പിന്തുടരുന്നു. ഒരു ചുവടിൽനിന്ന് 10 മുതൽ 25 കിലോ വരെ മരച്ചീനിയും 10 മുതൽ 18 കിലോ വരെ ഏത്തവാഴക്കുലയും ഒരു ചെടിയിൽനിന്ന് 2000 രൂപയ്ക്കുള്ള റെഡ് ലേഡി പപ്പായയും ലഭിച്ചിട്ടുണ്ട്. ■



# കടമ്പകൾ കടക്കാതെ ഭക്ഷ്യസുരക്ഷാനിയമം

**മാക്സിമിൻ, നെട്ടൂർ**
പനങ്ങാട്

ഭക്ഷണം അവകാശമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2013 ജൂലൈയിൽ ഭക്ഷ്യസുരക്ഷാനിയമം രൂപീകരിച്ചത്. അഞ്ച് വിഭാഗങ്ങളെയാണ് ഭക്ഷ്യഭദ്രതാനിയമപ്രകാരം റേഷൻലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്തത്. അന്ത്യോദയ അന്നയോജന, മുൻഗണനാവിഭാഗം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറുമാസംമുതൽ ആറുവയസ്സുവരെയുള്ള കുട്ടികൾ.

അരി എത്രയെന്ന് ജനം ചോദിക്കുമ്പോൾ പയർ അഞ്ഞാഴിയെന്നാണ് ഉത്തരവാദിത്വപ്പെട്ടവർ പറയുന്നത്. ഭക്ഷ്യസുരക്ഷാനിയമം പൂർണമായി നടപ്പാക്കാത്തതിനെക്കുറിച്ച് ചോദിച്ചാൽ സംസ്ഥാനം ഭരിക്കുന്നവരും മുൻപ് ഭരിച്ചവരും ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കിയതിനെക്കുറിച്ചും നടപ്പാക്കാൻ വൈകിയതിനെക്കുറിച്ചും പറഞ്ഞ് പരസ്പരം പഴിചാരുകയാണ്. നിയമം നിർവചിക്കേണ്ടതും നടപ്പാക്കേണ്ടതും ജനങ്ങളല്ലല്ലോ. അതിന് ജനം തെരഞ്ഞെടുത്തിരിക്കുന്നവരാണ്. എന്ത് സാങ്കേതിക ന്യായം പറഞ്ഞിട്ടായാലും അന്നം നിഷേധിക്കുന്നത് നീതിയല്ല.

ഭക്ഷ്യസുരക്ഷാനിയമപ്രകാരം റേഷൻകാർഡുകൾ വിതരണം ചെയ്യാനോ, അർഹരായവരുടെ പട്ടിക തയ്യാറാക്കാനോ സംസ്ഥാനത്തിന് കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാനത്തിന് കഴിഞ്ഞില്ലെന്ന് പറയുമ്പോൾ നിയമം രൂപികരിച്ചവർക്കും ഒഴിഞ്ഞുമാറാനാകില്ല. മറ്റു സംസ്ഥാനങ്ങൾ നിലവിലെ BPL പട്ടിക അതേപടി മുൻഗണനാപട്ടികയാക്കി മാറ്റിയപ്പോൾ, ഒട്ടേറെ അനർഹർ കടന്നുകൂടിയിട്ടുള്ള കേരളത്തിൽ BPL പട്ടിക അതേപടി വേണ്ടെന്ന് തിരുമാനിക്കുകയായിരുന്നു. റേഷൻകാർഡ് പുതുക്കുന്നതിനൊപ്പം മുൻഗണനാ പട്ടിക തയ്യാറാക്കി നിയമം നടപ്പാക്കാമെന്നായിരുന്നു കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ തീരുമാനം. എന്നാൽ റേഷൻ കാർഡ് പുതുക്കൽ വൈകിയത് നിയമം യഥാസമയം നടപ്പാക്കുന്നതിനെയും ബാധിച്ചു. എഎവൈ എന്നാൽ പരമദരിദ്രർ എന്ന വിഭജനത്തിൽപ്പെട്ടവർ. മുൻഗണനാവിഭാഗം എന്ന വിഭജനത്തിൽവരുന്നതിൽ ഭൂരിഭാഗവും പഴയ BPL പട്ടികയിൽ ഉൾപ്പെട്ടവരാണ്. ഗ്രാമപ്രദേശങ്ങളിൽ 75% പേർക്കും നഗരപ്രദേശങ്ങളിൽ 50% പേർക്കും റേഷൻ ആനുകൂല്യം ലഭിക്കുന്നവിധമാണ് നിയമം കൊണ്ടുവന്നത്. എന്നാൽ കേരളത്തിലെ ഗ്രാമങ്ങളിൽ ഇത് 52.63% ആയെന്നും നഗരങ്ങളിൽ 39.5 ശതമാനമായെന്നും സംസ്ഥാന സർക്കാർപറയുന്നു.

സത്യത്തിൽ ചെരിപ്പിനൊപ്പിച്ച് കാല് മുറിക്കുന്ന രീതി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ മുന്നിൽക്കണ്ട് നഗരവും ഗ്രാമവും നിശ്ചയിച്ചപ്പോൾ നഗര-ഗ്രാമ വ്യത്യാസങ്ങൾ പ്രതിഫലിക്കാതെ കേരളം റേഷൻ അർഹതയിൽ പിന്നിലായി. സെൻസസ് അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ അർഹരുടെ എണ്ണമാണ് സംസ്ഥാനങ്ങൾക്കൾക്കായി കേന്ദ്രം നിശ്ചയിച്ചത്.

2013 ജൂലൈയിൽ ഭക്ഷ്യസുരക്ഷാനിയമം രൂപീകരിക്കുമ്പോൾ 2014 ജനുവരിക്കുള്ളിൽ നിയമം നടപ്പാക്കണമെന്നതായിരുന്നു സംസ്ഥാനങ്ങൾക്കുള്ള നിർദ്ദേശം. 2015 നവംബറിൽ ഒഡീഷ സർക്കാർ ഭാഗീകമായി നടപ്പാക്കി. പിന്നീട് ഡിസംബറിൽ അസമും. 2016 ഒക്ടോബറിലേക്ക് എത്തിയപ്പോൾ നിയമം നടപ്പാക്കാൻ ബാക്കി കേരളവും തമിഴ്നാടും മാത്രമായി.

മറ്റു സംസ്ഥാനങ്ങൾ നിലവിലെ BPL പട്ടിക അതേപടി മുൻഗണനാപട്ടികയാക്കി മാറ്റിയപ്പോൾ ഒട്ടേറെ അനർഹർ കടന്നുകൂടിയിട്ടുള്ള കേരളത്തിൽ BPL പട്ടിക അതേപടിവേണ്ടെന്ന് സംസ്ഥാനം തീരുമാനിക്കുകയായിരുന്നു. പക്ഷേ, റേഷൻകാർഡ് പുതുക്കാൻ വൈകിയത് നിയമം നടപ്പാക്കാൻ


www.malankaralibrary.com

വൈകിപ്പിച്ചു. അങ്ങനെ കാർഡും വൈകി. നിയമവും വൈകി.

ഫലത്തിൽ പരാതിപ്രളയമായിരുന്നു. അർഹർ പലരും പുറത്തും അനർഹർ പലരും അകത്തുമായി. എങ്കിലും അനാഥാലയങ്ങൾ, ആശുപത്രികൾ, ജയിലുകൾ, അഭയകേന്ദ്രങ്ങൾ, മഹിളാമന്ദിരങ്ങൾ എന്നിവയ്ക്കെല്ലാം കുറഞ്ഞ നിരക്കിൽ ഇപ്പോഴും അരിയും മറ്റും നൽകിവരുന്നുണ്ട്. എന്നാൽ ഇപ്പോഴും ചെയ്യാനുണ്ട് ഒട്ടേറെ കാര്യങ്ങൾ. റേഷൻവിതരണ ശൃംഖലയുടെ പൂർണ്ണമായ കമ്പ്യൂട്ടർവത്ക്കരണം, പദ്ധതി നിരീക്ഷിക്കാൻ സംസ്ഥാനതലത്തിൽ ഭക്ഷ്യകമ്മീഷൻ രൂപീകരണം, FCI ഗോഡൗണുകളിലെ അട്ടിക്കൂലി പ്രശ്നത്തിൽ ശാശ്വതപരിഹാരമൊക്കെ ഇതിൽപ്പെടുന്നു. ഇതിലെല്ലാമുപരി വർഷങ്ങളായി കേരളത്തിന് ലഭിച്ചിരുന്ന അരിവിഹിതംതന്നെ തുടർന്നും ലഭിക്കാനുള്ള സംവിധാനമുണ്ടാകണം.

കടമ്പകൾ ഇനിയും ഏറെയുണ്ട്. എങ്കിലും അന്നം നിഷേധിക്കുന്നത് നീതിയുക്തമല്ല. പാവപ്പെട്ടവൻ ഒരു നേരമെങ്കിലും ഭക്ഷണം കഴിച്ചുപോരുന്നത് റേഷനെ ആശ്രയിച്ചാണെന്ന വസ്തുത മറക്കരുത്. ഭക്ഷ്യസുരക്ഷാനിയമം വന്നിട്ടും കേരളത്തിലെ സാധുക്കളുടെ ഇടയിലെ റേഷൻവിതരണം പാളിയതെങ്ങനെയെന്ന് പരിശോധിക്കുമ്പോൾ ആർക്കും അങ്ങനെ എളുപ്പം കൈയൊഴിയാൻ കഴിയാത്ത കാര്യങ്ങളാണ് കണ്ടെത്താനാവുക. ■

## പോൾട്രി, പശുവളർത്തൽ കർഷകർക്ക് സമാശ്വാസമായി പെർമിറ്റ് ഇളവ്



കോഴി, പശുവളർത്തൽ ഫാമുകൾക്ക് തദ്ദേശവകുപ്പിന്റെ പെർമിറ്റ് ഇളവുപ്രഖ്യാപനം കർഷകർക്ക് സമാശ്വാസമായി. 1000 കോഴികൾ, 20 പശുക്കൾ, 50 ആടുകൾ തുടങ്ങിയവയെ വളർത്തുന്നതിന് നിർമിക്കുന്ന കെട്ടിടങ്ങൾക്ക് ഇനിമുതൽ പെർമിറ്റ് ആവശ്യമില്ലായെന്ന ഇളവാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിൽ അഞ്ചു കന്നുകാലി, 20 ആട്, അഞ്ച് പന്നി, 100 കോഴി എന്നിവയിൽ കൂടുതലുള്ള ഫാമുകൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശവകുപ്പിന്റെ പെർമിറ്റ് വേണമായിരുന്നു. ഈ നിബന്ധനമൂലം സംസ്ഥാനത്തെ പല ഫാമുകളും അടച്ചുപൂട്ടേണ്ട സ്ഥിതിയായിരുന്നു. വേനലിൽ പെയ്തമഴപോലെ പോൾട്രി ഫാമുടമകൾക്കും ക്ഷീരകർഷകർക്കും വലിയ ആശ്വാസമായിരിക്കുകയാണ്.




www.malankaralibrary.com

# ക്രൈസ്തവം

കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമ്മനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.



# സമർപ്പിതവഴിയിലെ പോത്ത് സംരക്ഷകനും പറമ്പിലമ്മയും

- വി. കുർബാനയ്ക്കു തുല്യമല്ല തിരുശേഷിപ്പുകൾ
- സന്ന്യാസികൾ മുറിവേറ്റ സുഖദായകർ

റവ. ഡോ. മൈക്കിൾ കാരിമറ്റം
ജോസ് ക്ലെമന്റ്
റവ. ഫാ. അലക്സാണ്ടർ പൈകട CMI



www.malankaralibrary.com

# വി. കുർബാനയ്ക്കു തുല്യമല്ല തിരുശേഷിപ്പുകൾ



റവ. ഡോ. മൈക്കിൾ കാരിമറ്റം
മേരിമാതാ മേജർസെമിനാരി, തൃശ്ശൂർ
*karimattom@gmail.com*

**ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രബിന്ദു പരിശുദ്ധ കുർബാനയാണ്. തിരുശേഷിപ്പുകൾക്ക് അമിത പ്രാധാന്യം നൽകരുത്. അങ്ങനെ ചെയ്താൽ ഭക്തിക്ക് മാർഗഭ്രംശം സംഭവിച്ചേക്കാം. വിശുദ്ധരെക്കൊണ്ട് ജീവിക്കുന്നതിനുപകരം അവരുടെ ജീവിതമാതൃകകളിലൂടെ വിശുദ്ധരായി ജീവിക്കുകയാണ് വേണ്ടത്. തിരുനാളുകൾ ലേഖന പരമ്പരയുടെ അവസാനഭാഗം.**

എല്ലാം ആഘോഷമാക്കാൻ നമുക്കുള്ള കഴിവ് അത്ഭുതാവഹമെന്നേ പറയേണ്ടൂ. കുരിശിന്റെ നിഴലിലിരുന്ന് ശിഷ്യന്മാരുമൊത്ത് യേശു ആചരിച്ച അവസാനത്തെ പെസഹാ ഇന്ന് വിശുദ്ധ കുർബ്ബാനയായി, ബലിയായി ദിവസേന ലോകമെങ്ങുമുള്ള കത്തോലിക്കാ ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്നു. ഇവിടെയും ആഘോഷങ്ങൾ അർത്ഥം ചോർത്തിക്കളയുന്നില്ലേ എന്ന സംശയം തലപൊക്കുന്നു. രാജകീയമായ വേഷഭൂഷാദികളണിഞ്ഞ് നൃത്ത-സംഗീതനാടകത്തിന്റെ അന്തരീക്ഷം ജനിപ്പിക്കുന്ന ശബ്ദഘോഷങ്ങളോടെ, അർപ്പിക്കപ്പെടുന്ന ആഘോഷപൂർണ്ണമായ ദിവ്യബലികൾ, യേശുവിന്റെ ആത്മബലിയേക്കാൾ പാട്ടുകച്ചേരിയുടെയും നാടകമേളയുടെയും പ്രതീതിയാണ് ജനിപ്പിക്കുന്നത് എന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ അയാളെ ദോഷൈകദൃക്കോ നിരീശ്വരനോ ക്രിസ്തുവിരോധിയോ ആയി മുദ്രകുത്തേണ്ടതില്ല.

പെരുന്നാളുകളെ വീണ്ടും തിരുനാളുകളായി തിരിച്ചുകൊണ്ടുവരേണ്ടതില്ലേ? ആഘോഷങ്ങൾക്കായുള്ള അമിതാവേശത്തിൽ നഷ്ടപ്പെട്ടുപോകുന്ന ആത്മീയതയെ തിരിച്ചുപിടിക്കാൻ സഭാധികാരികളും വിശ്വാസിസമൂഹവും ഒന്നടങ്കം, നിശിതമായ ഒരാത്മശോധനയ്ക്കും ആത്മവിർശനത്തിനും തയ്യാറാകേണ്ടകാലം അതിക്രമിച്ചുകഴിഞ്ഞു. ഇസ്രായേൽ ജനത്തിന്റെ ആദിപാപമായി അറിയപ്പെടുന്നത് സീനായ്മലയുടെ അടിവാരത്തുവച്ച് നടത്തിയ വിഗ്രഹാരാധനയാണ്. അതിനുനേതൃത്വം നല്കിയതാകട്ടെ, ഇസ്രായേലിലെ ആദ്യപുരോഹിതൻ എന്നറിയപ്പെടുന്ന അഹറോൻ.

അഹറോൻ പറഞ്ഞു: "നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലുള്ള സ്വർണ്ണവളയങ്ങൾ ഊരിയെടുത്ത് എന്റെ അടുത്തുകൊണ്ടുവരുവിൻ..." അവൻ അവ വാങ്ങി, മൂശയിലുരുക്കി, ഒരു കാളക്കുട്ടിയെ വാർത്തെടുത്തു. അപ്പോൾ അവർ പറഞ്ഞു: "ഇസ്രായേലെ, ഇതാ ഈജിപ്തിൽനിന്നു നിന്നെ കൊണ്ടുവന്ന ദൈവങ്ങൾ." അതുകണ്ടപ്പോൾ അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠം പണിതിട്ട് ഇപ്രകാരം പ്രഖ്യാപിച്ചു: "നാളെ കർത്താവിന്റെ ഉത്സവദിനമായിരിക്കും. അവർ പിറ്റേന്ന് അതിരാവിലെ ഉണർന്ന് ദഹനയാഗങ്ങളും അനുരഞ്ജന ബലികളും അർപ്പിച്ചു. ജനം തീനും കുടിയുംകഴിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെട്ടു" (പുറ 32:1-6).

മോശ പിടിച്ചു നിർത്തി ചോദ്യം ചെയ്തപ്പോൾ ഒഴിഞ്ഞുമാറാനാണ് ആ ആദ്യപുരോഹിതൻ ശ്രമിച്ചത് (പുറ 32:22-24). ജനം സ്വർണ്ണംകൊണ്ടുവന്നു, ഞാനതു തീയിലിട്ടു, അപ്പോൾ കാളക്കുട്ടി പുറത്തുവന്നു എന്ന അഹറോന്റെ മറുപടി ഒഴിഞ്ഞുമാറ്റമല്ലാതെ മറ്റെന്ത്? ദൈവം വിമോചിപ്പിച്ച്, മരുഭൂമിയിലൂടെ നയിച്ചുകൊണ്ടുവന്ന "ഈ ജനത്തിന്റെമേൽ ഇത്ര വലിയൊരു പാപം വരുത്തിവയ്ക്കാൻ അവർ നിന്നോട് എന്തുചെയ്തു?" (പുറ 32:21) എന്ന ചോദ്യം അന്നത്തേതുപോലെ ഇന്നും പ്രസക്തമാണ്. ജനങ്ങൾക്കു താല്പര്യമാണ്, അവർ ആവശ്യപ്പെടുന്നു എന്നിങ്ങനെയുള്ള വിശദീകരണങ്ങൾ നല്കി ഒഴിഞ്ഞുമാറാൻ നേതാക്കൾക്കാവില്ല. കത്തോലിക്കാ സഭയിൽ, പ്രത്യേകിച്ചും മതാത്മക കാര്യങ്ങളിൽ, പുരോഹിതർക്കാണല്ലോ നിർണ്ണായകമായ അധികാരമുള്ളത്. നേർവഴിക്കു നയിക്കേണ്ടവർക്കുതന്നെ ദിശാബോധം നഷ്ടപ്പെട്ടാലോ?

അനേകം തിരുനാളുകൾക്കും മതാത്മകമായ ആഘോഷങ്ങൾക്കും നിർദ്ദേശം നല്കുന്ന പഴയനിയമത്തിൽത്തന്നെ നേതാക്കന്മാർക്കുണ്ടാകുന്ന അപചയത്തെപ്പറ്റി ശക്തമായ താക്കീതും അവർ നേരിടേണ്ടിവരുന്ന കഠിനമായ ശിക്ഷാവിധിയും അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. ഉടമ്പടിയുടെ



സകലപ്രമാണങ്ങളും ലംഘിച്ച്, സമൂഹത്തിൽ അക്രമവാഴ്ച അരങ്ങേറുമ്പോൾ താക്കീതുമായി കടന്നുവരുന്ന ഹോസിയാപ്രവാചകന്റെ വാക്കുകൾ ഇവിടെ ശ്രദ്ധയർഹിക്കുന്നു: "ആരും തർക്കിക്കേണ്ടാ; കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിതാ, നിനക്കെതിരെയാണ് എന്റെ ആരോപണം. അജ്ഞതനിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്നു നിന്നെ ഞാൻ തിരസ്കരിക്കുന്നു... പുരോഹിതനെപ്പോലെ തന്നെ ജനവും" (ഹോസി 4:4–9).


ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളെ അനുസ്മരിക്കാൻ ദൈവം തന്നെ ഉണ്ടാക്കാൻ നിർദ്ദേശിച്ച ഉപകരണങ്ങൾ കാലക്രമത്തിൽ വിഗ്രഹങ്ങളായി പരിണമിക്കാമെന്നും അപ്പോൾ അവ എന്തുചെയ്യണമെന്നും വ്യക്തമാക്കുന്ന ഒരു ഉദാഹരണം ബൈബിളിലുണ്ട്. ഹെസക്കിയാ (ബി.സി 716–687) രാജാവിന്റെ മതനവീകരണശ്രമങ്ങളുമായി ബന്ധപ്പെട്ടാണ് ഈ പരാമർശം പ്രത്യക്ഷമാകുന്നത്. "മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നുവിളിക്കപ്പെടുന്ന ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽജനം ധൂപാർച്ചന നടത്തിയതിനാൽ അവൻ അതു തകർത്തു" (2 രാജാ 18:4).

മരുഭൂമിയിൽവച്ച് പാമ്പുകടിയേറ്റവർ മരിക്കാതിരിക്കാൻ വിശ്വാസത്തോടെ നോക്കേണ്ട ഒരു ഉപകരണമായാണ് ഓടുകൊണ്ട് സർപ്പത്തിന്റെ രൂപമുണ്ടാക്കി വടിയിൽ ഉയർത്തി നിർത്താൻ കർത്താവ് കല്പിച്ചത് (സംഖ്യ 21:8). പ്രതിമയോ, സർപ്പമോ അല്ല, ദൈവമാണ് സൗഖ്യം നല്കുന്നത്. അത് സ്വീകരിക്കാൻ ജനത്തെ ഒരുക്കുന്നത് അവരുടെ വിശ്വാസമാണ്. വിശ്വാസത്തിലേക്ക് നയിക്കുന്ന ഉപകരണം മാത്രമാണ് സർപ്പപ്രതിമ. എന്നാൽ ഈ സത്യംമറന്ന് സർപ്പപ്രതിമതന്നെ രക്ഷയുടെ ഉറവിടം എന്നു കരുതുമ്പോൾ അന്ധവിശ്വാസം ജനിക്കുന്നു. വിഗ്രഹാരാധന ഉടലെടുക്കുന്നു. അപ്പോൾ ആ വിഗ്രഹം തച്ചുടയ്ക്കുകതന്നെ വേണം എന്നല്ലേ ഹെസക്കിയായുടെ പ്രവൃത്തി രേഖപ്പെടുത്തുന്നതിലൂടെ ദൈവം ആവശ്യപ്പെടുന്നത്?

പഴയനിയമത്തിൽ ജനം സർപ്പപ്രതിമയ്ക്കു നല്കിയതുപോലെ അമിത പ്രാധാന്യം ഇന്ന് തിരുശേഷിപ്പുകൾക്കു നല്കുന്നതായി കാണാം. ദൈവപ്രമാണങ്ങൾക്കനുസൃതമായി വീരോചിതമായി ജീവിച്ച് മാതൃക നല്കിയവരാണ് വിശുദ്ധർ. അവരുടെ ശരീരത്തിന്റെ ഭാഗങ്ങളോ, അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ അംശങ്ങളോ ഒക്കെ തിരുശേഷിപ്പുകളായി സൂക്ഷിക്കുകയും വണങ്ങുകയും കത്തോലിക്കാ സഭയിൽ പതിവാണ്. ഇതിന്റെ സാധുതയ്ക്കു ബൈബിളിൽത്തന്നെ സാക്ഷ്യങ്ങളുണ്ട്. "എലീഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻപ്രാപിച്ച് എണീറ്റുനിന്നു" (2 രാജാ 13:21). എഫേസോസിൽവച്ച് പൗലോസിന്റെ "ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു" (അപ്പ 19:12).

എന്നാൽ ഇവിടെയും അമിതാവേശവും അന്ധവിശ്വാസങ്ങളും കടന്നുവന്ന് ഭക്തിക്കു മാർഗഭ്രംശം സംഭവിക്കുന്നില്ലേ എന്നു സംശയിക്കണം. വിശുദ്ധരായി ജീവിക്കാൻ ശ്രമിക്കുന്നതിനുപകരം വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നത് എങ്ങനെ രക്ഷണീയമാകും? വിശുദ്ധരുടെ തിരുശേഷിപ്പുകൾ സംഭരിക്കുന്നതിൽ ചില ഭക്തികേന്ദ്രങ്ങൾ മത്സരബുദ്ധിയോടെ ശ്രമിക്കുന്നതായി തോന്നും. തങ്ങളുടെ പ്രാർത്ഥനാലയത്തിൽ ഇരുന്നൂറോളം വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നു എന്ന് വീരവാദം മുഴക്കുന്നവരുണ്ട്. വിശുദ്ധരായി ജീവിക്കുന്നതിനുപകരം വിശുദ്ധരെക്കൊണ്ട് ജീവിക്കാനുള്ള ശ്രമവും നടക്കുന്നതുപോലെ തോന്നും. തീർത്ഥാടകസന്ദർശകരുടെ എണ്ണമാണല്ലോ വിശുദ്ധരുടെ മാധ്യസ്ഥ്യശക്തിക്കു മാനദണ്ഡമായി പരിഗണിക്കപ്പെടുക. എല്ലാം


www.malankaralibrary.com



വാണിജ്യവല്ക്കരിക്കപ്പെടുകയാണോ? ഭൗതികലാഭം എല്ലായിടത്തും വഴിനയിക്കുന്നുവോ? വിശുദ്ധരോടുള്ള ഭക്തിയിൽപോലും?

അടയാളങ്ങൾ അടയാളങ്ങളായിത്തന്നെ നില്ക്കണം. ആദരവ് ആരാധനയായി മാറിക്കൂടാ. ആചാരങ്ങൾ അനാചാരങ്ങളായി മാറരുത്. പ്രതിമകൾ വിഗ്രഹങ്ങളായിത്തീരരുത്. എന്നാൽ ഇത് വലിയൊരു പരിധിവരെ നമ്മുടെ പെരുന്നാളാഘോഷങ്ങളിലും ഭക്തിപ്രകടനങ്ങളിലും സംഭവിക്കുന്നില്ലേ എന്ന് സൂക്ഷ്മമായി പരിശോധിക്കണം. 'മേഘങ്ങളെ കീഴടങ്ങുവിൻ' എന്ന കവിതയിൽ മധുസൂദനൻനായരുടെ ഒരു പരാമർശമുണ്ട്, 'യജ്ഞം പിഴച്ച് ആഭിചാരമായി' എന്ന്. വിശുദ്ധമായ ലക്ഷ്യത്തോടെ ആരംഭിക്കുന്ന കർമ്മങ്ങൾ ഇടയ്ക്കുവച്ച് വഴിതെറ്റി ആരാധനാഭാസങ്ങളായി മാറുന്നത് അത്യന്തം ആപത്ക്കരമാണ്.

മധ്യകേരളത്തിലെ ഒരു പുരാതന ദൈവാലയത്തിൽ റഫായേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച് 'തുള്ളൽ' എന്നൊരു ചടങ്ങ് അരങ്ങേറിയിരുന്നു. ബാധിച്ചിരിക്കുന്ന പിശാച് വിട്ടുപോകുന്നതിന്റെ അടയാളമാണ് ഈ തുള്ളൽ എന്നുകരുതപ്പെട്ടിരുന്നു. യുവതികളാകും അധികപങ്കും ഇപ്രകാരം തുള്ളൽ നടത്തുക. അത് അത്ര ആശാസ്യമല്ല എന്നു മനസ്സിലാക്കിയ രൂപതാധ്യക്ഷൻ കല്പനയിറക്കി, തുള്ളൽ നിരോധിച്ചു. ആദ്യമാദ്യം കുറെ എതിർപ്പുകളും വിമർശനങ്ങളും ഉണ്ടായി. എന്നാൽ മെത്രാൻകല്പന പിൻവലിച്ചില്ല. സാവധാനം പ്രതിഷേധം കെട്ടടങ്ങി. ഭക്തിപ്രകടനങ്ങളുമായി ബന്ധപ്പെട്ട് അരങ്ങേറുന്ന അനാചാരങ്ങളും എതിർസാക്ഷ്യങ്ങളും നിർത്തലാക്കാൻ കഴിയും എന്നതിന് ഒരുദാഹരണമാണിത്. അതിന് കൃത്യമായ ദിശാബോധവും ദൃഢമായ ഇച്ഛാശക്തിയും വിശ്വാസത്തിൽ അടിയുറച്ച ആർജവവും ഉണ്ടാകണം. "അന്യായ സമ്പത്തിൽനിന്നുള്ള ബലി പങ്കിലമാണ്" (പ്രഭാ 34:18) എന്ന കാര്യം മറക്കാതിരിക്കാം.

## ഉപസംഹാരം

തിരുനാളുകൾ, ആവശ്യമാണ്. കടന്നുപോന്നവഴികൾ അനുസ്മരിക്കാൻ, മുൻപേപോയവരുടെ കാൽപ്പാടുകൾ കണ്ടെത്തി പിന്തുടരാൻ തിരുനാളുകൾ സഹായിക്കും. ദൈവം സ്നേഹത്തിന്റെ ഉറവിടമായ പിതാവാണ്. വിശുദ്ധരെല്ലാം നമ്മുടെ ജ്യേഷ്ഠസഹോദരങ്ങളും. അവർ നമുക്ക് വഴികാട്ടുന്നു, മാതൃക നല്കുന്നു; നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ അനുഗ്രഹിക്കാൻ വിസമ്മതിച്ച് വാശിപിടിച്ചിരിക്കുന്ന ഒരു ദൈവത്തിന്റെ മനസുമാറ്റുകയല്ല അവരുടെ മധ്യസ്ഥപ്രാർത്ഥനകൾ ചെയ്യുന്നത്. ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹത്തിലേക്ക് നമ്മുടെ കണ്ണുതുറക്കാൻ, അവിടുത്തെ ഹിതമനുസരിച്ച് നമ്മുടെ ആഗ്രഹങ്ങളെയും ഉദ്യമങ്ങളെയും ചിട്ടപ്പെടുത്താൻ സഹായിക്കുന്നതാണ് വിശുദ്ധരുടെ പ്രാർത്ഥന.

മാറേണ്ടത് ദൈവത്തിന്റെയല്ല, എന്റെ മനസ്സാണ്, യേശുവിന്റെ പ്രാർത്ഥനപോലെ. "പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ 22:42). പാനപാത്രം മാറ്റിക്കൊടുത്തില്ല, മറിച്ച് അതുകുടിക്കാൻ ശക്തികൊടുത്തു എന്നത് രക്ഷാചരിത്രത്തിന്റെ ഭാഗം. വിശുദ്ധരോടുള്ള ഭക്തിയും പ്രാർത്ഥനകളും എല്ലാം ഈ ദിശയിലേക്ക് തിരിഞ്ഞെങ്കിലേ രക്ഷണീയമാകൂ!

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ വിശുദ്ധരോടുള്ള ഭക്തിക്കും പ്രാർത്ഥനയ്ക്കും സ്ഥാനമുണ്ട്; തിരുനാളുകൾക്കും തീർത്ഥാടനങ്ങൾക്കും പ്രസക്തിയുണ്ട്; വിശുദ്ധവസ്തുക്കൾക്കും തിരുശേഷിപ്പുകൾക്കും അർത്ഥമുണ്ട്. എന്നാൽ ഇവയ്ക്കെല്ലാം പരിധികളുണ്ട്; പരിമിതികളുമുണ്ട്. ദൈവം സ്നേഹിക്കുന്നതുപോലെ, നിസ്സീമവും നിരുപാധികവും നിത്യവുമായി നമ്മെ സ്നേഹിക്കുന്നതു ദൈവം മാത്രം. ജീവിതംതന്നെ ഒരു തീർത്ഥാടനമാണെന്ന കാര്യം മറക്കാതിരിക്കാം. ദിവ്യബലിയ്ക്കു തുല്യമായി മറ്റൊന്നുമില്ല. യേശുവിന്റെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്ന വിശുദ്ധകുർബ്ബാനയ്ക്കു തുല്യമായൊരു തിരുശേഷിപ്പുമില്ല. ഈ സത്യം മറന്നാൽ വിശുദ്ധരോടുള്ള ഭക്തി വിഗ്രഹാരാധനയായി പരിണമിക്കാം. തിരുനാളുകൾ അർത്ഥവും ലക്ഷ്യവും ചോർന്നുപോയ വെറും പെരുന്നാളുകൾ മാത്രമായി അധഃപതിക്കാം. അതുണ്ടാകാതിരിക്കാൻ സർവ്വശക്തൻ സഹായിക്കട്ടെ. *(അവസാനിച്ചു)*


www.malankaralibrary.com

# സമർപ്പിതവഴിയിലെ പോത്ത് സംരക്ഷകനും പറമ്പിലമ്മയും

ജോസ് ക്ലെമന്റ്
jacychathiath@gmail.com

**കാർഷികരംഗം എന്നുപറഞ്ഞാൽ വിതയും വിളവെടുപ്പും മാത്രമല്ല, ആടുമാടുകളെ വളർത്തുന്നതും സംരക്ഷിക്കുന്നതും മത്സ്യകൃഷിയുമൊക്കെ അതിലുൾപ്പെട്ടതാണ്. അജപാലനത്തോടൊപ്പം സുഭിക്ഷകേരളം സുരക്ഷാപദ്ധതിയുമായി സഹകരിച്ച് പോത്തുകളെ വളർത്തുന്ന അജപാലകൻ ഫാ. അഗസ്റ്റിൻ റോഷൻ കല്ലൂരിന്റെയും സന്ന്യാസജീവിതത്തിൽ അധ്യാപനം കർമമേഖലയാക്കികൊണ്ട് നിലമൊരുക്കി വിത്തെറിഞ്ഞ്, വിളവെടുത്ത് ഭക്ഷ്യസുരക്ഷയ്ക്ക് മുൻഗണന നല്കുന്ന സി. ആനീസ് പയ്യപ്പിള്ളിയുടെയും വേറിട്ട വഴികളിലൂടെ.**

സൗമ്യതയുടെയും കരളുറപ്പിന്റെയും ഒരു കൃഷി പാഠപുസ്തകമാണ് പോത്ത് സംരക്ഷകനായ റോഷനച്ചൻ! തന്നെ പോത്തച്ചനെന്ന് കേൾക്കേ വിളിച്ചില്ലെങ്കിലും ചുണ്ടനക്കത്തിലെ വിളിപോലും വ്യക്തമായി കേൾക്കുന്ന ഫാ. അഗസ്റ്റിൻ റോഷൻ സൗമ്യഭാവത്തിന്റെ പ്രതിരൂപമായി മാറുകയാണ്; ഒപ്പം അതിലൊരു ആത്മസംതൃപ്തിയും അനുഭവിക്കുന്നു.

## മൃഗപരിപാലന കളരി

വരാപ്പുഴ അതിരൂപതയിലെ ചെട്ടിഭാഗം ക്രിസ്തുനഗർ ഇടവകയിൽ 15 പേരടങ്ങുന്ന കല്ലൂർ കൂട്ടുകുടുംബത്തിലാണ് കുഞ്ഞുറോഷൻ ശൈശവ-ബാല്യ-കൗമാരങ്ങൾ പിന്നിട്ടത്. ആൾബലം കൂടുതലുള്ള കുടുംബമായതിനാൽ പ്രാരാബ്ധമില്ലാതെ മുന്നോട്ടുപോകാൻ റോഷന്റെ അമ്മൂമ്മ ആട്, പശു, കോഴി, താറാവ് എന്നിവയെ വളർത്തുമായിരുന്നു. ബാല്യകാലംതൊട്ട് ഈ മിണ്ടാപ്രാണികളുമായുള്ള സഹവാസം റോഷനെ മൃഗസ്നേഹിയാക്കിയിരുന്നു. റോഷൻ തന്റെ അമ്മൂമ്മയോട് പറഞ്ഞിരുന്നു, 'എനിക്ക് ഒരാട്ടിൻകുട്ടിയെ വളർത്താൻ തരണമെന്ന്.' അമ്മൂമ്മ നൽകിയ ആട്ടിൻകുഞ്ഞിനെ നിധികണക്കേ റോഷൻ വളർത്തിസംരക്ഷിച്ചു. സെമിനാരിപ്രവേശനം ആഗതമായപ്പോഴാണ് ഈ ആടിനെ റോഷൻ കൊടുത്തത്. സെമിനാരിയിൽ എത്തിയിട്ടും റോഷന്റെ മൃഗസ്നേഹത്തിന് കുറവുസംഭവിച്ചില്ല. അവിടെയും ആടുകളുടെയും മുയലുകളുടെയും സംരക്ഷകൻ ബ്രദർ റോഷനായിരുന്നു.

## ജീവിതാന്തസ്

പക്ഷി-മൃഗസ്നേഹം റോഷനിൽ രൂഢമൂലമായിരുന്നെങ്കിലും തന്റെ ജീവിതാന്തസ്സ് മനുഷ്യരെ പിടിക്കുന്നവനാകലാണെന്ന തിരിച്ചറിവ് പത്താംക്ലാസിലെത്തിയപ്പോൾ ബോധ്യമായി. ആ ബോധ്യം 2001 ജൂലൈ മൂന്നിന് റോഷനെ കളമശ്ശേരി വിയാനിഹോമിലെത്തിച്ചു. ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടുള്ള യാത്രയിൽ കാർമൽഗിരി സെന്റ്ജോസഫ്സ് പൊന്തിഫിക്കൽ




www.malankaralibrary.com

സെമിനാരിയിലെ തത്വ-ദൈവശാസ്ത്ര പഠനങ്ങളും അരുണാചൽപ്രദേശിലെ മിയാവോ രൂപതയിൽ റീജൻസിയും പൂർത്തിയാക്കി 2014 ഏപ്രിൽ 24-ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് അതിരൂപതയിലെ വിവിധ ഇടവകകളിൽ സഹവികാരിയായി സേവനമനുഷ്ഠിച്ചു. ചിറ്റൂർ തിരുക്കുടുംബ ഇടവകയിൽനിന്നും 2019-ലാണ് ഫാ. അഗസ്റ്റിൻ റോഷൻ പ്രീസ്റ്റ് ഇൻ ചാർജായി നെട്ടൂർ ഹോളിക്രോസ് ചർച്ചിലെത്തുന്നത്. തനിക്കൊപ്പം ഒരു പരുന്തിനെയുമായാണ് അച്ചൻ നെട്ടൂർ വി.കുരിശിന്റെ പള്ളിയിലേക്ക് കടന്നുവന്നത്.

## പരുന്തച്ചനിൽനിന്ന് പോത്തച്ചനിലേക്ക്

പരുന്തുമായി എത്തിയ യുവവൈദികനെ വിശ്വാസികളും നാട്ടുകാരും പരുന്തച്ചനെന്നു വിളിപ്പേരിട്ടു. പച്ചപുല്ല് നിറഞ്ഞ് ഹരിതസമൃദ്ധമായ നെട്ടൂർ പള്ളിയിലെ വിശാലമായ ഗ്രൗണ്ടും വിശ്വാസിസമൂഹത്തിന് പൂർണമായി താൻ സംലഭ്യമായിരിക്കണമെന്ന ചിന്തയും റോഷനച്ചനെ വഴിനടത്തിയത് മൃഗസ്നേഹത്തിലേക്കാണ്. അങ്ങനെയാണ് പോത്ത് വളർത്തൽ അച്ചന്റെ മനസ്സിലങ്കുരിച്ചത്. പോത്താണെങ്കിൽ നല്ല ഇണക്കമുള്ള മൃഗമാണെന്ന് റോഷനച്ചന് ബോധ്യമുണ്ടായിരുന്നു. അങ്ങനെ ആദ്യ പോത്ത് എത്തിയതോടെ പരുന്തച്ചൻ എന്ന വിളിപ്പേര് പോത്തച്ചനിലേക്ക് വഴിമാറി.

## മണിക്കുട്ടനും മാണിക്യനും

പോത്തിനെ വാങ്ങുമ്പോഴും തെരഞ്ഞെടുക്കുമ്പോഴും അതീവ ശ്രദ്ധചെലുത്തിയില്ലെങ്കിൽ വാങ്ങിക്കുമ്പോൾ എങ്ങനെയുണ്ടായിരുന്നോ അങ്ങനെതന്നെ വർഷങ്ങൾ കഴിഞ്ഞാലും പോത്തിന് മാറ്റമില്ലാതിരിക്കുമെന്നാണ് അച്ചന്റെ നിരീക്ഷണം. ഹരിയാന പോത്തുകൾക്കാണ് വൻ ഡിമാന്റ്. അതിനാൽ 'മുറ' ബ്രീഡിൽപ്പെട്ട ഹരിയാനയിൽനിന്നുവരുത്തിയ ഒരു പോത്തിനെ ചെറായിൽനിന്നുമാണ് റോഷനച്ചൻ വാങ്ങിച്ച് നെട്ടൂരിലെത്തിച്ചത്. കുട്ടിത്തമുള്ള മുഖഭാവമായതിനാൽ അച്ചനതിന് മണിക്കുട്ടൻ എന്ന പേരുനല്കി. ഒരു പോത്തിനെ വളർത്തുന്നതിനും രണ്ട് പോത്തുകളെ വളർത്തുന്നതിനും ബുദ്ധിമുട്ട് ഒന്നുതന്നെയാണെന്നു തിരിച്ചറിഞ്ഞ റോഷനച്ചൻ രണ്ടാമതൊരു പോത്തിനെക്കൂടെ വാങ്ങി. ശൗര്യമുള്ള മുഖഭാവമായിരുന്നു ഈ പോത്തിന്. അതിനെ മാണിക്യൻ എന്നു വിളിച്ചു. പോത്തുകൾ റോഷനച്ചന്റെ സംരക്ഷണത്തിലായിട്ട് 11 മാസങ്ങൾ പിന്നിട്ടു. 150 കി.ഗ്രാം ഉണ്ടായിരുന്ന പോത്തുകൾ ഇപ്പോൾ 500 കി.ഗ്രാമിനുമീതെ തൂക്കമുള്ള കൊഴുത്ത പോത്തുകളായി മാറിയിരിക്കുകയാണ്. അച്ചന്റെ സംരക്ഷണവും പരിപാലനവും അതുപോലെയാണ്.

പള്ളിപ്പറമ്പിലെ പുല്ലിനുപുറമേ നിത്യവും അച്ചൻ തോപ്പുംപടി ബി.ഒ.ടി പാലത്തിനടുത്തുപോയി പുല്ലുചെത്തി പോത്തുകൾക്ക് ഭക്ഷണമായി എത്തിക്കും. കുളിപ്പിക്കുന്നതിനുവേണ്ടി ഒരു കുളംതന്നെ അച്ചൻ പള്ളിയങ്കണത്തിൽ കുത്തിയിട്ടുണ്ട്. നിത്യവും ഭക്ഷണംകൊടുക്കാൻ ശ്രദ്ധിക്കുന്നതുപോലെതന്നെ ശുചീകരണത്തിലും അതീവ കരുതലാണ് അച്ചനുള്ളത്. രോഗലക്ഷണങ്ങൾ എന്തെങ്കിലും ഉള്ളതായി തോന്നിയാൽ ഉടൻ മരുന്നു വാങ്ങി ആപ്പിളിലോ പഴത്തിലോവച്ച് ഇവറ്റകൾക്ക് നൽകും. വേനൽക്കാലത്ത് ചൂടിൽനിന്നും മോചനം നൽകുന്നതിനായി നെട്ടൂർ മാർക്കറ്റിൽപോയി പൊട്ടിയ തണ്ണിമത്തനുകൾ ചാക്കുകണക്കിന് ശേഖരിച്ച് കഴിക്കാൻ കൊടുക്കും. പുല്ലിനുപുറമേ ക്യാരറ്റ്, പച്ചക്കറികൾ, പഴങ്ങൾ എന്നിവയൊക്കെ പോത്തുകളുടെ ആഹാരവിഭവങ്ങളിൽ അച്ചനുൾപ്പെടുത്തിയിട്ടുണ്ട്.

## അജപാലനം പ്രഥമം

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്ന ത്രിവിധങ്ങളായ പുരോഹിതകടമകളെ അണുവിട തെറ്റിക്കാതെയാണ് അച്ചൻ ഭക്ഷ്യസുരക്ഷയ്ക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് പോത്തുവളർത്തലിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. ദിവ്യഗുരുവിന്റെ ജീവിതരീതിയും ആഹ്വാനവും ഇതുതന്നെയായിരുന്നുവല്ലോ. വിശപ്പകറ്റാൻ അപ്പം വാങ്ങി നല്കാനായില്ലെങ്കിലും അപ്പത്തിലേക്കുള്ള വഴിതെളിക്കുക മുഖ്യധർമ്മമാണല്ലോ. സുഭിക്ഷകേരളം സുരക്ഷാപദ്ധതിയിലൂടെ റോഷനച്ചൻ നിർവ്വഹിക്കുന്നത് ഈ ധർമ്മംതന്നെയാണ്. ജീവിതം ഒരു ചെറിയ മെഴുകുതിരിയല്ലായെന്നും അത് ജ്വലിക്കുന്ന ഒരു ദീപമായിരിക്കണമെന്ന ബർണാഡ്ഷായുടെ വാക്കുകളെ അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ട് പൗരോഹിത്യജീവിതത്തെയും സാമൂഹികപ്രതിബദ്ധതയെയും അച്ചൻ ജ്വലിക്കുന്ന ദീപമായി ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. എല്ലാകാര്യത്തിലും വ്യക്തവും കൃത്യവുമായ ലക്ഷ്യവും ബോധ്യവുമുണ്ട് ഈ യുവവൈദികന്.

പോത്തുകളുടെ ലക്ഷണങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് റോഷനച്ചൻ പോത്തുകളെ വാങ്ങിയിട്ടുള്ളത്. കാൽപൊക്കം, കാലുകൾ തമ്മിലുള്ള എടനീക്കം, വാൽനീട്ടം, കൊമ്പുകളുടെ വലുപ്പക്കുറവ്, ഇടുപ്പിന്റെ വീതി, മൂക്കിലെ വിയർപ്പ്, കൊളമ്പിനിടയിലെ വീതി, കാലുകൾ പരസ്പരം മുട്ടാതിരിക്കുക തുടങ്ങിയ ലക്ഷണങ്ങൾ നോക്കിയാണ് പോത്തുകളെ വാങ്ങുന്നത്. നമ്മുടെ നാട്ടിൽ സൗന്ദര്യവല്ക്കരണം കൂടിയതോടുകൂടി മണ്ണും പുല്ലും അപ്രത്യക്ഷമായി. നാം പരിസ്ഥിതിസ്നേഹം പ്രകടിപ്പിക്കുകയും പ്രഘോഷിക്കുകയും ചെയ്യും. പക്ഷെ പെയ്തിറങ്ങുന്ന മഴയെപ്പോലും ഭൂമിയിൽ ശേഖരിക്കുന്നതിന് മണ്ണിടങ്ങളോ ശുദ്ധവായു ശ്വസിക്കുന്നതിന് പച്ചപ്പുകളോ നിലനിർത്താൻ തയ്യാറല്ല. അനുഗൃഹീതമായ പ്രകൃതിയെ പരമാവധി ഉപയോഗപ്പെടുത്തി പ്രകൃതിസംതുലിതാവസ്ഥയും ഭക്ഷ്യസുരക്ഷയും സ്വയംപര്യാപ്തതയുമൊക്കെ കൈവരിക്കാനാകുമെങ്കിലും നമ്മൾ അലസരും പ്രകൃതിവിരുദ്ധരുമായി മാറുകയാണെന്നാണ് ഈ യുവവൈദികന്റെ പരിദേവനം. ഈയൊരവസ്ഥയിൽ ഒരു വൈദികനെന്നനിലയിൽ തന്നിൽ നിക്ഷിപ്തമായിട്ടുള്ള സാമൂഹിക പ്രതിബദ്ധതയുടെയും സമൂഹത്തോടുള്ള ഉത്തരവാദിത്വത്തിന്റെയും ഭാഗമായാണ് താൻ ഈ പോത്ത് കൃഷിയിൽ വ്യാപൃതനായിരിക്കുന്നതെന്ന് റോഷനച്ചൻ വെളിപ്പെടുത്തുന്നു.

## സുഭിക്ഷകേരളം സുരക്ഷാപദ്ധതി

കോവിഡ്-19 ന്റെ ആവിർഭാവത്തോടെ നമുക്ക് ഭക്ഷ്യക്ഷാമത്തിന്റെ നിഴലാട്ടം ഉണ്ടാകുകയും സ്വദേശത്തും വിദേശത്തുമുള്ളവരുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്തതോടുകൂടി വലിയൊരു വിപത്തിനെ മുന്നിൽക്കണ്ടുകൊണ്ടാണ് സംസ്ഥാനസർക്കാർ സുഭിക്ഷകേരളം പദ്ധതി


www.malankaralibrary.com



ക്ക് തുടക്കംകുറിച്ചത്. ഈ പദ്ധതിയെ കൂടുതൽ പ്രയോജനകരമാക്കുന്നതിനായി വരാപ്പുഴ അതിരൂപത സുഭിക്ഷ കേരളപദ്ധതിക്ക് ഒരു സുരക്ഷകൂടെ കൂട്ടിച്ചേർത്തുകൊണ്ട് വിഭാവനംചെയ്തതാണ് സുഭിക്ഷകേരളം സുരക്ഷാ പദ്ധതി. ഇതുവഴി നിരവധിപേർക്ക് സ്വയംസംരംഭക തൊഴിലിന് വഴിയൊരുങ്ങിയിട്ടുണ്ട്.

ഇതിൽ മുഖ്യമായും ഉൾപ്പെടുത്തിയിരിക്കുന്നത് കൃഷി, മൃഗപരിപാലനം, മത്സ്യകൃഷി എന്നിവയാണ്. പദ്ധതിക്ക് ആവേശകരമായ വരവേല്പാണ് ലഭിച്ചതെന്ന് റോഷനച്ചൻ പറയുന്നു. ഭക്ഷ്യസുരക്ഷയ്ക്കും കാർഷികമേഖലയിലേക്കുള്ള തിരിച്ചുവരവിനും അതിരൂപതയുടെ വൈദികരിലും സന്ന്യസ്തരിലും വിശ്വാസികളിലും നല്ല ഉണർവാണുണ്ടായിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി ഹരിയാനയിൽനിന്നും ഒരു ലോഡ് പോത്തിൻകുഞ്ഞുങ്ങളെ (38 എണ്ണം) വരുത്തി നാനാജാതി മതസ്ഥർക്ക് വിതരണം ചെയ്തുകഴിഞ്ഞു. 6-7 മാസം പ്രായമായ പോത്തിൻകുഞ്ഞുങ്ങളെ 20000 രൂപ നിരക്കിലാണ് വിതരണം ചെയ്തിട്ടുള്ളത്. പുല്ലും വെള്ളവും മാത്രം മതി പോത്ത് സംരക്ഷണത്തിന് എന്നുള്ളത് ശ്രദ്ധേയമാണ്. മലയാളി ഉള്ളിടത്തോളകാലം പോത്തിറച്ചിക്ക് ഡിമാന്റ് കുറയില്ലെന്നുള്ളതും യാഥാർത്ഥ്യമാണെന്ന് റോഷനച്ചൻ പറയുന്നു. പോത്തുവളർത്തൽ അവജ്ഞയോടെ വീക്ഷിച്ചിരുന്നവരൊക്കെ ഇന്ന് പോത്ത് കർഷകരായെന്നത് റോഷനച്ചനെ സന്തോഷവാനാക്കുകയാണ്. പോത്ത് വളർത്തൽ ഇണക്കി വളർത്താവുന്ന ഒരു സംരംഭമായി ജനങ്ങൾ മനസ്സിലാക്കിയതോടെ ആവശ്യക്കാർ ഏറിവരുകയാണ്. കൂടുതൽ പേരിലേക്ക് ഈ കൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ പോത്തിൻകുഞ്ഞുങ്ങളെ ഇറക്കുമതിചെയ്യുന്നതിനുമുള്ള ഒരുക്കത്തിലാണ് റോഷനച്ചനിപ്പോൾ.

വിയർപ്പൊഴുക്കേണ്ടതും മുഷിപ്പനുമായ ഒരധ്വാനമാണെങ്കിലും തനിക്കിന്നോളം ആത്മസംതൃപ്തി പ്രദാനം ചെയ്തിട്ടുള്ള ഒരു സേവനമായാണനുഭവപ്പെട്ടിട്ടുള്ളതെന്നാണ് റോഷനച്ചന്റെ വിലയിരുത്തൽ. അജപാലനത്തിന് പ്രഥമപരിഗണന കൊടുക്കുന്നതോടൊപ്പം നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക എന്ന തിരുവചനത്തെ തന്റെ അജഗണങ്ങൾക്കിടയിൽ സാർത്ഥകമാക്കുകകൂടിയാണ് ഈ വൈദികൻ. അതുകൊണ്ടുതന്നെ റോഷനച്ചൻ പറയുന്നു: നവ സുവിശേഷവത്കരണത്തിന്റെ ഒരു ഭാഗംതന്നെയാണ് സ്വയംപര്യാപ്തതയിലേക്കുള്ള ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടുന്നതും ഏർപ്പെടാൻ പരിശീലിപ്പിക്കുന്നതും. പോത്തച്ചനെന്നും പുല്ലുവെട്ടുകാരനെന്നും ചാണകംവാരിയെന്നുമൊക്കെ കോർണർ വിളികൾ കേൾക്കുമ്പോഴും താൻ ദൈവത്തിനും മനുഷ്യർക്കും വേണ്ടിയുള്ള പുരോഹിതനാണെന്ന ഉറച്ചബോധ്യം റോഷനച്ചനെ ഇത്തരം വിളികൾക്കെതിരെ പ്രതികരിക്കാൻ പ്രേരിപ്പിച്ചിട്ടില്ല. അതിനാൽ ഇടവകക്കാർക്കിന്ന് റോഷനച്ചൻ അവരുടെ പ്രിയങ്കരനായ ഇടയനും അച്ചന്റെ പോത്തുകൾ ജനങ്ങളുടെയും പ്രിയപ്പെട്ട മണിക്കുട്ടനും മാണിക്യനുമായി മാറിയിരിക്കുകയാണ്.

# അധ്വാനം പ്രാർത്ഥനയാക്കിയ കന്യക

ഈശോയുടെ കരമാകാനും ശബ്ദമാകാനും അദമ്യമായി ആഗ്രഹിച്ചുകൊണ്ട് എല്ലാംവിട്ടുപേക്ഷിച്ച ഒരു കുമാരിക്ക് ഈശോയുടെ കരവും ശബ്ദവുമാകാൻ മാത്രമല്ല, ഈശോയുടെ ഉപമകളിലെ വിതയുടെയും വിളയുടെയും കളപറിക്കലിന്റെയുമൊക്കെ ഭാഗമായി സൃഷ്ടികർമ്മത്തിൽ പങ്കാളിയാകാനും കഴിഞ്ഞിരിക്കുന്നു. ഓരോ വിത്തിലും മറഞ്ഞിരിക്കുന്ന ജീവന്റെ തുടിപ്പിനെ കണ്ടെത്തി അവയ്ക്ക് ജീവൻ നൽകാൻ വഴിയൊരുക്കുമ്പോൾ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് മാർക്ക് (SJSM) സന്ന്യാസിനി സമൂഹത്തിലെ സി. ആനീസ് പയ്യപ്പിള്ളിക്ക് ഒരു പേരു വീണു- പറമ്പിലമ്മ! ദിവസത്തിന്റെ ആറുമണിക്കൂറോളം ഈ അമ്മ തന്റെ വിളകൾക്കൊപ്പം പറമ്പിലായിരിക്കും. അതിനാൽ ഈ പ്രകൃതിസ്നേഹി പ്രിയപ്പെട്ടവരുടെയൊക്കെ പറമ്പിലമ്മയായി.

## അധ്യാപികയുടെ കൃഷിസ്നേഹം

ഒരധ്യാപികയെന്ന നിലയിൽ സി. ആനീസിന് നിരീക്ഷണപാടവം കൂടുതലായിരുന്നു. അത് തന്റെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുവേണ്ടി മാത്രമായിരുന്നില്ല. പ്രകൃ





www.malankaralibrary.com

തിയിലെ ഓരോരോ വൃക്ഷലതാദികളിലും ഈ നിരീക്ഷണമെത്തി. അങ്ങനെ പ്രകൃതിയുടെ ഒരു ഉപാസക കൂടെയായിത്തീർന്നു. അതിനാൽ പ്രകൃതിയിൽ ദൈവസാന്നിധ്യത്തെ കൂടുതലായി കാണാൻ ശ്രമിച്ചു. വലിയ നിരീക്ഷണങ്ങളും ഗവേഷണങ്ങളുമൊന്നും ഈ അമ്മ അതിനായി നടത്തിയില്ല. തന്നിലേക്കുതന്നെ തിരിഞ്ഞുനോക്കിയപ്പോൾ തന്റേതന്നെ ശ്വാസോച്ഛ്വാസത്തിന്റെ ഉറവിടത്തിൽ കണ്ണുകളുടക്കി. ശ്വസിക്കുന്നതിനുള്ള ഓക്സിജൻ ആരും തരുന്നില്ല. അത് തനിയെ പ്രകൃതിയിൽനിന്നുകിട്ടുന്നു. അതില്ലെങ്കിൽ ജീവന് നിലനില്പില്ല. അപ്പോൾ ഓക്സിജൻവരുന്ന പ്രകൃതിയില്ലെങ്കിലും ജീവനുനിലനില്പില്ലെന്ന അടിസ്ഥാനതത്വം സി. ആനീസിനെ പ്രകൃതിയിലേക്കും പാടത്തും പറമ്പിലേക്കുമൊക്കെ ആനീതയാക്കി. ഓരോരോ വൃക്ഷലതാദികളും പടുമുളകളായി താനെ മുളച്ചുപൊങ്ങുന്നതല്ല. ഓരോ വിത്തിനുള്ളിലും ജീവന്റെ തുടിപ്പുണ്ടെന്നും അത് വളർച്ചപ്രാപിക്കേണ്ടതുമാണെന്ന ബോധ്യവും ഓരോ പൂക്കളിലെ ഈശ്വരസാന്നിധ്യവും തിരിച്ചറിഞ്ഞപ്പോൾ ക്ലാസ്സ്മുറികളിൽനിന്ന് പച്ചമണ്ണിലേക്ക് സി. ആനീസിന്റെ പാദങ്ങൾ ഊന്നാൻ പ്രേരിപ്പിച്ചു. ചോക്കും പാഠപുസ്തകങ്ങളും വഹിക്കുന്ന കരങ്ങളിൽ തൂമ്പയും പിക്കാസുമൊക്കെ പിടിക്കാൻ ഉത്സുകയായി. തന്റെ സന്ന്യാസിനിസമൂഹത്തിലെ അംഗങ്ങൾക്കാവശ്യമായ ഭക്ഷ്യോല്പന്നങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിയിലേക്ക് കടന്നുവന്നത്. ഇത് ഒരു സുപ്രഭാതത്തിൽ അങ്കുരിച്ചതല്ല. വീട്ടിൽവച്ച് അമ്മ പകർന്നുതന്നത് ഉണർന്നെഴുന്നേറ്റതാണ്. 1988-89 കാലഘട്ടത്തിൽ ചാലക്കുടി തിരുഹൃദയകുന്ന് കോൺവന്റിൽനിന്നാണ് സിസ്റ്റർ ആനീസിന്റെ കൃഷിപാഠം ആരംഭിക്കുന്നത്. മൂന്നുപതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും കൃഷിയിടത്തിൽനിന്നും ആനീസമ്മ കയറിയിട്ടില്ല.

## ഉച്ചക്കഞ്ഞിക്കുള്ള പച്ചക്കറി വിദ്യാലയ മുറ്റത്തുനിന്ന്

ചാലക്കുടി മേലൂർ തിരുഹൃദയകുന്ന് യു.പി സ്കൂളിലാണ് സി. ആനീസിന്റെ അധ്യാപക ജീവിതമാരംഭിക്കുന്നത്. അധ്യയനത്തോടൊപ്പം സ്കൂളിലെ പരിമിതമായ ഇടങ്ങളിൽ കൃഷിയും ചെയ്തിരുന്നു. ഇവിടെനിന്നും മൂഴിക്കുളം സെന്റ്മേരീസ് സ്കൂളിലേക്കും തുടർന്ന് സൗത്ത് പറവൂർ ഹോളി ഫാമിലി യു.പി സ്കൂൾ പ്രധാനാധ്യാപികയായും നിയമിതയായി. അപ്പോഴും സി.ആനീസിന്റെ കൃഷിസ്നേഹം ഒട്ടും കുറഞ്ഞില്ലെന്നുമാത്രമല്ല കൂടുകയാണ് ചെയ്തത്. ഉത്തരവാദിത്വങ്ങൾ വർധിച്ചതോടൊപ്പം കൃഷിരംഗത്തെ ശ്രദ്ധയും വർധിച്ചു. കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞിക്കാവശ്യമായ പച്ചക്കറികൾ സ്വന്തം സ്കൂൾവളപ്പിൽ കൃഷിചെയ്തെടുക്കുന്ന അധ്യാപികയായി മാറി. വിഷരഹിതപച്ചക്കറികൾക്കൊണ്ട് തന്റെ കുഞ്ഞുങ്ങളെ ഈ അമ്മ ഊട്ടി. സ്വന്തം ആവശ്യംകഴിഞ്ഞ് മറ്റുള്ളവർക്കുകൂടെ പങ്കുവച്ചുകൊടുക്കുന്ന പരസ്നേഹപ്രവണതയും ഈ പ്രധാനധ്യാപികയിൽ വിളങ്ങിയിരുന്നു.

മണ്ണുമായി അഭേദ്യബന്ധമുള്ളതാണ് നമ്മുടെ സംസ്കാരമെന്ന് പൂർണബോധ്യമുണ്ടായിരുന്ന ഗുരുഭൂത തന്റെ ശിഷ്യഗണത്തിന് ബാല്യ-കൗമാരപ്രായത്തിൽത്തന്നെ ഈ സംസ്കാരത്തിന്റെ ശീലുകൾ പകർന്നുകൊടുക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. അഗ്രികൾച്ചറിൽനിന്നാണ് കൾച്ചർ (സംസ്ക്കാരം) രൂപപ്പെടുന്നതെന്ന പണ്ഡിതാഭിപ്രായത്തെ സ്വാഗതം ചെയ്തിരുന്ന സി. ആനീസ് ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ കൃഷിക്ക് പ്രാമുഖ്യം നൽകണമെന്ന് തന്റെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥി സമൂഹത്തിനും സഹപ്രവർത്തകർക്കും കാണിച്ചുകൊടുത്തിരുന്നു.

അഗ്രികൾച്ചർ ഇന്ന് അഗ്രിബിസിനസ്സായി മാറിക്കൊണ്ടിരിക്കുമ്പോൾ വീടുകളിൽ അടുക്കളത്തോട്ടങ്ങളും സന്ന്യാസഭവനങ്ങളോടുചേർന്ന് പഴം-പച്ചക്കറി തോട്ടങ്ങളും കരുപിടിപ്പിക്കണമെന്ന് നിർബന്ധിക്കുന്നൊരു സന്ന്യാസിനിയാണിത്. അതിനാൽ സി. ആനീസിന്റെ കർമ്മമണ്ഡലങ്ങളോടൊക്കെ അനുബന്ധമായി കൃഷിചെയ്യുകയും സ്വയംപര്യാപ്തത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. ലാഭംമാത്രം ചിന്തവരുമ്പോഴാണ് കീടനാശിനികളും വിഷവും പ്രയോഗിച്ച് വിളവ് വർധിപ്പിക്കാൻ കർഷകർ ശ്രമിക്കുന്നത്. നമ്മുടെ സ്വന്തംആവശ്യത്തിന് ജൈവരീതിയിൽ കൃഷിചെയ്ത് വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ആരോഗ്യം നിലനിർത്താനും സാധിക്കുമെന്ന കാഴ്ചപ്പാടും വിലയിരുത്തലുമാണ് സി. ആനീസിനുള്ളത്.

## കൃഷിയിടവും പ്രാർത്ഥനാലയം

അങ്കമാലി വേങ്ങൂർ സാൻജോ ഭവനിലെ അന്തേവാസിയായ സി. ആനീസിന് ആദ്യപ്രാർത്ഥനാലയം സന്ന്യാസഭവനത്തിലെ ദിവ്യകാരുണ്യ സന്നിധിയാണ്. രണ്ടാമത്തെ പ്രാർത്ഥനാലയം വിസ്തൃതമായ കൃഷിയിടമാണ്. മുപ്പത്തഞ്ചോളം സന്ന്യാസിനിമാരുൾക്കൊള്ളുന്ന ഈ ഭവനത്തിൽ സിസ്റ്റർ ആനീസിനെ ആരെങ്കിലും അന്വേഷിച്ചെത്തിയാൽ സഹകന്യകമാർ രണ്ടിടങ്ങളിലെ അന്വേഷിക്കാറുള്ളു. ഒന്ന് ദിവ്യകാരുണ്യ സന്നിധിയിൽ അല്ലെങ്കിൽ കൃഷിത്തോട്ടത്തിൽ. അതുകൊണ്ടുതന്നെയാണ് ഈ അമ്മ അന്തേവാസികൾക്കൊക്കെ പറമ്പിലമ്മയായത്.

പുതുതലമുറ മണ്ണിനെ ഗൗരവമായി കാണാത്തതും കർഷകന് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകാത്തതുകൊണ്ടുമാണ് കാർഷികരംഗം പ്രതിസന്ധി നേരിടുന്നതെന്നാണ് പറമ്പിലമ്മയുടെ പരാതി. പ്രകൃതികൃഷിയും ജൈവവളങ്ങളുമുപയോഗിച്ചുള്ള കൃഷിയും സീറോബജറ്റ് കൃഷിരീതികളുമെല്ലാം പ്രചാരത്തിൽ കൊണ്ടുവന്ന് സഭയും സർക്കാരുമൊക്കെ പുതിയൊരു കാർഷിക സംസ്കാരം തിരിച്ചുപിടിക്കാൻ ഈ കോവിഡ് കാലത്തെങ്കിലും ശ്രമങ്ങളാരംഭിച്ചത് ആശാവഹമാണെന്നഭിപ്രായമാണ് സിസ്റ്ററിനുള്ളത്. ഭൂമിയുമായുള്ള നാഭീബന്ധം അറ്റുപോകാതിരിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുമായി സി. ആനീസ് സ്വന്തം ആവശ്യങ്ങൾക്കുള്ള പഴം-പച്ചക്കറികൾ സ്വന്തം പറമ്പിൽനിന്ന് ഉല്പാദിപ്പിച്ചെടുക്കണമെന്ന വാദക്കാരിയാണ്. സി. ആനീസിന്റെ കൃഷിയിടം ഒരു ഏദൻതോട്ടമാണ്. അവിടെയില്ലാത്ത വിഭവങ്ങൾ വിരളമമാണ്. ഇഞ്ചി, വിവിധതരം പയർവർഗങ്ങൾ, സ്വയാബീൻ, വാളവരി, ഇറച്ചിപ്പയർ (ചതുരപ്പയർ), കോവലം, പാവൽ, മുളക്, ചീര, വഴുതന, പീച്ചിൽ, ചേന, ചേമ്പ്, അമരപ്പയർ തുടങ്ങിയ എണ്ണമറ്റ പച്ചക്കറികളും കപ്പങ്ങ, മുട്ടപ്പഴം, മാങ്കോസ്റ്റിൻ, ഫാഷൻ ഫ്രൂട്ട്,


www.malankaralibrary.com

റമ്പുട്ടാൻ, വിവിധതരം ചാമ്പ, മാവ്, പ്ലാവ്, വാഴ, കുടംപുളി തുടങ്ങിയ ഫലവൃക്ഷങ്ങളും നിറഞ്ഞുനില്ക്കുന്നു.

തീർത്തും ജൈവകൃഷിരീതിയാണ് സിസ്റ്റർ അവലംബിക്കുന്നത്. ചാരം, ചാണകം, സബോളത്തൊലി, പഴത്തൊലി, പച്ചക്കറിത്തൊലികൾ എന്നിവയാണ് കൂടുതലായും ഉപയോഗിക്കുന്നത്. വിഷമരുന്നുകൾക്കുപകരം കപ്പങ്ങചറം ഉപയോഗിച്ച് കീടങ്ങളെ അകറ്റുന്നു. പ്രതിദിനം 35 അന്തേവാസികൾക്കുള്ള പഴം-പച്ചക്കറികൾ പറമ്പിലമ്മയുടെ തോട്ടത്തിൽനിന്നുതന്നെ ശേഖരിക്കാൻ ശ്രമിക്കാറുണ്ട്. സ്വയാ ബീൻപോലുള്ള പയർ ആവശ്യത്തിലേറെ ഉണ്ടാകുന്നതിനാൽ ആവശ്യക്കാർക്കായി വിതരണം ചെയ്യുന്നതിനും ആനീസമ്മയ്ക്കു സാധിക്കുന്നുണ്ട്. കൃഷിയുടെ യഥാർത്ഥ മൂല്യം തിരിച്ചറിയുന്ന ഒരു തലമുറയുടെ വളർച്ചയാണ് ഈ സമർപ്പിതയുടെ സ്വപ്നം. ചെറിയ കൃഷിയിലൊതുങ്ങുന്ന ജീവിതം ഏറെ പ്രാകൃതമാണെന്ന് കാഴ്ചക്കാർക്കു തോന്നിയേക്കാം. എന്നാൽ ജീവിതത്തിന്റെ ശോഭനമാർഗം തെളിയുന്നത് ഈ ചെറിയ അടുക്കളത്തോട്ടങ്ങളിൽ നിന്നാണെന്ന് മറക്കരുതെന്നാണ് സിസ്റ്ററിന്റെ ഓർമപ്പെടുത്തൽ. സ്വന്തം അനുഭവത്തിന്റെ ആഴത്തിൽനിന്നുമാണ് കൃഷിയുടെ ഈ സദ്വാർത്ത 60ന്റെ നിറവിലായിരുന്നുകൊണ്ട് ഈ സന്ന്യാസിനി ഉദ്ഘോഷിക്കുന്നത്.

എറണാകുളം-അങ്കമാലി അതിരൂപത അകപ്പറമ്പ് ഇരട്ടക്കന്തീശങ്ങളുടെ ഇടവകയിൽ നായത്തോട് പയ്യപ്പിള്ളി വറീതിന്റെയും അന്നക്കുട്ടിയുടെയും നവരത്നങ്ങളിൽ നാലാമത്തെ സന്താനമാണ് സി.ആനീസ്. കൊൽക്കത്തയിലെ വി. മദർതെരേസയുടെ ജീവിതഗ്രന്ഥത്തിൽനിന്നുൾക്കൊണ്ട തിരിച്ചറിവാണ് സമർപ്പിത ജീവിതത്തിലേക്കുള്ള കാൽവയ്പ്. ■





www.malankaralibrary.com



# സന്ന്യാസികൾ മുറിവേറ്റ സുഖദായകർ

ഫാ. അലക്സാണ്ടർ
പൈകട CMI
മുൻ ചീഫ്എഡിറ്റർ, ദീപിക
*paikada@rediffmail.com*

ദൈവത്തിന്റെ പിതൃമുഖവും സഭയുടെ മാതൃസഹജമായ മുഖവും സ്വജീവിതത്തിൽ കാണിക്കാൻ കഴിയുന്നവരായിരിക്കണം സന്ന്യാസികൾ. ഇങ്ങനെയുള്ള സമർപ്പിതരെയാണ് സഭ പ്രതീക്ഷിക്കുന്നതും ആവശ്യപ്പെടുന്നതും. അനുസരണയും പ്രാർത്ഥനയും ലളിതജീവിതവുമുള്ള സന്ന്യാസിക്ക് സമൂഹത്തിൽ അംഗീകാരമില്ലാത്ത സ്ഥിതിവിശേഷമുണ്ടാകരുതെന്ന് ഓർമപ്പെടുത്തുന്ന ലേഖനപരമ്പരയുടെ തുടർച്ച.

എപ്പോഴാണ് അന്ധകാരം മാറി പ്രഭാതം പൊട്ടിവിടരുന്നത്? ഗുരുവിന്റെ ഈ ചോദ്യത്തിനു മുമ്പിൽ ശിഷ്യൻ പകച്ചുനിന്നു. അരണ്ട പ്രകാശത്തിൽ ഒന്നും വ്യക്തമായി കാണാനാവുന്നില്ലെങ്കിലും ശിഷ്യൻ പറഞ്ഞു: ഏതോ ഒരു മൃഗം നടന്നു പോകുന്നതുപോലെ തോന്നുന്നു. കുറേക്കൂടി പ്രകാശമായപ്പോൾ ആ മൃഗം ഒരു മനുഷ്യനാണെന്നു തോന്നി. പ്രകാശരശ്മികൾ കുറേക്കൂടി തീഷ്ണമായപ്പോൾ ആ മനുഷ്യൻ സ്വന്തം സഹോദരനാണെന്നു മനസിലായി.

എല്ലാ മനുഷ്യരും സ്വന്തം സഹോദരന്മാരാണെന്നു മനസിലായി, അതൊരനുഭവമാകുമ്പോൾ വെളിച്ചമായി. ആ വെളിച്ചം വരുമ്പോൾ അന്ധകാരം മാറി പ്രഭാതം പൊട്ടിവിടർന്നതായി മനസിലാകും. അല്ലാതെ ജീവിത സുരക്ഷിതത്വവും എല്ലാ സുഖസൗകര്യങ്ങളും സ്വന്തമാകുമ്പോഴല്ല അന്ധകാരം മാറി പ്രഭാതം പൊട്ടിവിടരുന്നത്. സന്ന്യാസജീവിതത്തിലെ അന്ധകാരം മാറി പ്രഭാതമാകുന്നതും ഇങ്ങനെ സംഭവിക്കുമ്പോഴാണ്; എല്ലാവരും സ്വന്തം സഹോദരന്മാരായി തീരുന്നത്. താൻ അന്ധകാരത്തിലോ അതോ പ്രഭാതത്തിലോ എന്നു കണ്ടുപിടിക്കേണ്ടത് സമൂഹത്തിലെ ഓരോ സന്ന്യാസിയുമാണ്. പലപ്പോഴും സന്ന്യാസികൾ എന്നു സ്വയം വിളിക്കുകയും മറ്റുള്ളവർ അങ്ങനെ കരുതുകയും ചെയ്യുന്നവർ പാതിരാവിന്റെ കൂരിരുട്ടിലാവും കഴിയുക. സഹോദരനെ തിരിച്ചറിയാൻ കഴിയാത്ത അന്ധകാരത്തിൽ. ഏതു രംഗത്ത് ഏർപ്പെട്ടാലും സ്വാർത്ഥതാത്പര്യങ്ങളെന്ന ഇരുൾമൂടിയ പാതയിലൂടെയാവും അവർ സഞ്ചരിക്കുക. സന്ന്യാസജീവിതത്തെപ്പറ്റി ആധികാരികമായി പറയുന്ന 'വീത്താ കൊൺസെക്രാത്ത' പറഞ്ഞുവയ്ക്കുന്നത് ദൈവസ്നേഹത്തെപ്രതി തങ്ങളെത്തന്നെ പൂർണമായി ദൈവത്തിനും മറ്റുള്ളവർക്കും സമർപ്പിക്കുന്നവരാണ് സന്ന്യാസികൾ എന്നാണ്. ദൈവത്തിന്റെ പിതൃസഹജമായ മുഖവും സഭയുടെ മാതൃസഹജമായ മുഖവും സ്വജീവിതത്തിൽ കാണിക്കാൻ കഴിവുള്ള വ്യക്തികളെ, മറ്റുള്ളവർക്ക് ജീവനും പ്രത്യാശയും നൽകാൻ കഴിവുള്ള വ്യക്തികളെയാണ് സന്ന്യാസത്തിൽ തിരുസ്സഭ പ്രതീക്ഷിക്കുന്നത്. ദൈവത്തിന്റെ കൃപാവരത്താൽ സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും സുവിശേഷത്തോട് പൂർണമായും അനുരൂപപ്പെടുകയും ചെയ്യുന്ന സമർപ്പിതരെയാണ് തിരുസ്സഭയ്ക്ക് ആവശ്യം.

അങ്ങനെയുള്ള സമർപ്പിതരുടെ കാലം ഒരിക്കലും പോയ്മറഞ്ഞുകൂടാ. മനുഷ്യരെ തിരിച്ചറിയാൻ കഴിയാത്ത പാതിരാവിന്റെ കൂരിരുട്ടിൽ ജീവിക്കുന്നതുപോലെ, "We must make our presence felt in the city" എന്ന മനോഭാവത്തോടെ, അതിനായി എന്തും ചെയ്യാൻ തുനിഞ്ഞിറങ്ങുന്നവർക്ക് നട്ടുച്ചയ്ക്കുപോലും ആ വരുന്നത് സ്വന്തം സഹോദരനാണെന്നു തിരിച്ചറിയാൻ കഴിഞ്ഞെന്നുവരില്ല. ആനയും അമ്പാരിയുമായി നടത്തുന്ന ആഘോഷമാണ് അത്തരക്കാരുടെ സന്ന്യാ


www.malankaralibrary.com

സജീവിതം. അനുസരിക്കുന്ന സന്ന്യാസിക്ക്, പ്രാർത്ഥിക്കുന്ന സന്ന്യാസിക്ക്, ലളിതജീവിതം നയിക്കുന്ന സന്ന്യാസിക്ക് സന്ന്യാസസഭയിൽ ഒരു അംഗീകാരവും ഇല്ലാതായിത്തീരുന്ന സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കണം. നേർച്ചപ്പെട്ടിയിൽ വന്നുവീഴുന്ന പണത്തിന്റെ കൊഴുപ്പ് ഒരാദ്ധ്യാത്മിക കേന്ദ്രത്തിന്റെ വിജയത്തിന്റെ അളവുകോലാകുന്നതുപോലെ, ചില സന്ന്യാസികളുടെയും സ്ഥാപനങ്ങളുടെയും വിജയത്തിന്റെ അളവുകോൽ പണക്കൊഴുപ്പായി മാറുന്ന സ്ഥിതിവിശേഷം ഇന്ന് ചുരുക്കമായിട്ടെങ്കിലും പല സന്ന്യാസസഭകളിലും ഉണ്ട്. ഒരു സാമ്പത്തിക സ്രോതസ്സായി മാറാവുന്ന കല്ലിടാനെങ്കിലും കഴിയാത്ത സന്ന്യാസാധികാരിയോട് 'തന്നെയൊക്കെ എന്തിനു കൊള്ളാം' എന്നു ചോദിക്കുന്ന ന്യൂജെൻ യുവസന്ന്യാസികളെ അവിടെയും ഇവിടെയും കണ്ടെത്താൻ ചിലപ്പോഴെങ്കിലും കഴിഞ്ഞെന്നു വരാം.

വിശ്വാസമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഒരു വ്യക്തിക്കേ മറ്റൊരാളെ സ്വന്തം സഹോദരനായി കാണാൻ സാധിക്കൂ. ക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ചു കൂട്ടപ്പെട്ടവരും സ്വതന്ത്ര മനസ്സോടെ ഒരുമിച്ചു കൂടിയവരുമാണെന്ന വിശ്വാസവും ബോധ്യവുമാണ് ഒരു സന്ന്യാസസഹോദരനെ സ്വന്തം സഹോദരനായി കാണാൻ ഏതൊരു സന്ന്യാസിയെയും സഹായിക്കുന്നത്. സ്വാഭാവികമായി നോക്കുമ്പോൾ, ഒരാളുടെ കുറവുകളും ബലഹീനതകളും കുറ്റങ്ങളും പരിഗണിക്കുമ്പോൾ ഒരു സന്ന്യാസിയെ സ്വന്തം സഹോദരനായി കാണാൻ എളുപ്പമല്ല. അവിടെ ഈ സഹോദരനെ യേശു വിളിച്ച് എന്നോടുകൂടി ആക്കിയതാണെന്ന വിശ്വാസം, ആ വ്യക്തിയോടുകൂടി സ്നേഹത്തിൽ ജീവിച്ച് യേശുവിൽ വിലയംപ്രാപിക്കാമെന്നുള്ള വിശ്വാസം സഹോദരന്റെ പരിമിതികളെ മറികടക്കാൻ ശക്തി നൽകും. ''എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തത്" (മത്താ 25:40) എന്ന വചനവും "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1യോഹ 4:20) എന്ന വചനവും ധ്യാനവിഷയമാക്കിയാൽ, സ്നേഹിക്കാൻ കൊള്ളാത്തവനെന്ന് ഒരുവനെപ്പറ്റി തോന്നിയാൽ അവനെയും സ്വന്തസഹോദരനായി കാണാനും യേശുവിന്റെ സ്നേഹത്താൽ സ്നേഹിക്കാനും സാധിക്കും.

വിശ്വാസമൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഒരു സമൂഹം സ്വാഭാവികമായും ഒരു പ്രാർത്ഥനാസമൂഹമായി വളരും. പ്രാർത്ഥനാജീവിതമാണ് ആദ്ധ്യാത്മിക ജീവിതത്തിന്റെ കാതൽ. പക്ഷേ, സജീവ വിശ്വാസത്തിന്റെ അഭാവത്തിൽ, മൂല്യബോധത്തെപ്പറ്റിയുള്ള വികലധാരണയിൽ പ്രാർത്ഥനാജീവിതം ഇല്ലാതാകുന്നു. പന്ത്രണ്ടോ പതിനഞ്ചോ വർഷത്തെ പരിശീലനമെന്ന കുമിള പൊട്ടിത്തകരാൻ അധികസമയമൊന്നും വേണ്ട. അംഗീകാരം വെട്ടിപ്പിടിക്കാനും ഇമേജ് സൃഷ്ടിക്കാനും സംരക്ഷിക്കാനുമുള്ള വ്യഗ്രതയുടെ ആദ്യ ബലിയാട് പ്രാർത്ഥനാജീവിതമായിരിക്കും. സജീവ വിശ്വാസത്തിന്റെ അഭാവത്തിൽ പ്രാർത്ഥനാജീവിതം ഇല്ലാതാകുന്നു. പ്രാർത്ഥനാജീവിതത്തിന്റെ അഭാവമാകട്ടെ സമൂഹജീവിതത്തിന്റെ തകർച്ചയ്ക്കു കാരണമാകുന്നു. പ്രാർത്ഥനാജീവിതത്തിന് പുല്ലുവില നൽകുന്നവരുടെ ബന്ധങ്ങൾ സമൂഹത്തിനു വെളിയിലാകും. അവർ സമൂഹത്തിന്റെ പൊതുധാരയിൽനിന്നു തെന്നിമാറും.

ആധികാരികതയുള്ള സന്ന്യാസജീവിതം നിലനിൽക്കണമെങ്കിൽ സന്ന്യാസികൾ പ്രാർത്ഥനാജീവിതത്തിനായി സ്വയാർപ്പണം ചെയ്തേ തീരൂ. ആ സ്വയാർപ്പണത്തിൽ കുറവു വന്നാൽ സന്ന്യാസജീവിതം മറ്റൊരു കർമമണ്ഡലം മാത്രമായിരിക്കും. ജീവിതമാതൃകയിലൂടെ നാഥനായ ക്രിസ്തുവിനെ വിശ്വാസികൾക്കും അവിശ്വാസികൾക്കും വെളിപ്പെടുത്തുകയെന്ന ദൗത്യം പുസ്തകത്താളുകളിൽ മാത്രം ഒതുങ്ങും. പരാജയത്തിന്റെ പാതയിലായിരിക്കും അപ്പോൾ സന്ന്യാസികൾ സഞ്ചരിക്കുക. സമ്പത്തിന്റെയും സുഖസൗകര്യങ്ങളുടെയും സുഖലോലുപതയുടെയും വെട്ടിത്തിളക്കം ആ ജീവിതത്തെ ലൗകിക വീക്ഷണത്തിൽ സുന്ദരമാക്കിയേക്കാമെങ്കിലും സ്ഥാപനപ്രധാനമായ സന്ന്യാസത്തിൽ അങ്ങനെ സംഭവിച്ചേ തീരൂ.

സന്ന്യാസികളെ വഴിനടത്തുന്നത് യേശുവിന്റെ കുറവുകളും പരാജയങ്ങളുമായിരിക്കണം. താൽമുദിൽ ഒരു കഥയുണ്ട് അതിപ്രകാരമാണ്: ഏലീശ്വ പ്രവാചകനോട് ശിഷ്യരിലൊരാളായ റാബായി ജോഷ്വാ ചോദിച്ചു, "മിശിഹാ എപ്പോൾ വരും?'' മറുപടി: ''പണ്ടേ വന്നുകഴിഞ്ഞു. നഗരകവാടത്തിൽ രോഗികളോടൊപ്പം ഇരിപ്പുണ്ട്. പോയി കാണുക." ശിഷ്യൻ നഗരകവാടത്തിൽ ചെന്നു നോക്കി. ഒരു മിശിഹായെയും കണ്ടില്ല. താൻ ആരെയും കണ്ടില്ലെന്ന വിവരം അവൻ തിരിച്ചുവന്ന് പ്രവാചകനെ അറിയിച്ചു. "അതു കൊള്ളാമല്ലോ, ആരെയും കണ്ടില്ല അല്ലേ? നഗരകവാടത്തിലെ രോഗികൾ അവരുടെ വ്രണങ്ങൾ അഴിക്കുകയും വീണ്ടും കെട്ടുകയും ചെയ്യുന്നതു കണ്ടില്ലേ?" അതിൽ ഒരാൾ ഒരു മുറിവു മാത്രം ഒരു സമയം അഴിച്ചുകെട്ടുന്നു. അതിനുശേഷം മറ്റുള്ളവരെ ശ്രദ്ധിക്കുന്നു. എന്നാൽ, വേറെ ചിലരാകട്ടെ എല്ലാ മുറിവുകളും ഒന്നിച്ച് അഴിച്ചിട്ടിട്ട് പരാതിയും വേദനയുമായി സ്വയം ശപിക്കുന്നു.

സന്ന്യാസികളെല്ലാം മുറിവേറ്റവർ തന്നെയാണ്. ഉണങ്ങേണ്ട മുറിവുകൾ അവർക്കുമുണ്ട്. മിശിഹായെന്ന മുറിവേറ്റ സുഖദായകനെപ്പോലെയാകണം ഒരു സന്ന്യാസി. സ്വന്തം മുറിവുകളോടൊപ്പംതന്നെ മറ്റുള്ളവരുടെ മുറിവുകൾ വച്ചുകെട്ടി സാന്ത്വനം നൽകാൻ കഴിയുന്നവരാകുമ്പോൾ മിശിഹായുടെ സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുന്നവരായിത്തീരും സന്ന്യാസികൾ. ഉത്ഥാനസന്തോഷമെന്നു പറഞ്ഞാൽ കർത്താവിന്റെ കല്പനകൾ പാലിക്കുമ്പോഴുണ്ടാകുന്ന സന്തോഷംതന്നെയാണ്. "Ressurection invites us to love again even after our love has been rejected by some one - hope again even after our hope has been destroyed'' എന്ന് എവിടെയോ വായിച്ചതായി ഓർക്കുന്നു. ജറുസലെമിൽനിന്ന് ജറീക്കോയിലേക്കു പോയ നല്ല സമറായനെയും അടിയേറ്റ് പെരുവഴിയിൽ കിടന്ന നിസ്സഹായനെയും സന്ന്യാസികൾ പഠനവിധേയമാക്കുന്നതു നല്ലതാണ്. അതേസമയം, അടിയേറ്റു തകർന്നുകിടക്കുന്നവർ എന്നും ആ കിടപ്പു കിടന്നാൽ പോരാ. അവർ ശക്തി സംഭരിച്ച് ഉയിർത്തെഴുന്നേൽക്കണം. വീണ്ടും അടിക്കാനും തകർക്കാനുമല്ല. പിന്നെയോ മുറിവുകളിൽ എണ്ണ പകരാനാണ്. ആ തിരിച്ചറിവ് ഉണ്ടായാൽ നന്ന്. അവർ മുറിവേറ്റ സുഖദായകരായി wounded healers ആയി മാറണം. ■


www.malankaralibrary.com



## സാമൂഹികം

വേരുകൾ ആഴപ്പെടുമ്പോഴേ
ശാഖകൾ ബലവത്താകൂ.
മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യ
ങ്ങൾ, ആനുകാലിക കഥകൾ,
കവിതകൾ, സിനിമകൾ,
പുസ്തകങ്ങൾ എന്നിവ
പരിചയപ്പെടുത്തിക്കൊ്
സമൂഹജീവിതത്തിന്റെ
സമഗ്രതയിലേക്കും
സുസ്ഥിതിയിലേക്കും
പറന്നുയരാൻ...

# വാക്കുകൾകൊണ്ടുള്ള ചിത്രവര

- ജീവിതം പോസിറ്റീവ് ആക്കുക കോവിഡ് നെഗറ്റീവാകും
- സ്വാതന്ത്ര്യത്തിന്റെ ഭാഷ, ഭാവന
- കേരളത്തിന്റെ കർമ്മലീത്താ പൈതൃകം

ജോസഫ് തട്ടാംപറമ്പിൽ
ഫാ. സുനിൽ ofm cap.
ഡി.അനിൽകുമാർ
ജെ.സി. ബുക്ക്മാൻ


www.malankaralibrary.com

# ജീവിതം പോസിറ്റീവ് ആക്കുക കോവിഡ് നെഗറ്റീവാകും



ജോസഫ് തട്ടാംപറമ്പിൽ
പ്രവാസി, UK

**പ്രാർത്ഥനയും ആത്മവിശ്വാസവുംകൊണ്ട് ജീവിതത്തെ പോസിറ്റീവാക്കിയപ്പോൾ കോവിഡ് ടെസ്റ്റിലെ പോസിറ്റീവ് ഫലം ഒന്നും രണ്ടും തവണയല്ല എട്ടുതവണ മറികടന്ന് നെഗറ്റീവ് ആക്കാനായ അനുഭവത്തിലൂടെ ജീവിതം തിരിച്ചുപിടിച്ച ഒരു മലയാളി പ്രവാസിയുടെ സാക്ഷ്യം.**

ആഗോളവ്യാപകമായി പിടിപെട്ട കൊറോണാ വൈറസ് എന്നെയും ബാധിച്ചപ്പോൾ 13 തവണയാണ് ഞാൻ കോവിഡ്–19 പരിശോധനയ്ക്ക് വിധേയനാകേണ്ടിവന്നത്. അതിൽ എട്ട് തവണ റിസൾട്ട് പോസിറ്റീവായിരുന്നു. രണ്ടുതവണ പരിശോധനാഫലം വ്യക്തമല്ലായിരുന്നു. മൂന്നുതവണ ആശ്വാസകരമായ വാർത്തയായിരുന്നു. അതായത്, ഫലം നെഗറ്റീവ്. മരണത്തെ മുഖാമുഖം ദർശിച്ചുള്ള ഏകാന്തവാസത്തിലും ഒറ്റപ്പെടലിലും അശരണനാകാതെ വിശ്വാസത്തോടെ പ്രാർത്ഥിച്ചും ആത്മവിശ്വാസം കൈവിടാതെയും പ്രതികരിച്ചപ്പോൾ സാധാരണജീവിതത്തിലേക്ക് എനിക്ക് തിരിച്ചുവരാനായി.

കോവിഡ് പരിശോധനയിൽ ഫലം പോസിറ്റീവാണെന്ന് അറിയുമ്പോൾ നമ്മുടെ മനസ്സ് നെഗറ്റീവായിക്കഴിഞ്ഞിരിക്കും. ഈയൊരവസ്ഥയ്ക്ക് അടിപ്പെടാതെ ശുഭപ്രതീക്ഷ പുലർത്താൻ മനസ്സിനെ പ്രാപ്തമാക്കുക എന്നതാണ് രോഗം സ്ഥിരീകരിച്ചാൽ ആദ്യ പ്രക്രിയ. ഏതൊരു പ്രതിസന്ധിയെയും മറികടക്കാനാകുമെന്ന പോസിറ്റീവ് എനർജി സ്വന്തമാക്കാനായാൽ ഏത് മഹാമാരിയെയും വൈറസ് ബാധയെയും നിർവീര്യമാക്കാൻ നമുക്ക് കഴിയും. അസാധാരണമായ എന്റെ കേസ് UKയിലെ പൊതുആരോഗ്യവിഭാഗം ഇപ്പോൾ പ്രത്യേകമാംവിധം പഠനവിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

കോവിഡിനെ എട്ടുതവണ അതിജീവിച്ച് സാധാരണജീവിതത്തിലേക്കുള്ള എന്റെ തിരിച്ചുവരവ് എല്ലാവരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ടാകാം. ഞാൻ കോവിഡ് പോസിറ്റീവാണെന്ന് അറിഞ്ഞതുമുതൽ ദൈവത്തിൽ പരിപൂർണമായും ആശ്രയിച്ചു. കാരണം, ഇത്തരമൊരു പ്രതികൂലാവസ്ഥയിൽ പ്രത്യാശ നഷ്ടപ്പെടുത്താതെ ദൈവത്തിൽ ആശ്രയിക്കാനുള്ള മനോബലം എനിക്കുണ്ടായി. മാത്രമല്ല, എനിക്കുവേണ്ടിമാത്രമായി പ്രാർത്ഥിക്കാതെ ഈ രോഗത്താൽ വിഷമിക്കുന്ന എല്ലാവർക്കുവേണ്ടിയും ആത്മാർത്ഥമായി പ്രാർത്ഥിക്കാൻ കഴിഞ്ഞു. ഓൺലൈനിലൂടെ അനുദിനം വി.കുർബാനയിൽ പങ്കെടുത്ത് കർത്താവിന്റെ സംരക്ഷണം ഉറപ്പേകുന്ന 91–ാം സങ്കീർത്തനം വിശ്വാസപൂർവം ഉരുവിടുകയും കൊറോണ വൈറസിനെതിരെയുള്ള പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്തു.

സർവശക്തനും നിത്യനുമായ ദൈവം ആപത്തുകളിൽ അഭയവും ദുരിതങ്ങളിൽ സാന്ത്വനവും നൽകുമെന്ന ഉറച്ചബോധ്യം മനസ്സിനെയും ശരീരത്തെയും ഒരേപോലെ ബലപ്പെടുത്തിക്കൊണ്ടിരുന്നു. പ്രത്യാശ നഷ്ടമായി കോവിഡ് കവർന്നെടുത്ത ജീവിതങ്ങളെ സ്മരിക്കുകയും അവരുടെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതോടൊപ്പം എല്ലാ ആരോഗ്യപ്രവർത്തകർക്കും ബലവും ഭരണാധിപന്മാർക്ക് ധൈര്യവും വിവേകവും നൽകാൻ പ്രത്യേകമായി പ്രാർത്ഥിച്ചിരുന്നു.

വിശ്വാസത്തോടെ പരസ്പരം പ്രാർത്ഥിക്കുമ്പോൾ ദൈവം നൽകുന്ന സൗഖ്യം അനുഭവിക്കാൻ എല്ലാവരും യോഗ്യരാകും. പ്രാർത്ഥനയ്ക്ക് പകരംവയ്ക്കാനോ പ്രാർത്ഥനയ്ക്ക് തുല്യമായോ ഒന്നുംതന്നെയില്ല. കാരണം, അസാധ്യമായവയെ സാധ്യമാക്കാൻ പ്രാർത്ഥനയിലൂടെ മാത്രമേ കഴിയൂ. നശ്വരമായ നമ്മുടെ ജീവിതം അനശ്വരമായ നിത്യജീവിതത്തിനായി നമ്മെ ഒരുക്കാൻ ദൈവം നമുക്ക് നൽകിയിരിക്കുന്നതാണ്. നമ്മുടെ ജീവിതത്തിന്റെ കാര്യസ്ഥത മാത്രമേ ദൈവം നമ്മെ ഭരമേൽപ്പിച്ചിട്ടുള്ളൂ. അതൊരിക്കലും നമ്മുടേതല്ലായെന്ന ബോധ്യം നമുക്കുണ്ടാവണം. ദൈവകരങ്ങളിലാണ് നമ്മുടെയൊക്കെ ജീവൻ നിലനില്ക്കുന്നതെന്ന ഓർമ എപ്പോഴുമുണ്ടാകണം. എപ്പോൾ വേണമെങ്കിലും നൽകിയവന് അത് തിരിച്ചെടുക്കാം. അതിനാൽ അവിടുത്തെ വിളി ശ്രവിക്കാൻ ഒരുക്കത്തോടെ കാതോർത്തിരിക്കാൻ നാം ജാഗ്രതയുള്ളവരായിരിക്കണം. മഹാവ്യാധികൾ ഭീകരവും കഠിനവുമായിരിക്കാം. പക്ഷെ, നമുക്കെപ്പോഴും ഒരു തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ട്. നല്ലത് തെരഞ്ഞെടുക്കാനും മോശമായവ തള്ളിക്കളയാനുമുള്ള സ്വാതന്ത്ര്യം.

നമ്മുടെ ആത്മവിശ്വാസത്തെ കെടുത്തിക്കളയുന്ന ഏറ്റവും വലിയ ശക്തി നമ്മുടെ ഭയവും ആത്മസംഘർഷവുമാണ്. ഇത് കീഴ്പ്പെടുത്താൻ സാധിച്ചാൽ നാം ജീവിതത്തിൽ വിജയിക്കും. ദൈവത്തിൽ പരിപൂർണമായി വിശ്വസിക്കുകയും പ്രത്യാശയോടെ പ്രാർത്ഥിക്കുകയും ചെയ്താൽ ഏതുവിപത്തിനെയും മഹാമാരിയെയും നമുക്ക് അതിജീവിക്കാനാകും; കീഴ്പ്പെടുത്താനാകും. നമ്മുടെ മനസ്സും ചിന്തകളും പോസിറ്റീവാക്കിയാൽ നമ്മെ ബാധിക്കുന്ന വൈറസുകളെ നമുക്ക് നെഗറ്റീവാക്കാൻ കഴിയും. ■



www.malankaralibrary.com

# വാക്കുകൾകൊണ്ടുള്ള ചിത്രവര

**പി. കെ പാറക്കടവിന്റെ 'ഓർമകളുടെ മുറി' എന്ന കഥയുടെ വിശകലനം.**
*(മാധ്യമം വാർഷികപതിപ്പ് 2020)*



ഫാ. സുനിൽ ofm cap.
ഡയറക്ടർ, അസ്സീസി ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കൊല്ലം

എല്ലാ കഥകൾക്കും ഒരു ഭൂവിതാനം ഉണ്ടായിരിക്കും. അവ അതിശയകരമാംവണ്ണം ദർശന ഗാംഭീര്യം പുലർത്തുന്നവയായിരിക്കും. അതുകൊണ്ട് പുതിയ കാലത്തിൽ എഴുതപ്പെടുന്ന കഥകൾ ശബ്ദഭാവന മാത്രമായിരിക്കാൻ വിസമ്മതിക്കുന്നു. കാലം അതിന്റെ എല്ലാ നഖങ്ങളിലും കാഴ്ചയുടെ പുതിയ ഗ്രന്ഥികൾ ഘടിപ്പിച്ചുവയ്ക്കുകയാണ്. അപ്പോൾ പുതിയ കഥാകാരൻ (പുതിയ കാലത്തിൽ എഴുതുന്നയാൾ) നമ്മുടെ ദൃശ്യഭാവനയെ അഭിസംബോധന ചെയ്യാൻ നിർബന്ധിതനായിത്തീരുന്നു. ഭാവന നയനാനന്ദത്തിനു വേണ്ടിയാകുമ്പോഴും അതിൽ കാലത്തിന്റെ മുറിവുകളെ വരച്ചിടാൻ ഒരു വൂണ്ട് കോർണർ (wound corner) കഥാകാരന്മാർ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നു. ദൈനംദിനഭാഷണത്തിന്റെ ഒഴുക്കുകൊണ്ട് കഥയുടെ ക്യാൻവാസിനെ വിസ്തൃതപ്പെടുത്തുന്നവരുമുണ്ട്. കഥയിൽ പ്രത്യക്ഷ ചിത്രണങ്ങൾ എപ്പോഴും സ്ഥലപ്പെടുത്തുന്ന കുഞ്ഞുകഥകളുടെ തച്ചൻ പി.കെ പാറക്കടവിന്റെ 'ഓർമകളുടെ മുറി' എന്ന ദീർഘകഥ നമ്മുടെ ദൃശ്യഭാവനയോട് ശക്തിമത്തായി സംവദിക്കുന്ന ഒരു കഥയാണ്. ഈ കഥ ഒരേസമയം രണ്ടുപ്രധാനപ്പെട്ട ക്ലാസിക് എഴുത്തുകാരുടെ മുറികളിലേക്ക് നമ്മെ ആദ്യം കൂട്ടിക്കൊണ്ടുപോകും. ടോൾസ്റ്റോയിയുടെ മുറിയെക്കുറിച്ച് വായിച്ചിരുന്നു. അതിൽ ഒരുപാട് വസ്തുക്കൾ കൃത്യതയോടെ അടക്കിവച്ചിരിപ്പുണ്ടായിരുന്നു. അവിടെ ഓർമയ്ക്ക് സഞ്ചരിക്കാൻ തീരെ സ്ഥലമില്ലായിരുന്നു. ഡെസ്റ്റോവിസ്കിയുടെ മുറി മിക്കവാറും കാലിയായി കാണപ്പെട്ടിരുന്നു. അതുകൊണ്ട് ഓർമകൾ അവിടെ ഞെങ്ങിഞെരുങ്ങി താമസിച്ചിരുന്നു. ഇവിടെ പാറക്കടവ് അത്തരം ഒരു ശൂന്യമുറി സൃഷ്ടിക്കുകയും അവിടെ ഓർമകളെ സ്വതന്ത്രമാക്കുകയും ചെയ്യുന്നുണ്ട്. ആ മുറിക്കുള്ളിലെ പെൺകുട്ടിയുടെ ഓരോ വെട്ടിത്തിരിച്ചിലുകളും കാലത്തോടുള്ള പ്രതികരണമായി മാറുകയാണ്. ഇത്തരം കഥകൾ എഴുതുമ്പോൾ പാറക്കടവിലെ കഥാകാരൻ ഒരു ദൃശ്യാത്മക സാഹിത്യമെഴുത്തുകാരനായി മാറുന്നു.

## അവൾ

സമഗ്രമായ സാമൂഹിക വിപ്ലവങ്ങളാണ് പലപ്പോഴും മനുഷ്യോചിതമായ ഒരു സംസ്കാരത്തെ താങ്ങിനിർത്തുന്നത്. ഒരു സ്ത്രീക്ക് അവളുടെ വ്യക്തിത്വത്തിന്റെ നിഗൂഢതയെ ഒരു കാര്യവുമില്ലാതെ അനാവരണപ്പെടുത്തേണ്ടി വന്നതിന്റെ പ്രതിനിധാനമാണ് 'ഓർമകളുടെ മുറി'യിലെ പെൺകഥാപാത്രം. സ്വപ്നജാഗരങ്ങൾക്കിടയിൽ ഇണയുടെ മണം അനുഭവിച്ചുകഴിയുന്ന ഒരു ചിത്രം ഏകസ്ഥരായി പുലരേണ്ടി വരുന്ന എത്രയോ സ്ത്രീകളുടെ ജീവിതത്തിന്റെ കാനേഷുമാരിയായി മാറുന്നു. ഇണ വേർപെട്ടുപോകുന്ന മുറിമുള്ളാണികളുടെ മൂർച്ചപോലത്തെ ഓർമകൾ ഒരുവളിലേക്കു തറച്ചുവയ്ക്കും. പുത്രൻ നഷ്ടപ്പെടുന്ന 'അമ്മ', സഹോദരനെ നഷ്ടപ്പെടുന്ന സഹോദരി, ഭർത്താവിനെ നഷ്ടപ്പെടുന്ന ഭാര്യ, കൂട്ടുകാരനെ നഷ്ടപ്പെടുന്ന കൂട്ടുകാരി ഇതൊക്കെ ഈ ഒറ്റ 'അവളിൽ' പ്രകടമായിത്തീരും. ഓർമ യുക്തിവിചാരശീലത്തിന്റെ വിത്തെറിയലായി ആ മുറിയിൽ ഉടലെടുക്കുകയാണ്. അനീതിക്കെതിരെയുള്ള സ്ത്രീകളുടെ വിപ്ലവബോധത്തിന് യേശുക്രിസ്തു ഒരു മൂലമാതൃകയായിരുന്നതുപോലെയാണ് ദൃശ്യഭാവനയുടെ സഹായത്തോടെ പാറക്കടവ് കടുത്ത ഏകാന്തതയുടെ മുറിവ് പേറുന്ന 'അവൾ' മാരെ സ്വതന്ത്രമാക്കുന്നത്. ഇതിലെ പേരില്ലാത്ത പെൺകഥാപാത്രം സ്വയം സ്വതന്ത്രയാകുന്ന വിധങ്ങൾ നോക്കുക:

1. ലാങ്സ്റ്റൺ ഹ്യൂസിന്റെ കവിത വായിക്കുന്നു.
2. എലി വീസലിന്റെ 'നൈറ്റ്' എന്ന പുസ്തകം വായിക്കുന്നു.

ഈ പെൺകഥാപാത്രം പുതിയ ഇണയെ തിരയുന്നില്ല. ഈ വായനകൾ രണ്ടും ഉണർച്ചയുടെ കാതലുള്ള സ്വപ്നങ്ങളിലൂടെ സഞ്ചരിപ്പിക്കുമ്പോഴും അവൾ തൃപ്തയാകുന്നില്ല. അപ്പോൾ ചുവരിലെ ചിത്രത്തെ അവൾ സംസാരിക്കുന്ന മനുഷ്യനാക്കി തീർക്കുന്നു. സ്ത്രീകളുടെ സഹജമായ പ്രകാശങ്ങളെയും ഇച്ഛയുടെ കാർക്കശ്യങ്ങളെയും പാറക്കടവ് വിഭജിച്ചെടുക്കുന്നതിനുപകരം ചിത്രങ്ങളിലൂടെ ഒട്ടിച്ചുചേർക്കുകയാണ്.

## ജുനൈദ്

കഥാപാത്രങ്ങളുടെ തസ്തികപ്പെടുത്തലില്ലാതെ ദൃശ്യമെന്നും ശബ്ദമെന്നും വേർതിരിച്ച് കഥകൾ എഴുതുന്ന ഒരാളുടെ ഏറ്റവും ഒടുവിലത്തെ കഥാപാത്രമാണ് ജുനൈദ്. വിപ്ലവപാഠങ്ങൾ തലച്ചോറിന്റെ കേന്ദ്രങ്ങളെ കൂടുതൽ പ്രവർത്തിപ്പിക്കുമ്പോഴെല്ലാം ഒരു സ്ത്രീയുടെ വാക്കുകൾ എങ്ങനെയായിരിക്കുമെന്നതിന്റെ വലിയ


www.malankaralibrary.com



സാക്ഷ്യങ്ങൾ ഓർമകളുടെ മുറിയിലെ പെൺകഥാപാത്രം ജുനൈദിനോട് പങ്കുവയ്ക്കുന്നുണ്ട്. മനക്കണ്ണിൽ പ്രത്യക്ഷമാകുന്ന ചിത്രത്തെ വാക്കുകളിലേക്ക് പകരുമ്പോൾ തുടർവാക്യങ്ങൾ ഇതുവരെ പ്രചരിച്ചിട്ടില്ലാത്ത വാക്കുകളുടെ ചിത്രംവരയായി കഥയിൽ ഇടം സ്ഥാപിക്കുന്നു. ഹൈ–ഫ്ളെക്സിബിളിസ കാലത്തിലെ കഥ പെയിന്റിങ്ങുപോലെയാണ്. അടുത്തുചെന്നു നോക്കുമ്പോൾ കഥാപാത്രത്തിന് നമ്മുടെ ഭാവങ്ങൾ ഉള്ളതുപോലെ തോന്നും. ഏതാണ്ടിതുപോലെയുള്ള തോന്നലുകളിലൂടെ പെൺകഥാപാത്രം ജീവിക്കുമ്പോഴാണ് ജുനൈദ് എന്ന ചെറുപ്പക്കാരൻ മരണാനന്തരവും വീട് ഭരിക്കുന്നവനായി തീരുന്നത്. മരണം ശാരീരികമായ ഇറങ്ങിപ്പോക്ക് മാത്രമാണെന്ന് കൃത്യതയോടെ ആഖ്യാനപ്പെടുത്താനാണ് പാറക്കടവ് ജുനൈദ് എന്ന കഥാപാത്രത്തെ സൃഷ്ടിച്ചിരിക്കുന്നത്. ഈശ്വരവിശ്വാസികൾ എന്നേക്കുമായി മരിക്കുന്നില്ലെന്നും അവർ ഓർമകളിലൂടെയും പ്രാർത്ഥനകളിലൂടെയും ജീവിച്ചിരിക്കുന്നവരുടെ രക്തത്തിന്റെ ഒഴുക്കിൽ സജീവരായി നിലനിൽക്കുമെന്ന ദൈവശാസ്ത്രമാണ് പാറക്കടവിന്റെ ജുനൈദിലൂടെ അവതരിപ്പിക്കപ്പെടുന്നത്. ഒരിക്കൽമാത്രം ആനന്ദംതരുന്ന ശരീരസംയോഗത്തേക്കാൾ എന്നും ആനന്ദം പകരുന്ന ഹൃദയസംയോഗത്തിന്റെ ആഴപ്പെട്ട ആഖ്യാനങ്ങളാണ് ജുനൈദിലൂടെ അനാവൃതമാക്കപ്പെടുന്നത്. സമരവും പ്രകടനവും പ്രക്ഷോഭവും ശ്വാസം കഴിക്കുന്നതുപോലെയാണ് ജുനൈദനെന്ന് ഈ പെൺകുട്ടി ഓർത്തെടുക്കുമ്പോൾ വിപ്ലവങ്ങളുടെ പേരിൽ ചുവരിൽ തൂക്കപ്പെട്ട ഒരുപാട് ചെറുപ്പക്കാരുടെ പ്രതിനിധാനമായി ജുനൈദ് മാറുന്നു.

## കാലം

ഒരിക്കലും തളരാത്ത ഒരു പ്രതിഭ കാലത്തിലുണ്ട്. അത് ഒരുതരം രാഷ്ട്രീയ അതിസ്വരം സ്ഥാപിക്കലാണ്. അങ്ങനെ വരുമ്പോൾ കഥയുടെ പശ്ചാത്തലത്തിൽ കാലത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ ഇടം നേടും. കാലത്തിന്റെ സൂക്ഷ്മ ജീവിതനിരീക്ഷണങ്ങളാണ് കഥാകൃത്ത് ഈ കഥയിൽ ഇതൾവിടർത്തിവയ്ക്കുന്നത്. പാറക്കടവ് മനുഷ്യരഹസ്യത്തോടൊപ്പം കാലരഹസ്യത്തെയും അനാവരണം ചെയ്യുന്നു. കാലം രൂപപരമായ സ്ഥിരതയ്ക്കുപുറത്താണെന്ന് സ്ഥാപിക്കാനാണ് ഇദ്ദേഹം 'ഓർമകളുടെ മുറി' എഴുതിയത്. അതുകൊണ്ടുതന്നെ ഈ കഥയിൽ നാം ജീവിക്കുന്ന കാലത്തിന്റെ അനവധി ചിത്രണങ്ങൾ കടന്നുവരുന്നു. ഇരുപത്തിയെട്ടു നാളുകളിലെ ക്വാറന്റീൻ ദിനങ്ങൾ, ആരോഗ്യപ്രവർത്തകരുടെ ക്ഷേമാന്വേഷണങ്ങൾ, ഈ പ്രത്യേക കാലഘട്ടത്തിലെ പ്രതിസന്ധികൾ, ഈ മണ്ണിൽ പിറന്നവരോട് പേര് ചോദിക്കുന്നതിനെതിരെ തിളച്ചുമറിഞ്ഞ രോഷമൊക്കെ കാലത്തിന്റെ നേർസാക്ഷ്യങ്ങൾതന്നെയാണ്. അതുകൊണ്ടാണ് കഥയിൽ ഒരിടത്ത് പെൺകഥാപാത്രത്തെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നത്– "സൂക്ഷിക്കണം."

"എന്തിന്? ഞാൻ കുറ്റമൊന്നും ചെയ്യുന്നില്ലല്ലോ?" "കാലമതാണ്. വാതിലിൽ മുട്ടുകേൾക്കും. തുറന്നു നോക്കിയാൽ പൊലീസ് പറയും, നിങ്ങൾ ജാഥയിൽ പങ്കെടുത്തു. വാതിലിൽ മുട്ടു കേൾക്കും. തുറന്നുനോക്കിയാൽ പൊലീസ് പറയും, നിങ്ങൾ പുസ്തകം വായിച്ചു." ഒരാളുടെ വ്യക്തിസ്വാതന്ത്ര്യത്തിനുമേൽ നിയമം എന്ന ആയുധംവയ്ക്കുമ്പോൾ നാം ജീവിക്കുന്ന കാലത്തിന്റെ ഇനിയും ഉണങ്ങാൻ ഇടയില്ലാത്ത മുറിവുകളിലേക്കാണ് നമ്മുടെ ശ്രദ്ധ എത്തപ്പെടുന്നത്. യാന്ത്രികമായ ധാരണകളെ ദൂരെ പിടിക്കുന്ന അറിവ് ഉൾക്കാഴ്ചയ്ക്ക് സദൃശമായ രൂപം സൃഷ്ടിക്കും. ഈ വിധം കാലത്തെ ചിത്രണം ചെയ്യാനാണ് 'ഓർമകളുടെ മുറി' യിൽ പാറക്കടവ് ഫോൺ ഒഴികെയുള്ള എല്ലാ സാങ്കേതിക ജ്ഞാനങ്ങളെയും മാറ്റി നിർത്തുന്നത്. നാം ജീവിക്കുന്ന കാലം മുറിവുകളുടെ ഉപ്പുകടലാണെന്ന് ഇതിലും ഭംഗിയായി ഒരു കഥാകൃത്ത് എങ്ങനെ വിവരിക്കും.

## അനുബന്ധം

*"ഞങ്ങളെ എരിച്ചുകൊണ്ടിരുന്ന*
*വലിയൊരു*
*തീയുടെ പൊരികൾ*
*മാത്രമായിരുന്നു നക്ഷത്രങ്ങൾ.*
*ഒരുനാൾ ഈ അഗ്നിയെ അണച്ചാൽ*
*ആകാശത്തൊന്നും*
*ബാക്കിയുണ്ടാവില്ല.*
*മരിച്ച നക്ഷത്രങ്ങളും കാഴ്ച നഷ്ടമായ*
*കണ്ണുകളുമല്ലാതെ."* (ഓർമകളുടെ മുറി).

കാലം ചില നേരങ്ങളിൽ ചെകുത്താന്റെ കണ്ണാടിയായി മാറും. അപ്പോൾ ദൈവത്തിന്റെ വാസഗൃഹമായ ആകാശത്തിന് അതിന്റെ വെളിച്ചം നേർത്തുവരികയും നാം അന്ധരായി മാറുകയും ചെയ്യുമെന്ന് പാറക്കടവിലെ ദാർശനികനായ കഥാകാരൻ ഉച്ചത്തിൽ വിളിച്ചുപറയുന്നു. കഥയിലെ 'അവൾ' പ്രതിനിധാനവും ജുനൈദും 'കാലം' തന്നെയായ കഥാപാത്രവും ഒക്കെ കൂടി 'ഓർമകളുടെ മുറി'യെ വാക്കുകൾകൊണ്ടുള്ള ചിത്രംവരയാക്കി തീർക്കുന്നു. ഇത് ഹൈ–ഫ്ളെക്സിബിളിസകാലം കഥാകാരനിൽ നിന്നും ആവശ്യപ്പെടുന്ന സർഗാത്മകദൗത്യമാണ്. ബൗദ്ധികതയുടെ മരണകാലത്ത് കാലത്തിന് ശ്വാസം പകരുകയാണ് കഥാകാരൻ. ■


www.malankaralibrary.com

# സ്വാതന്ത്ര്യത്തിന്റെ ഭാഷ, ഭാവന

**ടി.പി.വിനോദിന്റെ 'കളിയുടെ നിയമങ്ങൾ' എന്ന കവിതയുടെ വായന**
*( മാധ്യമം ആഴ്ചപ്പതിപ്പ്, 2020 ആഗസ്റ്റ് 24)*



**ഡി.അനിൽകുമാർ**
ഗവേഷകൻ

പദങ്ങൾക്ക് രൂഢിയായ അർത്ഥമുണ്ട്. കാലാന്തരത്തിൽ വിനിമയംകൊണ്ട് വന്നുചേരുന്ന അർത്ഥം സങ്കോചമായും വികാസമായും പ്രയോഗത്തിൽ വരും. പദം അർത്ഥമായും അർത്ഥം ആശയമായും ആശയം ബഹുവിധ സങ്കല്പമായും വികസിക്കുന്നതാണ് വാക്കിന്റെ ധർമ്മം. സെസൂർ സൂചക സൂചിതബന്ധംകൊണ്ടും ഭാരതീയ കാവ്യാലങ്കാരികന്മാർ ശബ്ദവ്യാപാരങ്ങൾകൊണ്ടും ആധുനിക ഭാഷാശാസ്ത്രം സെമിയോട്ടിക്സ് പഠനംകൊണ്ടും ഇത് വ്യക്തമാക്കുന്നുണ്ട്. ഉമ്പർട്ടോ എക്കോയുടെയും ജൂലിയ ക്രിസ്തേവയുടെയും അന്വേഷണങ്ങളിലെല്ലാം വാക്കും അതിന്റെ കാലപരിണാമിയായ അർത്ഥവും ആകരങ്ങളായി കടന്നുവരുന്നു. ഒരു ഭാഷയിൽ നിയതാർത്ഥത്തിൽ പ്രയോഗിക്കുന്ന പദങ്ങൾ മറ്റൊരു ഭാഷയിൽ അതേ പദങ്ങളായി ഉണ്ടാവില്ല. എന്നാൽ അതേ അർത്ഥത്തെ സൂചിപ്പിക്കാനുള്ള സമാനമായ വേറെ പദങ്ങൾ ആ ഭാഷയിൽ ഉണ്ടാകും. ഇതുപോലെ വാക്കും ധർമ്മവും ഒന്നല്ല. 'തീ' എന്നെഴുതുമ്പോൾ പേപ്പറിന് തീപിടിക്കാത്തതും 'വെള്ളം' എന്നെഴുതുമ്പോൾ പേപ്പർ നനയാത്തതും 'കടൽ' എന്നെഴുതുമ്പോൾ തിരമാലകൾ ആഞ്ഞടിക്കാത്തതും 'കാട്' എന്നെഴുതുമ്പോൾ ഗർജനങ്ങളും മുരൾച്ചകളും ഇടതൂർന്ന മരങ്ങളും തണുപ്പുംകൊണ്ട് പേപ്പറിൽ കാട് നിറയാത്തതും അതുകൊണ്ടാണ്.

ടി.പി.വിനോദിന്റെ 'കളിയുടെ നിയമങ്ങൾ' എന്ന കവിതയിൽ ഇത്രയും കാര്യങ്ങൾ സംഗതമാണ്. വാക്കും വാചകങ്ങളും അവ നിർമിക്കുന്ന രൂഢിയായ ആശയലോകവും തകർക്കപ്പെടുന്നു. 'വാ നമ്മൾക്ക് കാർഡ്സ് കളിക്കാം' എന്ന് അഞ്ചു വയസുകാരി മകൾ അച്ഛനെ വിളിക്കുന്നത് ചീട്ടുകൾ സൂക്ഷിച്ചടുക്കി നിർമിക്കുന്ന കെട്ടിടങ്ങളുടെയും പാലങ്ങളുടെയും കളി കളിക്കാനാണ്. കാർഡ്സ് കളിയിൽ ആരോപിതമായിരിക്കുന്ന ധർമ്മത്തെ നിർമിതികളുടെ മറ്റൊരു ധർമ്മംകൊണ്ട് നീക്കം ചെയ്യുകയാണവൾ. കാർഡ്സ്, വാക്കിനെക്കാളേറെ വസ്തുവാണ്. അതിന്റെ ധർമ്മം ലോകത്തെവിടെയും ഒന്നാണ്. പരസ്യമോ രഹസ്യമോ ആയി ഏർപ്പെടുന്ന, ചൂതാട്ടമോ നേരംകൊല്ലിയോ ബുദ്ധിവർധകരൂപകമോ ആയ ആ വസ്തുവിന്റെ പ്രതിനിധാനസ്വഭാവത്തിന് സമൂഹം രൂപപ്പെടുത്തിയ ചില നിയമങ്ങളും വ്യവസ്ഥകളുമുണ്ട്. അതവളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോൾ, അത്തരം അക്കങ്ങളും നിറങ്ങളും ചിഹ്നങ്ങളും കളിനിയമത്തിന് അനുസരിച്ച് ഒപ്പിച്ചിട്ട്, താൻ സ്ഥാപിച്ചെടുത്ത ധർമ്മത്തിന്റെ ഭാഗമാക്കി കൂടെ എന്നാണ് അവളുടെ മറുചോദ്യം. വസ്തുവും പെരുമാറ്റവും ചേരുന്ന പ്രക്രിയയിൽ നിലവിലെ അർത്ഥത്തെ അപ്രധാനമാക്കി പുതിയൊരു അർത്ഥത്തെ ആരോപിച്ചെടുക്കുകയാണ് മകൾ. കുട്ടികളുടെ ഭാഷാജ്ഞാനവും ഭാവനാബോധവും സ്വതന്ത്രമായാണ് വികസിക്കുന്നത്. അവരുടെ അനുഭവലോകവും ആശയരൂപവും മുതിർന്നവരിൽ നിന്നും വ്യത്യസ്തമാണ്. വസ്തുവും വസ്തുവിൽ ആരോപിതമായിരിക്കുന്ന അർത്ഥവും അവർക്ക് പുതിയതാണ്. നമുക്ക് അനുശീലനംകൊണ്ട് സ്വായത്തമായ പദ/വസ്തു ധർമ്മം അവരിൽനിന്നും പ്രതീക്ഷിക്കാൻ കഴിയില്ല. നമുക്ക് അവ്യക്തമായ ശിശുഭാഷ, ശിശുവിന്റെ ആശയവിനിമയോപാധിയാകുന്നതുപോലെ അപരിചിതമായ പല ധർമ്മങ്ങളും കുട്ടികളിലൂടെ ഭാഷാവസ്തുക്കളിൽ ആരോപിതമാകും. അവരുടെ അനുഭവമണ്ഡലത്തെ ആശ്രയിച്ചാണ് ഇത്തരം അർത്ഥാരോപിതങ്ങൾ സംഭവിക്കുന്നത്. കെട്ടിടമോ പാലമോ കാർഡോ മകൾക്ക് അപരിചിതവസ്തുവല്ല (ഇവ മൂന്നും അവളുടെ വർത്തമാനത്തിലും പെരുമാറ്റത്തിലുമുണ്ട്). പരിചിതമായ ആ വസ്തുക്കളിൽ നിന്നും അഞ്ചുവയസ്സിന്റെ അനുഭവജ്ഞാനത്തിന്റെ ആശയരൂപീകരണമാണ് അവൾ നടത്തുന്നത്. ചിഹ്നത്തിന്റെ സൂചിതാർത്ഥത്തെ അവൾ തെറ്റിക്കുന്നു. കുഴൂർ വിത്സൺ തന്റെ കവിതകളുടെ ആമുഖത്തിൽ എഴുതുന്നു. 'മകൾ അമ്മിണി ആദ്യമായി ഉച്ചരിച്ച വാക്ക് അത്തയെന്നായിരുന്നു. എന്താണ് അർത്ഥമെന്നറിയില്ല.' കുട്ടികളുടെ ഭാഷാസ്വഭാവമാണിത്. പ്രത്യേകിച്ച് അർത്ഥമുണ്ടാകില്ല. എന്നാൽ നാം വിചാരിക്കാത്ത അർത്ഥലോകങ്ങ


www.malankaralibrary.com



ളിലേക്ക് കടന്നുകയറി പുതിയ പദകോശവും വസ്തുവിനിമയശേഷിയും ഭാവനാസ്വാതന്ത്ര്യവും അത് പ്രകാശിപ്പിക്കും. ഭാഷയും അർത്ഥോത്പാദനവുമായി ബന്ധപ്പെട്ട ഈ സവിശേഷതയാണ് സർഗാത്മകത (productivity). 'പുതിയ കളിനിയമങ്ങൾ' ഭാഷയെ തുറന്നതും ചലനാത്മകവുമായ സർഗാത്മകഘടനയായി ആവിഷ്കരിക്കുന്നു.

*'നശ്വരതയെ*
*ശ്വാസം പിടിച്ച്*
*അഭിമുഖീകരിക്കുന്നതിനെക്കാൾ*
*അർത്ഥവും ആവേശവുമുള്ള'*

ഭാഷയാണ് സർഗാത്മകഭാഷ. ആർജിതജ്ഞാനത്തിൽ അല്ല, ഭാവനാസ്വാതന്ത്ര്യത്തിലും പുതിയ അർത്ഥാരോപിത സങ്കല്പത്തിലുമാണ് അത് പ്രവർത്തിക്കുന്നത്. സർഗാത്മകതയിലൂടെയാണ് ഭാഷയിൽ പുതിയ പദങ്ങൾ, പ്രയോഗങ്ങൾ പിറക്കുന്നത്. മകളുടെ ഭാഷ സർഗാത്മകതയുടേതാണ്. സ്ഥിരാനുഭവത്തെ വ്യത്യസ്ത അർത്ഥാനുഭവമാക്കി അവൾ മാറ്റുന്നു. രാഷ്ട്രീയ, അധികാര, സംസ്കാര, പരിസ്ഥിതി സൂചനകൾ നിയന്ത്രിക്കുന്ന, നമ്മുടെ അനുഭവങ്ങൾക്ക് ആർജിതമായ ഭാഷാവ്യവസ്ഥ അതിൽ കടന്നുകൂടിയിട്ടില്ല. ഇത്തരം ഭൗതികവും ആശയപരവുമായ വ്യവഹാരക്രമങ്ങൾ സർഗാത്മകതയെ സ്വാധീനിക്കുമെങ്കിലും അവൾ ഭാഷയും സത്തയും തമ്മിൽ പരസ്പരബന്ധിതമായ ഘടനാക്രമം തിരിച്ചറിഞ്ഞുതുടങ്ങാത്ത ഘട്ടത്തിന്റെ പ്രതിനിധിയാണ്. അതുകൊണ്ടാണ് ഇഷ്ടാനുസരണം ഭാഷയെ ആവിഷ്കരിക്കുകയും അർത്ഥത്തെ പുനരാവിഷ്കരിക്കുകയും ചെയ്യുന്നത്.

Language is a system of system എന്നാണ് പറയാറ്. വർണ്ണതലത്തിലും വാക്യതലത്തിലും അതിനു കൃത്യമായ വ്യാകരണവും വ്യവസ്ഥയുമുണ്ട്. 'പുതിയ കളിനിയമങ്ങളി'ൽ കുട്ടികളുടെ ഭാഷ, സർഗാത്മകഭാഷ എന്നീ സങ്കല്പനങ്ങളിലൂടെ വ്യാകരണവും വ്യവസ്ഥയും ലംഘിക്കപ്പെടുകയും വാക്കിനും സത്തയ്ക്കും പുതിയ ആരോപിതാർത്ഥങ്ങൾ കൈവരികയുമാണ്. 'പാട്ടുപോലെ/ സ്വാഭാവികവും/ പ്രാർത്ഥനപോലെ/ ആത്മാർത്ഥവുമായ/ നിർമമതയുടെ/ പൊങ്ങുതടിയിൽ/ അള്ളിപ്പിടിച്ച്/ ചില വാക്കുകൾക്ക്/ മറവിയെ/ മുറിച്ചുനീന്താനാവും' എന്ന് 'ഭാഷയിൽനിന്നുള്ള നീന്തൽപാഠങ്ങളി'ൽ ടി.പി.വിനോദ് ആവിഷ്കരിക്കുന്നതുപോലെ ഇവിടെ ഭാഷയും ഭാവനയും അർത്ഥഘടനയിൽനിന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയാണ്. ■



# ആദരാഞ്ജലികൾ




ദിവ്യകാരുണ്യ സന്ന്യാസസമൂഹ (MCBS) ത്തിന്റെ
മുൻ സുപ്പീരിയർ ജനറൽ
**പെരിയ ബഹു. എബ്രഹാം മോളോപ്പറമ്പിലച്ചന്റെ**
ദേഹവിയോഗത്തിൽ
കാരുണികൻ കുടുംബത്തിന്റെ
ആദരാഞ്ജലികളും
ആത്മശാന്തി പ്രാർത്ഥനകളും.

# കേരളത്തിന്റെ കർമലീത്താ പൈതൃകം

ജെ.സി. ബുക്ക്മാൻ




സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## വിജയം, ഇനി എനിക്ക് സ്വന്തം

**സെബിൻ എസ്. കൊട്ടാരം**

ഒരു വ്യക്തിയുടെ ബാല്യംമുതൽ വളർച്ചാഘട്ടത്തിൽ എങ്ങനെയൊക്കെ പ്രവർത്തിച്ചാൽ ജീവിതവിജയം കൈവരിക്കാമെന്ന്, മനഃശാസ്ത്രവിശകലനങ്ങളിലൂടെയും സംഭവങ്ങളിലൂടെയും ഉദ്ധരണികളിലൂടെയും പ്രതിപാദിക്കുന്ന ചെറുഗ്രന്ഥമാണിത്.

ബാല്യത്തിൽ പഠനവൈകല്യംമൂലം ചില വിഷയങ്ങളിൽ പിന്നാക്കമാകുമ്പോൾ അധ്യാപകരുടെയും സഹപാഠികളുടെയും മുന്നിൽ പരിഹാസപാത്രമാകുന്ന പലരും പിന്നീട് ജീവിതത്തിൽ വൻനേട്ടങ്ങൾ വരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പ്രചോദനാത്മകമായ വിവരണങ്ങളിലൂടെയാണ് ഗ്രന്ഥരചന നിർവഹിച്ചിരിക്കുന്നത്. മൊറോക്കോയിൽ ആട്ടിടയ ബാലികയായിരുന്ന അവസ്ഥയിൽനിന്നും അഭയാർത്ഥിയായി ഫ്രാൻസിലെത്തി ഒടുവിൽ ഫ്രഞ്ച് വിദ്യാഭ്യാസമന്ത്രിയായിത്തീർന്ന പെൺകുട്ടിയുടെ ജീവികഥയോടെയാണ് വായനയാരംഭിക്കുന്നത്. ഒട്ടേറെ പ്രമുഖരുടെ ബാല്യകാലാനുസ്മരണങ്ങളും വിജയകഥകളും ഇതിൽ രേഖിതമാക്കിയിട്ടുണ്ട്.

ദൈവത്തിലുള്ള തീവ്രമായ വിശ്വാസം ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്ന ഓർമപ്പെടുത്തലോടെയാണ് 'വിജയം, ഇനി എനിക്ക് സ്വന്തം' പൂർണമാകുന്നത്.

---

പേജ് 180, വില 160/-
ഡോൾഫിൻ ബുക്സ്, കോട്ടയം
കോപ്പികൾക്ക്: 94478 74887

## കേരളത്തിന്റെ കർമലീത്താ പൈതൃകം

**റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ** (എഡിറ്റർ ഇൻ ചീഫ്)

നിഷ്പാദുക കർമലീത്താ സന്ന്യാസികൾ ഭാരതത്തിൽ പ്രവർത്തനമാരംഭിച്ചതിന്റെ നാലുനൂറ്റാണ്ടുകളെ പിൻതിരിഞ്ഞു നോക്കിക്കൊണ്ട് ആഗോളതലത്തിലും ഭാരതതലത്തിലും ആഘോഷങ്ങൾ നടക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് കേരളത്തിലെ കർമലീത്താ കുടുംബാംഗങ്ങളുടെ സഹകരണത്തോടെ വരാപ്പുഴ അതിരൂപത ഹെറിറ്റേജ് കമ്മീഷൻ നടത്തിയ 'കർമലകേരളം കോളോക്വിയം' സെമിനാറിലെ പ്രബന്ധങ്ങളുടെ സമാഹരണമാണ് 'ഭാരതത്തിൽ കർമല സാകല്യത്തിന്റെ 400 വർഷങ്ങൾ' എന്ന ഈ അമൂല്യ ഗ്രന്ഥം. ഗവേഷണ പ്രബന്ധങ്ങളോടൊപ്പം അനുബന്ധ ലേഖനങ്ങളും കാച്ചിക്കുറുക്കി സത്താക്കി മുദ്രിതമാക്കിയിരിക്കുന്നത് കർമലീത്താ സഭ മഞ്ഞുമ്മൽ പ്രൊവിൻസ് മുൻപ്രൊവിൻഷ്യൾ ഡോ. അഗസ്റ്റിൻ മുല്ലൂർ, C.S.S.T. സഭാംഗവും സെന്റ് തെരേസാസ് കോളജ് ഡയറക്ടറുമായ ഡോ. ട്രീസ, ജീവനാദം ചീഫ് എഡിറ്റർ ജോർജ് ജെക്കോബി എന്നിവർ ചേർന്നാണ്.

കർമലീത്താ പ്രസ്ഥാനത്തിന്റെ അനന്തമായ നന്മകൾ മുതൽ ഭാരതത്തിലെ കർമലീത്തക്കാരുടെ പ്രേഷിതസംഭാവനകൾവരെ ഉൾപ്പെടുന്ന ഈടുറ്റ ലേഖനങ്ങളാൽ സമ്പന്നമാണ് ഈ ഗ്രന്ഥം.

---

പേജ് 266, വില 300/-, (
പണത ബുക്സ്, എറണാകുളം
കോപ്പികൾക്ക്: 0484- 2390060



# രാമപുരം ഫൊറോനാപള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ



## 2020 ഒക്ടോബർ 16 വെള്ളി

### തിരുനാളൊരുക്ക കർമ്മങ്ങൾ

**2020 ഒക്ടോബർ 07 മുതൽ 15വരെ**

രാവിലെ 9 നും വൈകിട്ട് 4 നും വി. കുർബാന, സന്ദേശം, ലദീഞ്ഞ്

### തിരുനാൾ തിരുക്കർമ്മങ്ങൾ

**2020 ഒക്ടോബർ 07 ബുധൻ**

രാവിലെ 9.00ന്: വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമ്മികൻ: വെരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര

( വികാരി, സെന്റ് അഗസ്റ്റിൻ ഫൊറോനപള്ളി, കടനാട് )

**2020 ഒക്ടോബർ 08 വ്യാഴം**

രാവിലെ 9.00 ന്: വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമ്മികൻ: വെരി റവ. മോൺ. ജോസഫ് മലേപ്പറമ്പിൽ

( വികാരി ജനറൽ, പാലാരൂപത )

**2020 ഒക്ടോബർ 09 വെള്ളി**

രാവിലെ 9.00ന് : വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമ്മികൻ: റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ

( ഡയറക്ടർ, ഇവാഞ്ചലൈസേഷൻ പ്രോഗ്രാം, ഷാലോം പാസ്റ്ററൽ സെന്റർ, പാല )

**2020 ഒക്ടോബർ 10 ശനി**

രാവിലെ 9.00ന്: വി. കുർബാന (സുറിയാനി ഭാഷയിൽ), സന്ദേശം, നൊവേന, ലദീഞ്ഞ്

മുഖ്യകാർമ്മികൻ: റവ. ഫാ. ഫ്രാൻസിസ് എടത്തിനാൽ

( സഹവികാരി, സെന്റ് അഗസ്റ്റിൻ ഫൊറോനാപള്ളി, രാമപുരം )

വൈകിട്ട് 4.00ന്: വി. കുർബാന, സന്ദേശം, ലദീഞ്ഞ

മുഖ്യകാർമ്മികൻ: വെരി റവ. മോൺ. ജോസഫ് തടത്തിൽ

( വികാരി ജനറൽ, പാലാരൂപത )

**2020 ഒക്ടോബർ 11 ഞായർ**

രാവിലെ 8.00ന്: വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമ്മികൻ: വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

( വികാരി, സെന്റ് അഗസ്റ്റിൻ ഫൊറോനപള്ളി, രാമപുരം )

**2020 ഒക്ടോബർ 12 തിങ്കൾ**

രാവിലെ 9.00ന് : വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: വെരി റവ. മോൺ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ ( വികാരി ജനറൽ, പാലാരൂപത )

വൈകിട്ട് 4.00ന് : കൊടിയേറ്റ് - വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ( വികാരി )

തുടർന്ന് വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ

( ക്യുറേറ്റർ ക്രിസ്ത്യൻ കൾച്ചറൽ സെന്റർ, ഭരണങ്ങാനം )

**2020 ഒക്ടോബർ 13 ചൊവ്വ**

രാവിലെ 9.00ന് : വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: വെരി റവ. ഡോ. അഗസ്റ്റിൻ കുട്ടിയാനിയിൽ

( ആർച്ച്പ്രീസ്റ്റ് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച്ഡീക്കൻ പിൽഗ്രിം ചർച്ച് കുറവിലങ്ങാട് )

**2020 ഒക്ടോബർ 14 ബുധൻ**

രാവിലെ 9.00ന് : വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: വെരി റവ. ഫാ. ജോസ് വള്ളോംപുരയിടം

( റെക്ടർ, വി. അൽഫോൺസാ തീർത്ഥാടനകേന്ദ്രം, ഭരണങ്ങാനം )

വൈകിട്ട് 4.00ന് : വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ രൂപപ്രതിഷ്ഠ, വി. കുർബാന, സന്ദേശം, ലദീഞ്ഞ്

**2020 ഒക്ടോബർ 15 വ്യാഴം**

രാവിലെ 9.00ന്: വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: വെരി റവ. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്

( വികാരി ജനറൽ, പാലാരൂപത )

വൈകിട്ട് 4.00ന് : വി. കുർബാന, സന്ദേശം, ലദീഞ്ഞ്

മുഖ്യകാർമികൻ: മാർ ജേക്കബ് മുരിക്കൻ

( സഹായമെത്രാൻ, പാലാരൂപത )

**2020 ഒക്ടോബർ 16 വെള്ളി**

രാവിലെ 5.15നും 6.30നും 8.00നും ഉച്ചയ്ക്കുശേഷം 2.30നും 3.30നും വൈകിട്ട് 4.30നും വി. കുർബാന

രാവിലെ 10.00ന് : റാസാ കുർബാന

മുഖ്യകാർമികൻ: മാർ ജോസഫ് കല്ലറങ്ങാട്ട് ( മെത്രാൻ, പാലാരൂപത )

**തിരുനാൾ ദിനങ്ങളിലെ അനുഗ്രഹീത സാന്നിധ്യം**



ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്



ബിഷപ് മാർ ജേക്കബ് മുരിക്കൻ

തിരുക്കർമ്മങ്ങൾ രാമപുരം പള്ളിയുടെ യൂട്യൂബ് ചാനലിൽ ലൈവായി സംപ്രേഷണം ചെയ്യുന്നതാണ്. 15-16 തിയതികളിലെ തിരുക്കർമ്മങ്ങൾ പാലാരൂപതാ യൂട്യൂബ് ചാനലിലും സംപ്രേഷണം ചെയ്യുന്നതാണ്.

ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി) ഫാ. സെബാസ്റ്റ്യൻ നടുത്തടം (വൈസ് പോസ്റ്റുലേറ്റർ) ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാണി കൊഴുപ്പൻകുറ്റി (സഹവികാരിമാർ)

**പ്രത്യേക അറിയിപ്പുകൾ:** 1. സംസ്ഥാനസർക്കാരിന്റെയും രൂപതാധികാരികളുടെയും നിയമങ്ങൾ അനുസരിച്ചായിരിക്കും തിരുനാൾ നടത്തുന്നത്. 2. ഒക്ടോബർ 14-ന് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപവന്ദനത്തിന് നിർദ്ദേശിച്ചിട്ടുള്ള അകലംപാലിച്ചുകൊണ്ട് വിശ്വാസികൾക്ക് ഓരോരുത്തർക്കായിവന്ന് പ്രാർത്ഥിച്ചിട്ടുപോകാം. 3. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ചിത്രത്തോടുകൂടിയ 2021-ലെ കലണ്ടർ ഓഫീസിൽനിന്ന് വാങ്ങാവുന്നതാണ്.

**വിശദ വിവരങ്ങൾക്ക്:**

Vice Postulator, Cause of Bl. Kunjachan, St. Augustine's Forane Church, Ramapuram Bazar P.O 686576

Tel: 04822- 262481, 260323 | Mob: 9496985352 | website: www.blessedkunjachan.com

Email:blessedkunjachan@gmail.com | facebook:thevarparambilkunjachan

www.malankaralibrary.com

Date of Publication: 13.10.2020 / Karunikan Monthly RNI No. KERMAL/2007/19623/ Registered KL/EKM/729/2018-20
Licence No. KL/CR/EKM/ WPP-13/2018-20 Licensed to Post Without Prepayment **Total Pages 64**




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682015, Ernakulam Dt.
Printed at Viani Printings, Kochi - 18, Kerala; Editor: Fr. Joy Chencheril.
www.malankaralibrary.com